പടന്ന ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്രവികസനരേഖ

1996

തിരുവല്ലം
ചെറുവള്ളൂർ
പടന്ന
നീലിക്കാട്
വലിയവേണാട്
ഉദിനൂർ
നീലിക്കാട്
തിരുവനന്തപുരം



**“ടൺ കണക്കിന്
ഉദ്ബോധനത്തേക്കാൾ
വിലയേറിയതാണെത്ര
ഒരൗൺസ് പ്രവർത്തനം “**

PADANNA GRAMA PANCHAYATH

പടന്ന ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണം
സമഗ്ര വികസന രേഖ

വികസനസെമിനാർ : ഡിസംബർ 7 ശനിയാഴ്ച
സ്ഥലം : **M.R.V.H.S** സ്ക്കൂൾ, പടന്ന

എഡിറ്റോറിയൽ ബോർഡ്

1. അഡ്വ: ടി.എം.സി. കുഞ്ഞബ്ദുള്ള (എഡിറ്റർ)
2. ടി.പി. അബ്ദുൽ കലാം മാസ്റ്റർ
3. എൻ.വി. ബാലഗോപാലൻ മാസ്റ്റർ
4. പി.വി ഭാസ്കരൻ മാസ്റ്റർ
5. പി. മുഹമ്മദ് കുഞ്ഞിമാസ്റ്റർ
6. പി.സി. സാലിഹ്
7. വാസു ചോറോട്
8. ടി.വി. ശ്രീധരൻ മാസ്റ്റർ
9. അൻ . സുജാത
10. പി. സുഭാഷിണി
11. എൻ. ബാലകൃഷ്ണൻ മാസ്റ്റർ
12. ദാമു കാവുന്തറ
13. കെ. രാജൻ മാസ്റ്റർ
14. വി.കെ.പി. മമ്മൂട്ടി ഹാജി
15. പി.കെ.സി. മുഹമ്മദ് ഹാജി
16 സമദ് പട്ടാന

വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവർ

1. യു. നാരായണൻ
2. പി. സുരേഷൻ
3. രമേശൻ കോളിക്കര
4. പി.പി. നാരായണൻ മാസ്റ്റർ
5. കെ.വി. ബാലകൃഷ്ണൻ
6. കെ. കല്ലൻ [V.E.O]
7. ജി. ചന്ദ്രൻ പിള്ള
8. ടി.പി. കുഞ്ഞബ്ദുള്ള
9. കെ.വി. ജിതീന്ദ്രൻ .
10. പി.പി. രാജൻ മാസ്റ്റർ
11. കെ.വി. രാജൻ
12. വൈ. സുധാകരൻ
13. ടി. രാഘവൻ
14. എം. സബൂറ
15. വി.കെ. പി. ഷാഹി
16 പി.പി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ
17. സി.എച്ച്. അശോകൻ
18. കെ.പി. അമ്പാടി മാസ്റ്റർ
19 വി. പ്രമോദ്
20. പി.വി. അബൂബക്കർ മാസ്റ്റർ
21. കെ. നാരായണൻ
22. പി.പി. കുഞ്ഞിരാമൻ മാസ്റ്റർ

കവർ ഡിസൈൻ
ശ്രീധു, ഉദിനൂർ
മുദ്രണം
രാഷ്ട്രദീപിക പ്രസ്
കണ്ണൂർ-4

9-ാം പദ്ധതി ജനകീയ പദ്ധതി



അധികാരം ജനങ്ങളിലേക്ക്

നാടിന്റെ വികസനം ജനപങ്കാളിത്തത്തോടെ

ഇവർ നമ്മെ നയിച്ചിരുന്നു

പ്രസിഡന്റ്
വി.കെ.പി.അബ്ദുൾഖാദർഹാജി
(1954–1962) (1963–1966)

പ്രസിഡന്റ്
വി.നാരായണൻ നായർ
(1954)

പ്രസിഡന്റ്
യു.പി.കുഞ്ഞിരാമൻ നായർ
(1954–1962)

വൈസ് പ്രസിഡന്റ്
പി.കെ.കുഞ്ഞിമായിൻ
(1954–62)



വൈസ് പ്രസിഡന്റ്
കെ.വി.കമ്മാരൻ
(1964–62)

1962–ൽ പടന്ന പഞ്ചായത്ത് രൂപീകൃതമാകുന്നു

പ്രസിഡന്റ് (1966–67)
ടി.കെ.കണ്ണൻ
വൈ.പ്രസിഡന്റ് (1963–80)



പ്രസിഡന്റ്
എ.വി.രാഘവൻ
(1988–95)



വൈസ് പ്രസിഡന്റ്
എം.പി.കണ്ണൻ
(1980–85)

പ്രസിഡന്റ്
വി.കെ.ഖാലിദ്ഹാജി
(1967–85)



വൈ.പ്രസിഡന്റ്
സി.കുഞ്ഞികൃഷ്ണൻ
(1988–95)

പടന്ന ഗ്രാമപഞ്ചായത്ത് സാരഥികൾ



കെ.നാരായണൻ
വൈ.പ്രസിഡന്റ്

ആയിഷസാലി
പ്രസിഡന്റ്



വി.കെ.പി. ഖാലിദ്ഹാജി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



കെ.മുരളിമാസ്റ്റർ

എസ്.സി.കുഞ്ഞഹമ്മദ്



ടി.എം.സി.
മുഹമ്മദ്കുഞ്ഞിഹാജി

എ.വി.ദേവകി

കെ.രമണി

എ.കെ.വത്സല

ഗ്രാമസഭകളിൽനിന്ന്

പുനരർപ്പണദിനം





ഉള്ളടക്കം

		Page No.
1.	ആമുഖം	11
2.	സാമൂഹ്യ സാംസ്കാരിക ചരിത്രം	15
3.	ഭൂപ്രകൃതി	21
4.	കൃഷിയും, ജലസേചനവും	28
5.	മൃഗ സംരക്ഷണം, മത്സ്യബന്ധനം	41
6.	വിദ്യാഭ്യാസം	50
7.	വ്യവസായം	61
8.	കുടിവെള്ളം, പൊതുജനാരോഗ്യം	68
9.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	74
10.	സംസ്കാരം	89
11.	സഹകരണം	99
12.	പാർപ്പിടം, സാമൂഹ്യക്ഷേമം	105
13.	വനിത	117
14.	പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം	120
15.	വിഭവസമാഹരണം	124
16.	പ്രവർത്തനരേഖ	127
17.	ഉപസംഹാരം	128



പടന്ന ഗ്രാമ പഞ്ചായത്ത് - പൊതു വിവരണം

1.	പഞ്ചായത്തിന്റെ പേര്	:	പടന്ന ഗ്രാമ പഞ്ചായത്ത്
2.	ഗ്രാമങ്ങൾ	:	ഉദിനൂർ, പടന്ന ഗ്രാമങ്ങളുടെ ഭാഗങ്ങൾ
3.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	ഉദിനൂർ, പടന്ന
4.	ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	തൃക്കരിപ്പൂർ
5.	അസംബ്ലി മണ്ഡലം	:	തൃക്കരിപ്പൂർ
6.	താലൂക്ക്	:	ഹോസ്ദുർഗ്ഗ്
7.	ജില്ല	:	കാസർഗോഡ്
8.	വിസ്തീർണ്ണം	:	13.39 ച.കി.മി.
9.	അതിരുകൾ		
	തെക്ക്	:	തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത്
	കിഴക്ക്	:	തൃക്കരിപ്പൂർ, പിലിക്കോട് ഗ്രാമ പഞ്ചായത്തുകൾ
	വടക്ക്	:	ചെറുവത്തൂർ, നീലേശ്വരം ഗ്രാമ പഞ്ചായത്തുകൾ
	പടിഞ്ഞാറ്	:	വലിയപറമ്പ് ഗ്രാമ പഞ്ചായത്തും അറബിക്കടലും
10.	ജനസംഖ്യ	:	17608 (1991 സെൻസസ്)
	പുരുഷൻ	:	8415
	സ്ത്രീകൾ	:	9193
11.	ആകെ വീടുകൾ	:	2572
12.	ജന സാന്ദ്രത	:	1315/ ച.കി.മി.
13	ലൊക്കേഷൻ	:	12* 12" ഉത്തര അക്ഷാംശത്തിലും 75* 10" പൂർവ്വ രേഖാംശത്തിലുമാണ് പടന്ന ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്

1 ആമുഖം

1997 ആഗസ്റ്റ് 15 [illegible] അരനൂറ്റാണ്ട് പൂർത്തിയാക്കുന്നു. ത്യാഗോജ്ജ്വലവുമായ [illegible] സ്വാതന്ത്ര്യം എന്ന സുന്ദര സ്വപ്നം പൂവണിഞ്ഞത്. സ്വതന്ത്ര ഭാരതത്തിന്റെ തുടിപ്പുകൾ ആദ്യമായി ഗ്രാമങ്ങളിലും കർഷകരിലുമാണ് കുടികൊണ്ടതും. [illegible] അതിന്റെ പൂർണ അർത്ഥത്തിൽ [illegible] നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയും മറ്റാരുമല്ല. ഗ്രാമ സ്വരാജ് എന്ന ഊന്നുവടിയിലൂടെ മാത്രമേ ഇന്ത്യയിലെ കോടാനുകോടി പാവങ്ങളെ ദാരിദ്ര്യത്തിന്റെ അഗാധഗർത്തത്തിൽ നിന്നും കരകയറ്റാൻ കഴിയൂ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. നീണ്ട 50 വർഷം പിന്നിട്ടിട്ടും ഗാന്ധിജിയുടെ ലക്ഷ്യം പൂർണ്ണമായും കരഗതമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും രാഷ്ട്രശിൽപിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആസൂത്രിത വികസനം ആധുനിക ഇന്ത്യയെ ശ്രദ്ധേയമായ നിലയിൽ പല മേഖലകളിലേയ്ക്കും എത്തിച്ചിട്ടുണ്ട്.

എട്ടാം പഞ്ചവത്സരപദ്ധതി എതാണ്ട് പൂർത്തിയായി വരുന്നു. കഴിഞ്ഞ എട്ടു പദ്ധതികളിലൂടെ വികസനരംഗത്ത് ഇന്ത്യ വൻനേട്ടങ്ങൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ വർദ്ധമാനമായ തോതിൽ ലഭ്യമാക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രതീക്ഷയിൽ കവിഞ്ഞ ജനസംഖ്യാ വർദ്ധനവ് ദീർഘദൃഷ്ടിയോടെ കാണാൻ കഴിഞ്ഞില്ല. വ്യാവസായിക രംഗത്തും, ആരോഗ്യം, വിദ്യാഭ്യാസം, വാർത്താവിനിമയം, ഗതാഗതം, ശാസ്ത്രസാങ്കേതിക ജ്ഞാനം തുടങ്ങിയ അടിസ്ഥാന മേഖലകളിലും ഇന്ത്യ വളരെയേറെ മുന്നോക്കം പോയിക്കഴിഞ്ഞു. എന്നാൽ ഗ്രാമീണ ജനങ്ങളുടെ അടിസ്ഥാന ജീവിത ഉപാധികളുടെ വികാസം പദ്ധതികൾ വിഭാവനം ചെയ്തതിൽ നിന്നും വളരെ താഴേത്തട്ടിൽ നിൽക്കുന്നു. ഇതിനു കാരണം മുകൾത്തട്ടിൽ നിന്നുള്ള പദ്ധതി ആസൂത്രണവും നിർവ്വഹണവും ആയിരുന്നു. ജനങ്ങളുടെ ആവശ്യങ്ങളും, പ്രദേശങ്ങളുടെ വൈവിദ്ധ്യവും കണക്കിലെടുക്കാത്ത പദ്ധതി രൂപീകരണം ഗ്രാമതലത്തിൽ കാര്യക്ഷമമായി, നടപ്പാക്കാൻ കഴിഞ്ഞില്ല. ഇതിനൊരു പരിഹാരം അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവുംആണ്. കുറ്റമറ്റതല്ലെങ്കിലും വലിയ അധികാര പരിധിയുള്ള പഞ്ചായത്ത് രാജ് സംവിധാനങ്ങൾ ഭരണഘടനാപരമായ പിൻബലത്തോടെ കഴിഞ്ഞ വർഷം മഹാത്മജിയുടെ ജന്മദിനത്തിൽ അധികാരത്തിൽ വന്നു.

പല മേഖലകളിലും മെച്ചപ്പെട്ട ജീവിത സാഹചര്യം വർഷങ്ങൾക്കുമുമ്പേ നേടിയെടുക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സേവനമേഖലകളിലെ വികസനകാര്യത്തിൽ കേരളം വികസിത രാഷ്ട്രങ്ങളോടൊപ്പം മുൻനിരയിൽ നിൽക്കുന്നു. സാമൂഹികതലത്തിലുള്ള നമ്മുടെ വളർച്ച അഭിമാനകരം തന്നെ. പക്ഷേ പ്രതിസന്ധിയുടെ കറുത്ത നിഴലുകൾ കേരളജനതയുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുന്നു. നമ്മുടെ സാമൂഹിക വളർച്ചക്ക് നാം കനത്ത വില നൽകുകയായിരുന്നു. കുറഞ്ഞ പ്രതിശീർഷ വരുമാനത്തിൽ മെച്ചപ്പെട്ട ജീവിത നിലവാരം, അതായിരുന്നു നമ്മുടെ വികസനരീതി. ഉൽപ്പാദനരംഗം നമ്മൾ മറന്നതിനാൽ നെൽകൃഷി ഏതാണ്ട് നാമാവശേഷമായി കഴിഞ്ഞു.

നാണ്യവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർഷം തോറും കുറഞ്ഞുവരുന്നു. അവയുടെ വിലയാകട്ടെ ബാഹ്യശക്തികൾ നിയന്ത്രിക്കുകയും ചെയ്യുന്നു. വ്യാവസായികരംഗം വർഷങ്ങളായി മുരടിച്ചുനിൽക്കുന്നു. ഏറ്റവും രൂക്ഷമായ ഊർജ്ജപ്രതിസന്ധി നമ്മെ ഇരുട്ടിൽ ആക്കുന്നു. ഇതിനെല്ലാം പുറമേയാണ് 40 ലക്ഷത്തിലധികം വരുന്ന തൊഴിൽരഹിത സേന. ഇതിനിടയിൽ പോലും കൃഷി തുടങ്ങിയ അടിസ്ഥാന മേഖലകളിൽ ജോലിക്കു വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത ദുരവസ്ഥ.

നമ്മുടെ വളർച്ചയിൽ അഥവാ വികസനത്തിൽ എവിടെയോ ഏതോ കുഴപ്പം ബാധിച്ചിരിക്കുന്നു. വിയർപ്പൊഴുക്കി പണിയെടുക്കാൻ വിമുഖത കാണിക്കുന്ന, എല്ലാ തലത്തിലും സമൃദ്ധിയും വികസനവും കൊതിക്കുന്ന ഒരു ജനവിഭാഗം ആണ് നാം. ഫലമോ, കേരളം എന്നും ഒരു ഉപഭോക്തൃ സംസ്ഥാനം. അരി ആന്ധ്രയിൽനിന്നും, പച്ചക്കറി തമിഴകത്തുനിന്നും, മറ്റു ഉപഭോഗ വസ്തുക്കൾ ബോബെയിൽ നിന്നും, വാങ്ങാനുള്ള പണം ഗൾഫിൽ നിന്നും, എന്ന ചിന്ത നമ്മെ എവരേയും പിടികൂടിയിരിക്കുന്നു. ഇതിനൊരു പരിഹാരം കാണണം.

നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയിൽ നിന്നും കരകയറാൻ എന്ത് മാർഗ്ഗം?. നമ്മുടെ ആസൂത്രണചരിത്രത്തിൽ പുതിയൊരു ശൈലി വിഭാവനം ചെയ്യുന്ന മഹത് സംരംഭമാണ് ജനകീയ ആസൂത്രണപ്രസ്ഥാനം. ഗ്രാമീണജനതയെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന പദ്ധതി ആസൂത്രണവും നിർവ്വഹണവും ആണ് ഈ നൂതന ആശയത്തിന്റെ മുഖ്യ ഘടകങ്ങൾ. ഒരു പ്രദേശത്തിന്റെ ഭൂപ്രകൃതിയോടും ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങളോടും പൊരുത്തപ്പെട്ടു പോകുന്ന വികസന പരിപാടികൾ അവർ തന്നെ കണ്ടെത്തി പൂർണ്ണ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക.

" അധ്വാനം സമ്പത്ത്, സമ്പത്ത് ജനനന്മയ്ക്ക് " എന്ന മുദ്രാവാക്യം സാർഥകമായ നിലയിൽ പ്രയോഗവൽക്കരിക്കുക. അതുവഴി അധികാര വികേന്ദ്രീകരണം, അതിന്റെ പൂർണ്ണ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കുക. കേരളത്തിൽ ഉൽപ്പാദന രംഗം ജീവസ്സുറ്റതാക്കി നമ്മുടെ സമ്പത്ത് വർദ്ധിപ്പിക്കുക. അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വികസനമേഖലകളിലെ ഗുണനിലവാരം ഉയർത്തുക. ഇതിലൂടെ കേരളജനതയെ സാശ്രയത്വത്തിലേക്കും സമൃദ്ധിയിലേക്കും നയിക്കുക. ഇതെല്ലാമാണ് " ഒൻപതാം പദ്ധതി – ജനകീയ പദ്ധതി" എന്നതുകൊണ്ട് നാം വിഭാവനം ചെയ്യുന്നത്. ഈ കർമ്മരഥം മുന്നോട്ടു നീങ്ങട്ടെ. ജനകീയ ആസൂത്രണം ഒരു പുതിയ അനുഭവമായി മാറും. "ഒത്തുപിടിച്ചാൽ മലയും പോരും " എന്ന വിശ്വാസത്തോടെ ജാതി, മത, വർഗ്ഗ, രാഷ്ട്രീയഭേദം മറന്ന് നാടിന്റെ വികസന യജ്ഞത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം.

ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും ഒറ്റയടിക്ക് നിർവ്വഹിക്കുവാൻ ഒരു പദ്ധതി കൊണ്ടും സാദ്ധ്യമല്ല. നമ്മുടെ പരിമിതമായ വിഭവങ്ങൾ, വർദ്ധിച്ച തോതിലുള്ള ആവശ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള യാഥാർത്ഥ്യബോധം നമുക്കുണ്ടായിരിക്കണം. അതുകൊണ്ട് നമ്മുടെ ആവശ്യങ്ങളുടെ കൂട്ടത്തിൽ നിന്ന് അത്യാവശ്യങ്ങൾ തെരഞ്ഞെടുക്കണം. പഞ്ചായത്തിന്റെ സവിശേഷതകൾ കണ്ടെത്തി, അതിനനുസൃതമായ വികസനപദ്ധതികൾക്ക് പ്രാമുഖ്യം നൽകേണ്ടിയിരിക്കുന്നു.

അങ്ങനെയാണെങ്കിൽ താഴെതട്ടിൽ ഉള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, ഗ്രാമീണജനതയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. ജനപങ്കാളിത്തം ഫലപ്രദമായി ഉറപ്പാക്കുന്നതോടെ, ഏറ്റെടുക്കാൻ പോകുന്ന പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായും ത്വരിതഗതിയിലും തൃപ്തികരമായും നിർവ്വഹിക്കാൻ കഴിയും. അതോടൊപ്പം അഴിമതിയുടെ എല്ലാ വഴികളും പരമാവധി നിയന്ത്രിക്കാനും സാധിക്കും.

ഭരണഘടനാപരമായ അംഗീകാരത്തോടെ നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ് ഗ്രാമസഭകൾ. നമ്മുടെ പഞ്ചായത്ത് സമിതി നിലവിൽ വന്നതോടെ നമ്മുടെ ഗ്രാമസഭകളും യാഥാർത്ഥ്യമായി. ഗ്രാമസഭകളിലൂടെ ജനങ്ങൾ പ്രത്യക്ഷമായി നമ്മുടെ വികസന പ്രക്രിയയിലെ കണ്ണികളായിത്തീർന്നു. അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ, അവർ തന്നെ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്നിവയാണ് നമ്മുടെ വികസന പദ്ധതികളുടെ ആണിക്കല്ലുകൾ.

പടന്നപഞ്ചായത്തിലെ ജനകീയ ആസൂത്രണ യജ്ഞം തുടങ്ങുന്നത് ഒന്നാം ഘട്ട ജില്ലാതല പരിശീലനത്തോടെയാണ്. പഞ്ചായത്ത് പ്രസിഡന്റ് അടക്കം പത്തു പേർ 1996 സെപ്റ്റംബർ മൂന്നാം തിയ്യതി മുതൽ നടത്തപ്പെട്ട പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കു

കയുണ്ടായി. 16 - 09 - 96 ന് പഞ്ചായത്തുതല ഏകദിന പഠിശിലനം സംഘടിപ്പിക്കുകയും ചെയ്തു. ട്രെയ്നികളായി 56 പേരും പഞ്ചായത്ത് സമിതി അംഗങ്ങളും പഞ്ചായത്തിലെ ഉദ്യോഗസ്ഥരും വിദഗ്ദ്ധരും, ഉൾപ്പെടെ ആകെ 96 പേരും പങ്കെടുക്കുകയും ചെയ്തിരുന്നു.

തുടർന്ന് ഗ്രാമസഭകൾ സജീവമാക്കുന്നതിനാവശ്യമായ സംഘാടകസമിതിക്ക് രൂപം നൽകി. 21 - 09 - 96 മുതൽ 6 - 10 - 96 വരെ 9 ഗ്രാമസഭകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ഗ്രാമസഭകളിൽ സ്ഥലം M.L.A, K.P സതീഷ് ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് C. അഹമ്മദ് കുഞ്ഞി, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ M.C ഖമറുദ്ദീൻ, ജില്ലാ കളക്ടർ സത്യജിത്ത് രാജ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് P.K അബ്ദുൾ ഗഫൂർ ഹാജി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ P. ശ്യാമള എന്നിവർ പങ്കെടുത്തിരുന്നു.

ഒക്റ്റോബർ 25 മുതൽ 27 വരെ സംഘടിപ്പിക്കപ്പെട്ട രണ്ടാം ഘട്ട ജില്ലാതലപരിശീലനത്തിൽ മുൻപ് പങ്കെടുത്തവർക്ക് പുറമെ കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, V.E.O എന്നിവരും പങ്കെടുത്തു. അതോടനുബന്ധിച്ച് രണ്ടാം ഘട്ട പഞ്ചായത്ത് തല പരിശീലനം നടത്തുകയും, പഞ്ചായത്ത് പഠനപര്യടനം, ദ്വിതിയ വിവര ശേഖരണം, ചരിത്രപഠനം, പഞ്ചായത്തിലെ സർവ്വേ എന്നിവയ്ക്ക് വിവിധ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു.

മേൽ ഗ്രൂപ്പുകളുടെ പ്രവർത്തനം സമഗ്രവികസന രേഖ തയ്യാറാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി നിയമിച്ച എഡിറ്റോറിയൽ ബോർഡ് തയ്യാറാക്കിയ വികസനരേഖ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി ജനങ്ങളുടെ മുൻപിൽ സമർപ്പിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ പഴയകാല സ്ഥിതി എന്ത്?. ഇന്നെവിടെ നിൽക്കുന്നു?. നാളെ എന്തൊക്കെ ചെയ്യണം? എന്നീ കാര്യങ്ങൾ പരമാവധി ഉത്തരവാദിത്വത്തോടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കുറ്റമറ്റ നിലയിലുള്ള പഞ്ചായത്ത് തല സമഗ്ര പദ്ധതികൾ ആവിഷ്കരിക്കാൻ ഈ വികസനരേഖ സഹായിക്കും എന്ന പ്രതീക്ഷ, നമ്മിൽ ഊർജ്ജസ്വലതയും ആവേശവും ഉണർത്തട്ടെ.

✧ ✧ ✧ ✧

" ഒരു സംരംഭത്തിന്റെ പരിസമാപ്തി മറ്റൊന്നിന്റെ തുടക്കമാണ് "

ഗ്രാമസഭകൾ

വാർഡ്	തീയ്യതി	പങ്കെടുത്തവർ		
		പു	സ്ത്രീ	ആകെ
1	6 . 10 . 96	245	90	335
2	6 . 10 . 96	157	123	280
3	28 . 9 . 96	56	79	135
4	29. 9 . 96	40	72	112
5	2 . 10 . 96	99	79	168
6	4 . 10 . 96	131	85	216
7	2 . 10 . 96	147	56	203
8	21 . 9 . 96	196	73	269
9	29 . 9 . 96	168	84	252
ആകെ		1239	741	1970

2 സാമൂഹ്യ സാംസ്കാരിക ചരിത്രം.

പഴയ മദിരാശി സംസ്ഥാനത്തിൽ പെട്ട തെക്കൻ കർണ്ണാടകത്തിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന പടന്ന, ഉദിനൂർ, എന്നീ ഗ്രാമങ്ങൾ ചേർത്തുണ്ടാക്കിയതാണ് പടന്ന ഗ്രാമപഞ്ചായത്ത്. ചരിത്രപരവും സാമൂഹിക - സാംസ്കാരിക പരവുമായ പ്രത്യേകതകളുള്ള ഒരു പ്രദേശമാണിത്

ഈ പ്രദേശങ്ങൾ ചിറക്കൽ രാജാവിന്റെ അധീനതയിലായിരുന്നു. ചിറക്കൽ രാജാവിന്റെ കാര്യസ്ഥന്മാരായി മായിൻ മൂപ്പനും കൊടക്കര കണ്ണനും ഈ പ്രദേശങ്ങളിൽ ജോലി നിർവ്വഹിച്ചിട്ടുണ്ട്. അന്നുമുതൽ തന്നെ മതമൈത്രിയും, ഐക്യവും ഈ പ്രദേശത്തെ ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. ബ്രിട്ടീഷ് ആധിപത്യകാലത്ത് പടന്ന, ഉദിനൂർ ഗ്രാമങ്ങളുടെ ഭരണപരവും, നീതിന്യായപരവുമായ കാര്യങ്ങൾ നിർവ്വഹിക്കാൻ വെവ്വേറെ 'അധികാരി' (പട്ടേലർ) കൾ ഉണ്ടായിരുന്നു. P.K.C മുഹമ്മദ് കുഞ്ഞി ഹാജി പടന്ന പട്ടേലരും വെങ്ങലാട്ട് കുഞ്ഞമ്പു നായർ ഉദിനൂർ പട്ടേലരുമായിരുന്നു.

പടർന്ന മണൽ പ്രദേശമായിരുന്നതുകൊണ്ട് 'പടന്ന' എന്ന പേർ വന്നുവെന്നാണ് ഒരു ഐതിഹ്യം. പടിഞ്ഞാറൊഴുകുന്ന പുഴയുടെയും, പരന്ന മണൽതിട്ടയുടെയും ഇടയിൽ ഉപ്പു പാടങ്ങൾ ഉണ്ടായിരുന്നു. ഉപ്പു പാടം എന്ന അർത്ഥത്തിൽ 'പടനെ' എന്ന് കർണ്ണാടകത്തിൽ പറഞ്ഞു വരികയും കാലക്രമേണ അത് 'പടന്ന' ആയിത്തീരുകയും ചെയ്തു എന്നാണ് മറ്റൊരു ഐതിഹ്യം.

'ഉദയനൻ വാണ ഊർ' എന്നർത്ഥത്തിൽ 'ഉദിനൂർ' എന്ന പേർ വന്നതായി ഐതിഹ്യമുണ്ട്. ചരിത്രപ്രസിദ്ധമായ ഉദിനൂർ ശ്രീ ക്ഷേത്രപാലകാക്ഷേത്രവുമായി ബന്ധപ്പെട്ടും ഈ പേരിനു പിന്നിൽ കഥയുണ്ട്. ക്ഷേത്രപാലകനും കാളരാത്രിയും ഉദിച്ച ഊർ, പ്രകാശം പരത്തുന്ന ഊർ എന്നീ അർത്ഥങ്ങളിലും ആവാം ഈ പേർ വന്നതെന്നും അഭിപ്രായമുണ്ട്.

പടന്ന പഞ്ചായത്തിൽ പെട്ട മിക്ക സ്ഥലനാമങ്ങളുമായും ബന്ധപ്പെട്ട് ഇത്തരം ഐതിഹ്യങ്ങൾ നിലനിൽക്കുന്നു. നടക്കാവ്, പോട്ടക്കാപ്പ്, പരത്തിച്ചാൽ, ഉദിനൂർ തെക്കുപുറം, ബതയിൽ, അടിച്ചാർ, മുള്ളോട്ടു കടവ്, മുണ്ടക്കാട്, അരിവിരുത്തി, മാച്ചിക്കാട്, കോയിത്തുരുത്തി, ബളാൽ, എടച്ചാക്കൈ, മുതിരക്കൊവ്വൽ, ഉദിനൂർ വടക്കുപുറം, ഇടക്കൊവ്വൽ, കിഴക്കേക്കര, പടിഞ്ഞാറേക്കര, ഉദിനൂർ സെൻട്രൽ, കോരങ്കുളം, തടിയൻകൊവ്വൽ, ചിറ്റ, കൊയത്തൂർ, കിനാത്തിൽ, പയ്യളം, കോണത്തുവയൽ, തോട്ടുകര, കോളിക്കര, മണലിൽ, കൊക്കാക്കടവ്, പാലത്തര, പൊറോട്ട്, അഴിത്തല, തെക്കേക്കാട്, പടന്ന, കാന്തിലോട്ട്, ഓരി, എടക്ക, പടന്ന വടക്കേപ്പുറം, തെക്കേപ്പുറം, പടന്ന കാലിക്കടവ്, കാവുംതല, കൊറത്തിരെമാട്, ചെമ്പന്റെ മാട്, പുറത്താളി, കുഞ്ഞുമാട് തുടങ്ങി വ്യത്യസ്ത സവിശേഷതകൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് പടന്ന പഞ്ചായത്ത്. പല സ്ഥല നാമങ്ങളുടെ പിന്നിലും ഐതിഹ്യങ്ങൾ നിലവിലുണ്ട്.

മുൻകാലങ്ങളിൽ ഗതാഗതത്തിന് ജലമാർഗ്ഗമാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ജലഗതാഗതത്തിന് സൗകര്യമുള്ള പ്രദേശങ്ങളിൽ ജനങ്ങൾ കൂട്ടമായി താമസിച്ചു. നീലേശ്വരം അഴി മുതൽ വളപട്ടണം അഴിവരെ നീണ്ടുകിടക്കുന്ന പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പടന്ന, ഉദിനൂർ പ്രദേശങ്ങളിൽ പുരാതന കാലംമുതൽ ജനങ്ങൾ താമസിച്ചുവന്നിരുന്നു. ഭക്ഷ്യവസ്തുക്കളും കെട്ടിട നിർമ്മാണ വസ്തുക്കളും മലബാറിലെ പ്രസിദ്ധ വ്യാപാര

കേന്ദ്രമായ കണ്ണൂരിൽനിന്നും കക്കാട് പുഴ-സുൽത്താൻതോട് - വളപട്ടണം പുഴ - എന്നിവയിലൂടെ ചീനവഴിയായി എത്തിക്കുകയാണ് ഉണ്ടായത്.

പുഴയോരം, മണൽതിട്ട, കൊവ്വൽ കൈപ്പാട്, സമതലം, മാട്, കുതിര് തുടങ്ങിയ ഭൂസവിശേഷതകൾ ഇവിടെ കാണപ്പെടുന്നു.

പഞ്ചായത്തിലെ ചില ഭാഗങ്ങൾ കേന്ദ്രീകരിച്ച് ബ്രാഹ്മണരും, ചില ഭാഗങ്ങളിൽ ഈഴവ സമുദായക്കാരും താമസിച്ചിരുന്നു. ഓരി പ്രദേശത്ത് താമസിച്ചിരുന്നവർ ബ്രാഹ്മണരായിരുന്നുവെന്ന് പറയപ്പെടുന്നു. അവിടെ ഭൂമിക്കടിയിൽ നിന്നും കിട്ടിയ പല അവശിഷ്ടങ്ങളിലും അതിന്റെ സൂചന കണ്ടെത്തിയിരുന്നു.

പടന്ന പ്രദേശത്ത് കൂടുതലും മുസ്ലീം ജനവിഭാഗമായിരുന്നു താമസിച്ചിരുന്നത്. മാലിക്കുദിനാറിന്റെ കാലഘട്ടത്തിൽ തന്നെ പടന്നയിൽ ഇസ്ലാം മതം പ്രചരിച്ചിരുന്നു. ആരാധനക്കായി പടന്ന വലിയ ജുമാഅത്ത് പള്ളിആദ്യകാലത്തുതന്നെ സ്ഥാപിച്ചിരുന്നു. കാലക്രമേണ കോട്ടിക്കുളം, പള്ളിക്കര, മൂട്ടം, എടക്കാട്, പഴയങ്ങാടി, തൃക്കരിപൂർ എന്നീപ്രദേശങ്ങളിൽ നിന്നും കുടിയേറിപാർത്തവരാണ് പടന്നയിലെ മുസ്ലീം ജനവിഭാഗം. തെക്കെക്കാട്, ഉദിനൂർ, മാച്ചിക്കാട്, ബളാൽ, എടച്ചാക്കൈ എന്നീ പ്രദേശങ്ങളിലും മുസ്ലീങ്ങൾ താമസിക്കുന്നു. മറ്റു ജന വിഭാഗങ്ങൾ എല്ലാ പ്രദേശങ്ങളിലും താമസിച്ചുവരുന്നു. ങ്കിനാത്തിൽ, ഉദിനൂർ, തടിയൻ കൊച്ചൻ എന്നീ പ്രദേശങ്ങളിൽകൂടുതലും നായർ, മന്ദ്രയാണി, ഈഴവ സമുദായങ്ങളിൽ പെട്ടവരാണ് താമസിച്ചുവരുന്നത്. പട്ടിക ജാതിയിൽ പെട്ടവരും മറ്റു പിന്നോക ജനവിഭാഗങ്ങളും പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഉണ്ട്. മുസ്ലീംകൾ കൂടുതൽ താമസിച്ചുവരുന്ന പടന്നയിൽ ഈഴവ സമുദായത്തിന്റെ ആരാധനാ കേന്ദ്രമായ പടന്ന മുസ്യ സ്ഥിതി ചെയ്യുന്നു. മത സൗഹാർദ്ദവും ഐക്യവും നിലനിർത്തുന്നതിന് ഇത് സഹായിക്കുന്നു.

ആദ്യ കാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷി, മത്സ്യ ബന്ധനം, ഉപ്പ് ശേഖരണം തുടങ്ങിയവയായിരുന്നു. ജനങ്ങൾ കൂടിവന്നപ്പോൾ തൊഴ്ൽ തേടി അന്യ സംസ്ഥാനങ്ങളിലേക്ക് പോകാൻ തുടങ്ങി. മംഗലാപു രത്തേക്ക് റെയിൽപ്പാത നിർമ്മിക്കുമ്പോൾ അനേകം പേർ തൊഴിലാളികളായി പോയിരുന്നു. തെക്കൻ കർണാടകത്തിലെ വ്യാപാര കേന്ദ്രവും തുറമുഖ നഗരവുമായ മംഗലാപുരത്തേക്ക് ചുമട്ടുതൊഴിലാളികളായി പോയവരും നിരവധിയാണ്. കെട്ടിട നിർമ്മാണ ജോലിയിൽ ഏർപ്പെട്ടവരും ധാരാളമായി ഉണ്ടായിരുന്നു.

സിലോൺ, ബർമ്മ, സിംഗപ്പൂർ എന്നിവടങ്ങളിൽ തൊഴിൽ തേടി പോയ ആളുകളും ഉണ്ടായിരുന്നു. 1944-ൽ 2 ാം ലോക മഹായുദ്ധം കൊടുമ്പിരി കൊണ്ടപ്പോൾ എല്ലാം ഉപേക്ഷിച്ച് ഇവരിൽ പലരും നാട്ടിൽ തിരിച്ചെത്തി. ബാംഗ്ളൂർ, ബോംബേ എന്നീ നഗരങ്ങളിലും ഗൾഫ് നാടുകളിലും തൊഴിൽ തേടി പോയവർ ധാരാളമുണ്ട്.

ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യസമരപ്രസ്ഥാനവും ഈ പ്രദേശത്തെ ജനങ്ങളിൽ ആവേശം പകരുകയും അതിൽ സജീവമായി പക്കെടുക്കു കയും ചെയ്തിരുന്നു.

പരേതനായ ശ്രീ. സി.യം കുഞ്ഞിരാമൻ നായരുടെ നേതൃത്വത്തിൽ നടന്ന ഉപ്പ് സത്യാഗ്രഹജാഥ പ്രസിദ്ധമായിരുന്നു. ഉദിനൂറിൽ നിന്നും പടിഞ്ഞാറെ കൈപ്പാട് പ്രദേശത്ത് പോയി ഉപ്പ് കുറുക്കി നിയമം ലംഘിക്കുകയുണ്ടായി. സ്വാതന്ത്ര്യ ദാഹികളായ പലരും ഇതിൽ പങ്കെടുത്തിരുന്നു. ഖദർ പ്രചരണം, സ്വദേശി പ്രസ്ഥാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരും ഈ പ്രദേശത്ത് ഉണ്ടായിരുന്നു.

കെ.വി.കമ്മാരൻ, എം.പി. കണ്ണൻ, എൻ. കുഞ്ഞിരാമൻ (I.N.A), ഏ.വി.കണ്ണൻ (I.N.A) തുടങ്ങിയവർ ഉദിനൂരിലും പി.കെ.കുഞ്ഞിമായിൻ, മാഹിൻമാസ്റ്റർ, എസ്.വി. അബ്ദുൽ ഖാദർ മാസ്റ്റർ, പി.സി. അബ്ദുല്ല മാസ്റ്റർ, എം.വി. ഇബ്രാഹിം മാസ്റ്റർ, സി. കുഞ്ഞാമത് മാസ്റ്റർ തുടങ്ങിയവർ പടന്നയിലും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരാണ്.

ടിപ്പുസുൽത്താന്റെ കാലത്ത് പുതുക്കി പണിത പടന്ന ജുമാഅത്ത് പള്ളി മലബാർ പ്രദേശത്തെ പ്രസിദ്ധമായ ആരാധനാകേന്ദ്രമായിരുന്നു. മുസ്ലീം ജനവിഭാഗത്തിന്റെ മതപരവും, സാമൂഹികവും, സാസ്കാരികവുമായ പുരോഗതിക്ക് ഈ പള്ളി കേന്ദ്രബിന്ദുവായി പ്രവർത്തിച്ചു. 1932ൽ രൂപീകൃതമായ ജമാഅത്തുൽ ഇസ്ലാം ദർസ് കമ്മിറ്റി ഈ പ്രദേശത്തിന്റെ നാനാതരത്തിലുള്ള ഉയർച്ചക്ക് വേണ്ടി പ്രവർത്തിച്ചു. തെക്കെക്കാട്, എടച്ചാക്കൈ, കാലിക്കടവ് തുടങ്ങിയ സ്ഥലങ്ങളിലുള്ള പള്ളികളും മതപഠന കേന്ദ്രങ്ങളും ജനജീവിതത്തിൽ സാരമായ മാറ്റം വരുത്തിയിട്ടുണ്ട്. മദ്രസകളും ദർസും മതപഠനം നിർവ്വഹിച്ച് വന്നു. പടന്ന

ജുമാഅത്ത് പള്ളിയിൽ വെച്ച് നടത്തപ്പെട്ടിരുന്ന ദർസിൽ കേരളത്തിലെ പ്രഗൽഭരായ മതപണ്ഡിതൻമാർ അദ്ധ്യാപനം നിർവ്വഹിച്ചിരുന്നു. ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ദർസ് കമ്മിറ്റിചെയ്ത സേസവനം സ്മരണീയമാണ്. ഐക്യവും സൗഹാർദ്ദവും നിലനിർത്തി ജനജീവിതം മെച്ചപ്പെടുത്തുന്നതിൽ ഈ കമ്മിറ്റി സജീവമായി പങ്കെടുത്തിട്ടുണ്ട്.

ഈ പ്രദേശത്തെ മുസ്ലീം ജനവിഭാഗത്തിന്റെ ജീവിതത്തിൽഡ പള്ളികൾക്കും ദർസുകൾക്കും ഏറെ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നു. ടിപ്പുസുൽത്താന്റെ കാലത്ത് പണിത പടന്ന ജുമാഅത്ത് പള്ളിയിൽ തസ്തിക അലവൻസ് ആറുരൂപനൽകിയിരുന്നു. ഇന്നും ആയത് ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. പുരാതന കുടുംബങ്ങളിൽനിന്നും ലഭിച്ച എഴുത്തോലകളിൽ ഈ പള്ളിയുടെ മഹത്വം രേഖപ്പടുത്തിയിട്ടുണ്ട്.

പടന്ന ജുമാഅത്ത് പള്ളിഅങ്കണത്തിൽ ഉള്ള സയ്യദ് സാഹിബ് വലിയുള്ളാഹി തങ്ങളുടെ മഖ്ബറ വളരെ പ്രസിദ്ധമാണ്. പല സിദ്ധികളുംഉണ്ടായിരുന്ന അദ്ദേഹം സിദ്ധ വൈദ്യത്തിലും അനുഷ്ടാന് കർമ്മങ്ങളിലും പ്രസിദ്ധനായിരുന്നു. മൊഹിയ്യദ്ദീൻ പള്ളി അങ്കണത്തിൽ കുടികൊള്ളുന്ന ഫക്കീർ സാഹിബ് വലിയുള്ളാഹിയുടെ മഖ്ബറയും പ്രസിദ്ധമാണ്.

ജാതി മതഭേദമില്ലാതെ 'നിറപൊലി', ''പുത്തരിയുണ്'' തുടങ്ങിയ ആചാരങ്ങളും ഈ പ്രദേശങ്ങളിൽ സാർവത്രികമായിരുന്നു.

ഗതാഗതം, വൈദ്യുതി എന്നീ മേഖലകളിൽ ഈ പ്രദേശത്തുണ്ടായ പുരോഗതിക്ക് പലരും പ്രവർത്തിച്ചിട്ടുണ്ട്. പടന്ന മുതൽ ചെറുവത്തൂർ വരെയും തോട്ടുകരവരെയും റോഡ് നിർമ്മിക്കുന്നതിന് ജനകിയ കമ്മിറ്റി പ്രവർത്തിച്ചിരുന്നു. വി.കെ.പി.അബ്ദുൽ ഖാദർ ഹാജി, പി.കെ. കുഞ്ഞിമായിൻ, ഇബ്രാഹിം മാസ്റ്റർ, പി.വി. സുലൈമാൻ ഹാജി, വി.കുഞ്ഞമ്പാടി മാസ്റ്റർ, ആറ്റിപ്പിൽ മുഹമ്മദ് ഹാജി, യു. മുഹമ്മദ് മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലുള്ള ജനകിയ കമ്മിറ്റിയായിരുന്നു ശ്രമദാനം വഴി റോഡ് നിർമ്മിച്ചത്. പഞ്ചായത്തിലെ ഇതര പ്രദേശങ്ങളിലും ഇത്പോലുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നു. ഉദിനൂർ ഭാഗത്ത് ഗതാഗത സൗകര്യം വളരെ കുറവായിരുന്നു. സി.എം. കുഞ്ഞിക്കമ്മാരൻ നായർ മുൻകൈയെടുത്ത് നിർമ്മിച്ചതാണ് ആദ്യത്തെ റോഡ്. ജനപങ്കാളിത്തത്തോടെ പേക്കടം-എടച്ചാക്കൈ റോഡ്, കുലോത്തെനട- തടിയൻ കൊവ്വൽ റോഡ് എന്നിവ നിർമ്മിച്ചിരുന്നു.

പഞ്ചായത്തിലെ തെക്കെക്കാട്, ഓരി, അഴിത്തല, മാച്ചിക്കാട് എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ ഭൂരിഭാഗവും കൃഷി, മത്സ്യബന്ധനം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. ഓരിയിലെ ഇടയിലെപ്പുര ദേവസ്ഥാനം പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണ്.

സാമൂഹ്യ സാംസ്കാരിക പുരോഗതിക്ക് ഏറെ സംഭാവന നൽകിയ പ്രദേശമായിരുന്നു ഉദിനൂർ. ഉദിനൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായിരുന്ന പി. നാരായണൻ മാസ്റ്ററാണ് ഒരു വിദ്യാലയം സ്ഥാപിച്ച് ഈ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റാൻ പരിശ്രമിച്ചത്.

• ക്ഷേത്രപാലക ക്ഷേത്രം, കിനാത്തിൽ ശ്രീകൃഷ്ണ ക്ഷേത്രം, അരയാലിൻകീഴിൽ വിഷ്ണുക്ഷേത്രം, തടിയൻകൊവ്വൽ മുണ്ട്യ, സുബ്രഹ്മണ്യൻ കോവിൽ, കാലിച്ചാൻ ദേവസ്ഥാനം, മുസ്ലീം പള്ളികൾ തുടങ്ങിയവ ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ആരാധനാ കേന്ദ്രങ്ങളായിരുന്നു. ഉദിനൂർ ശ്രീ. ക്ഷേത്രപാലകക്ഷേത്രം പഴക്കം കൊണ്ടും ശില്പഭംഗി കൊണ്ടും പ്രസിദ്ധമാണ്. അവിടെ കാണുന്ന ദാരുശില്പങ്ങളും, ചുവർ ചിത്രങ്ങളും ശില്പഭംഗി തുളുമ്പിനിൽക്കുന്നവയാണ്. ഉദിനൂർ തെക്കുപുറം പള്ളി, എടച്ചാക്കൈ രിഫായി പള്ളി തുടങ്ങി മുസ്ലീം ആരാധനാ കേന്ദ്രങ്ങളും മറ്റു ചെറുതും വലുതുമായ ആരാധനാ കേന്ദ്രങ്ങളും ജനജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു. ഉത്സവങ്ങളും ആണ്ടു നേർച്ചകളും കളിയാട്ടങ്ങളും മറ്റു അനുഷ്ടാന ചടങ്ങുകളും ജനങ്ങളുടെ ജീവിതരീതിയെ തന്നെ മാറ്റിതിർക്കാൻ സഹായിച്ചിട്ടുണ്ട്.

നടക്കാവിൽ നല്ല രീതിയിൽ ആഴ്ചചന്ത പ്രവർത്തിച്ചിരുന്നു. കാട്, കടപ്പുറം, പടന്ന, ഓരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും മത്സ്യം, കയറുൽപന്നങ്ങൾ തുടങ്ങിയവ കൊണ്ടുവന്ന് വില്പന നടത്തിയിരുന്നു. കിനാത്തിലും ഒരു ആഴ്ചചന്ത തുടങ്ങിയെങ്കിലും കൂടുതൽകാലം നീണ്ടുനിന്നില്ല. സാംസ്കാരികമായ മുന്നേറ്റവും പലസ്ഥലങ്ങളിലുമുണ്ടായി. പലപ്രദേശങ്ങളിൽനിന്നും ആളുകൾ ഉദിനൂരിൽ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. റെയിൽവെ ലൈനിന്റെ കിഴക്ക്ഭാഗത്തുള്ള പറമ്പിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് പൊതുജന വായനശാല പ്രസിദ്ധമായിരുന്നു. പൂരക്കളി മാപ്പിളകലാരൂപങ്ങളായ ദഫ്മുട്ട്, കോൽക്കളി എന്നിവ

ഉദിനൂർ, എടച്ചാക്കൈ, പടന്ന തുടങ്ങിയ പ്രദേശങ്ങളിൽ ജനങ്ങളെ ഒന്നിപ്പിക്കുകയും സജീവമായി പരിശീലിപ്പിക്കുകയും ചെയ്തിരുന്നു.

ആതുര സേവനം, സാമൂഹ്യക്ഷേമ പ്രവർത്തനം, വിദ്യാഭ്യാസം എന്നീ രംഗത്ത് പല പ്രദേശത്തെ ജനങ്ങളും സന്നദ്ധ സംഘടനകളും പ്രവർത്തിച്ചിരുന്നു. പടന്നയിൽ 1949ൽ സ്ഥാപിച്ച ഖിദ്മത്തുൽ ഇസ്ലാം സംഘം ഈ രംഗത്ത് നല്ല സേവനം നടത്തിയിട്ടുണ്ട്. കിനാത്തിൽ, തടിയൻകൊവ്വൽ, ഓരി, പടന്ന, തെക്കെക്കാട്, ഉദിനൂർ എന്നീ സ്ഥലങ്ങളിൽ വായനശാലകളും സാംസ്കാരിക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ ജനങ്ങളെ ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും ഭാഗമാക്കിതീർക്കുന്നതിൽ ഈ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിച്ചിരുന്നു.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായും സാമ്രാജ്യത്തെ ചൂഷണത്തിനെതിരായും ഈ പ്രദേശങ്ങളിലെ കർഷകരും ഇതര ജനവിഭാഗങ്ങളും നടത്തിയ ധീരോദാത്തമായ സമരങ്ങളും പോരാട്ടങ്ങളും എടുത്തുപറയേണ്ടതാണ്. അഭിനവ ഭാരത്യുവജനസംഘം, കർഷക പ്രസ്ഥാനം എന്നിവ ശക്തിപ്രാപിച്ചിരുന്ന കാലഘട്ടത്തിൽ അന്നത്തെ സാമൂഹ്യ ജീർണ്ണതക്കെതിരെ ഉജ്ജ്വലമായ പോരാട്ടം നടത്തി മർദ്ദനങ്ങളും പീഡനങ്ങളും അനുഭവിച്ചവർ ഇവിടെ ധാരാളം ഉണ്ടായിരുന്നു. അവരിൽ പലരും ഇന്നും സജീവമായി രംഗത്തുണ്ട്. കർഷക സംഘത്തിന്റെ നേതൃത്വത്തിൽ മംഗലാപുരത്തേക്ക് നടത്തിയ പട്ടിണി ജാഥയും, ജാപ്പ് വിരുദ്ധ സമരവും ഇവിടുത്തെ ജനങ്ങളിൽ ആവേശം പകരുകയും പ്രസ്ഥാനത്തിൽ സജീവ പങ്കാളികളാക്കുകയും ചെയ്തു. "വിത്തിട്ടവൻ വിള കൊയ്യും" എന്ന മുദ്രാവാക്യം ഉയർത്തി നടത്തിയ വിളകൊയ്ത്ത് സമരവും, കുഞ്ഞിക്കൊവ്വൽ പൊതു ശ്മശാനത്തിനു വേണ്ടി നടത്തിയ സമരവും ഇവിടെ പ്രസ്താവ്യമാണ്. 1948-52 കാലത്ത് നടന്ന എം.എസ്.പി. തേർവാഴ്ച്ചയിൽ ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളും ഏറെയാണ്. പരേതനായ ഉദിനൂർ തെക്കുപുറത്തെ കെ. പൊക്കനെപ്പോലെ ഉള്ളവർ അംഗവൈകല്യം പോലും വകവെക്കാതെ അന്ന് പ്രവർത്തിച്ചിരുന്നു.

ചരിത്രപരവും സാംസ്കാരികവുമായി ഈ പ്രദേശത്ത് നിലനിൽക്കുന്ന സവിശേഷതകൾ ഉൾക്കൊണ്ട് സാമൂഹ്യ ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്താനുള്ള പ്രവർത്തനങ്ങളിൽ ഐക്യത്തോടും, സാഹോദര്യത്തോടും, ജാതി-മത വിഭാഗീയ ചിന്തകൾക്കതീതമായും പ്രവർത്തിക്കാൻ നമുക്കു കഴിയേണ്ടതുണ്ട്.

ഭരണചരിത്രം.

1954മുതൽ 1962 വരെ ഉദിനൂർ പഞ്ചായത്ത്, പടന്ന പഞ്ചായത്ത് എന്നീ രണ്ടു പഞ്ചായത്തുകളായി പ്രവർത്തിച്ചു. 1954ൽ പി.നാരായണൻ നായർ പ്രസിഡണ്ടായി ഉദിനൂർ പഞ്ചായത്തിന്റെ ഭരണം ഏറ്റെടുത്തു. 1-4-1955 മുതൽ 31-3-1962വരെ യു.പി.കുഞ്ഞിരാമൻ നായർ പ്രസിഡണ്ടും കെ.വി.കമ്മാരൻ വൈസ് പ്രസിഡണ്ടുമായുള്ള ബോർഡ് ഉദിനൂർ പഞ്ചായത്തിൽ ഭരണമേറ്റെടുത്തു.

1954 മുതൽ 31-3-1962 വരെ വി.കെ.പി. അബ്ദുൽ ഖാദർ ഹാജി പ്രസിഡണ്ടും പി.കെ. കുഞ്ഞിമായിൻ വൈസ് പ്രസിഡണ്ടുമായുള്ള ബോർഡ് പടന്ന പഞ്ചായത്തിൽ ഭരണം ഏറ്റെടുത്തു.

തുടർന്ന് രണ്ട് പഞ്ചായത്തുകളും സംയോജിപ്പിച്ച്കൊണ്ട് പടന്ന പഞ്ചായത്ത് രൂപീകൃതമായി. 1-4-1962 മുതൽ 19-12-1963 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണമായിരുന്നു. 20-12-1963 മുതൽ 19- 6-1966 വരെ താഴെപറയുന്ന പഞ്ചായത്ത് ഭരണസമിതി ഭരണം നടത്തി.

പ്രസിഡണ്ട് : വി.കെ.പി. അബ്ദുൽഖാദർ ഹാജി

വൈസ് പ്രസിഡണ്ട് : ടി.വി.കണ്ണൻ

അംഗങ്ങൾ
1. വൈക്കത്ത് കുഞ്ഞിരാമൻ
2. കെ.വി. ഗോപാലൻ
3. എം.കെ. ഇബ്രാഹിം ഹാജി
4. പി.വി. അഹമ്മദ്
5. സി. കുഞ്ഞാമദ് ഹാജി.
6. ടി.കെ.പി. ഹഫ്സത്ത് (നോമ്മനറ്റഡ് വനിതാ അംഗം)

19-6-66ന് വി.കെ.പി. അബ്ദുൽ ഖാദർ ഹാജിയുടെ നിര്യാണത്തെത്തുടർന്ന് വൈസ് പ്രസിഡണ്ട് ടി.വി. കണ്ണൻ പ്രസിഡണ്ടായി സത്യപ്രതിജ്ഞ ചെയ്ത് അധികാര മേറ്റെടുത്തു. 26-2-67വരെ അദ്ദേഹം പ്രസിഡണ്ട്

സ്ഥാനം തുടർന്നു. പിന്നീട് നടന്ന ഉപതെരഞ്ഞെടുപ്പിൽ വി.കെ.പി. ഖാലിദ് ഹാജി വിജയിക്കുകയും പ്രസിഡണ്ട് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ടി.വി. കണ്ണൻ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ടി.കെ.പി. ഹഫ്സത്തിനു പകരം എൽ.കെ. കൗലത്തിനെ വനിതാ അംഗമായി നോമിനേറ്റ് ചെയ്യുകയും ചെയ്തു. 27-2-67 മുതൽ 5-12-78 വരെ ഈ ഭരണസമിതി ഭരണം നടത്തുകയുണ്ടായി.

30-11-78ന് പടന്ന പഞ്ചായത്തിന്റെ ഭാഗങ്ങളായിരുന്ന കടലോരപ്രദേശങ്ങൾ ഉൾപ്പെടുത്തി വലിയപറമ്പ് പഞ്ചായത്ത് രൂപീകൃതമായി പഞ്ചായത്ത് വിഭജനത്തെതുടർന്ന് 6-12-78 മുതൽ 31-3-80 വരെ താഴെ പറയുന്നവർ ഉൾക്കൊള്ളുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായിരുന്നു ഭരണ സാരഥ്യം വഹിച്ചിരുന്നത്.

പ്രസിഡണ്ട് : വി.കെ.പി ഖാലിദ് ഹാജി

വൈസ് പ്രസിഡണ്ട് : ടി.വി.കണ്ണൻ

അംഗങ്ങൾ
1. പി.വി. അഹമ്മദ്
2. പി.കെ. അബ്ദുൽ ഖാദർ ഹാജി
3. സി. കുഞ്ഞാമത് ഹാജി
4. കെ. കൃഷ്ണൻ
5. ടി.കെ. അബ്ദുൽ ഖാദർ
6. എൽ.കെ. കൗലത്ത്.

1-4-80 മുതൽ 26-9-80 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണമാണുണ്ടായിരുന്നത്.

27-9-80 മുതൽ 27-9-85 വരെ തെരഞ്ഞെടുക്കപ്പെട്ട ബോർഡ് ഭരണം നടത്തിയിരുന്നു.

പ്രസിഡണ്ട് : വി.കെ.പി. ഖാലിദ് ഹാജി

വൈസ് പ്രസിഡണ്ട് : എം.പി. കണ്ണൻ

അംഗങ്ങൾ
1. സി.കുഞ്ഞാമ്മദ് ഹാജി
2. ടി.എം.സി. മുഹമ്മദ് കുഞ്ഞി ഹാജി
3. ടി.പി. മുഹമ്മദലി ഹാജി
4. ഏ.വി.രാഘവൻ
5. കെ. ശങ്കരൻ
6. കെ. കാർത്ത്യായനി

28-9-85 മുതൽ 7-2-88 വരെ സ്പെഷ്യൽ ഓഫീസർ ഭരണം നടത്തി. 8-2-88 മുതൽ 3-10-95 വരെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ സമിതി ഭരണമേറ്റെടുത്തു.

പ്രസിഡണ്ട് : ഏ.വി. രാഘവൻ

വൈസ് പ്രസിഡണ്ട് : സി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ

അംഗങ്ങൾ
1. വി.കെ.പി. ഖാലിദ് ഹാജി
2. പി.കെ അബ്ദുൽഖാദർ ഹാജ
3. പി. കുഞ്ഞിമൊയ്തീൻ കുട്ടി
4. പി. തമ്പായി
5. കെ. ശേഖരൻ
6. എം.പി. നാരായണി

പുതിയ പഞ്ചായത്ത് രാജ് ആക്ട് നടപ്പിൽ വന്നതിനെ തുടർന്ന് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഭരണ സമിതിയാണ് 2-10-95 മുതൽ ഭരണം നടത്തി വരുന്നത്.

പ്രസിഡണ്ട് : ആയിഷ സാലി

വൈസ്പ്രസിഡണ്ട് : കെ. നാരായണൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : വി.കെ.പി. ഖാലിദ് ഹാജി

അംഗങ്ങൾ
1. ഏ.കെ. വത്സല

2. ടി.എം.സി. മുഹമ്മദ്കുഞ്ഞി ഹാജി

3. എസ്.സി. കുഞ്ഞഹമ്മദ്

4. കെ.മുരളി മാസ്റ്റർ

5. ഏ.വി. ദേവകി.

6. കെ. രമണി

പഞ്ചായത്ത് ഓഫീസ്

പി. അബ്ദുൽ റസ്സാഖ് ഹാജിയുടെ വാടക കെട്ടിടത്തിലായിരുന്നു 15-4- 1962 മുതൽ പഞ്ചായത്ത് ഓഫീസ് പ്രവരത്തിച്ചിരുന്നത്. ജി. എസ്. അബ്ദുൽ റസ്സാഖിന്റെ കുടുംബം ദാനം ചെയ്ത പത്തു സെന്റ് സ്ഥലത്ത് (പടന്ന ഗ്രാമം R.S. 246 / 2ൽ) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണിതു. 31-5-1967ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. സി.എച്ച്. മുഹമ്മദ് കോയ പ്രസ്തുത കെട്ടിടത്തിന് ശിലാ സ്ഥാപനം നിർവ്വഹിച്ചു.

14-3-1964ന് അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അവുഖാദർകുട്ടിനഹ പഞ്ചായത്ത് കെട്ടിടത്തിന്റെ ഔപചാരിക ഉൽഘാടനം നിർവ്വഹിച്ചു. ഈ കെട്ടിടത്തിലാണ് ഇപ്പോഴും പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

✣◆ ✣◆ ✣◆ ✣◆

'ഭൂതകാലത്തിൻ പ്രഭാവ തന്തുക്കളാൽ
ഭൂതിമത്തായൊരു ഭാവിയെ നെയ്ക നാം'

വള്ളത്തോൾ



3

ഭൂപ്രകൃതിയും വിഭവങ്ങളും

തെക്കുവടക്കായി നീണ്ടുകിടക്കുന്ന ഉദിനൂർ-പടന്ന വില്ലേജുകൾ ഉൾപ്പെട്ടതാണ് പടന്ന ഗ്രാമ പഞ്ചായത്ത്. 1970കളിൽ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 25.34 ച.കി.മി. ആയിരുന്നു എന്നാണ് വില്ലേജ് ഓഫീസിലെ രേഖകൾ സൂചിപ്പിക്കുന്നത്. 1978 നവംബർ 30ാം തീയ്യതി വലിയപറമ്പ് പഞ്ചായത്ത് രൂപീകരണത്തോടെ പടന്ന ഉദിനൂർവില്ലേജുകളുടെ ചിലഭാഗങ്ങൾ വിട്ടു പോയതിനാൽ മൊത്തം വിസ്തീർണ്ണം 13.39 ച.കി.മി ആയി ചുരുങ്ങി (1991ലെ സെൻസസ്)

ഭൂപ്രകൃതി

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിന്റെ തെക്കുപടിഞ്ഞാറെ ഭാഗത്ത് സ്ഥിതിചെയ്യുന്ന തീരദേശ പഞ്ചായത്താണ് പടന്ന. പഞ്ചായത്തിന്റെ തെക്കുഭാഗം ഉദിനൂർ വില്ലേജും വടക്കുഭാഗത്ത് പടന്ന വില്ലേജുമാണ്. ഇതിൽ പടന്ന വില്ലേജ്-പടന്ന, പടന്നപ്പുഴയിൽ ഉള്ള ചെറുതും വലുതുമായ 7ദ്വീപുകളും (തെക്കെക്കാട്, കൊക്കാൽ, പൊറത്താളി, ചെമ്പന്റെ മാട്, തോട്ടിരെമാട്, കുഞ്ഞുമാട്, ഓരി) നീലേശ്വരം അഴിമുഖത്തോട് ചേർന്നുള്ള അഴിത്തലയും ഉൾപ്പെട്ടതാണ്.

പടന്നയുടെ പടിഞ്ഞാറുഭാഗത്തുകൂടി 7.5.കി.മി. നീളമുള്ള പടന്നപ്പുഴയും കിഴക്കുഭാഗത്തുകൂടി 4കി.മി. നീളമുള്ള ബാലൻ പുഴ-ഏർപ്പുഴയും ഒഴുകുന്നു. ഏർപ്പുഴ എടച്ചാക്കൈ എന്ന സ്ഥലത്തെത്തുമ്പോൾ ഉദിനൂർ- പടന്ന വില്ലേജുകളെ വേർതിരിച്ച് പടന്നപ്പുഴയിലേക്ക് ചേരുന്നു.

തീരദേശപ്രദേശമായതിനാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ മൊത്തത്തിൽ തീരസമതലം എന്നു വിശേഷിപ്പിക്കാം. ഉദിനൂർ വില്ലേജിൽ അല്പം ഉയർന്ന സമതലങ്ങളായ കൊവ്വലുകളും താഴ്ന്ന കൈപ്പാട് പ്രദേശങ്ങളും ഇടവിട്ടു കാണപ്പെടുന്നു. കൊവ്വലുകളിൽ തടിയൻകൊവ്വലാണ് ഏറ്റവും ഉയർന്ന പ്രദേശം. പടന്ന വില്ലേജിന്റെ നടുവിൽ ഉയർന്ന പുഴിത്തട്ടും അതിനിരുവശങ്ങളിലുമായി ചെറിയ ചരിവുള്ള പ്രദേശങ്ങൾ, താഴ്ന്ന കൈപ്പാട് പ്രദേശങ്ങൾ, പുഴയോരം എന്നീ രീതിയിലും കാണപ്പെടുന്നു.



ഉദിനൂർ വില്ലേജ്

ചിത്രം -1

പടന്ന വില്ലേജ്

താഴ്ന്ന സ്ഥലങ്ങളിൽ നെല്ലും കൊവ്വലുകളിൽ തെങ്ങുമാണ് പ്രധാന വിളകൾ. പടന്ന വില്ലേജിന്റെ നടുവിലൂടെയുള്ള പുഴിത്തട്ട് പ്രധാനമായും ജനവാസകേന്ദ്രങ്ങളാണ്.

കാലാവസ്ഥ :

ഇന്ത്യയെ മൊത്തം 127 അഗ്രോക്ലൈമാറ്റിക് സോൺ ആയി തരംതിരിച്ചിട്ടുള്ളതിൽ 5 വിഭാഗങ്ങളാണ് നമ്മുടെ സംസ്ഥാനത്തിൽപെടുന്നത്. അതിൽ നോർത്തേൺ അഗ്രോ ക്ലൈമാറ്റിക് സോണിലാണ് പടന്ന പഞ്ചായത്ത് ഉൾപ്പെടുന്നത്.

അതുകൂടാതെ കേരള സംസ്ഥാനത്തെ മൊത്തം ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ്, മഴ എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി 13 ഭാഗങ്ങളായി തരംതിരിച്ചിട്ടുള്ളതിൽ തീരദേശ മണൽപ്രദേശം (coastal sandy) എന്ന വിഭാഗത്തിലാണ് പഞ്ചായത്ത് ഉൾപ്പെടുന്നത്. ഈ വിഭാഗത്തിന്റെ പ്രത്യേകതകൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

പട്ടിക – 1

Agroclimatic Zone

സോൺ	പേര്	കേരളത്തിലെ മൊത്തം വിസ്തീർണ്ണം	കേരളത്തിലെ മൊത്തം വിസ്തീർണ്ണത്തിന്റെ ശതമാനം	ഉയരം	മഴ	മണ്ണിന്റെ തരം	ഭൂപ്രകൃതി	പ്രധാന വിളകൾ
II	കോസ്റ്റൽ സിൻഡി	1564 km	4.8 %	താഴ്നത്	പാറ്റേൺ 1	പശിമരാശി മണ്ണ്	മോഡൽ ഒന്ന്	തെങ്ങ്, നെല്ല്

പട്ടിക – 2 കാലാവസ്ഥാ ഭേദങ്ങൾ

കാലാവസ്ഥ	മാസം
1. വേൻക്കാലം	മാർച്ച് – മെയ്
2. വർഷകാലം	
കാലവർഷം	ജൂൺ. – ആഗസ്റ്റ്
തുലാവർഴം	സെപ്റ്റംബർ – നവംബർ
3. ശൈത്യകാലം.	ഡിസംബർ – ഫിബ്രവരി

കേരളത്തിൽ പൊതുവായി അനുഭവപ്പെടുന്ന കാലാവസ്ഥ വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ അതാതു കാലത്തു തന്നെ അനുഭവപ്പെടുന്നു. കാലാവസ്ഥാ ഭേദങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

ഇടവപ്പാതിയാണ് തുലാവർഷത്തേക്കാൾ കൂടുതൽ ലഭിക്കുന്നത് മഴയുടെ അളവ് കൂടുതലാണെങ്കിലും (ശരാശരി 338.16cm) ഇടമഴകളും മഴയുള്ള ദിവസങ്ങളും കുറവായതിനാൽ (മഴയുള്ളത് വർഷത്തിൽ ശരാശരി 109 ദിവസങ്ങൾ) തെക്കെൻകേരളത്തിൽ അനുഭവപ്പെടുന്നതിലും വരൾച്ച ഇവിടെ കൂടുതലാണ്. മഴയുടെ ലഭ്യത കുറവായതിനാലും വിതരണം ഒരുപോലെയല്ലാത്തതിനാലും പെയ്യുന്ന മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. മഴയുടെ ലഭ്യതയിൽ

പട്ടിക - 3 മഴയുടെ വിതരണത്തിലുള്ള വ്യത്യാസം

മാസം	തിരുവനന്തപുരം	പടന്ന
മെയ് - നവംബർ	260 cm	322 cm
ഡിസംബർ - ഏപ്രിൽ	35 cm	3.22 cm
ആകെ	295 cm	325.2 cm

നമ്മുടെ തലസ്ഥാനവുമായി താരതമ്യപ്പെടുത്തുമ്പോൾ അനുഭവപ്പെടുന്ന വ്യത്യാസം പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ ഏറ്റവും അധികം ചൂട് മെയ് മാസത്തിലും (33.3*C) ഏറ്റവും കുറഞ്ഞ ചൂട് ജനുവരി മാസത്തിലും (19.7*C) അനുഭവപ്പെടുന്നു. പക്ഷെ ശൈത്യകാലത്ത് പൊതുവെ പകൽ സമയത്തെ ചൂടും രാത്രി സമയത്തെ ചൂടും തമ്മിലുള്ള അന്തരം കൂടുതലാണ്. കാലാവസ്ഥാ കലണ്ടർ പട്ടിക 4ൽ ചേർത്തിരിക്കുന്നു.

മണ്ണ്

തീരദേശ പ്രദേശമാകയാൽ പഞ്ചായത്തിലെ പ്രധാന മൺതരം പശിമരാശി മണ്ണാണ്(Sandy loam) പുഴയോട് ചേർന്നു കിടക്കുന്ന നെൽപാടങ്ങളിൽ എക്കൽ കലർന്ന പശിമരാശി മണ്ണും മറ്റ് പാടങ്ങളിൽ ചെറിയ തോതിൽ കളിമണ്ണ് കലർന്ന പശിമരാശി മണ്ണും കാണപ്പെടുന്നു. പടന്ന വില്ലേജിൽപെടുന്ന ഏർപ്പുഴയുടെ തീരത്തുള്ള വളാനാവി, കുയ്യാൽ, മനാരക്കൈപ്പാട്, കാവുന്തല, പാടങ്ങളിലും ഉദിനൂർ വില്ലേജിൽപ്പെടുന്ന പറ്റുവീട്ടിൽതാഴെ, അത്യക്, ബളാൽ, എടച്ചാക്കൈ, കൈപ്പാട്, വടക്കുപുറം എന്നീ പാടങ്ങളിലും ഇരുമ്പിന്റെ അംശം വളരെ കൂടുതലായി കാണപ്പെടുന്നു. ഈ പ്രദേശങ്ങളിൽ ഒന്ന്, രണ്ട് മീറ്റർ ആഴത്തിൽ ഇരുമ്പും ഗന്ധകവും സമ്മിശ്രമായ രൂപത്തിൽ ചേർന്നിട്ടുള്ള മഞ്ഞ നിറത്തിലുള്ള കട്ടിയുള്ള മണ്ണാണ് ഉള്ളത്. ഇത് മൂലം മണ്ണിന്റെ ഫലപുഷ്ടി ഈ ഇടങ്ങളിൽ കുറവാണ്. ഇവിടങ്ങളിലെ കിണർവെള്ളവും ഇത് മൂലം കുടിക്കാൻ അനുയോജ്യമല്ല. പഞ്ചായത്തിൽ മൊത്തമായി കണക്കാക്കുമ്പോൾ മണലിന്റെ അംശം കൂടിതലായതിനാൽ മണ്ണിന്റെ ജൈവാംശവും ജലസംഭരണ ശേഷിയും തീരെ കുറവാണ്. ഇത് മൂലം വേനൽകാലങ്ങളിൽ ജലസേചനം വളരെ അത്യാവശ്യമായി വരുന്നു.

ജലലഭ്യത

ശരാശരി മെച്ചപ്പെട്ട മഴ ലഭിക്കുന്നുണ്ടെങ്കിലും അത് വർഷത്തിൽ 4,5 മാസങ്ങളിലായി ചരുങ്ങിയതായതിനാൽ

ഒരു വർഷത്തെ ശരാശരി മഴയുടെ വിതരണം.



പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പഞ്ചായത്തിലെ പ്രധാന പുഴയായ പടന്നപ്പുഴയിൽ എല്ലാകാലത്തും ഉപ്പുവെള്ളമാകയാൽ ജലസേചന യോഗ്യമല്ല. ബാലൻ പുഴയിൽ എല്ലാ കാലത്തും നല്ലവെള്ളം ലഭ്യമാണ്. ഏർപ്പുഴയിൽ മഴക്കാലത്ത് ഉപ്പിന്റെ അംശം കുറയുമെങ്കിലും വേനൽക്കാലത്ത് പടന്നപ്പുഴ യിൽനിന്ന് ഉപ്പുവെള്ളം കയറുന്നതിനാൽ ജലസേചനയോ ഗ്യമല്ല. ഉദിനൂർ-പടന്ന വില്ലേജുകളുടെ അതിരായ എടച്ചാക്കൈ എന്ന സ്ഥലത്ത് പുഴക്കെതിരെ ഉപ്പുവെള്ളം തടയാൻ അണക്കെട്ട് ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ല. പഞ്ചായത്തിലുള്ള തോടുകളുടെയും 33 കുളങ്ങളുടെയും 24 പൊതു കിണറുകളുടെയും പട്ടിക 5ൽ ചേർത്തിരിക്കുന്നു. തീരദേശ പ്രദേശമായ ഭൂഗർഭ ജലവിതാനം പൊതുവെ ഉയർന്നതാണ്.

ഭൂവിനിയോഗം

പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ ഉപയോഗരീതി പട്ടിക മറുവശം കൊടുത്തിരിക്കുന്നു.

നെല്ലും,തെങ്ങുമാണ് പഞ്ചായത്തിലെ മുഖ്യവിളകൾ. പരിമിതമായ തോതിൽ പയർ, എള്ള്, പച്ചക്കറികൾ, വാഴ, കുരുമുളക്, മാവ്, കശുമാവ് എന്നിവ ഇടവിളകളായും കൃഷിചെയ്തുവരുന്നു.

ജൈവസമ്പത്ത്

സസ്യജൈവ വൈവിദ്ധ്യം കാവുകളിലേക്ക് ചുരുങ്ങിയ ഈ

പട്ടിക 5 പൊതുകുളങ്ങൾ – തോടുകൾ കിണറുകൾ

വില്ലേജ്	തോടുകൾ	കുളങ്ങൾ	കിണറുകൾ
ഉദിനൂർ	1 എടച്ചാക്കൈ – മന്നക്കാൽ തോട് 2 . നാന്നായി തോട്	1. അത്യക്കൈ 2. മാരാൻ ചീറ്റ 3. എടച്ചാക്കൈ 4. ഒലിപ്പിൽ 5. മാച്ചിക്കാട്ട് 6. തെക്കുപുറം 7. മുണ്ടക്കാട് 8. അടിച്ചാർ 9. കുന്നെത്തും താഴെ 10. കുഞ്ഞിക്കൈപ്പാട് 11. കാപ്പുകുളം 12. ഉദിനൂർ ആർ. എസ്സ് നമ്പർ 182 13. ഉദിനൂർ കണ്ടംകുളം 14, എരട്ടില്ലത്തിൽ താഴെ. 15. തടിയൻകൊവ്വൽ – പോട്ട ച്ചാൽ 16. ഉദിനീർ അമ്പലക്കുളം 17. എടച്ചാക്കൈ – അഴീ ക്കാൽ 18. എടച്ചാക്കൈ – ബളാൽ 19. പാലത്തേര 20. പോട്ടക്കാപ്പ് (ഇറിഗേ ഷൻ) 21. ഉദിനൂർ ആർ. എസ്സ് 144 (ഇറിഗേഷൻ 22. പോട്ടച്ചാൽ	1. ഉദിനൂർ സെന്ട്രൽ 2. ഉദിനൂർ തെക്കുപുറം 3. തടിയൻ കൊവ്വൽ 4. കൊയത്തൂർ കോളനി 5. തടിയൻ കൊവ്വൽ റെയിൽവേ ഗേറ്റിന് സമീപം 6. കിനാത്തിൽ 7. ജി. എസ്സ് ക്വാട്ടേർസ് (കി നാത്തിൽ) 8. കുണ്ടിൽ – എടച്ചാക്കൈ 9. എടച്ചാക്കൈ പള്ളിക്കു സമീപം 10 മുതിര കൊവ്വൽ
പടന്ന	വാലൻ പുഴ	23. കാന്തലോട്ട് – കാലിക്ക ടവ് 24. പടന്ന വടക്കേപ്പുറം 25. മൂലയിൽ 26. വടക്കേപ്പുറം പള്ളിക്കു താഴെ 27. പള്ളകികു തെക്കുപുറം 28. പള്ളിക്കു വട്ക്കേപ്പുറം 29. കാനിതിലോട്ട് 30. വടക്കേപ്പുറം 31. കൂവക്കൈ 32. പടന്ന വാലൻ കൊവ്വൽ 33. പടന്ന ആർ. എസ്സ് 197യ1 (ഇറിഗേഷൻ)	11. പടന്ന 12. പടന്ന തെക്കേപ്പുറം 13. പടനേന ബസാർ 14. വടക്കേപ്പുറം 15. മനാരം കൈപ്പാട് 16. തെക്കേക്കാട് എൽ. പി. എസ്സ് 17. ഫാമിലി പ്ലാനിങ്ങ് സെന്റർ പടന്ന 18. പഞ്ചായത്ത് ഓഫീസ് 19. ആലക്കൈയ്യിൽ 20. ഓരി 21. പടന്ന ബസ്സാർ 22. പടന്ന തായൽ ബസ്സാർ 23. കോട്ടയം താർ 24. പടന്ന മുണ്ട്യാ (എൽ. കെ കോളനി)

WEATHER CALENDER * MEAN OF 1983 -

		Jan	Feb	Mar	Apr.	May.	June	July	Aug	Sep	Oct	Nov	Dec
Temperaturea [^{0}C]	Maximum	32.1	32.4	32.9	33.4	33.3	30.1	29.5	29.2	30.2	30.8	31.7	31.9
	Minimum	19.7	21.2	23.7	25.4	25.8	24.1	23.8	23.6	23.6	23.7	23.4	23.5
	Mean	25.9	26.8	28.3	29.4	29.6	27.1	26.7	26.4	27.0	27.2	27.1	26.2
Relative Humidity %	Morning	95.4	94.0	91.2	87.1	87.8	97.0	97.8	98.7	98.4	97.1	95.8	95.9
	Evening	54.4	58.6	63.2	64.9	66.3	84.8	86.5	85.5	78.6	76.6	65.3	56.8
	Mean	74.9	76.4	77.2	76.0	77.1	90.9	92.2	92.1	88.0	866.9	80.6	76.4
Open panevapouration [mn/day]		4.5	5.5	5.9	6.3	5.7	2.2	2.3	2.7	3.7	3.5	3.9	4.2
Sunshine hours [hours/day]		9.5	10.2	9.8	9.6	8.5	3.4	3.2	4.1	6.6	6.9	8.3	9.4
Rainfall *(Min) and no of rainy days		2.8 [0]	1.1 [0]	6.8 [0]	49.1 [2.5]	242.4 [8]	983.9 [24.1]	1110.2 [27.5]	634.5 [23.1]	2666.2 [12.7]	198.4 [9.9]	99.6 [4.7]	22.5 [1.1]

* Mean of 1942-95

[Source : RARS- Pilicode]

പട്ടിക 6 – ഭൂവിനിയോഗം

വില്ലേജ്	കാർഷികഭൂമി		പുറമ്പോക്ക് റോഡ്, മൈതാനം .etc (ഹെ)	തോട് (ഹെ)	ആകെ (ഹെ)
	പുരയിടം(ഹെ)	നിലം (ഹെ)			
ഉദിനൂർ	339.14	169.78	16.9	---	525.82
പടന്ന	347.37	90.22	337.89	5.7	813.18
ആകെ	718.51	260.00	354.79	5.7	1339.00

കാലയളവിൽ കാവുകൾ വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ കാവുകളുടെ വിസ്തൃതിയും കാലക്രമേണ കുറഞ്ഞുവരുന്നു. പഞ്ചായത്തിൽ നിലവിലുള്ള 4 കാവുകളിൽ എല്ലാം 5സെന്റ് മുതൽ 20 സെന്റ് വരെ വിസ്തൃതിയുള്ളവയാണ്. ക്ഷേത്രപാലകക്ഷേത്രം വക കാവ്, കിനാത്തിൽ നാഗ സ്ഥാനം, പാവൂർ തറവാട് കാവ്, തെക്കേക്കാട് കാവ്, എന്നീ കാവുകളിലും പുഴയോരങ്ങളി ലുമായി നന്നാറി, സൂത്രവള്ളി, കുറുന്തോട്ടി, ബ്രഹ്മി, ആടലോടകം, പ്രസാരണി, വയൽച്ചുള്ളി എന്നിങ്ങനെ വിവിധ സസ്യ വർഗ്ഗങ്ങൾ കണ്ടുവരുന്നു.

മനുഷ്യ വിഭവം

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 17608 ആണ്. ഇതിൽ 8415 പേർ പുരുഷൻമാരും 9193 പേർ സ്ത്രീകളുമാണ്. പ്രസ്തുത സെൻസസ് പ്രകാരം 26% പേർ നിരക്ഷരരാണ്. സാക്ഷരതാ യത്നത്തിൽ ഇവരിൽ ഭൂരിഭാഗം പേരെയും സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

4330 തൊഴിലാളികളിൽ 2965 പുരുഷൻമാരും 1365 സ്ത്രീകളുമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്രകാരം നോക്കുമ്പോൾ പഞ്ചായത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം വളരെ കൂടുതലാണെന്ന് കാണാം. പ്രത്യേകിച്ച് സ്ത്രീകളിലാണ് തൊഴിലില്ലായ്മ രൂക്ഷമായി കാണുന്നത്. അവരവരുടെ കഴിവിനും താല്പര്യത്തിനും അനുസരിച്ചുള്ള തൊഴിലുകളിൽ ഏർപ്പെടാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയാണെങ്കിൽ ഈ പാഴായി പോകുന്ന മനുഷ്യവിഭവം പഞ്ചായത്തിന്റെയും അതുവഴി ഈ നാടിന്റെയും സമഗ്രമായ പുരോഗതിക്ക് ഒരു മുതൽക്കൂട്ടായ് തീർക്കാവുന്നതാണ്.

"ഈ മണ്ണ് നമ്മുടേത് മാത്രമല്ല
അത് വരുംതലമുറകളുടേതുകൂടിയാണ്
നാം വെറും കൈവശക്കാർ മാത്രം
ഉപയോഗിക്കാനല്ലാതെ നശിപ്പിക്കാൻ
നമുക്കവകാശമില്ല"

4 കൃഷി ജലസേചനം

കേരളോല്പത്തിയെ സംബന്ധിച്ച ഒരു പ്രധാന നിഗമനം കടലിന്റെ പിൻവാങ്ങലാണ്. ഇതിന് തെളിവായി ചൂണ്ടിക്കാണിക്കാവുന്ന നിരവധി മണൽതിട്ടകൾ ഉൾപ്പെടുന്ന ഒരു ഗ്രാമ പഞ്ചായത്താണ് പടന്ന. ഭൂപ്രകൃതി അനുസരിച്ച് തന്നെ 2 ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ പണ്ടുകാലം മുതൽക്കുതന്നെ വൈവിധ്യമേറിയ കൃഷിരീതികൾ നിലനിന്നിരുന്നു. വളരെ മുമ്പ് പടന്നയിൽ പുകയില കൃഷി നടത്തിയിരുന്നതായി പറയപ്പെടുന്നുണ്ട്.

ഏച്ചിക്കാനം തറവാട്, ഇടക്കാവിൽ തറവാട്, പാലാട്ട് തറവാട്, തായക്കാട്ട് മനനീലമന നമ്പൂതിരി, ശ്രീക്ഷേത്ര പാലക ദേവസ്വം, തലശ്ശേരി കേയികുടുംബം, ഉടുമ്പുന്തല നാലുപുരപ്പാട് എന്നിവരുടെ അധീനതയിലായിരുന്നു ആദ്യകാലത്ത് ഈ പ്രദേശത്തെ ഭൂമി മുഴുവനും. പുന്നീട് ഇത്തരം ജന്മിമാരിൽനിന്നും കുടിയേറ്റ വിഭാഗക്കാർ കൃഷിഭൂമി ജന്മംവാങ്ങുകയാണുണ്ടായത്. കൂടാതെ പുഴ പുറംമ്പോക്കുകൾ നികത്തി നെൽകൃഷിക്ക് അനുയോജ്യമാക്കുകയും കടൽ പുറമ്പോക്കുകൾ തെങ്ങുകൃഷിക്ക് അനുയോജ്യമാക്കുകയും ചെയ്ത് സർക്കാരിൽനിന്നും "കുംകി" വ്യവസ്ഥ പ്രകാരം പട്ടയം കരസ്ഥമാക്കുകയും ചെയ്തിരുന്നു.

സമ്പന്നമായ ഒരു കാർഷിക പൈതൃകമുള്ള നമ്മുടെ പ്രദേശത്തെ ആദ്യകാല ജനവിഭാഗങ്ങളിൽ ഭൂരിഭാഗം പേരും ജന്മിമാരിൽനിന്നും ഭൂമി വാരം പാട്ടത്തിനെടുത്ത് കൃഷിചെയ്തിരുന്ന ദരിദ്ര കർഷകരായിരുന്നു. ജന്മിവ്യവസ്ഥ അവസാനിപ്പിക്കുന്നതിനും കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുന്നതിനും വേണ്ടിയുള്ള ഒട്ടേറെ സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് നേതൃത്വം വഹിക്കാൻ നമ്മുടെ കർഷകർക്ക് കഴിഞ്ഞിട്ടുണ്ട്.

പണ്ട് കാലത്ത് നമ്മുടെ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളുമായിരുന്നു. എന്നാൽ ഉൽപാദന ചെലവിൽ വന്ന ഭീമമായ വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം, താഴ്ന്ന ഉൽപാദന ക്ഷമത തുടങ്ങിയ കാരണങ്ങളാൽ ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയെ കൈയൊഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടുതന്നെ കരിന്തിരികത്തികൊണ്ടിരിക്കുന്ന കാർഷിക മേഖലയിൽനിന്നും കനകം വിളയിക്കാൻ കാർഷികാഭിരുചിയുള്ള, കർമ്മധീരരായ ഒരു പുത്തൻ തലമുറയെ തന്നെ നാം വാർത്തെടുക്കേണ്ടിയിരിക്കുന്നു.

ഭൂവുടമസ്ഥത

പഞ്ചായത്തിലെ മൊത്തം 6334 ഭൂവുടമസ്ഥരിൽ 5075 പേർ 1ഹെക്ടറിൽ താഴെ മാത്രം സ്ഥലമുള്ള നാമമാത്ര കർഷകരാണ്. 1250 പേർ 1 – 2 ഹെ. സ്ഥലമുള്ള ചെറുകിട കർഷകരും 9പേർ, 2ഹെ. ന് മേലെ സ്ഥലമുള്ള വൻകിട കർഷകരാണ്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 17608 ആണ്. ഇവരിൽ 249 പേർ കാർഷികവൃത്തിയെ മാത്രം ആശ്രയിച്ച് കഴിയുന്നവരും 1184 പേർ കർഷക തൊഴിലാളികളുമാണ്. പഞ്ചായത്തുതല മിനി സർവ്വെ പ്രകാരം മൊത്തം ജനസംഖ്യ 18515ഉം കർഷക തൊഴിലാളികൾ 1594ഉം ആണ്.

ഇന്നത്തെ വിളചേരുവ

തെങ്ങ്, നെല്ല് എന്നീ വിളകളെ അടിസ്ഥാനമാക്കിയുള്ള കാർഷിക വൃത്തിയാണ് പഞ്ചായത്തിൽ അനുവർത്തിച്ച് വരുന്നത്. നെൽ പാടങ്ങളിൽ ഇടവിളയായി പയറുവർഗങ്ങൾ, പച്ചക്കറികൾ എന്നിവയും പുരയിടങ്ങളിൽ ഇടവിളയായി വാഴ, പച്ചക്കറി, കുരുമുളക്, കശുമാവ്, മാവ് എന്നിവയും കൃഷിയെ ചെയ്യുന്നു. പഞ്ചായത്തിലെ പ്രധാന വിളകൾ, വിസ്തീർണ്ണം, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.



ചിത്രം 1

പട്ടിക – 1 വിള ചേരുവ

വിള	മാസം	വിസ്തീർണ്ണം (ഹെ)	ഉൽപ്പാദനം	ഉൽപ്പാദനക്ഷമത
പ്രധാന വിളകൾ				
1. നെല്ല് – ഒന്നാം വിള	മെയ് – ആഗസ്റ്റ്	260	650T	2500 Kg/ha
– രണ്ടാം വിള	സെപ്റ്റംബർ – ഡിസംബർ	200	640T	3200 Kg/ha
– മൂന്നാം വിള	ജനുവരി – ഏപ്രിൽ	50	150T	3000 Kg/ha
2. തെങ്ങ്	—	718.51	80,83,237uts	45 nuts/palm/yr
ഇടവിളകൾ				
1. പയർ	ജനുവരി – ഏപ്രിൽ	28	11.2T	400Kg/ha
2. എള്ള്	ജനുവരി – ഏപ്രിൽ	2	150Kg	75 Kg/ha
3. പച്ചക്കറി	സെപ്റ്റംബർ ഏപ്രിൽ	5	5T	1T/HA
4. വാഴ	–	5	90 T	9Kg/plant

നെൽകൃഷി

പഞ്ചായത്തിൽ പൊതുവായി നാടൻ നെൽവിത്തുകളാണ് കൃഷി ചെയ്തുവരുന്നത്. കൂടിയ രോഗപ്രതിരോധ ശക്തിയും വൈക്കോൽ ധാരാളം ലഭിക്കുന്നതും നാടൻ ഇനങ്ങളെ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നു. പഞ്ചായത്തിൽ കൃഷിചെയ്ത് വരുന്ന പ്രധാന വിത്തിനങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടിക -2 പ്രധാന നെല്ലിനങ്ങൾ

വിള	നാടൻ ഇനങ്ങൾ	അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ
ഒന്നാം വിള	കൊയ്യാലൻ,കണ്ണിച്ചെന്നെല്ല്, കറുത്തല്ലിക്കണ്ണൻ വെളുത്തല്ലിക്കണ്ണൻ, മാലക്കാരൻ, കയമ, തവളക്കണ്ണൻ, കരിയടുക്കൻ, ജീരകശാല, ചെന്നെല്ല് - കുതിർവിത്ത്, തൗവ്വൻ.	IR5 ജ്യോതി, ജയ, മങ്കൊമ്പ്, പവിഴം നീരജ, കൈരളി, കാഞ്ചന, മസൂരി
രണ്ടാം വിള	വെള്ളരിയൻ, ചിറ്റേനി, അരിക്കിരായി, തൊണ്ണൂറാൻ, മുണ്ടകൻ,	
മൂന്നാം വിള	തൊണ്ണൂറാൻ, കണ്ടറോട്ടി	

മൂന്ന് വിളകളുംകൂടി നെൽകൃഷിയുടെ മൊത്തം വിസ്തീർണ്ണം 510ഹെ. ഉം ഉത്പാദനം 1440 ടണ്ണും ആണ്. ശരാശരി ഉത്പാദനക്ഷമത 2814 കി./ഹെ ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്.

പരമ്പരാഗത രീതിയിലുള്ള കൃഷിരീതികളിൽ അടുത്തകാലത്തായി മാറ്റങ്ങൾ വന്നിട്ടുണ്ട്. കലപ്പകൾക്ക് പകരം ട്രില്ലർ. ട്രാക്ടർ മുതലായവ വാടകക്ക് എടുത്ത് നിലം ഉഴുന്നു. എങ്കിലും 69 ഓളം പൂട്ടുകാളകൾ പഞ്ചായത്തിലുണ്ട്. കൃഷിഭവൻ മുഖേന സബ്സീഡി നൽകിയ ഒരു ടർ ട്രില്ലർ ഉദിനൂർ-തെക്കുപുറം പാടശേഖരത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ നിലവിലുള്ള കാർഷികോപകരണങ്ങളുടെ കണക്ക് പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക -3 - കാർഷികോപകരണങ്ങൾ

ഇനം	എണ്ണം
ഉഴവുപകരണങ്ങൾ	-
1. ട്രാക്റ്റർ	2
2. ട്രില്ലർ	50
3. നാടൻ കലപ്പ	
മരുന്ന് തളി ഉപകരണങ്ങൾ	
1, റോക്കർ സ്പെയർ	12
2. താപ്സാക്ക് സ്പെയർ	15
3. മറ്റുള്ളവ	-
തെങ്ങ് കയറ്റ യന്ത്രം	5

കുളവയൽ, ബളാൽ-എടച്ചാക്കൈ, മണൽ-അത്യകൈ, ഉദിനൂർ- തെക്കുപുറം, കോരങ്കുളം, കാന്തിരോട്ട്-കൂവക്കി, കാവുന്തല-കാലിക്കടവ്, പടന്ന-തെക്കേക്കൊട് എന്നിങ്ങനെ 8 റജിസ്റ്റർ ചെയ്ത ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രൂപ്പ് ഫാമിംഗ് അഥവാ സംഘകൃഷി പ്രാവർത്തികമാക്കുന്നതിൽ ഇവയൊന്നും വിജയിച്ചിട്ടില്ല.

ഉത്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

നെൽപാടങ്ങളുടെ വിസ്തൃതി മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. മുൻകാലങ്ങളിൽ 300ഹെ. ൽ അധികം സ്ഥലത്തായി വ്യാപിച്ചുകിടന്നിരുന്ന നെൽപാടങ്ങൾ കാലക്രമേണ തെങ്ങ് കൃഷിക്കും കെട്ടിടനിർമ്മാണങ്ങൾക്കുമായി വഴി മാറിക്കൊടുത്ത് ഇപ്പോൾ 260 ഹെ. ആയി ചുരുങ്ങിയിരിക്കുന്നു. കാന്തിലോട്ട്-കൂവക്കി, കാവുന്തല-കാലിക്കടവ് പാടശേഖരങ്ങളിൽ ഈ പ്രവണത താരതമ്യേന കൂടുതലായി കാണുന്നു. ഇത് നെൽകൃഷിയുടെ ഉത്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇത് മൂലം കൈപ്പാടു പ്രദേശങ്ങളിലും മാട്ടുമ്മൽ, ആറ്റിയിപ്പ്, അത്യകൈ, കുളവയൽ എന്നീ പാടങ്ങളിലും ജല നിർഗമനത്തിനായി മുൻകാലങ്ങളിൽ നിലനിന്നിരുന്ന ആണിത്തോടുകൾ തടസ്സപ്പെടുകയും ഇത് നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. നീർക്കെട്ട് മൂലം ആറ്റിയിപ്പ്, കാവുന്തല പാടശേഖരങ്ങളിൽ പല സ്ഥലത്തും ഒന്നാം വിള എടുക്കാൻ സാധിക്കാതെ വരുന്നു.

ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകം മണ്ണിലെ ഇരുമ്പിന്റെ അംശം കൂടുന്നതാണ് മൂന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചപോലെ പഞ്ചായത്തിലെ പ്രത്യേക സ്ഥലങ്ങളിൽ ഇത് ഒരു പ്രധാന പ്രശ്നമാണ്. മണ്ണിലെ ജൈവാംശത്തിന്റെ കുറവും ഉത്പാദനക്ഷമതയെ ബാധിക്കുന്നു.

പടന്ന-തെക്കേക്കൊട്, കാവുന്തല തുടങ്ങിയ പാടശേഖരങ്ങളിൽ പുഴയിൽ നിന്ന് ഉപ്പുവെള്ളം കയറുന്നതാണ് ഉത്പാദനം കുറയുവാനുള്ള കാരണം.

കർഷക തൊഴിലാളികളുടെ ലഭ്യതയിൽ വന്ന കുറവും ഉയർന്ന കൃഷിച്ചെലവും കർഷകരെ നെൽകൃഷിയിൽ നിന്ന് പിൻതിരിപ്പിക്കുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ അഭാവം, കൃഷിഭൂമിയുടെ ചെറുതുണ്ടങ്ങളായുള്ള വിഭജനം എന്നിവയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

ഭക്ഷ്യോത്പാദനം, കാർഷികരംഗത്തെ തൊഴിലവസരം, കന്നുകാലി സമ്പത്തിന്റെ നിലനിൽപ്പ്, പരിസ്ഥിതി സന്തുലനം, ഭൂഗർഭ ജലവിതാനത്തിന്റെ സ്ഥിരത എന്നീ പ്രധാന കാര്യങ്ങളെ ഏറ്റവും അധികം ബാധിക്കുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള വികസന പദ്ധതികൾ കർഷകരുടെ കൂട്ടായ്മയോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

തെങ്ങുകൃഷി

പഞ്ചായത്തിൽ 718.51 ഹെ. സ്ഥലത്ത് തെങ്ങുകൃഷി

ചെയ്യുന്നു. ശരാശരി ഉത്പാദനക്ഷമത വർഷത്തിൽ ഒരു തെങ്ങിന് 45 തേങ്ങ എന്ന തോതിലാണ്. പ്രധാനയിനം തെങ്ങ് പശ്ചിമതീരനെടിയ ഇനം (WCT) ആണ്. ഇത് കൂടാതെ കർഷകർ സ്വന്തമായി വിത്ത് തേങ്ങ നട്ട് ഉണ്ടാക്കുന്ന ധാരാളം നാടൻ തെങ്ങുകളും ഉണ്ട്. T X D, D X T തുടങ്ങിയ അത്യുത്പാദന ശേഷിയുള്ള ഇനങ്ങൾ കുറഞ്ഞതോതിൽ കൃഷിചെയ്തുവരുന്നു.

തെങ്ങുകൃഷിയുടെ ഏറ്റവും പ്രധാന ന്യൂനത ഉയർന്ന വിള സാന്ദ്രതയാണ്. ഗവേഷണഫലങ്ങൾ പ്രകാരം ഏറ്റവും അനുയോജ്യമായ സാന്ദ്രത ഒരു ഹെക്ടറിൽ 178 തെങ്ങുകൾ എന്നനിലയിലാണെങ്കിലും പഞ്ചായത്തിന്റെ ഒരു ഹെക്ടറിൽ ശരാശരി 250 തെങ്ങുകൾ വീതമുണ്ട്. ഇത് ഉത്പാദനക്ഷമത കുറക്കുന്നതിന് പുറമെ ഇടവിളകൾ കൃഷിചെയ്യാ നുള്ള സാധ്യതയും ഇല്ലാതാക്കുന്നു. ഉദിനൂർ വില്ലേജിനെ അപേക്ഷിച്ച് പടന്ന വില്ലേജിനുള്ള പുഴയോരങ്ങളിലും ഓരി, തെക്കെക്കാട് തുടങ്ങിയ സ്ഥലങ്ങളിലും ഈ പ്രവണത കൂടുതലായി കാണപ്പെടുന്നു.

ചെന്നീരൊലിപ്പ് (കറചാട്ടം), മണ്ടചീയൽ (ബഡ്‌റോട്ട്), തെങ്ങോലപ്പുഴുവിന്റെ ആക്രമണം എന്നിവയാണ് തെങ്ങുകൃഷി നേരിടുന്ന പ്രധാന രോഗകീടബാധകൾ. പഞ്ചായത്തിലെ മൊത്തം 1,79,628 തെങ്ങുകളിൽ 5% തെങ്ങുകളും ചെന്നീരൊലിപ്പ് ബാധിച്ചവയാണ്. തടിയൻകൊവ്വൽ, കേളിക്കര, മാങ്കടവ്, കുയ്യാൽ, കാവുന്തല, ഓരി-എടക്കി എന്നീ സ്ഥലങ്ങളിൽ ഇത് വളരെയധികമായി കാണപ്പെടുന്നു. ,തെങ്ങോല പ്പുഴുവിന്റെ ആക്രമണം ഗണ്യമായതോതിൽ അനുഭവപ്പെടുന്നത് തെക്കേക്കാട്, ഓരി, എടക്കി,പുഴയോര ങ്ങളിലെ തെങ്ങ്തോപ്പുകളിലും, പുറത്താൽ എന്നീ സ്ഥലങ്ങളിലുമാണ്. ഇവിടങ്ങളിലെ 20% തെങ്ങുകളിലും സെപ്തംബർ-നവംബർ മാസങ്ങളിൽ ഇത് കാണപ്പെടുന്നു. ഇക്കാരണത്താൽ ഈ കാലയളവിൽ തെങ്ങുകയറ്റത്തിന് തൊഴിലാളികളെ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. മണ്ടചീയൽ രോഗം പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്നു.

ഉത്പാദനക്ഷമത കുറയുവാനുള്ള മറ്റൊരു പ്രധാനകാരണം മണ്ണ് അനുയോജ്യമല്ലാത്തതാണ്. പാടങ്ങൾ നികത്തിവെക്കുന്ന തെങ്ങുകളിൽ ആദ്യകാലങ്ങളിൽ നല്ല വിളവ് ലഭിക്കുമെങ്കിലും പിന്നീട് ഉത്പാദനം കുത്തനെ ഇടിയുന്നു. ഓരി പ്രദേശങ്ങളിൽ പ്രത്യേകിച്ച് ഉപ്പുകൈപ്പാട് എന്നറിയപ്പെടുന്ന സ്ഥലങ്ങളിൽ ഉത്പാദനക്ഷമത കുറവാണ്. മണ്ണിലെ ജൈവാംശത്തിന്റെ കുറവും അംമ്ലഗുണവുമാണ് തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ.

പഞ്ചായത്തിലെ മൊത്തം തെങ്ങുകളിൽ 25-30% വും വർഷത്തിൽ 10 തേങ്ങയിൽ കുറവ് ഉത്പാദന മുള്ളവയാണ്. ഇവയെ നാടൻഭാഷയിൽ കോളിത്തെങ്ങ് എന്ന് വിശേഷിപ്പിച്ചുവരുന്നു. വിത്ത് തേങ്ങ തെരഞ്ഞെടുക്കുന്നതിനുള്ള അശാസ്ത്രീയത, മണ്ണിന്റെ ഫലപുഷ്ടിക്കുറവ്, അംമ്ലത്വം, ജൈവവളങ്ങളുടെ ഉപോയോഗത്തിലുള്ള കുറവ്, അശാസ്ത്രീയമായ കൃഷിരീതികൾ എന്നിവയെല്ലാം ഇതിന് കാരണമാണ്. പഞ്ചായത്തിൽ ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയ കൃഷിരീതികൾ വ്യാപകമാക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നില്ല. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ മുഖേന സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാണെങ്കിലും തെങ്ങ് കൃഷിയിൽ അശാസ്ത്രീയത നിലനിൽക്കുന്നു. പിലിക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിന്റെ (RARS) സാങ്കേതിക വിജ്ഞാനം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

ഇടവിളകൾ

പഞ്ചായത്തിൽ വ്യാപകമായി ഉണ്ടായിരുന്ന ഒരു വിളയായിരുന്നു കശുമാവ്. മുൻകാലങ്ങളിൽ മാച്ചിക്കാട്, പടന്ന എന്നീ ഭാഗങ്ങളിൽ വിസ്താരമേറിയ കശുമാവിൻ തോട്ടങ്ങൾ നിലനിന്നിരുന്നു. ഇപ്പോൾ പ്രസ്തുത സ്ഥലങ്ങൾ പാർപ്പിട സൗകര്യങ്ങൾ മറ്റും പൂർണ്ണമായി ഉപയോഗിക്ക പ്പെടുന്നതിനാൽ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ നിന്ന് കശുമാവ് തുടച്ചുമാറ്റപ്പെട്ടു എന്ന് തന്നെ പറയാം. കശുമാവ്, കുരുമുളക്, മാവ് എന്നിവ വീട്ടു വളപ്പുകളിൽ വിരലിലെണ്ണാവുന്ന വിധത്തിൽ ഒതുങ്ങി കാണപ്പെടുന്നു. പുരയിടങ്ങളിൽ വ്യാപകമായി കണ്ടിരുന്ന വെറ്റിലക്കൊടി പാടെ അപ്രത്യക്ഷമായിരിക്കുന്നു. അതുപോലെതന്നെ പച്ചക്കറി കൃഷി, പയർ കൃഷി എന്നിവയും വളരെ വ്യാപകമായി കൃഷിചെയ്തിരുന്ന സ്ഥലങ്ങളിൽ ഇന്ന് അപൂർവ്വമായി മാത്രമെ കാണുന്നുള്ളൂ.

നേന്ത്ര വാഴകൃഷി. ഉദിനൂർ വില്ലേജിൽ വ്യാവസായികടിസ്ഥാനത്തിൽ ചെയ്തുവരുന്നു. തടിയൻകൊവ്വൽ, കിനാത്തിൽ, തെക്കുപുറം, ഉദിനൂർ മേഖലകളാണ് ഇതിൽ മുമ്പന്തിയിൽനിൽക്കുന്നത്.

ജലസേചന സൗകര്യങ്ങൾ

മണ്ണിന്റെ ജലസംഭരണ ശേഷി കുറവായതിനാൽ കാർഷിക പുരോഗതിക്ക് ജലസേചനം ഒരു പ്രധാനഘടകമാണ്. പഞ്ചായത്തിൽ മൊത്തമായി 33 പൊതുകുളങ്ങളും 24 പൊതു കിണറുകളും ഉണ്ട്. കുളങ്ങൾ മിക്കവയും ചെറുതും കാലപ്പഴക്കമേറിയവയും ആണ്. കുളങ്ങളുടെയും കിണറുകളുടെയും പട്ടിക അദ്ധ്യായം 3ൽ കൊടുത്തിട്ടുണ്ട്. കൂടാതെ വാലൻപുഴ, എടച്ചാക്കൈ, മനക്കാർ തോട്, നാനായിത്തോട് തുടങ്ങിയ ജലസേചന യോഗ്യമായ തോടുകളും പഞ്ചായത്തിൽ ഉണ്ട്.

കഴിഞ്ഞ 3 വർഷങ്ങളിലായി 109 കിണറുകളും 103 പമ്പു സെറ്റുകളും 5 കുഴൽ കിണറുകളും ജലസേചനാവ ശ്യങ്ങൾക്കായി അനുവദിച്ചതായി കൃഷിഭവനിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

പടന്നപ്പുഴയിൽനിന്ന് പടന്നച്ചാൽ പാടത്തേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ ചെറുകിട ജലസേചന വകുപ്പിന്റെ സഹായത്തോടെ ഏരമ്പം മുതൽ തെക്കേക്കൊട് ബണ്ട് വരെയുള്ള പ്രദേശങ്ങളിൽ നിർമ്മിച്ചിട്ടുള്ള സ്ലൂയിസ്സുകൾ (sluice) ഇപ്പോൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. പടന്നപ്പുഴയിൽനിന്ന് ഏർപുഴയിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാനായി എടച്ചാക്കൈയിൽ നിർമ്മിച്ച അണക്കെട്ടും ഉപയോഗപ്രദമല്ല.

വാലൻപുഴ ഏർപുഴയായി വികസിക്കുന്ന തേർക്കൈ എന്ന സ്ഥലത്ത് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നിർമ്മിച്ച വെന്റിലേറ്റഡ് ക്രോസ്ബാർ വാലൻ പുഴയിൽ ശുദ്ധജലം സംഭരിക്കുനതിന് പ്രയോജനപ്പെടുന്നു.

നെൽപാടങ്ങളിൽ ഉവ്വേണികൾ ഉപയോഗിച്ച് വെള്ളം തേകിയും തെങ്ങിൻ പുരയിടങ്ങളിലും പച്ചക്കറി, വാഴ തുടങ്ങിയ കൃഷികൾക്കും കുവ്വലുകൾ കുത്തി മൺപാനികൾ ഉപയോഗിച്ച് ജലസേചനം നടത്തുകയും ചെയ്യുന്ന സമ്പ്രദായമായിരുന്നു പണ്ട് കാലത്ത് അനുവർത്തിച്ച് വന്നിരുന്നത്. ഈ പരമ്പരാഗത സമ്പ്രദായങ്ങൾ കാലക്രമേണ പഞ്ചായത്തിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുകയാണ്. പുരയിടങ്ങളിൽ പമ്പുസെറ്റ് ഉപയോഗിച്ചുള്ള ജലസേചനമാണ് ഇപ്പോൾ വ്യാപകമായി കാണുന്നത്. കണിക ജലസേചനം, സ്പ്രിംഗ്ളർ ജലസേചനം എന്നീ ആധുനിക രീതികൾ പഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

ഉത്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപന്നം തേങ്ങയാണ്. കൊപ്രസംസ്കരണം ചുരുങ്ങിയ തോതിലുണ്ടെങ്കിലും ആധുനിക രീതിയിലുള്ള കൊപ്രഡ്രയറുകളും മറ്റും ഉപയോഗിക്കുന്ന യൂണിറ്റുകൾ നിലവിലില്ല. പടന്നയിലും ഉദിനൂരിലും സഹകാര്യ വ്യക്തികൾ നടത്തുന്ന ഓരോ കൊപ്ര സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പടന്ന സർവ്വീസ് സഹകരണ ബാങ്ക് കേരഫെഡിന്റെ ഏജൻസിയായിട്ട് പ്രവർത്തിക്കുന്നതിനാൽ കേരഫെഡിന്റെ നിർദ്ദേശ പ്രകാരം മാത്രമേ കൊപ്ര സംഭരണം നടത്തുന്നുള്ളു.

പച്ചത്തേങ്ങ മൊത്തമായും പഞ്ചായത്തിന് പുറത്താണ് വില്പന നടത്തുന്നത്. ഒരുകെട്ട് തേങ്ങക്ക് (200 എണ്ണം) 500-850 രൂപ വരെയാണ് കർഷകന് ലഭിക്കുന്നത് വിലയിലുള്ള അസ്ഥിരത കർഷകരെ ബുദ്ധിമുട്ടിക്കുന്നു. തെങ്ങ് കൃഷിയുടെ അനുബന്ധമായി ചകരി വ്യവസായവും ചെറിയതോതിൽ ഉണ്ട്. പടന്ന, എടച്ചാക്കൈ എന്നീ സ്ഥലങ്ങളിലായി 3 ചകിരി കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ പുല്ലേരിമാട്, ഓരി എന്നീ സ്ഥലങ്ങളിൽ 2-3 കുടുംബങ്ങൾ കൂടിൽ വ്യവസായമായി കയർ ഉത്പാദിപ്പിക്കുന്നുണ്ട്.

കർഷകർ സ്വന്തം ആവശ്യങ്ങൾക്കായിട്ടാണ് കൂടുതലും നെൽകൃഷി ചെയ്യുന്നത്. ഈ അടുത്തകാലം വരെ നെല്ല് സംഭരിച്ച്, കുത്തി അരിയാക്കി വില്പന നടത്തുന്ന ഒരു റൈസ്മിൽ പടന്നയിൽ പ്രവർത്തിച്ച് വരുന്നു. പച്ചക്കറി, വാഴ, കശുവണ്ടി, എന്നിവയുടെ വിപണന സൗകര്യം പഞ്ചായത്തിൽ കുറവാണ്.

കൂലി - വേതന വ്യവസ്ഥകൾ :-

പഞ്ചാത്തിലെ കാർഷിക പ്രവർത്തികൾക്കുള്ള ശരാശരി കൂലി നിരക്കിൽ വന്ന വ്യത്യാസം പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

വിവിധ കൃഷിപ്പണികൾക്ക് നിലവിലുള്ള കൂലിനിരക്ക് പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4 - കൂലി (രാവിലെ 8 - 1 വരെ)

കൊല്ലം	പുരുഷൻ	കൃഷി
1990 - 91	30	16
1991- 92	30	16
1992-93	40	18
1993-94	45	22
1994-95	50	25-30

പട്ടിക 5

കൃഷിപ്പണി	പുരുഷൻ (Rs)	സ്ത്രീ (Rs)
ഉഴവ്	100	-
കിളക്കൽ	55	-
ഞാറു നടൽ	-	25
കളപറിക്കൽ	-	25
കൊയ്ത്ത്	-	50
മെതി	-	50
തേങ്ങയിടൽ	75+ 4-6 തേങ്ങ	-
കീടനാശിനി തളിക്കൽ	50 2–3 മണിക്കൂർ	-

വളം ഉപയോഗം :–

സഹകരണ സ്ഥാപനത്തിന്റെ കീഴിൽ ഒന്നും,സ്വകാര്യ സ്ഥാപനത്തിന്റെ കീഴിൽ ഒന്നും രാസവള വില്പന ശാലകൾ പ്രവർത്തിച്ചുവരുന്നു. കീടനാശിനി വില്പന കേന്ദ്രം പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നില്ലാത്തതിനാൽ കീടനാശിനി ഉപയോഗത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. തൃക്കരിപ്പൂർ, ചെറുവത്തൂർ പഞ്ചായത്തുകളെയാണ് പ്രധാനമായും കീടനാശിനിക്കു വേണ്ടി ഇവിടുത്തെ കർഷകർ ആശ്രയിക്കുന്നത്. രാസവളങ്ങളുടെ ഉപയോഗം പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

ഇടക്കാലത്ത് കുറഞ്ഞുപോയ ജൈവവള ഉപയോഗം, രാസവളത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് മൂലം ഇപ്പോൾ കൂടിവരുന്നതായി കാണുന്നു.

പട്ടിക 6 – രാസ വള വിപണനം

സ്ഥാപനം	1993 -94	94 - 95	95 - 96
സഹകരണം	75 (Tonne)	80 (Tonne)	80 (Tonne)
സ്വകാര്യം	60 (Tonne)	60 (Tonne)	65 (Tone)

പട്ടിക 7 – വായ്പാ വിതരണം

ബേങ്ക്	കാർഡഷിക വായ്പ (രൂപ)	കാർഡഷികേതര വായ്പ (രൂപ)	ആകെ
സർവ്വീസ് ബേങ്ക് പടന്ന	45,08,397	1,96,72,248	2,41,80,645
NMGB ഉദിനൂർ	75,12,000	27,37,000	1,02,49,000
ആകെ	1,20,20,397	2,24,09,248	3,44,29,645

വായ്പാസൗകര്യങ്ങൾ

മലബാർ ഗ്രാമീണ ബാങ്കിന്റെ ഉദിനൂർ ശാഖയും ചെറുവത്തൂർ ശാഖയും പടന്ന സർവ്വീസ് സഹകരണ ബാങ്കുമാണ് ഈ പ്രദേശത്തെ കർഷകർക്ക് കാർഷിക വായ്പ അനുവദിച്ച് വരുന്നത്. പടന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ മൊത്തം വായ്പാ വിതരണത്തിന്റെ 60%വും ഉദിനൂർ നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ മൊത്തം വായ്പയുടെ 70% വും കാർഷിക വായ്പകളാണ്. 7,8,9 വാർഡുകളിലുള്ള നാമമാത്ര കർഷകർക്ക് തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പ്റേറ്റീവ് ബാങ്കിൽനിന്നും കാർഷിക വായ്പ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ 1995-96 വർഷം വിതരണം ചെയ്ത വായ്പകളുടെ വിവരങ്ങൾ പട്ടിക 7ൽ ചേർത്തിരിക്കുന്നു. മൊത്തം വായ്പയുടെ 18.64% കാർഷിക വായ്പകളാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്.

നടപ്പു പദ്ധതികളുടെ അവലോകനം

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പഞ്ചായത്തിൽ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രധാന പദ്ധതികൾ -സമഗ്ര നാളികേര വികസന പദ്ധതി, നെൽകൃഷിക്കാർക്കുള്ള ഉത്പാദക ബോണസ്, പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി, വിള ഇൻഷുറൻസ് പദ്ധതി, സുഗന്ധവിള വികസന പദ്ധതി, നെൽകൃഷിക്കാർക്കുള്ള സൗജന്യ വൈദ്യുതി, ജൈവവള വികസന പദ്ധതി, പയർകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയാണ്. ഇത് കൂടാതെ വിവിധയിനം നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേന പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

പ്രധാന പദ്ധതികളുടെ വിവരങ്ങൾ പട്ടിക 8ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8 – നടപ്പ് പദ്ധതികൾ – കൃഷി ഭവൻ

വർഷം	സമഗ്ര നാളികേര വികസന പദ്ധതി	ഉൽപാദക ബോണസ്	പ്രകൃതി ക്ഷോഭ ദുരിതാശ്വാസം	നടീൽ വസ്തുക്കൾ						
				തെങ്ങ്	നെൽ വിത്ത്	പച്ച ക്കറി	പയർ	വാഴ ക്കന്ന്	മാവ്	കൊ ക്കോ
	(Rs)	(Rs)	(Rs)	(nos)	(kg)	(pkt)	(kg)	(nos)		
1993-94	42,850.00	20,000.00 1-ാം വിള	-	350	2430	1170	140	-	80	-
1994-95	3,49,652.00	75,000.00 2 വിളകൾ	21,536.00	600	5350	1707	272	1000	407	-
1995-96	1,74,882.00	85,000.00 2 വിളകൾ	22,899.00	450	1250	1000	200	200	360	150

ഇത്തരം പദ്ധതികൾ കർഷകർക്ക് ഒരു പരിധി വരെ ആശ്വാസം പകരുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പ്രത്യേക സഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ചില ബുദ്ധി മുട്ടുകൾ അനുഭവപ്പെടുന്നതായി കൃഷിഭവനിലെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ 5075 നാമമാത്ര കർഷകരിൽ ഏകദേശം 4000ത്തോളം കർഷകർ 5സെന്റ് മുതൽ 30സെന്റ് വരെ ഭൂമിയുള്ളവരാണ്. അതിനാൽ നാളികേര വികസന പദ്ധതിയുടെ പ്രയോജനം ഈ ചെറുകിട കർഷകർക്ക് ലഭിക്കുന്നില്ല. അനുവദിച്ച പമ്പുസെറ്റുകൾക്ക് യഥാസമയം വൈദ്യുതി ലഭിക്കത്തത് വൈകുന്നത് കർഷകരെ നിരാശരാക്കുന്നു. സാമൂഹ്യ ജലസേചനം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ, ഒരു യൂണിറ്റിന് 10 ഹെ. സ്ഥലം ലഭിക്കണമെന്നുള്ള നിബന്ധനയും ഗുണഭോക്താക്കളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതും ഇവിടുത്തെ കർഷകർക്ക് പ്രായോഗിക മായി ഈ പദ്ധതികൾ പ്രയോജനപ്പെടുന്നില്ല. മറ്റൊരു അപര്യാപ്തത പ്രകൃതി ക്ഷോഭ ദുരിതാശ്വാസമായി കർഷകർക്ക് ലഭിക്കുന്നത് അർഹതപ്പെട്ട തുകയുടെ വളരെ ചെറിയ ശതമാനം മാത്രമാണ്. പ്രകൃതിക്ഷോഭത്തിന്നതീതമായിവിള ഇൻഷൂറൻസ് പദ്ധതി കഴിഞ്ഞ സാമ്പത്തിക വർശം മുതൽ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇൻഷൂറൻസ് തുക ലഭിക്കുന്നതിനുള്ള കാലതാമസം കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നമാണ്. തെങ്ങിന്റെ ചെന്നീരൊലിപ്പ് (കറചാട്ടം) പോലുള്ള പ്രധാന രോഗങ്ങൾക്കെതിരെ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കാത്തതും കർഷകർക്ക് ഈ പദ്ധതിയോട് വിമുഖത ഉണ്ടാക്കുന്നു. നടീൽ വസ്തുക്കൾ യഥാസമയം ലഭിക്കാത്തതും കർഷകരുടെ മൊത്തം ആവശ്യങ്ങൾക്കനുസരിച്ച് ലഭിക്കാത്തതും മറ്റൊരു പോരായ്മയാണ്.

പ്രശ്നങ്ങൾ

1. കാർഷിക തൊഴിൽ മേഖലയിലെ അസ്ഥിരത, മറ്റു തൊഴിൽമേഖലകളിലെ ഉയർന്ന കൂലി നിരക്ക് എന്നിവമൂലം കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥ ഇന്ന് നിലനിൽക്കുന്നു. ഇത് മൂലം യഥാകാലം വിത്തിറക്കുന്നതിനും വിളവെടുക്കുന്നതിനും മറ്റും ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. കൂടാതെ കർഷക തൊഴിലാളികളുടെ കൂലി നിരക്കിൽ പഞ്ചായത്തിനകത്തുതന്നെ കാണപ്പെടുന്ന വ്യത്യസ്തതയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2. കാർഷിക മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയാണ്. നമ്മുടെ പഞ്ചായത്തിൽ മണലിന്റെ അംശം വളരെ കൂടുതലായതിനാൽ മണ്ണിന്റെ ജലസംഭരണ ശേഷി വളരെ കുറവാണ്. ഇക്കാരണത്താൽ കൃഷിക്ക് ജലസേചനം വളരെ അത്യാവശ്യമായി വരുന്നു. പഞ്ചായത്തിൽ നിരവധി പൊതുകുളങ്ങളും തോടുകളും കിണറുകളുമുണ്ടെങ്കിലും അവയുടെ ഇന്നത്തെ അവസ്ഥ ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റുന്ന തരത്തിലല്ല. ഇവയിൽ നിന്നും കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കാൻ ആണിത്തോടുകളും ഇല്ല.

3. ജലസേചനാവശ്യാർത്ഥം കൃഷിക്കാർക്ക് വൈദ്യുതിയും മണ്ണെണ്ണയും ലഭ്യമാക്കുന്ന പ്രവർത്തനം തൃപ്തികരമല്ല. നെൽകൃഷിക്ക് അനുവദിക്കുന്നതുപോലുള്ള സൗജന്യ വൈദ്യുതി കണക്ഷൻ മറ്റു വിളകൾക്ക് അനുവദിക്കുന്നില്ല. വായ്പ എടുത്ത് ഇലക്ട്രിക്ക് മോട്ടോറുകൾ സ്ഥാപിച്ച നിരവധി കർഷകർക്ക് 2ഉം 3ഉം വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല. മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിന് ഓഫീസുകൾ കയറിയിറങ്ങേണ്ടിവരുന്നു.

4. നെൽപാടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് മൂലവും മഴവെള്ളം കെട്ടികിടക്കുന്നത് മൂലവും കൃഷിനാശം സംഭവിക്കുന്നു. ഉപ്പുവെള്ളം കയറുന്നത് തടയാൻ നിർമ്മിക്കപ്പെട്ട ക്രോസ്ബാറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഉള്ള യാതോരു സംവിധാനവും ഇന്ന് നിലവിലില്ല.

5. പൊതുകുളങ്ങൾ, തോടുകൾ, കിണറുകൾ സ്വകാര്യ വ്യക്തികൾ കൈയ്യടക്കുന്നതും നികത്തുന്നതും മൂലം നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നു.

6. തോടുകളുടെ വീതി കുറയുന്നതിനാൽ വയലുകളിലെ നീർക്കെട്ട് ഒഴിവാകാത്ത അവസ്ഥയുണ്ട്. എടച്ചാക്കൈ – മനക്കാർ തോട്, നാനായി തോട് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

7. ചെമ്മീൻ കൃഷിക്കായി പുഴയിൽ കെട്ടുന്ന ബണ്ടിനുള്ളിൽ ഉപ്പുവെള്ളം കെട്ടിനിൽക്കുന്നത് ചുറ്റുവട്ടത്തുള്ള കൃഷിയെ ബാധിക്കുന്നു.

8. അശാസ്ത്രീയമായ വളപ്രയോഗമാണ് മറ്റൊരു പ്രശ്നം. ഇതിന് കാരണം മണ്ണിന്റെ ഘടനയെപ്പറ്റിയുള്ള അജ്ഞതയാണ്. തോട്ടുകര, മണൽ, വടക്കുപുറം, കാന്തിലോട്ട്, മാങ്കടവ്, കുയ്യാൽ, വളാനാവി എന്നീ സ്ഥലങ്ങളിലെ നഞ്ച് കലർന്ന മണ്ണ് (ഇരുമ്പും ഗന്ധഗവും കലർന്ന മഞ്ഞമണ്ണ്) കൃഷിക്ക്മാത്രമല്ല പൊതുജനാരോഗ്യത്തിനും ഭീഷണിയാണ്. അംമ്ലാംശം കുറക്കുന്നതിന് മണ്ണിൽ ചേർക്കേണ്ട കുമ്മായത്തിന്റെ ദൗർലഭ്യവും കർഷകരെ വലയ്ക്കുന്നു.

9. കർഷകർക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാൻ സംഘടിപ്പിക്കപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. കുമ്മായം, രാസവളങ്ങൾ, കീടനാശിനികൾ, വിത്തുകൾ, തൈകൾ മറ്റു ധനസഹായങ്ങൾ എന്നിവ ഇത്തരം സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുമ്പോൾ അർഹതപ്പെട്ട മുഴുവൻ കർഷകർക്കും ലിക്കുന്നില്ല.

10. കൃഷിയിൽനിന്നുള്ള വരുമാനവുമായി തട്ടിച്ചുനോക്കുമ്പോൾ ഉല്പാദനച്ചെലവ്, പ്രത്യേകിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും വില, വളരെ കൂടുതലാണ്. ആവശ്യമുള്ള സമയത്ത് കീടനാശിനികൾ ലഭ്യമല്ല.

11. പഞ്ചായത്തിൽ 8ഓളം പാടശേഖര സമിതികൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഇവ വഴി നൽകുന്ന സർക്കാർ സഹായങ്ങൾ എല്ലാ കർഷകർക്കും ലഭിക്കുന്നില്ല. ഈ സമിതികളുടെ കീഴിലുള്ള യന്ത്രങ്ങളും മറ്റും സൂക്ഷിക്കുന്നതിന് സംവിധാനങ്ങളില്ല.

12. കാർഷികവായ്പ നൽകുന്നതിനുള്ള സ്ഥാപനങ്ങളുടെ സേവനം മുഴുവൻ കർഷകർക്കും ലഭിക്കുന്നില്ല. വായ്പ ലഭിക്കുന്നതിന് ഭൂവിസ്തൃതി അടിസ്ഥാനമാക്കുന്നതിനാൽ കുറഞ്ഞ ഭൂമിയുള്ള കർഷകർക്ക് വായ്പ ലഭിക്കുന്നില്ല.

13. പ്രകൃതി ക്ഷോഭംമൂലം കൃഷി നശിച്ചവർക്ക് യഥാസമയം, അർഹമായത്ര നഷ്ടപരിഹാരം ലഭിക്കാത്തതും രോഗം ബാധിച്ച നശിക്കുന്ന വിളകളെ വിള ഇൻഷുറൻസിന്റെ പരിധിയിൽ പെടുത്താത്തതും കർഷകരെ നിരാശാരാക്കുന്നു.

14. ജൈവാംശം വളരെ കുറഞ്ഞ നമ്മുടെ മണ്ണിലെ കൃഷിക്ക് ജൈവവളങ്ങൾ അത്യന്താപേക്ഷിതമാണ്. അവ ആവശ്യത്തിന് ലഭിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

15. ഇടവിള കൃഷി, പ്രത്യേകിച്ച് നെൽവയലുകളിലെ ഇടവിളകൾ, കാലംചെല്ലുന്തോറും ക്ഷയിച്ചുവരികയാണ്. വിത്ത്, വളം, കീടനാശിനികൾ എന്നിവ ആവശ്യത്തിന് ലഭിക്കാത്തതും നെൽവയലുകൾ നികത്തുന്ന സ്വഭാവം കൂടിവരുന്നതും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

16. നാളികേര കൃഷിയുടെ കാര്യം ആശാവഹമല്ല. വിള സാന്ദ്രത വളരെ കൂടുതലായതിനാൽ ഉല്പാദനക്ഷമത വളരെ കുറയുന്നു.

17. ചെന്നീരൊലിപ്പ് (കറചാട്ടം), തെങ്ങോലപ്പുഴു, കൊമ്പൻചെല്ലി, കുമ്പടയൽ എന്നിവ നാളികേര കൃഷിക്ക് സ്ഥിരം ഭീഷണിയാണ്. ഉല്പാദന ബോണസ് പോലുള്ള പ്രോത്സാഹനങ്ങൾ ഈ കൃഷിക്ക് ലഭിക്കുന്നില്ല. മഴക്കാലങ്ങളിൽ കൊപ്ര ഉണക്കുന്ന സംവിധാനം ഇല്ല.

18. കൃഷി സ്ഥലങ്ങളിലേക്ക് വിത്ത്, വളം, യന്ത്രം എന്നിവ എത്തിക്കുന്നതിന് യാത്രാസൗകര്യം കുറഞ്ഞുവരുന്നത് പ്രശ്നമാണ്.

19. ഓവുചാലുകളിൽ നിന്നുള്ള വെള്ളം കൃഷി സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നത് മൂലം കൃഷി നശിക്കുന്നു.

20. അലഞ്ഞുനടക്കുന്ന കന്നുകാലികൾ കൃഷിക്ക് നാശം വരുത്തുന്നു.

21. പുഴയിൽനിന്നും കരയിൽനിന്നും ഉള്ള മണൽവാരൽ മൂലം കരയിടിച്ചിലും മണ്ണൊലിപ്പും ഉണ്ടാകുന്നു.

22. നമ്മുടെ കാർഷികോൽപന്നങ്ങൾക്ക് വിപണന സൗകര്യം കുറവാണ്.

23. പ്രാദേശിക കൊപ്രസംഭരണ കേന്ദ്രങ്ങൾ വേണ്ടത്രയില്ല. കാർഷികോൽപന്നങ്ങളുടെ സംഭരണം വിളവെടുപ്പ് സമയത്ത് നടത്താത്തതിനാൽ കർഷകർക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല.

24. തെങ്ങ് കൃഷി കേന്ദ്രീകരിച്ച് ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നില്ല.

സാധ്യതകൾ

1. ജലസേചനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ ഇന്നു നിലവിലുള്ള പൊതുകുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവ നന്നാക്കി ആവശ്യമുള്ളിടത്ത് മോട്ടോറുകളും പമ്പ്ഹൗസുകളും സ്ഥാപിക്കുക. കൂടാതെ പുതിയകുളങ്ങളും, കിണറുകളും ആവശ്യമെങ്കിൽ നിർമ്മിക്കുക.

2. വലിയ പാടശേഖരങ്ങളിൽ പൊതു കനാലുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. സമീപത്തുള്ള ജലസ്രോതസ്സുകളുമായി കനാലുകൾ ബന്ധിപ്പിച്ചും കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കാൻ ആണിത്തോടുകൾ നിർമ്മിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

പട്ടിക 9 – കനാലുകൾ – ഗ്രാമസഭകൾ വഴി ആവശ്യപ്പെട്ടവ

വാർഡ്	ആവശ്യമുള്ള സ്ഥലങ്ങ !
I	പനക്കാപുഴയേയും ഓരിപുഴയേയും ബന്ധിപ്പിച്ച് ഓരിമുക്കിനും ഗണേശ് മുക്കിനും ഇടയിൽ
VII + IX	ഉദിനൂർ തെക്കുപിാ്യുറം പാടശേഖരത്തിൽ നിന്നാരംഭിച്ച് എടച്ചാക്കൈ, മനക്കാർ തോടുവഴി അഴിക്കൽ വരെ
VIII	കൊളവയൽ പാലം മുതൽ നാനായി തോടുവരെ

3. ഏർപുഴയുടെ ആഴംകൂട്ടി പാർശ്വഭിത്തികെട്ടി ശുദ്ധജലം സംഭരിക്കാനുള്ള പദ്ധതി നടപ്പിലാക്കണം. കൃഷിസ്ഥലങ്ങളിലെ നീർക്കെട്ട് ഒഴിവാക്കുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തികൊണ്ടായിരിക്കണം പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്.

4. വയലുകളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുവാനും ഞണ്ടുകളുടെ ശല്യം ഒഴിവാക്കുവാനും പുഴയോരത്ത് കോൺക്രീറ്റ് ഭിത്തി നിർമ്മികക്കക.

5. നിലവിലുള്ള ക്രോസ്ബാറുകളും സ്ലൂയിസുകളും റിപ്പയർ ചെയ്യുകയും മേൽനോട്ടത്തിനായി ഒരു ജോലിക്കാരനെ നിയമിക്കുകയും ചെയ്യുക. ആവശ്യമുള്ളിടത്ത് പുതിയ ക്രോസ്ബാറുകളും സ്ലൂയിസുകളും നിർമ്മിക്കുക. (പട്ടിക 10)

പട്ടിക10 – ക്രോസ് ബാറുകൾ – ഗ്രാമസഭകൾ വഴി ആവശ്യപ്പെട്ടവ

വാർഡ്	ആവശ്യമുള്ള സ്ഥലങ്ങ !
I	1. ഓരിപുഴക്ക് നിലവിലുള്ള ക്രോസ് ബാറിനു തെക്കു ഭാഗം 2. ഉച്ചുളി ക്കുന്നു
II	3. പടന്ന പുഴയുടെ തീരത്തുള്ള നെൽ വയലുളെ സംരക്ഷിക്കാൻ
III	4. വാലൻ പുഴ കൃഷിസ്ഥലം 5. കൂവക്കി 6. കടവത്ത് വളപ്പ് 7. ഉച്ചുളിക്കുന്ന് 8. മുതിര വളപ്പ്
VII	9. അഴിക്കൽ പുഴ

6. എടച്ചാക്കൈ അണക്കെട്ട് ഉപ്പുവെള്ളം കയറന്നത് തടയുന്നതിന് പുതുക്കി പണിയണം.

7. ഗ്രൂപ്പ് ഇറിഗേഷൻ സ്കീം കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിക്കുള്ള ഭൂ പരിധി 1ഏക്കറായും അംഗങ്ങളുടെ എണ്ണം 5ആയും ചുരുക്കുക.

8. മോട്ടോറുകളും പമ്പുസെറ്റുകളും സബ്സീഡി നിരക്കിൽ ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്യുക.

9. കണികാജലസേചന പദ്ധതിയും സ്പ്രിംഗ്ലർ ജലസേചന പദ്ധതിയും വ്യാപകമായി ഉപയോഗപ്പെടുത്തുക. സ്പ്രിംഗ്ലർ പദ്ധതിക്ക് സർക്കാർ ധനസഹായം അനുവദിക്കുക.

10. കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാൻ ട്രാക്ടർ, ടില്ലർ, നടീൽ യന്ത്രം, പാറ്റൽ യന്ത്രം, തേങ്ങ പറിക്കുന്നതിനുള്ള യന്ത്രം, കീടനാശിനികൾ തളിക്കുന്നതിനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

11.പഞ്ചായത്തിലെ പൊതു കുളങ്ങൾ,തോടുകൾ, കിണറുകൾ എന്നിവ സ്വകാര്യവ്യക്തികൾ കൈയടക്കുന്നതു നികത്തുന്നതും കർശനമായി തടയുക.

12. ഗ്രൂപ്പ് ഇറിഗേഷൻ സ്കീം പ്രകാരം സ്ഥാപിച്ച മോട്ടോറുകളുടെ പ്രയോജനം ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങൾക്കും കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

13. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമ്മിറ്റ് കൃഷിഭവനുകൾ മുഖേന നൽക്കുക. മണ്ണെണ്ണ വിതരണം കൃഷിക്കാരനുൾപ്പെടുന്ന റേഷൻ ഷോപ്പുകൾ വഴി നടത്തുക.

14. കാർഷികാവശ്യത്തിനുള്ള ഇലക്ട്രിക്ക് മോട്ടോറുകളുടെ വിതരണം റദ്ദാക്കികൊണ്ടുള്ള BLBC യുടെ തീരുമാനം പുനഃപരിശോധിക്കുക. മോട്ടോറുകൾ സ്ഥാപിച്ചവർക്ക് എത്രയും പെട്ടന്ന് ഇലക്ട്രിക്ക് കണക്ഷൻ നൽകുക.

15. കർഷക തൊഴിലാളികളുടെ ജോലിസമയവും വേതനവും ഏകീകരിക്കുക.

16. മണ്ണു പരിശോധന വ്യാപകമാക്കി ശാസ്ത്രീയമായ വളപ്രയോഗങ്ങൾക്കുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകുക. ആവശ്യമായ രാസവളങ്ങളും കീടനാശിനികളും കുമ്മായവും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

17. കൃഷിഭവന്റെ കീഴിൽ ആഗ്രോ ക്ലിനിക്ക് സ്ഥാപിക്കുക.

18. കൃഷി സ്ഥലങ്ങളിൽ മഴവെള്ളം കെട്ടികിടന്ന് കൃഷി നശിക്കുന്നത് തടയാൻ ഓവു ചാലുകൾ നിർമ്മിക്കുക. (പട്ടിക 11)

പട്ടിക11 – ഓവുചാലുകൾ – ഗ്രാമസഭകൾ വഴി ആവശ്യപ്പെട്ടവ

വാർഡ്	ആവശ്യമുള്ള സ്ഥലങ്ങ
IV	1. ചൂളിയാർ വയൽ
V	2. പൊറോട്ട് 3. പക്ഷിനായ് 4. ജുമായത്ത് പള്ളിക്കു താഴെ 5. തെക്കേപ്പുറം പത്തായപ്പുര 6, തെക്കേക്കാട് ബണ്ട് റോഡിനു സമീപം
VI	7. തെക്കേക്കാട് കിഴക്കും പടിഞ്ഞാറുമുള്ള നെൽകൃഷി സ്ഥലങ്ങളിൽ നിന്ന് പുഴയിലേക്ക്
VII	8. എടച്ചാക്കൈ റോഡിനു വടക്കു ഭാഗത്തുള്ള കൃഷി സ്ഥലം 9. മാച്ചിക്കാട് പഞ്ചായത്ത് കുളം മുതൽ മനക്കാർ തോടുവരെ
VIII	9. കോരക്കുളം പൊതുകുളം മുതൽ പഞ്ചേചായത്തിന്റെ വടക്കേ അതിർത്തി വരെ 10. വടക്കുപുറം കൃഷിസ്ഥലത്തു നിന്നും ഒലിപ്പിൽ കുളത്തിനു സമീപം വരെ

19. ചെന്നീരൊലിപ്പ് (കറചാട്ടം), തെങ്ങോലപുഴു, കൊമ്പൻ ചില്ലി, കുമ്പടയൽ തുടങ്ങിയവയ്ക്കെതിരെ ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കുക.

20. വായ്പകളും മറ്റു ധനസഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

21. വളരെ കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പകൾ ദീർഘകാലാടിസ്ഥാനത്തിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുക.

22. മണൽ വാരൽ കർശനമായി നിരോധിക്കുക.

23. നാളികേര ബോർഡിന്റെ റീ-പ്ലാന്റേഷൻ സ്കീം കേരളത്തിലും നടപ്പിൽ വരുത്തുക.

24. ഉൽപാദന ക്ഷമത കുറഞ്ഞ (ആണ്ടിൽ കുറഞ്ഞത് പത്ത് നാളികേരമെങ്കിലും ലഭിക്കാത്ത) തെങ്ങുകൾ മുറിച്ചുമാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കൽ ധനസഹായം നൽകുക. കൊപ്ര ഉണക്കുന്നതിനുള്ള ഡ്രയറുകൾ സ്ഥാപിക്കുക.

25. പ്രകൃതിക്ഷോഭംമൂലം കൃഷിനശിക്കുന്നവർക്ക് കാർഷിക വികസന സമിതിയുടെ ശുപാർശക്കനുസരിച്ചുള്ള നഷ്ടപരിഹാരം തൽസമയം നൽകുക. രോഗം ബാധിച്ച് നശിക്കുന്ന വിളകൾക്കും വിള ഇൻഷുറൻസിന്റെ ആനുകൂല്യങ്ങൾ നൽകുക.

26. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കാൻ വിത്തുകളും വളങ്ങളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. ഈ രംഗത്ത് വാർഡുതല പഞ്ചായത്തുതല മത്സരങ്ങൾ ഏർപ്പെടുത്തുക. കുൺ കൃഷിക്ക് പ്രധാന്യം നൽകണം.

27. ഗൃഹ സദസ്സുകൾ സംഘടിപ്പിച്ച് സ്ത്രീകളിൽ കാർഷികാഭിരുചി വളർത്തുക.

28. വളർന്നുവരുന്ന തലമുറയിൽ കാർഷികാഭിരുചി വളർത്താൻ സ്കൂൾതല പാഠ്യപദ്ധതിയിൽ കൃഷിക്ക് പ്രാധാന്യം നൽകുക.

29. പാടശേഖര സമിതികളുടെ പ്രവർത്തന മേഖല പുനഃക്രമീകരിക്കുക. ഇത് വാർഡടിസ്ഥാനത്തിലും ഭൂപ്രകൃതിയനുസരിച്ചും നടത്താവുന്നതാണ്. ഇത്തരം സമിതികൾ വഴി വാങ്ങുന്ന യന്ത്രങ്ങളും മറ്റും സൂക്ഷിക്കാനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കാൻ ധനസഹായം നൽകുക.

30. നെൽവയലുകളിലെയും തെങ്ങിൻതോപ്പുകളിലെയും ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക. വേനൽകാല പച്ചക്കറി കൃഷിക്ക് ആവശ്യമായ പ്രോത്സാഹനവും നൽകണം.

31. നെല്ലിന്റെ ഉൽപാദന ബോണസ്സ് വർദ്ധിപ്പിക്കുക. ഇത് തെങ്ങിനും ബാധകമാക്കുക.

32. ജൈവവളത്തിന്റെ ദൗർലഭ്യം പരിഹരിക്കാൻ പച്ചിലകൃഷി പ്രോത്സാഹിപ്പിക്കുക. അതുപോലെ ചകിരിച്ചോറിൽനിന്നും ജൈവവളം നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക. ജൈവവളത്തിന്റെ പ്രാധാന്യത്തെ പറ്റി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

33. നിലവിലുള്ള ഓവുചാലുകളിലെ വെള്ളം കൃഷി സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നത് നിരുത്സാഹപ്പെടുത്തുക. നെൽവയലുകൾ നികത്തുന്നതും കർശനമായ് തടയുക.

34. ആവശ്യമായ വിത്തുകൾ കർഷകർക്കെത്തിക്കാൻ കൃഷിഭവന്റെ കീഴിൽ നഴ്സറികൾ സ്ഥാപിക്കുകയോ, വിദഗ്ദ്ധരായ കർഷകരെ ഈ രംഗത്ത് പ്രോത്സാഹിപ്പിക്കുകയോ ചെയ്യുക.

35. കൃഷിസ്ഥലങ്ങളിലേക്ക് ആവശ്യമായ സാമഗ്രികൾ എത്തിക്കുന്നതിന് റോഡുകൾ അത്യാവശ്യമാണ്.

36. കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുക.

37. പശ്ചിമഘട്ട വികസന പദ്ധതിയിൽ (WGDP) പടന്ന പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

38. നമ്മുടെ പഞ്ചായത്തിൽ OPEC ന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക.

39. CAPART സ്കീം സന്നദ്ധ സംഘടനകൾ മുഖേന പഞ്ചായത്തുതലത്തിൽ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കുക.

40. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

41. കാർഷികോൽപന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.

42. അലഞ്ഞുനടക്കുന്ന കന്നുകാലികളെ നിയന്ത്രിക്കാൻ പൗണ്ടിംഗ് (അട്ടി) സമ്പ്രദായം കാര്യക്ഷമമാക്കുക.

" കൃഷിചെയ്തു കഴിയാത്തവർക്കൊരു
വഴിയിലും പിഴപ്പിനു ഭൂതലേ
ദാരിദ്ര്യങ്ങൾ കളയണമെങ്കിലോ
നേരത്തേ കൃഷിചെയ്യേണമേവരും"



5

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം.

കന്നുകാലി വളർത്തൽ ഉപജീവനമാക്കിയിരുന്ന നിരവധി കുടുംബങ്ങൾ മുൻകാലങ്ങളിൽ പടന്ന പഞ്ചായത്തിലുണ്ടായിരുന്നു. ഉദിനൂർ വില്ലേജിലെ 30 ഏക്കറോളം വരുന്ന കുഞ്ഞിക്കൊവ്വൽ എന്ന സ്ഥലം 200ൽ അധികം കന്നുകാലികളുടെ മേച്ചിൽ പുറങ്ങളായിരുന്നു. പടന്നയിലുള്ള മിക്കവാറും ഭൂമികളും തരിശും മേച്ചിൽ പുറങ്ങളുമായിരുന്നു. അത് കൊണ്ടുതന്നെ പടന്ന തെക്കേപ്പുറം പുതിയപള്ളിയെ കേന്ദ്രമാക്കി കന്നുകാലി വളർത്തൽ വ്യാപകമായിരുന്നു. കാലക്രമേണ ജനസംഖ്യയിലുണ്ടായ ഗണ്യമായ വർദ്ധനവും മേച്ചിൽപുറങ്ങൾ പാർപ്പിട സ്ഥലങ്ങളായതികൊണ്ടും കന്നുകാലികളുടെ എണ്ണം കുറഞ്ഞുവന്നു. നെൽകൃഷിയുടെ മുരടിപ്പ് വൈക്കോൽ, തീറ്റപുൽ, കാലിത്തീറ്റ എന്നിവയിലുണ്ടായ വിലവർദ്ധനവും കന്നുകാലി വളർത്തലിന് സാരമായി ബാധിച്ചു. പടന്ന പ്രദേശത്തിന്റെ സാമ്പത്തികമായ വളർച്ച അഭ്യസ്ഥ വിദ്യർക്ക് ഈ തൊഴിലിനോടുള്ള വിമുഖത എന്നിവയും പ്രധാനപ്പെട്ട കാരണങ്ങളാണ്.

കന്നുകാലിവളർത്തുന്നതിൽ ശാസത്രീയത കൈവരികയാണെങ്കിൽ പഞ്ചായത്തിലെ 20% കുടുംബങ്ങൾക്കും ഇതൊരു ഉപജീവന മാർഗ്ഗമാകും പശു, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ കോഴിതന്നെയാണ് പ്രധാനം. 1

പട്ടിക -1

നമ്പർ	പേര്	എണ്ണം
1	പശു	1207
2	എരുമ	48
3	ആട്	182
4	പൂട്ടുകാള	69
5	കോഴി	3155

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക – 2

പഞ്ചായത്തിന്റെ പേര്	പാൽ ഉൽപാദനം	ഉപഭോഗം	കമ്മി	മിച്ചം
പടന്ന	2602	2536	-	66

പട്ടിക – 3

പേര്	ഉൽപാദനം/ മാസത്തിൽ	ഉപഭോഗം/മാസത്തിൽ
കോഴിമുട്ട	2000	3.5 ലക്ഷം
ഇറച്ചികോഴി	3 ക്വിന്റൽ	30 ക്വിന്റൽ
ആട്	1/2 ക്വിന്റൽ	3 ക്വിന്റൽ
പോത്ത്/കാള	5 ക്വിന്റൽ	120 ക്വിന്റൽ
മത്സ്യം	5 ക്വിന്റൽ	150 ക്വിന്റൽ

ഇവയൊക്കെ മറ്റു സ്ഥലങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ട സ്ഥാതിയാണുള്ളത്. കോഴിമുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം ഞെട്ടിപ്പിക്കുന്നതാണ്.

ഉദിനൂർ വില്ലേജിൽ മിക്ക കുടുംബങ്ങളിലും ഒരു ജോഡി ഉഴവുകാള ഉണ്ടായിരുന്നു. ഈ കാളകളെ ഉപയോഗിച്ചാണ് പഞ്ചായത്തിലെ മിക്കവാറും കൃഷിസ്ഥലങ്ങൾ ഒരുക്കി യിരുന്നത്. ഇന്ന് പഞ്ചായത്തിൽ 69 ഉഴവു കാളകളാണുള്ളത്. കാളകളെ സംരക്ഷിക്കുന്നതിനുള്ള ഭീമമായ ചെലവും യന്ത്രവൽക്കരണവുമാണ് ഈ രംഗത്ത് പ്രധാന പ്രശ്നം അതുപോലെ തന്നെ വർഷത്തിൽ മൂന്നു മാസം മാത്രമെ ഇവ ഉപയോഗിച്ച് കർഷകർക്ക് ജോലി ലഭിക്കുന്നു എന്നുള്ളതും ഒരു പ്രധാന പ്രതിസന്ധിയാണ്. കാളക്കുട്ടൻമാരെ ഉപയോഗിച്ചാണ് പുണ്ടുകാലങ്ങളിൽ ബീജ സങ്കലനം നടത്തിയിരുന്നത്. കൃത്രിമ ബീജ സങ്കലനത്തിന് സാധ്യതകൾ ഏറെ ഉള്ളത് കൊണ്ട് കാളക്കുട്ടൻമാരെ വളർത്തിയെടുക്കാൻ കർഷകർ മടികാണിക്കുന്നു.

കന്നുകാലികളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ ദഹന സംബന്ധമായത്, അകിടുവീക്കം, ധാതു ലവണങ്ങളുടെ അഭാവം, മുടന്തൻപനി, വന്ധ്യത എന്നിവയാണ്.

മൃഗപരിപാലനത്തിന് നമ്മുടെ പഞ്ചായത്തിൽ ആകെ ഇന്നു നിലവിലുള്ള സംവിധാനം പഞ്ചായത്തിന്റെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ഒരേയൊരു മൃഗാശുപത്രീയാണ്. ഇതുതന്നെ ചോർന്നൊലിക്കുന്ന ഒരു വാടകകെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആവശ്യമായ ജീവനക്കാരുടെ അഭാവവും ചികിത്സക്കുള്ള മരുന്നുകളുടെ ദൗർലഭ്യവും പ്രധാന പശ്നമാണ്. 75% കന്നുകാലികളുള്ള ഉദിനൂർ വില്ലേജ് നിവാസികൾ പൂർണ്ണമായും ആശ്രയിക്കുന്നത് 4കി.മി. അകലെയുള്ള തൃക്കരിപ്പൂർ പഞ്ചായത്തിലെ മൃഗാശുപത്രിയെയാണ്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലാണ്. ഇവ ആടുകൾക്കും കോഴികൾക്കും ഭീഷണിയാവുന്നുണ്ട്. പടന്ന പ്രദേശത്ത് കുറുക്കൻമാരുടെ ശല്യം പൊതുവെ കൂടുതലാണ്.

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹന സംബന്ധമായവ	18	3	7	-	4	-				
2	ശ്വാസകോസസംബന്ധമായവ	6	4	2	-	-	54				
3	മെറ്റബോളിക്ക്	13	10	3	-	-					
4	ത്വക്ക് രോഗങ്ങൾ	7	3	2	-	7					
5	ധാതുലവണങ്ങളുടെ അഭാവം	10	3	4	-	-	48				
6	പരാദരോഗങ്ങൾ	12	6	4	-	8	20				
7	പ്രത്യുൽപ്പാദന വ്യവസ്ഥാ സംബന്ധം	14	4	-	-		-				
8	വന്ധ്യത	12	2	-	-		-				
9	അകിടുവീക്കം	4	-	-	-		-				
10	മുടന്തൻ പനി.	8	-	-	-		-				
11	പകർച്ച വ്യാധികൾ	-	-	-	-						

അവലംബം : ദ്വിതീയ വിവരശേഖരണം

പ്രശ്നങ്ങൾ

1. കന്നുകാലികളെ വളർത്തുന്നതിനും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ഏജൻസികളുടെ കുറവ്.

2. പാൽ സംഭരണവും വിതരണവും സൗകര്യങ്ങളുടെ അപര്യാപ്തത.

3. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4. കാലിത്തീറ്റ, തീറ്റപുൽ എന്നിവയുടെ ലഭ്യതയുടെ കുറവും വിലവർദ്ധനവും

5. കോഴിവളർത്തൽ പ്രോത്സാഹജനകമല്ല.

6. കോഴിവസന്ത ഫലപ്രദമായി തടയാൻ കഴിയുന്നില്ല.

7. അലഞ്ഞുതിരിഞ്ഞു നടക്കുന്നപട്ടികൾ, കുറുക്കൻമാർ, പേപ്പട്ടികൾ എന്നിവമൂലമുണ്ടാകുന്ന ശല്യം

8. മൃഗ പരിപാലന ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

സാധ്യതകൾ

1. പഞ്ചായത്തിലെ തെരഞ്ഞെടുത്ത കർഷക കുടുംബങ്ങൾക്ക് അത്യുത്പദന ശേഷിയുള്ള പശുക്കളെയും എരുമകളെയും വാങ്ങുന്നതിനു വേണ്ടി 10000രൂപ വായ്പയും 5000രൂപ സബ്സിഡിയും നൽകണം.

2. ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുനിർമ്മിക്കുവാൻ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുക.

3. തീറ്റപുൽ കൃഷിചെയ്യുന്നതിനു വേണ്ടി വിത്തും മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും നൽകണം.

4. അനുയോജ്യമായ പുറമ്പോക്ക് സ്ഥലങ്ങളിൽ കൃഷിഭവന്റെ മേൽനോട്ടത്തിൽ തീറ്റപുൽകൃഷി നടപ്പിൽ വരുത്തുക.

5. കന്നുകാലികളെയും മറ്റു വളർത്തുമൃഗങ്ങളെയും പരിശോധിക്കുന്നതിനുവേണ്ടി മാസത്തിലൊരു തവണയെങ്കിലും പഞ്ചായത്തിലെ എല്ലാവീടുകളിലും ഗൃഹ സന്ദർശനത്തിനു വേണ്ടി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

6. പഞ്ചായത്തിന്റെ ഏറ്റവും വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന മൃഗാശുപത്രി പടന്ന വില്ലേജിൽ എല്ലാവർക്കും ഉപയോഗപ്രദമായ സ്ഥലത്ത് സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിക്കുകയും ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും വേണം.

7. പഞ്ചായത്തിലെ 75% കന്നുകാലി സമ്പത്തുള്ള ഉദിനൂർ വില്ലേജിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

8. പഞ്ചായത്തിലെ മുഴുവൻ വീടുകളിലെയും കന്നുകാലികളെയും ഇൻഷൂർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. ഉഴവു കാള വാങ്ങുന്നതിനുവേണ്ടി കർഷകർക്ക് 50%നിരക്കിൽ ധനസഹായം നൽകണം.

10. പഞ്ചായത്ത് ആസ്ഥാനമായി ഒരു പാൽ സഹകരണ സംഘം രൂപീകരിക്കുക. ഈ സംഘത്തിന്റെ ഉദ്ദേശങ്ങൾ ഇപ്രകാരമായിരിക്കണം.

a) വാർഡുതലത്തിൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പാലിന്റെ ഉല്പാദനവും വിതരണവും കാര്യക്ഷമമാക്കുക.

b) ഉപയോഗം കഴിച്ച് മിച്ചം വരുന്ന പാൽ സംസ്കരിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

c) തീറ്റപുൽ കൃഷി പോഷിപ്പിക്കുക.

d) ചുരുങ്ങിയ നിരക്കിൽ കാലിത്തീറ്റയും കോഴിത്തീറ്റയും വിതരണം ചെയ്യുക.

e) അത്യുൽപാദന ശേഷിയുള്ള കന്നു കുട്ടികളെ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

f) തൊഴുത്ത് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

11. കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരുടെ കന്നുകുട്ടികൾക്ക്, ആൺകുട്ടികൾക്ക് മൂന്നു മാസം മുതൽ ഒന്നരമാസം വരെയും പെൺകുട്ടികൾക്ക് 30 മാസം വരെയോ പ്രസവിക്കുന്നത് വരെയോ നിർദ്ദിഷ്ട അളവിൽ കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

12. കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി പടന്ന വില്ലേജിൽ ഇൻഷൂറൻസ് പദ്ധതി പടന്ന മൃഗാശുപത്രി മുഖാന്തിരം നടപ്പിൽ വരുത്തണം.

13. പഞ്ചായത്തിൽ ഒരു അറവുശാലക്ക് മാത്രമായി ലൈസൻസ് നൽകുകയും, കന്നുകുട്ടികൾ, ഗർഭിണികൾ, കറവുള്ളവ, മാറാരോഗമുള്ളവ എന്നിവയെ മാംസത്തിനുവേണ്ടി കശാപ്പുചെയ്യുന്നത് ഒഴിവാക്കാൻ നടപടികൾ ഉണ്ടാകണം. ഇതിനായി മൃഗ ഡോക്ടറുടെ പരിശോധനക്ക് വിധേയമാക്കി സീൽ ചെയ്ത മൃഗങ്ങളെ മാത്രം മേൽ സൂചിപ്പിച്ച അറവുശാലയിൽ നിന്നും അറവു നടത്തി വില്പന നടത്തേണ്ടതും അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പട്ടിക – 5

മൃഗം	ഗർഭധാരണത്തിന് ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ
പശു	96	9
കിടാരി	24	11
എരുമ	25	6

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക – 6

വിവരം	പശു	എരുമ	ആട്	പട്ടി
പ്രതിരോധകുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം	-	-	-	124
കടിയേറ്റതിനുശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം	13			21

അവലംബം : ദ്വിതീയ വിവര ശേഖരണം

14. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ കൊല്ലുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളുക.

15. മൃഗപരിപാലനത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ജനകീയ ഉപദേശക സമിതി രൂപീകരിക്കുക. സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കണം

സ്ഥലം മൃഗഡോക്ടർ, പഞ്ചായത്ത് ഭരണ സമിതിയിലെ 2 പ്രതിനിധികൾ സഹകാരികളുടെ ഒരു പ്രതിനിധി ഓരോ വാർഡിൽനിന്നും കർഷകരുടെ ഓരോ പ്രതിനിധികൾ – മൊത്തം 13 പേർ

മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്ന് കാര്യങ്ങൾ അവരലോകനം ചെയ്യേണ്ടതാണ്.

സമിതിയുടെ കടമകൾ

1. ഈ മേഖലയിൽ സാമ്പത്തിക ആനുകൂല്യം ലഭിക്കേണ്ടുന്ന ഗുണഭോക്താക്കളെ കണ്ടെത്തുക.

2. കർഷകർ പദ്ധതി ലക്ഷ്യം നിറവേറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുക.

3.സഹകരണസ്ഥാപനങ്ങളുടെയും മൃഗാശുപത്രികളുടെയും സേവനം പരിശോധിച്ച് ഉറപ്പുവരുത്തുക.

4. കർഷകർക്കാവശ്യമായ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.

മത്സ്യബന്ധനം

പടന്ന പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശം ഏഴര കിലോ മീറ്ററോളം നീണ്ടുകിടക്കുന്ന പുഴയാണ്. അഴിത്തല മാത്രമാണ് കടലുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശം. അഴിത്തലയിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങളും മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. ഓരി, മാച്ചിക്കാട്, കൊക്കാൽ, തെക്കേക്കാട് തുടങ്ങിയ പ്രദേശത്തുള്ളവരാണ് പ്രധാനമായും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നത്. അടുത്തകാലത്തായി വിദേശനണ്യം നേടിത്തരുന്ന ഉൾനാടൻ മത്സ്യകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ പഞ്ചായ്ത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

പുഴയിൽനിന്നും പ്രധാനമായി മാലാൻ, ഏട്ട, ചെമ്പല്ലി, പ്രാച്ചി, ചെമ്മീൻ, നോങ്ങൽ, ഞണ്ട്, തുടങ്ങിയവയാണ് പ്രധാനമായും ശേഖരിക്കുന്നത്. കക്ക, കല്ലുമ്മക്കായ, മുരു, തുടങ്ങിയ ജലസമ്പത്തും സുലഭമാണ്. മത്സ്യഉപഭോ ഗത്തിന്റെ 75% പുറമെനിന്നും വരുന്ന കടൽ മത്സ്യങ്ങളാണ്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മത്സ്യത്തിന്റെ ഒരു മാസത്തെ ഉപഭോഗം 150 കിന്റലാണ്.

പഞ്ചായത്തിൽ 363 പേർ മത്സ്യബന്ധനത്തിലേർപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. പടന്ന പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്ക് മാത്രമായി സഹകരണ സംഘം ഇന്നു നിലവിലില്ല. നമ്മുടെ പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്കു സാധിക്കുന്നില്ല.

ചെമ്മീൻ കൃഷിചെയ്യുന്നതിനു വേണ്ടി പുഴയിൽ ബണ്ടുകൾകെട്ടുന്നതും ഗതാഗത സൗകര്യത്തിനായി ബണ്ടുകൾകെട്ടി വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടു ത്തുന്നതും ചകിരി, ചകിരിച്ചോറ് എന്നിവ വെള്ളത്തിൽ നിക്ഷേപിക്കുന്നത് മൂലം ഉണ്ടാകുന്ന മാലിന്യങ്ങളും മത്സ്യസമ്പത്തിന് ഭീക്ഷണി ഉണ്ടാക്കുന്നു. പുഴ മണ്ണിട്ട് നികത്തുന്നത്കൊണ്ട് പുഴയുടെ വിസ്തൃതി കുറഞ്ഞു വരികയും ഇത് മൂലംപരമ്പരാഗത മത്സ്യത്തൊഴ ിലാളികൾക്ക് തൊഴിലവസരങ്ങൾ ഏറെ നഷ്ടപ്പെടുന്നു. പുഴയിൽനിന്നും ക്രമാതീതമായി മണ്ണെടുക്കുന്നത് കൊണ്ട് കരയിടിച്ചിൽ രൂക്ഷമായി തുടരുന്നു.

പഞ്ചായത്തിൽ അഴിത്തല നിവാസികൾ മാത്രമെ കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നുള്ളൂ. കുറ്റിവല ഉപയോഗിച്ച് പുഴയിൽ പരമ്പരാഗത മത്സ്യബന്ധന ത്തിലേർപ്പെട്ടവർ ഇവിടങ്ങളിൽ കുറവല്ല. കുറ്റിവല ഉപയോഗിച്ചകൊണ്ട് പുഴയിൽ പരമ്പരാഗത മത്സ്യബന്ധനത്തിന് സാധ്യത ഏറെയുള്ള പഞ്ചായത്താണ് നമ്മുടേത്. ആവശ്യമുള്ള മത്സ്യത്തൊഴി ലാളിക ുടുംബങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിന് നിയമ നടപടികൾ ലഘൂകരിക്കേണ്ടതുണ്ട്.

ഒന്നാം വാർഡിൽപ്പെട്ട ഓരിപ്പുഴയിൽ കക്കയും മുരുവും സുലഭമായി ലഭിക്കുന്നുണ്ട്. കക്കത്തോടും മുരുവിന്റെ തോടും നല്ല വ്യാവസായിക അസംസ്കൃത വസ്തുക്കളാണ്. വേണ്ടരൂപത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. കേരളത്തിലെ മറ്റുജില്ലകളിൽ നല്ല വിലയും മാർക്കറ്റും ഉള്ള കക്കയിറച്ചിയും മുരുഇറച്ചിയും ഇന്ന് തുച്ഛമായ വില നൽകി ഇടത്തട്ടുകാർ തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്.

വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷിചെയ്യുന്ന 10 ഹെ. സ്ഥലം നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ചെമ്മീൻകൃഷിക്ക് വേണ്ടി പഞ്ചായത്തി ൽനിന്നും പുഴ ലീസിനു വാങ്ങി കൃഷിചെയ്യാതെ കൈവശം വെച്ചിട്ടുള്ള പ്രദേശവും വിരളമല്ല. വ്യക്തികൾക്ക് പുഴപ്രദേശം ലീസിന് കൊടുക്കുന്നതോടൊപ്പം ഗ്രൂപ്പ് അടിസ്ഥാനത്തിലും ഈ സംരംഭത്തെ പ്രോത്സാ ഹിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മറ്റുപ്രദേശങ്ങളിലുള്ള ശുദ്ധജലാശയങ്ങളിലും ചെമ്മീൻകൃഷിക്ക് സാധ്യതകൾ ഏറെയാണ്. കണ്ണൂർ-കാസർഗോഡ് ജില്ലകളിൽതന്നെ ഏറ്റവും കൂടുതൽ ചെമ്മീൻകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന പഞ്ചായത്താണ് നമ്മുടേത്. ചെമ്മീൻകൃഷി ശാസ്ത്രീയമായി പ്രോത്സാഹിപ്പി ക്കുകയാണെങ്കിൽ ഒരി പീലിംഗ് യൂണിറ്റിനും മത്സ്യ ജൈവവള നിർമ്മാണ യൂണിറ്റിനും ഇവിടെ സാധ്യതകൾ

ഉണ്ട്. ഇതോടുകൂടി സഹകരണ അടിസ്ഥാനത്തിൽ ചെമ്മീൻഗ്രമമായി പടന്ന പഞ്ചായത്തിനെ പ്രഖ്യാപിക്കാൻ കഴിയും.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യ ഫെഡിന്റെ ഒരുപ്രോജക്ട് ഓഫീസ് പടന്നയിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമപദ്ധതികൾ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാകുന്ന രൂപത്തിൽ ഇതിന്റെ പ്രവർത്തനംകാര്യക്ഷമമാക്കേണ്ടതുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിന് രണ്ട്പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 25000രൂപ തോണിയും വലയും വാങ്ങുന്നതിന് പ്രോജക്ട് ഓഫീസ് സഹായം നൽകുന്നുണ്ട്. ഇത് വേണ്ടരീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ ഒരു ഗ്രൂപ്പിന് 150 രൂപയെങ്കിലും ദിനം പ്രതി വരുമാനമുണ്ടാക്കാൻ കഴിയും. കക്കയിറച്ചി സംഭരണത്തിന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 20000രൂപയും സംസ്കരണത്തിന് 6000രൂപയും വായ്പ നൽകിവരുന്നുണ്ട്. മത്സ്യ വിതരണത്തിന് സൈക്കിൾ, മോപ്പെഡ് തുടങ്ങിയവ വാങ്ങുന്നതിനും സഹായം ലഭ്യമാക്കുന്നുണ്ട്. മത്സ്യഫെഡ് പ്രോജക്റ്റ് ഓഫീസ് മുഖേന നൽകിവരുന്ന സഹായങ്ങൾ യഥാർത്ഥ മത്സ്യതൊഴിലാളികൾക്ക് തന്നെയാണ് ലഭ്യമാക്കുന്നത് എന്ന് ഉറപ്പു വരുത്താൻ തൊഴിലാളികളെ ബോധവൽകരിക്കേണ്ടതുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന MPEDA (Marine Production Export Development Authority) എന്ന സ്ഥാപനമാണ് ചെമ്മീൻ കൃഷിക്ക് വേണ്ടുന്ന സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകിവരുന്നത്. ഹെക്ടറിന് 30000രൂപ സബ്സിഡിയും നിർമ്മാണ ചെലവിന്റെ 80% തുക വായ്പയും പ്രസ്തുത സ്ഥാപനം നൽകിവരുന്നു. ചെമ്മീൻ വിത്തും തീറ്റയും ആവശ്യത്തിന് യഥാസമയം ലഭിക്കുന്നില്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ വരുന്ന രോഗത്തിന് ഫലപ്രദമായ ചികിത്സ ഇതുവരെയും കണ്ടെത്തിയിട്ടില്ല. കേരളത്തിൽ ഇതിന്റെ ആസ്ഥാനം എറണാകുളത്താണ്. ഒരു മേഖലാ ഓഫീസ് കണ്ണൂരിൽ പ്രവർത്തിക്കുന്നുണ്ട്. ADAC (Agency for Development of Aqua Culture) കുവൈത്ത് ഗവൺമെന്റിന്റെ CMFRA (Centre for Marine Fisheries Reserch Agency) തുടങ്ങിയ സ്ഥാപനങ്ങളും ഈ രംഗത്ത് സഹായങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് മേൽ പറഞ്ഞ ഏജൻസികൾ നൽകിവരുന്ന സഹായങ്ങളേയും സാങ്കേതിക നിർദ്ദേശങ്ങളേയും കുറിച്ച് ബോധവൽകരണം അത്യാവശ്യമാണ്. മത്സ്യ ബന്ധനത്തിന് സംസ്ഥാന സർക്കാർ FFDA എന്ന സ്ഥാപനം വഴിയാണ് സഹായങ്ങൾ നൽകിവരുന്നത്. ഓരുജല ശുദ്ധജല മത്സ്യ കൃഷിക്ക് സാമ്പത്തിക സഹായവും ഇവർ നൽകി വരുന്നു. നമ്മുടെ പഞ്ചായത്തിൽ തെക്കേക്കൊടിനും കൊക്കാലിനും ഇടയിലുള്ള പുഴയിലും, ഓരി – എടക്ക പ്രദേശത്തുള്ള പുഴയിലും ഓരുജല മത്സ്യ കഷിക്ക് സാധ്യത വളരെ കൂടുതലാണ്. ഏർപ്പുഴ ശുദ്ധജല മത്സ്യ കൃഷിക്കും അനുയോജ്യമാക്കാവുന്നതാണ്.

മത്സ്യ വിപണനത്തിന് പഞ്ചായത്തിൽ മത്സ്യ മാർക്കറ്റ് നിലവിലുണ്ടെങ്കിലും, അത് ഉപയോഗപ്പെടുത്താതെ റോഡരികിൽ വെച്ചാണ് മത്സ്യ വിപണനം നടത്തുന്നത്. ഇതു മൂലം പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാകുന്നു. ഇതൊഴിവാക്കുന്നതിന് നിലവിലുള്ള മത്സ്യ മാർക്കറ്റ് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. മത്സ്യവിപണനം നടത്തുന്ന തൊഴിലാളികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. മിച്ചംവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് ഏർപ്പെടുത്തേണ്ടതാണ്.

മത്സ്യ തൊഴിലാളികൾ തിങ്ങി പാർക്കുന്ന അഴിത്തല, കോരി, തെക്കേകൊട് എന്നീ പ്രദേശങ്ങളിൽ പാർപ്പിട പ്രശ്നം രൂക്ഷമാണ്. കക്കൂസും, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഈ ഭാഗങ്ങളിൽ താമസിക്കുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്കില്ല. 4 കി.മീ. ദൂരെയുള്ള നീലേശ്വരം പഞ്ചായത്തിലെ പ്രൈമറി സ്കൂളിലാണ് ഇവിടുത്തെ കുട്ടികൾ പഠിക്കുന്നത്. പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല

പ്രശ്നങ്ങൾ

1. പുഴ മണ്ണിട്ട് നികത്തുന്നതുമൂലം പുഴയുടെ വിസ്തൃതി കുറഞ്ഞു വരുന്നു.

2. മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ സംവിധാനങ്ങളില്ല.

3. ഉൾനാടൻ പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യ കൃഷിക്ക് സാധ്യതകൾ ഏറെയാണെങ്കിലും യാതൊരുവിധ പ്രോത്സാഹനവും ഇല്ല.

4. മത്സ്യ തൊഴിലാളി സ്ത്രീകൾക്കും തൊഴിലവസരങ്ങൾ കുറവാണ്. മെച്ചപ്പെടുത്താൻ നടപടികൾ ഉണ്ടാകുന്നില്ല.

5. ഗതാഗത സൗകര്യത്തിനായി ഉണ്ടാക്കുന്ന ബണ്ടുകൾ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്നത് മൂലം മത്സ്യ സമ്പത്ത് കുറഞ്ഞ് വരുന്നു.

6. വളരെയേറെ കാലമായി നാം ക്രമാതീതമായി മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുന്നു.

7. മത്സ്യ സംഭരണത്തിനും, സംസ്കരണത്തിനും, വിപണനത്തിനും ആധുനിക സംവിധാനങ്ങളോ പൊതുസംവിധാനങ്ങളോ ഇല്ല.

8. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് സംവിധാനങ്ങളില്ല.

9. വർഷ കാലത്ത് കണ്ടു വരുന്ന മത്സ്യരോഗം തടയാൻ ഫലപ്രദമായ നടപടികൾ ഒന്നും തന്നെയില്ല.

10. പഞ്ചായത്തിൽ മത്സ്യ വിപണനത്തിന്

മാർക്കറ്റുണ്ടെങ്കിലും പ്രയോജനപ്പെടുത്തുന്നില്ല.

11. കല്ലുമ്മക്കായ് കൃഷിക്ക് സാധ്യതകൾ ഏറെയുണ്ടെങ്കിലും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

12. കക്ക, മുരു എന്നിവ ധാരാളം ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ സംസ്കരണ സാധ്യതകൾ ഒന്നും തന്നെയില്ല.

13. ക്ഷേമനിധിയിൽ എല്ലാ മത്സ്യത്തൊഴിലാളികളും അംഗങ്ങളല്ല.

14. അറവ് മാലിന്യങ്ങളും, ചകിരിയും, ചകിരിച്ചോറും പുഴയിൽ നിക്ഷേപിക്കുന്നതുമൂലം മത്സ്യ സമ്പത്ത് വമ്പിച്ച ഭീഷണി നേരിടുന്നു.

15. പഞ്ചായത്തു തലത്തിൽ മൽസ്യത്തൊഴിലാളി സഹകരണസംഘം ഇല്ല.

16. രാത്രി കാലങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ സംരക്ഷണത്തിന് യാതൊരു സംവിധാനങ്ങളും ഇല്ല.

17. പഞ്ചായത്തിൽ നിലവിൽ എവിടെയും ഫിഷ് ലാന്റിങ്ങ് സൗകര്യം ഇല്ല.

18. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾഒന്നും തന്നെ ഇല്ല.

19. കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്തിന്റെ സംരക്ഷണം ഫലപ്രദമല്ല.

സാധ്യതകൾ

1. പുഴപ്പുറമ്പോക്ക് പ്രദേശം മണ്ണിട്ട് നികത്തുന്നത് കർശനമായി തടയുക.

2. പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് വള്ളവും വല നിർമ്മാണ യൂണിറ്റ് ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് വലയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

3. അഴിത്തലയിൽ മാത്രമായി മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

4. പഞ്ചായത്തിലെ ജലസേചന സൗകര്യത്തിന് ഉണ്ടാക്കിയിട്ടുള്ള എല്ലാ കുളങ്ങളിലും ഗ്രൂപ്പടിസ്ഥാനത്തിൽ ശുദ്ധജലമത്സ്യകൃഷി നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

5. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എല്ലാ സമയങ്ങളിലും തൊഴിൽ ലഭ്യമാക്കാൻ കുടിൽ വ്യവസായങ്ങൾ (ചെമ്മീൻ, കക്ക, മീൻ ഉണക്കൽ, അച്ചാർ നിർമ്മാണം) ആരംഭിക്കുക.

6. നിലവിലുള്ള എല്ലാ ബണ്ടുകൾക്കും പാലം കെട്ടി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക.

7. മത്സ്യസംസ്ക്കരണത്തിനും, സംഭരണത്തിനും, വിതരണത്തിനും അഴിത്തലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പീലിങ്ങ് യൂണിറ്റും ജൈവവള നിർമ്മാണയൂണിറ്റും ആരംഭിക്കുക.

8. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഐസ്പ്ലാന്റ് സ്ഥാപിക്കുക.

9. മത്സ്യരോഗം ഫലപ്രദമായി തടയുന്നതിന്, ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുക.

10. വളരെക്കാലമായി മത്സ്യസമ്പത്ത് ക്രമാതീതമായി ചൂഷണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ ഓരോവർഷവും മത്സ്യവിത്ത് കടലിലും, പുഴയിലും വിതയ്ക്കുക.

11. പടന്നയിൽ നിലവിലുള്ള മത്സ്യമാർക്കറ്റിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിച്ച് മത്സ്യവിപണനം മാർക്കറ്റിൽ മാത്രം കേന്ദ്രീകരിക്കുക.

12. പഞ്ചായത്തിലുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കുക.

13. ഏറെ സാധ്യതകൾ ഉള്ള കല്ലുമ്മക്കായ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി, കൊക്കാൽ, ഓരി, അഴിത്തല എന്നിവിടങ്ങളിൽ D.W.C.R.A. യൂണിറ്റുകൾ അടിയന്തിര പ്രാധാന്യത്തോടെ രൂപീകരിക്കുക.

14. പഞ്ചായത്തിലെ പുഴകളിൽ കക്കയും, മുരുവും, സുലഭമാണ്. കക്ക, മുരു സംസ്ക്കരണം യന്ത്രത്തിന്റെ സഹായത്തോടുകൂടി നടത്തുന്നതിന് വേണ്ടിയും DWCRA യൂണിറ്റുകൾ രൂപീകരിച്ച് വിപണനം നടത്തുന്നതിന് വേണ്ടിയുമുള്ള സംവിധാനം ഉണ്ടാക്കുക.

15. നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി അറവ് മാലിന്യങ്ങളും, ചകിരിയും, ചകിരിച്ചോറും പുഴയിൽ നിക്ഷേപിക്കുന്നുണ്ട്. ഇത് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

16. രാത്രികാലങ്ങളിൽ മത്സ്യബന്ധനം നടത്തുമ്പോൾ അപകട സാധ്യത കൂടുതലാണ്. ഇത് പരിഹരിക്കാൻ പുഴയോരങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

17. പടന്ന ബോട്ടുജെട്ടി, അഴിത്തല, ഓരി, തെക്കേകൊട് എന്നിവിടങ്ങളിൽ ഫിഷ് ലാന്റിങ്ങ് സെന്ററുകൾ സ്ഥാപിച്ച് ഇവിടങ്ങളിലേക്ക് പോക്കറ്റ് റോഡുകൾ നിർമ്മിക്കണം.

18. കേന്ദ്ര സംസ്ഥാന സർക്കാറുകൾ മുഖേനെയുള്ള

സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉപയോഗപ്പെടുത്തുവാൻ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തണം.

19. കടലാക്രമണം രൂക്ഷമായി നേരിടുന്ന അഴിത്തല പ്രദേശം കടൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

20. അഴിത്തലയിൽ ഒരു നഴ്സറി സ്കൂളും എൽ.പി. സ്കൂളും അനുവദിക്കണം.

21. കക്കൂസും കുടിവെള്ളവും ഇല്ലാത്ത കുടുംബങ്ങൾക്ക് ഇവ ലഭ്യമാക്കുക.

22. ദേശീയ മത്സ്യത്തൊഴിലാളി പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ലഭ്യമാകുന്ന ഭവന നിർമാണ ഗ്രാന്റ് മുഴുവൻ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതോടോപ്പം ഗ്രാന്റ് 50000രൂപയാക്കി വർദ്ധിപ്പിക്കുക.

* * * *

6

വിദ്യാഭ്യാസം

വ്യക്തിയുടെയും,പ്രദേശത്തിന്റേയും രാജ്യത്തിന്റേയും സർവ്വതോൻമുഖമായ വളർച്ചക്കും വികസനത്തിനും സഹായിക്കുന്ന പ്രവർത്തനമാണ് വിദ്യാഭ്യാസം. 5 വയസ്സ് തികഞ്ഞ ഏതാണ്ട് എല്ലാ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം നൽകുവാനും, ഹൈസ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 100% സാക്ഷരത കൈവരിക്കാനും കഴിഞ്ഞിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാഭ്യാസ രംഗത്ത് ഭരണഘടനാവാഗ്ദാനം പാലിക്കാൻ നമ്മുടെ സംസ്ഥാനത്തിൽ കഴിഞ്ഞിരിക്കുന്നു. എന്നാൽ പഠന നിലവാരത്തിൽ നമ്മുടെ സ്കൂളുകൾ പിന്നോക്കം പോയിക്കോണ്ടിരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികളിൽ 30 - 40% അക്ഷര ജ്ഞാനം പോലും വേണ്ടത്ര സ്വായത്തമാക്കാത്തവരാണ് എന്ന് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. സർക്കാരിന്റെ വിഭവശോഷണം മൂലം ഗുണനിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. നൽകി വരുന്ന വിദ്യാഭ്യാസം നിത്യ ജീവിതവുമായി ബന്ധമില്ലാത്തതാണ്. അതുകാരണം നല്ലൊരു ഭാഗം രക്ഷിതാക്കളും കുട്ടികളും വിദ്യാഭ്യാസത്തോട് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. പഴഞ്ചൻ ബോധന രീതി ക്ലാസ് മുറികളിലെ ജീവിതം വിരസമാക്കി തീർക്കുന്നു. ഇതെല്ലാം പഠന നിലവാര തകർച്ചയ്ക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്.

നമ്മുടെപഞ്ചായത്തിലെ വിദ്യാർത്ഥികൾക്കിടയിലും പഠന നിലവാര തകർച്ച പ്രകടമായി കാണപ്പെടുന്നു. സർക്കാരിനോടൊപ്പം തന്നെ സമൂഹവും മുഖ്യ പങ്ക് വഹിച്ചാൽ മാത്രമേ ഈ രംഗത്ത് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയൂ. രക്ഷിതാക്കളിലും കുട്ടികളിലും വിദ്യാഭ്യാസത്തോട് താൽപര്യം ഉണ്ടാക്കിയെടുക്കാൻ ഈ നടപടി സഹായിക്കും. അതോടൊപ്പം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും, അധ്യാപകരിൽ കർത്തവ്യനിഷ്ഠ ഉണ്ടാക്കിയെടുക്കാനും കഴിയും.

അധികാര വികേന്ദ്രീകരണം വഴി പ്രൈമറി സ്കൂളുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്കും, യു.പി., ഹൈസ്കൂൾ എന്നിവയുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകൾക്കും ലഭിച്ചിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ ഐക്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യം ഇതുവഴി നമുക്ക് ലഭിച്ചിരിക്കുന്നു.

പടന്ന പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗം മൊത്തത്തിൽ അഭിമാനകരമായ തലത്തിലല്ല. പഴയ തലമുറയിൽ നല്ലൊരു വിഭാഗം പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്തവരാണ്. പഴയ കാല സാമൂഹ്യ സാമ്പത്തിക വ്യവസ്ഥ അധ:സ്ഥിതരുടെ വിദ്യാഭ്യാസം മുടക്കി. മേൽതട്ടുകാരാകട്ടെ താൽപര്യക്കുറവും സൗകര്യക്കുറവും കാരണം പറയത്തക്ക നേട്ടങ്ങളൊന്നും കൈവരിച്ചതുമില്ല. നമ്മുടെ പഞ്ചായത്തിലെ പടന്ന പ്രദേശത്തെ മുസ്ലീങ്ങൾ സമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് വിമുഖത പുലർത്തിപ്പോന്നു. ഓത്തുപള്ളികളിൽ വച്ച് മതപഠനത്തോടോപ്പം തന്നെ നേടിയ അറബി മലയാള പഠനം മാത്രമായിരുന്നു അവരുടെ നേട്ടം. മതപഠന രംഗത്ത് വളരെയേറെ മുന്നോക്കം പോകാൻ അക്കാലത്ത് കഴിഞ്ഞിരുന്നു. പക്ഷേ ആധുനിക വിദ്യാഭ്യാസ രംഗം മുരടിച്ച് തന്നെ നിന്നു. ഉദിനൂർ പ്രദേശത്ത് ഇതിൽനിന്നും വ്യത്യസ്തമായ നിലയിലായിരുന്നു. 250 വർഷങ്ങൾക്ക് മുമ്പ്തന്നെ തടിയൻകൊവ്വലിൽ താളിയോല ഗ്രന്ഥപഠനം നടന്നിരുന്നതായി പറയപ്പെടുന്നു. ആയൂർവ്വേദം, ഇന്ദ്രജാലം, മഹേന്ദ്രജാലം തുടങ്ങിയ വിദ്യകളിൽ പ്രാവീണ്യം നേടിയിരുന്ന പാഞ്ചാലി ഗുരുക്കളായിരുന്നു ആശാൻ. നല്ലൊരു വിഭാഗം ആളുകൾക്ക് പഠിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന കാലമായത് കൊണ്ട് അപൂർവ്വം ചിലരെ മാത്രമെ ആശാന്റെ 'എഴുത്തു വീട്ടി'ൽ പഠിപ്പിച്ചിരുന്നുള്ളൂ. തുടർന്നുള്ള കാലഘട്ടത്തിൽ നാട്ടെഴുത്തച്ഛൻമാരും സീതിമാരും നടത്തിയിരുന്ന 'കുടിപ്പള്ളിക്കുട'ങ്ങളിലായിരുന്നു പലരുടേയും വിദ്യാഭ്യാസം.

നമ്മുടെ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ മേഖല സ്കൂൾതല വിദ്യാഭ്യാസത്തിൽ ഒതുങ്ങിനിൽക്കുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് മുൻതൂക്കം. ഒരു എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും 2 എയ്ഡഡ് യു.പി. സ്കൂളുകളും, 4 എയ്ഡഡ് എൽ.പി. സ്കൂളുകളുമാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നത്. കൂടാതെ 2 അൺ എയ്ഡഡ് എൽ.പി.സ് കൂളുകളും ഉണ്ട്. സർക്കാർ മേഖലയിലാകട്ടെ ഒരു ഹൈസ്കൂളും, ഒരു യു.പി. സ്കൂളും മാത്രമാണ് ഉള്ളത്. സർക്കാർ സ്കൂളുകളിൽ 1951 കുട്ടികൾ പഠിക്കുന്നുണ്ട്. അധ്യാപകരുടെ എണ്ണം 62 ആണ് സ്വകാര്യ മേഖലയിലെ എയ്ഡഡ് സ്കൂളുകളിൽ മൊത്തം 3301കുട്ടികളും 118 അധ്യാപകരുമാണുള്ളത്. വൊക്കേഷണൽ കോഴ്സുകളിൽ പഠിച്ച് വരുന്ന കുട്ടികൾ 96 ;ജോലിചെയ്യുന്ന അധ്യാപകർ 10. അൺഎയ്ഡഡ് സ്കൂളുകളിൽ 405 കുട്ടികളും 11 അധ്യാപകരുമാണുള്ളത്. (പട്ടിക 1)

പട്ടിക 1 – കുട്ടികളുടെ എണ്ണം – സ്ക്കൂൾ തിരിച്ചുള്ള കണക്ക്

നമ്പർ	സ്കൂൾ	സ്ഥാപിതം	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	
				ആൺ	പെൺ	ആകെ	ഉള്ളത്	വേണ്ടത്
1	ഉദിനൂർ സൗത്ത് ഇസ്ലാമിയ	1925	എയ്ഡഡ്	118	98	216	9	9
2	ഓരി എ.എൽ.പി.എസ്	1936	"	73	71	144	6	6
3	തടിയൻകൊവ്വൽ എ.എൽ.പി.എസ്	1920	"	121	133	254	8	8
4	തെക്കേക്കാട് എ.എൽ.പി.എസ്	1948	"	98	88	186	6	6
5	റഹ്മാനിയാ അൺ എയ്ഡഡ് പടന്ന	1988	അൺഎയ്ഡഡ്	119	146	265	6	6
6	ഐ.സി.ടി പടന്ന	1982	"	80	60	140	5	5
7	ഉദിനൂർ സെൻട്രൽ എ.യു.പി.എസ്	1935	എയ്ഡഡ്	522	454	976	29	31
8	ഉദിനൂർ എടച്ചാക്കൈ എ.യു.പി.എസ്	1944	"	267	220	487	19	19
9	ജി.യു.പി.എസ് പടന്ന	1929	ഗവ.	582	554	1136	33	34
10	ജി.എച്ച്.എസ്സ് പടന്ന	1981	"	398	417	815	29	29
11	എം.ആർ.വി,എച്ച്. എസ്സ് പടന്ന	1968	എയ്ഡഡ്	582	456	1038	51	51

അവലംബം : ദ്വിതീയ വിവര ശേഖരണം

പ്രീപ്രൈമറി വിഭാഗത്തിൽ എണ്ണപ്പെടാവുന്ന സ്ഥാപനങ്ങൾ 8 എണ്ണം ഉണ്ട്. ഇതിൽ 1 ബാലവാടിയും 1 പഞ്ചായത്ത് ശിശു മന്ദിരവും 1 ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമാണ്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോട് വലിയ ആഭിമുഖ്യം പുലർത്തുന്നവരല്ല. എങ്കിലും അടുത്ത കാലത്തായി ഏതാനം കുട്ടികൾ അയൽ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നുണ്ട്. ഇവിടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ കാഞ്ഞങ്ങാട് നെഹ്രു ആർട്സ് & സയൻസ് കോളേജിനേയും പയ്യന്നൂർ കോളേജിനേയും ആശ്രയിക്കുന്നു. നല്ലൊരു ഭാഗം കുട്ടികൾ പാരലൽ കോളേജുകളിലും പഠിക്കുന്നുണ്ട്. പ്രോഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളുമുണ്ട്.

സ്കൂളുകളിൽ നിന്നു ലഭിച്ച കണക്കു പ്രകാരം 5657 വിദ്യാർത്ഥികളിൽ 2960 ആൺകുട്ടികളും 2697 പെൺകുട്ടികളുമാണുള്ളത്. മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസം ഹൈസ്കൂൾ പഠനത്തോടെ നിർത്തുന്നത് ആശാവാഹമല്ല. ഇതില്ലാതാക്കാൻ ശക്തമായ ബോധവൽ കരണം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ സ്കൂൾ തലത്തിലും പ്രീ-ഡിഗ്രി തലത്തിലും കോച്ചിംഗ് നൽകുന്ന 3 സമാന്തര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസ രംഗത്താകട്ടെ ഏതാനും ഗ്രന്ഥാലയങ്ങളും സാംസ്കാരിക സമിതികളും പരിമിതമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. ഇന്നു നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആദ്യ കാല ചരിത്രവും ഇന്നത്തെ നിലയും സംക്ഷിപ്തമായി പരിശോധിക്കാം.

നമ്മുടെ പഞ്ചായത്തിലെ ആദ്യ വിദ്യാലയം 1920 ൽ ആരംഭിച്ച തടിയൻകൊവ്വൽ എ.എൽ.പി. സ്കൂളാണ്. പരേതനായ പാലായി കണ്ടക്കോരനാണ് ഇതിന്റെ സ്ഥാപകൻ. ഇന്ന് ഈ വിദ്യാലയത്തിൽ 254 കുട്ടികളും 8 അധ്യാപകരും ഉണ്ട്. കരിവെള്ളൂർ സമര നായകൻ കെ. കൃഷ്ണൻ മാസ്റ്റർ ഈ സ്കൂളിലെ ആദ്യകാല അധ്യാപകനായിരന്നു.

1925ൽ സ്ഥാപിതമായ ഉദിനൂർ സൗത്ത് ഇസ്ലാമിയ എ.എൽ.പി. സ്കൂളിൽ(സ്ഥാപകൻ – ടി. മുഹമ്മദ് ഹാജി) ഇപ്പോൾ 216 കുട്ടികളും 9 അധ്യാപകരുമാണുള്ളത്.

1929ൽ സൗത്ത് കാനറ ഡിസ്ട്രിക്ട് ബോർഡ് പടന്ന പഴയ ബസാറിൽ ആരംഭിച്ച ഹയർ എലമെന്ററി സ്കൂളാണ് ഇന്നത്തെ ഗവൺമെന്റ് യു.പി. സ്കൂൾ. ആരംഭകാലത്ത് വിദ്യാലയത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുത്തത് പാറക്കടവത്ത് കുഞ്ഞി മൊയ്തീൻ കുട്ടി, P.K.C. മുഹമ്മദ് കുഞ്ഞി ഹാജി, T.M.C. കുഞ്ഞഹമ്മദ് ഹാജി, തെക്കിൽ ഒബീസ്, മാളിയിൽ മുക്രിക്കാടെ അബൂബക്കർ മുസ്ലിയാർ, K.P. മുഹമ്മദ് ഹാജി എന്നീ മഹദ്വ്യക്തികളായിരുന്നു. പിന്നീട് കെട്ടിട സൗകര്യത്തിന്റെ അപര്യാപ്തതയും ആവശ്യത്തിന് കുട്ടികളില്ലാത്തതും കാരണം എലമെന്ററി സ്കൂളായി തരം താഴ്ത്തപ്പെട്ടപ്പോൾ പടന്ന ജമാ അത്തുൽ ഇസ്ലാം ദർസ്സ് കമ്മറ്റി മുൻകൈയെടുത്ത് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടച്ചുകൊടുത്തു. തൽഫലമായി ഹയർ എലമെന്ററി സ്കൂൾ പുനഃസ്ഥാപിക്കപ്പെട്ടു. ഇക്കാലത്തും വിദ്യാലയത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ ദർസ്സ് കമ്മറ്റി തന്നെയാണ് മുൻകൈ യെടുക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഈ സർക്കാർ വിദ്യാലയത്തിൽ ഇപ്പോൾ 1136 കുട്ടികളും 33 അധ്യാപകരും ഉണ്ട്.

ഉദിനൂർ സെൻട്രൽ A.U.P. സ്കൂൾ സ്ഥാപിതമായത് 1935ൽ ആയിരുന്നു. ഉദിനൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായിരുന്ന പി. നാരായണൻ നായരായിരുന്നു സ്ഥാപകനും ആദ്യ മനേജരും. ഉദിനൂർ പ്രദേശത്തെ ജനങ്ങളെ വിജ്ഞാന രംഗത്ത് പ്രബുദ്ധരാക്കിയതിൽ മുഖ്യമായ പങ്കുവഹിച്ച സ്ഥാപനമാണിത്. 5 ഏക്കറോളം സ്ഥലവും സാമാന്യം ഭേദപ്പെട്ട കെട്ടിടങ്ങളുമുള്ള ഈ വിദ്യാലയത്തിൽ 976 കുട്ടികളും 29 അധ്യാപകരുമാണിന്നുള്ളത്.

അവികസിത പ്രദേശമായ ഓരിയിൽ 1936ൽ മാണിയാട്ട് കെ. കണ്ണൻ മാസ്റ്ററുടെ മാനേജുമെന്റിൻ കീഴിൽ ഇന്നത്തെ A.L.P. സ്കൂൾ സ്ഥാപിച്ചു. ഓലമേഞ്ഞ വാടക കെട്ടിടത്തിലായിരുന്നു തുടക്കം. പ്രസ്തുത കെട്ടിടം ജീർണ്ണിച്ച് നിലംപതിക്കാറായതിനാൽ പള്ളിക്കണ്ടം കൊട്ടൻ പുതിയ കെട്ടിടം വാടക വ്യവസ്ഥയിൽ നിർമ്മിച്ചുകൊടുത്ത് ഈ വിദ്യാകേന്ദ്രം നിലനിർത്തി. പിന്നീട് മാനേജ്മെന്റ് ഇദ്ദേഹത്തിന്റെ പേരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. ഇന്ന് ഈ വിദ്യാലയത്തിൽ 144 കുട്ടികളും 6 അധ്യാപകരുമുണ്ട്.

ഉദിനൂർ എടച്ചാക്കൈ A.L.P. സ്കൂൾ ആരംഭിച്ചത് 1944ൽ ആണ്. പരേതനായ എൻ. അബ്ദുൾ ഖാദറായിരുന്നു സ്ഥാപകനും ആദ്യ മാനേജരും. 1979ൽ U.P. സ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യീലയത്തിൽ 487 കുട്ടികളും 19 അധ്യാപകരുമാണിന്നുള്ളത്.

പടന്ന പഞ്ചായത്തിലെ ഒരു ദ്വീപ് പ്രദേശമായ തെക്കേക്കൊടിൽ 1948ൽ ആണ് ഒരു A.L.P. സ്കൂൾ സ്ഥാപിച്ചത്. പരേതനായ പി. കുഞ്ഞഹമ്മദ് മാസ്റ്ററായിരുന്നു സ്ഥാപകൻ. ഈ വർഷം പഠിച്ച് വരുന്ന കുട്ടികൾ 186 ആണ്. 6 അധ്യാപകരും ഉണ്ട്. ഒരു ദ്വീപെന്ന പരിഗണനവെച്ച് ഇവിടെ ഒരു U.P. സ്കൂൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

1968വരെ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായിരുന്നു. പഴയ തലമുറ നീലേശ്വരം രാജാസ് ഹൈസ്കൂളിനേയും, പയ്യന്നൂർ ഗവ:ഹൈസ്കൂളിനേയും ആശ്രയിച്ച് പഠനം തുടർന്നു. തൃക്കരിപ്പൂർ സർക്കാർ ഹൈസ്കൂളിന്റെ ആരംഭത്തോടേ അൽപം ആശ്വാസവും മുന്നേറ്റവും നേടാൻ കഴിഞ്ഞു.

വിദ്യാഭ്യാസരംഗത്ത് ചടുലമായ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത് 1968 പടന്ന മദ്രസ്സത്തുൽ റഹ്മാനിയ ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതോടെയാണ്. 1981വരെ പരിസര പ്രദേശങ്ങളായ വലിയപറമ്പ, ചന്തേര, ഉദിനൂർ എന്നിവിടങ്ങളിലെ കുട്ടികളും ആശ്രയിച്ചിരുന്നതും ഈ വിദ്യാലയത്തെയാണ്. പടന്ന ജമാഅത്തുൽ ഇസ്ലാം ദർസ്സ് കമ്മിറ്റിയുടെ ഉടമസ്ഥതയിലാണ് വിദ്യാലയം നടന്നുവരുന്നത്. നടത്തിപ്പിനുള്ള സബ്കമ്മിറ്റിയുടെ പ്രസിഡണ്ട് എന്നനിലയിൽ തുടക്കം മുതൽ ഇന്നു വരെ മാനേജർ സ്ഥാനം വഹിച്ചുവരുന്നത് വി.കെ.പി. ഖാലിദ് ഹാജിയാണ്. 1995ൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ 942 വിദ്യാർത്ഥികളും 41 അദ്ധ്യാപകരും ഹയർസെക്കന്ററി വിഭാഗത്തിൽ 96 വിദ്യാർത്ഥികളും 10 അദ്ധ്യാപകരും ഈ വിദ്യാലയത്തിലുണ്ട്.

പടന്നയിലെ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് എന്നും താങ്ങും തണലും നൽകി വന്നത് പടന്ന ജമാഅത്തുൽ ഇസ്ലാം ദർസ്സ് കമ്മിറ്റിയാണ്. മതവിദ്യാഭ്യാസകാര്യത്തിൽ അഭിമാനകരമായ നേട്ടങ്ങൾക്ക് മേതൃത്വം കൊടുക്കാൻ കഴിഞ്ഞ പ്രസ്തുത സംഘടന തന്നെയാണ് ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് മുൻപന്തിയിലുണ്ടായിരുന്നത്.

സർക്കാർ മേഖലയിൽ രണ്ടാമത്തെ സംരംഭമാണ് ഉദിനൂർ ഗവ. ഹൈസ്ക്കൂൾ. 1981 ൽ ആരംഭിച്ച ഈ വിദ്യാലയം തുടക്കം മുതൽ ഇന്നുവരെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. 1986 വർഷത്തിൽ S.S.L.C. പരീക്ഷയിൽ 100% വിജയം കൈവരിക്കുന്നതിനും ഈ വർഷം നമ്മുടെ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നതിനും. സാധിച്ചിട്ടുണ്ട്. ശ്രി. കെ.എം.സുബ്രമഹ്ണ്യൻ നമ്പീശൻ ഏകാദ്ധ്യാപകനായി ആരംഭിച്ച ഘട്ടത്തിൽ അദ്ധ്യാപന രംഗത്ത് അദ്ദേഹത്തെ സഹായിച്ചത് പ്രദേശത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരായിരുന്നു. നാട്ടുകാരും PTAയും കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കന്നതിൽ പ്രശംസനീയമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇന്നും ആവശ്യമായ ക്ലാസ്സ്മുറികൾ പോലും ഇല്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഹൈസ്കൂളിൽ മൊത്തം 815 കുട്ടികളും 29 അദ്ധ്യാപകരും ഉണ്ട്.

അൺ എയ്ഡഡ് വിഭാഗത്തിൽ പടന്ന ഇസ്ലാമിക്ക് സെന്റർ ട്രസ്റ്റ് L.P. സ്കൂൾ ആരംഭിച്ചത് 1982ൽ ആണെങ്കിലും സർക്കാർ അംഗികാരം ലഭിച്ചത് 1984ലാണ്. 1 മുതൽ 4 വരെ ക്ലാസുകളിൽ 140 കുട്ടികൾ പഠിച്ചുവരുന്നു. പടന്ന റഹ്മാനിയ അൺ എയ്ഡഡ് സ്കൂൾ ആരംഭിച്ചത് 1987ലാണെങ്കിലും കോടതി വിധിയെ തുടർന്ന് 1991ലാണ് പൂർണ്ണമായും സർക്കാർ അംഗീകാരത്തോടെ പ്രവർത്തനം ആരംഭിച്ചത്. 265 കുട്ടികൾ പഠിച്ചുവരുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന കിനാത്തിലെ പഞ്ചായത്ത് ശിശുമന്ദിരവും മാച്ചിക്കാട്ട് പ്രവർത്തിച്ചുവരുന്ന ബാലവാടിയും ഉൾപ്പെടെ 8 സ്ഥാപനങ്ങൾ ഉണ്ട്. പടന്ന ഖിദ്മത്തുൽ ഇസ്ലാം നഴ്സറി സ്കൂൾ പടന്ന ICT നഴ്സറി സ്കൂൾ വളരെ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നവയാണ്. ഉദിനൂർ തെക്കുപുറം MES നഴ്സറി സ്കൂൾ, എടച്ചാക്കൈ, തെക്കേക്കാട്, ഓരി എന്നിവിടങ്ങളിൽ ഓരോ നഴ്സറി സ്കൂളും പ്രവർത്തിച്ചുവരുന്നു. പടന്നയിൽ MYMA, ICT എന്നീ സാംസ്കാരിക സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ മുഴുവൻ കുഞ്ഞുങ്ങളെയും ഉൾക്കൊള്ളാൻ കഴിയത്തക്കവിധം പ്രീപ്രൈമറി വിദ്യാഭ്യാസം ഏറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു.

ഭൗതിക സാഹചര്യങ്ങളുടെ പട്ടിക നോക്കുമ്പോൾ പ്രൈമറി വിദ്യാലയങ്ങളുടെയും പ്രത്യേകിച്ച് സർക്കാർ വിദ്യാലയങ്ങളുടെ ശോച്യാവസ്ഥ എളുപ്പത്തിൽ മനസ്സിലാവും. മിക്ക പ്രൈമറി സ്കൂളുകളിലെയും ക്ലാസ്മുറികൾ വേർതിരിക്കപ്പെടാത്തവയാണ്. പഠനം കാര്യക്ഷമമായി നടത്തുന്നതിൽ ഇവ ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ തുടങ്ങിയവയും മിക്ക സ്കൂളുകളിലും ഇല്ലെന്നു തന്നെ പറയാം. ഫർണ്ണിച്ചറുകളുടെ അപര്യാപ്തത മിക്കസ്കൂളുകളിലും അനുഭവപ്പെടുന്നുണ്ട്. പടന്ന ഗവ. യു.പി. സ്കൂളും, ഉദിനൂർ ഗവ. ഹൈസ്കൂളും ക്ലാസ്മുറികൾ വേണ്ടത്ര ഇല്ലാതെ വിഷമിക്കുന്നു.

അക്കാദമിക്ക് സൗകര്യങ്ങളുടെ കാര്യത്തിൽ (പട്ടിക കാണുക) മിക്കസ്കൂളുകളും പിന്നിലാണ്. ലബോറട്ടറി, ലൈബ്രറി, എന്നിവയുടെ അപര്യാപ്തതയും,അവ ഉള്ള സ്കൂളുകളിൽ വേണ്ടത്ര ഉപയോഗിക്കാത്ത അവസ്ഥയും നിലവിലുണ്ട്.

പട്ടിക 9 – സ്കൂളുകളിലെ അക്കാദമിക്ക് സൗകര്യങ്ങൾ

	ലൈബ്രറി	ലാബ്	റേഡിയോ	ടേപ്പ് റിക്കാർഡർ	സിനിമ പ്രോജക്ടർ	സ്ലൈഡ് പ്രോജക്ടർ	മൈക്ക്
ഉള്ളത്	6	6	6	6	6	6	6
ഇല്ലാത്തത്	5	6	8	7	10	10	8

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 10 – സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	കുട്ടികൾ	അദ്ധ്യാപകർ	ക്ലാസ്സുകൾ		ഡിവിഷൻ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
				വേണ്ടത്	ഉള്ളത്					
1	ഓരി എ.എൽ.പി.എസ്	144	6	6	5	5	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
2	തെക്കേക്കാട് ALPS	186	6	5	5	5	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
3	തടിയൻകൊവ്വൽ ALPS	254	8	9	9	8	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
4	ഉദിനൂർ സൗത്ത് ഇസ്ലാമിയ	216	9	7	7	7	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
5	റഹ്മാനിയാ അൺ എയ്ഡഡ്	265	6	4	4	4	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6	ഐ.ടി.ശി പടന്ന	140	5	5	4	5	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7	GUPS പടന്ന	1136	34	28	25	28	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
8	ഉദിനൂർ സെൻട്രൽ AUPS	976	31	25	25	25	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
9	ഉദിനൂർ എടച്ചാക്കൈ AUPS	487	19	15	15	14	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
10	GHS ഉദിനൂർ	815	29	21	18	21	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
11	MRVHSS പടന്ന	1038	51	23	28	23	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

അവലംബം : ദ്വിതീയ വിവര ശേഖരണം

ഒന്നാം തരത്തിൽ ചേർക്കപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നില്ല. (പട്ടിക 4 നോക്കുക) മിക്ക പ്രൈമറി സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമായി നടന്നു വരുന്നു. (പട്ടിക 5)

പട്ടിക 4- പഠനം നിർത്തിയവരുടെ എണ്ണം

ആൺ	പെൺ	ആകെ
47	38	85

അവലംബം : ദ്വിതീയ വിവര ശേഖരണം

ഉച്ചക്കഞ്ഞി വിതരണം

നമ്പർ	സ്കൂളിന്റെ പേര്	ആൺകുട്ടികൾ	പെൺകുട്ടികൾ
1	ഓരി ALPS	144	86
2	തെക്കേക്കാട് ALPS	186	186
3	ഉദിനൂർ സൗത്ത് ഇസ്ലാമിയ	216	110
4	തടിയൻകൊവ്വൽ ALPS	254	135
5	GUPS പടന്ന	1136	650
6	ഉദിനൂർ സെൻട്രൽ AUPS	976	585
7	ഉദിനൂർ എടച്ചാക്കൈ AUPS	487	245

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 6 – പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്തികളുടെ എണ്ണം

നമ്പർ	സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ
1	ഉദിനൂർ സൗത്ത് ഇസ്ലാമിയ	-	-	-
2	തെക്കേക്കാട് എ.എൽ.പി.എസ്	-	-	-
3	ഓരി എ.എൽ.പി.എസ്	12	5	17
4	തടിയൻകൊവ്വൽ എ.എൽ.പി. എസ്	10	11	21
5	ജി.യു.പി.എസ് പടന്ന	43	26	69
6	ഉദിനൂർ സെൻട്രൽ എ.യു.പി.എസ്	69	55	124
7	ഉദിനൂർ എടച്ചാക്കൈ എ.യു.പി. എസ്	22	13	35
8	ജി.എച്ച്.എസ്സ് ഉദിനൂർ	26	31	57
9	എം.ആർ.വി,എച്ച്. എസ്സ് പടന്ന	25	40	65
10	റഹ്മാനിയാ അൺ എയ്ഡഡ് പടന്ന	-	-	-
11	ഐ.ടി.ശി പടന്ന	-	-	-

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 6 സൂചിപ്പിക്കുന്നത് പോലെ ഏറ്റവും അധികം പട്ടികജാതി വിഭാഗം കുട്ടികൾ പഠിച്ചുവരുന്നത് ഉദിനൂർ എ.യു.പി. സ്കൂളിലാണ്. ഈ വിഭാഗത്തിൽ മൊത്തം കുട്ടികളുടെ എണ്ണം 388 ആണ്. ഇതിൽ 181 പേർ പെൺകുട്ടികളാണ്. ജനസംഖ്യാനുപാതികമായിത്തന്നെ കുട്ടികൾ പഠിച്ചുവരുന്നു. എന്നാൽ ഇവരുടെ പഠന നിലവാരം തൃപ്തികരമല്ല. S.S.L.C. പരീക്ഷക്ക് ഹാജരാകുന്ന ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം കുട്ടികളും പരാജയപ്പെട്ടു പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇവരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയും കുടുംബ പ്രാരാബ്ധവും രക്ഷിതാക്കളുടെ നിസ്സംഗതയും പരാജയത്തിനുള്ള പ്രധാന കാരണങ്ങളാണ്.

ലോവർ പ്രൈമറി സ്കൂളുകളിൽ പഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാണെങ്കിലും മിക്ക കുട്ടികളും അക്ഷരം ഉറക്കാത്തവരാണ്. ലോവർ പ്രൈമറി വിദ്യലയങ്ങളിലെ സിലബസിൽ കാലോചിതമായ പരിഷ്കാരം ആവശ്യമാണ്. മുസ്ലീം കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യസവും മതപഠനവും ഒന്നിച്ച് കൊണ്ടുപോകാൻ കഴിയാതെ വരുന്നു. പഠന നിലവാരം ഉയർത്തുന്നതിന് കാലോചിതമായി പ്രൈമറി വിദ്യാലയങ്ങളിലെ സിലബസ് പരിഷ്കരിക്കണം. അതോടൊപ്പം തന്നെ മത വിദ്യാഭ്യാസവും സ്കൂൾ വിദ്യഭ്യാസവും ഒന്നിച്ചു കൊണ്ടുപോകത്തക്കവിധം സമയത്തിൽ പുനഃക്രമീകരണം ആവശ്യമാണ്. പഠനം പാൽപായസം അദ്ധ്യാപനം അതിമധുരം – ബോധന രീതി ക്ലാസ്സുകൾ ചൈതന്യവത്താക്കാൻ സഹായിക്കും.

പാഠ്യേതര രംഗത്ത് നമ്മുടെ സ്കൂളുകളിൽ ചിലത് ഏറെ മുന്നിലാണെങ്കിലും മറ്റ് സ്കൂളുകൾ ഈ രംഗത്ത് വേണ്ടത്ര ശുഷ്കാന്തികാണിക്കേണ്ടതുണ്ട്. എ.യു.പി.എസ്. ഉദിനൂർ സെൻട്രൽ എ.എൽ.പി.എസ്. തടിയൻക്കൊവ്വൽ, ജി.എച്ച്.എസ്. ഉദിനൂർ എന്നിവ കലാകായിക രംഗത്ത് ഏറെ മുന്നിൽനിൽക്കുന്നു.

സമാന്തര വിദ്യാഭ്യാസ രംഗത്ത് പുത്തൻ ആശയങ്ങളുമായി പ്രവർത്തിക്കുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം നമ്മുടെ

പഞ്ചായത്തിൽ സ്തുത്യർഹമാണ്. വിജ്ഞാനോത്സവം പോലുള്ള പരീക്ഷകൾ ഇതിന് ഉദാഹരണമാണ്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പഠന നിലവാരം ഉയർത്താനും പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന തൽപരരായ മുഴുവൻ ആളുകളുടെയും സഹകരണത്തോടെ സമഗ്രമായ ജനകീയ വിദ്യാഭ്യാസ പരിപാടിക്ക് രൂപം നൽകണം. പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കുകയും ഓരോ വിദ്യാലയത്തിനും ശക്തമായ PTA, MPTA വിദ്യാലയ സംരക്ഷണ സമിതി എന്നിവയുണ്ടാക്കി പ്രവർത്തനം കാര്യക്ഷമമാക്കണം.

പട്ടിക 2 – സ്കൂൾ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ വന്ന വ്യത്യാസം

നമ്പർ	സ്കൂളിന്റെ പേര്	1994-95			1995-96			1996-97		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഉദിനൂർ സൗത്ത് ഇസ്ലാമിയ	32	22	54	17	15	32	33	24	57
2	തടിയൻകൊവ്വൽ ALPS	22	32	54	21	16	37	19	27	46
3	തെക്കേക്കാട് ALPS	12	18	30	15	20	35	10	16	26
4	ഓരി ALPS	9	18	27	20	12	32	9	16	25
5	റഹ്മാനിയ അൺ എയ്ഡഡ് പടന്ന	55	65	120	50	67	117	48	40	88
6	ഐ.സി.ടി പടന്ന	25	32	57	20	21	41	20	29	49
7	ഉദിനൂർ സെൻട്രൽ AUPS	22	19	41	36	27	63	42	43	85
8	ഉദിനൂർ എടച്ചാക്കൈ AUPS	32	30	62	31	25	56	29	28	57
9	GUPS പടന്ന	30	35	65	40	57	97	61	59	120

ആവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 3 – ഗവ: സ്കൂളുകളിലെ അധ്യാപരുടെയും വിദ്യർത്ഥികളുടെയും കണക്ക്

പഞ്ചായത്തിലെ ആകെ അധ്യാപകർ	ഗവ:സ്കൂളുകളിലെ അധ്യാപകർ	ശതമാനം	പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ	ഗവ:സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
201	62	30	5657	1951	36.2

ആവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 7 1996-97 -LP, UP, HS – കുട്ടികളുടെ എണ്ണം

വിഭാഗം	ആൺ	പെൺ	ആകെ
L.P	609	596	1205
U.P	1371	1228	2599
H.S	980	873	1853

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 8 SSLC – വിജയശതമാന

സ്കൂൾ	1992-93	1993-94	1994-95	1995-96
G.H.S ഉദിനൂർ	.87%	87%	92%	92%
M.R.H.S പടന്ന	50.8%	33%	38.4 %	22%

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 11 വൊകേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
M. R. V. H.S.S പടന്ന

നമ്പർ	കോഴ്സുകൾ	ആൺ	പെൺ	ആകെ
1	ട്രാവൽ ആന്റ് ടൂറിസം	36	14	50
2	ബേങ്കിങ്ങ് അസിസ്റ്റൻസ്	21	25	46

അവലംബം : ദ്വിതീയ വിവര ശേഖരണം

പ്രശ്നങ്ങൾ

1. അഴിത്തല, മാച്ചിക്കാട്, പടന്നവടക്കേപുറം, കാവുന്തല എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലോവർ പ്രൈമറി പഠനത്തിന് വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

2. തെക്കേക്കാട് ദ്വീപിൽ യു.പി. സ്കൂൾ സൗകര്യം ഇല്ല.

3. അഴിത്തല ദ്വീപിൽ വിദ്യാഭ്യാസ സൗകര്യത്തിനുള്ള ഒരു സംവിധാനങ്ങളും നിലവിലില്ല.

4. നമ്മുടെ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

5. പ്രീപ്രൈമറി വിദ്യാഭ്യസത്തിന് പരിമിതമായ സൗകര്യം മാത്രമെ ഉള്ളൂ.

6. പഞ്ചായത്തിലെ മിക്കവാറും സ്കൂളുകളിലെയും പഠന നിലവാരം തൃപ്തികരമല്ല.

7. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും അക്കാദമിക്ക് ഭൗതീക സാഹചര്യങ്ങൾ എന്നിവയുടെ അപര്യാപ്തത രൂക്ഷമാണ്.

8. മിക്ക സ്കൂളുകളിലും കളിക്കളം ചുറ്റുമതിൽ എന്നിവയില്ല.

9.ലൈബ്രറി, ലബോറട്ടറി എന്നിവ ഉള്ള സ്കൂളുകൾ ഇത് വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

10. അദ്ധ്യാപകരുടെ ദീർഘകാല അവധിയും ഡപ്യൂട്ടേഷനും സ്കൂളുകളിലെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.

11. പഞ്ചായത്തിലെ പട്ടികജാതി വിഭാഗം കുട്ടികളുടെ പഠന നിലവാരം താരതമ്യേന കുറവാണ്.

12. മുസ്ലീം വിദ്യാർത്ഥിനികളുടെ നേരത്തെയുള്ള വിവാഹം, പഠനം തടസ്സപ്പെടുത്തന്നതോടൊപ്പം ഈ വിഭാഗങ്ങളുടെ ഉന്നതിയും തകരാറിലാക്കുന്നു.

13. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള വിദ്യാലയപരിശോധന കുറ്റമറ്റതല്ല.

14. ഇന്നത്തെ പരീക്ഷാ സമ്പ്രദായവും കൂട്ടപ്രമോഷനും പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു. കുട്ടികളുടെ ഹാജർനില പോലും പരിഗണിക്കാതെ പ്രമോഷൻലിസ്റ്റ് തയ്യാറാക്കുന്നു.

15. മിക്ക സ്കൂളുകളിലേയും PTA, MPTA തുടങ്ങിയവയുടെ പ്രവർത്തനം സുശക്തമല്ല.

സാധ്യതകൾ

1. പഞ്ചായത്തിലെ വിദ്യാഭ്യസ മേഖലയിൽ ശാസ്ത്രീയവും സമഗ്രവുമായ പഠനം നടത്തണം.

2. സമഗ്ര പഠനത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ജനകീയ സമഗ്ര വിദ്യാഭ്യാസ പരിപാടിക്ക് രൂപം നൽകണം.

3. പ്രശ്നങ്ങൾ പഠിക്കുന്നതിനും നടത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഉള്ള ചുമതല പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയെ ഏൽപ്പിക്കണം.

4. ഓരോ വിദ്യാലയത്തിന്റെയും പുരോഗതിക്ക് വേണ്ടി PTA, MPTA എന്നിവയെ ശക്തമാക്കണം.

5. എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ ക്ലാസ്മുറികൾ, ലൈബ്രറി, ലബോറട്ടറി, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്സ്, വൈദ്യുതി, ചുറ്റുമതിൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം.

6. ഉദിനൂർ ഗവ. ഹൈസ്കൂളിൽ 10 മുറികളുള്ള ഒരു പുതിയ കെട്ടിടം അടിയന്തിരമായും പണിയണം.

7. പടന്ന യു.പി. സ്കൂളിന് ആവശ്യമായ കെട്ടിടവും ചുറ്റുമതിലും ഫർണ്ണിച്ചറുകളും അടിയന്തിരമായി ലഭ്യമാക്കണം.

8. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിന് നൽകിവരുന്ന ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കണം. ഈ വിഭാഗത്തിലെ കുട്ടികളുടെ റിസൽട്ട് മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഉദിനൂർ കേന്ദ്രീകരിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സൗജന്യ ട്യൂഷൻ സെന്റർ ആരംഭിക്കണം. ഈ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ജനകീയ വിദ്യാഭ്യാസ സമിതി ജാഗരൂകരാകണം.

9. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ കൂടുതൽ താമസിക്കുന്ന അഴിത്തലയിൽ വിദ്യാഭ്യാസത്തിന് യാതൊരു അടിസ്ഥാന സൗകര്യങ്ങളും നിലവിലില്ല. 4 കി.മി. നടന്നാണ് കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം പോലും നേടുന്നത്. അത്കൊണ്ട് അഴിത്തലയിൽ മുന്തിയ മുൻഗണന വച്ചുകൊണ്ട് ഒരു ബാലവാടി, L.P സ്കൂൾ എന്നിവ ആരംഭിക്കണം.

10. ഒന്നാം ക്ലാസിലെ "ഓൾ പ്രമോഷൻ" സമ്പ്രദായം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. കൂടാതെ പഠന നിലവാരത്തോടൊപ്പം ഹാജർനിലയും അടിസ്ഥാന മാനദണ്ഡമാക്കണം.

11.നിലവിലുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾതല പഠന നിലവാര പരിശോധന കുറ്റമറ്റതാക്കണം.

12. പഞ്ചായത്തുതല വിദ്യാഭ്യാസ നിധിക്ക് രൂപം നൽകി നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് വേണ്ടി സഹായങ്ങൾ അനുവദിക്കണം.

13. സകൂൾ സഹകരണസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കുക.

14. പ്രൈമറി വിദ്യാഭ്യാസവും മുസ്ലീം കുട്ടികളുടെ മതപഠനവും പുനരേകീകരിക്കുക.

15. ലോവർ പ്രൈമറിക്ലാസുകളിലെ സിലബസ് അടിസ്ഥാനഗണിതത്തിനും, ശാസ്ത്രപഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കാലോചിതമായി പരിഷ്കരിക്കണം.

16. വിദ്യാഭ്യാസ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് തെക്കേക്കാട്, മാച്ചിക്കാട് എന്നീ പ്രദേശങ്ങളിൽ പുതുതായി സ്കൂൾ അനുവദിക്കണം.

17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻപഞ്ചായത്തിൽ ഒരു ITI സ്ഥാപിക്കണം.

18. സാങ്കേതിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുവത്തൂരിലുള്ള ടെക്നിക്കൽ സ്കൂൾ പോളിടെക്നിക്കായി ഉയർത്തണം.

19. തീരദേശ മേഖലകളെ ഉൾപ്പെടുത്തികൊണ്ട് ഒരു ഉപരിപഠന കേന്ദ്രം പഞ്ചായത്ത് ആസ്ഥാനമായി മറ്റു പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്ഥാപിക്കണം.

20. അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടികൾ ഉണ്ടാകണം.

21. സ്കൂൾ വർഷാരംഭത്തിൽ തന്നെ PTA, MPTA എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരുടെയും പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെയും വിദഗ്ദർ അടങ്ങുന്ന ഒരു സംഘം വിദ്യാലയം സന്ദർശിച്ച് വിദ്യാലയത്തിന്റെ ഗുണനിലവാരം പരിശോധിക്കണം.

22. പഞ്ചായത്തു തലത്തിൽ സ്കൂൾ കോംപ്ലക്സ് പുനരുജ്ജീവിപ്പിച്ച് അദ്ധ്യാപകർക്ക് വിഷയാടിസ്ഥാനത്തിൽ പുനഃപരിശീലനം നൽകണം. ആധുനിക ബോധന രീതികൾ അവലംബിച്ച് ക്ലാസുകളിലെ വിരസതക്ക് പരിഹാരം കണ്ടെത്തണം.

23. ഓരോ വിദ്യാലയത്തിലേയും പഠന നിലവാരം കുറഞ്ഞകുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം കോച്ചിംഗ് നൽകണം.

24. വനിതകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ, കുട്ടികളെ നേരത്തെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽനിന്നും രക്ഷിതാക്കൾ പിൻമാറണം.

25. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ കുട്ടികളുടെ പഠന രീതിയെ കാര്യമായി ബാധിക്കുന്നുണ്ട്. ഇതേക്കുറിച്ച് രക്ഷിതാക്കൾ ബോധവാൻമാരാകണം.

26. സ്കൂൾ തലത്തിൽ നൽകിവരുന്ന ഗ്രാന്റുകൾ ഏകീകരിച്ച് തുക വർദ്ധിപ്പിച്ച് സ്കൂൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കണം.

27. സയൻസ് ക്ലബ്ബുകൾ, ഫാം-ഫോറസ്റ്ററി ക്ലബ്ബുകൾ,സാഹിത്യസമാജം, സ്കൂൾ പാർലമെന്റുകൾ എന്നിവയ്ക്ക് രൂപം നൽകി കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകണം.

28. സ്കൂൾ യുവജനോത്സവങ്ങൾ, കായികമേളകൾ എന്നിവ ,നല്ല രീതിയിൽ നടത്തുവാൻ പഞ്ചായത്ത് ധന സഹായം നൽകണം.

29. എല്ലാവർഷവും ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സ്കൂളുകളിൽ പരിസര ശുചിത്വ വാരാചരണം സംഘടിപ്പിച്ച് കുട്ടുകൾക്ക് ഇതിന്റെ പ്രധാന്യം ബോധിപ്പിച്ചു കൊടുക്കണം.

30. അദ്ധ്യാപകരുടെ സാമൂഹ്യ പ്രവർത്തനം പഠനത്തെ ബാധിക്കാത്ത രീതിയിൽ കൊണ്ടുപോകാൻ ശ്രദ്ധിക്കണം. കൂടാതെ നീണ്ട അവധിയും ഡപ്യൂട്ടേഷനും അനുവദിക്കരുത്.

31. പഞ്ചായത്തിലെ ശിശുമന്ദിരത്തിലെ കുട്ടികളോട് ഫീസ് ഈടാക്കുന്നത് ഒഴിവാക്കുകയും ആവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുംവേണം.

32. മാച്ചിക്കാട്ടുള്ള ബാലവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ അനുഭവപ്പെട്ടുവരുന്ന ഗുണനിലവാര തകർച്ച ഒഴിവാക്കുക, പഠനനിലവാരം മെച്ചപ്പെടുത്തുക, കുട്ടികളുടെ സമഗ്രമായ വളർച്ചയും വികാസവും ത്വരിതപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ പ്രായോഗികമാക്കുന്നതിന് ഉതകുന്ന ഉചിതങ്ങളായ ഒട്ടനവധി നിർദ്ദേശങ്ങൾ നമ്മുടെ ഗ്രാമ സഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. കുറ്റമറ്റതും സമഗ്രവുമായ നൂതന വിദ്യാഭ്യാസ പരിപാടികൾക്ക് രൂപംകൊടുക്കാൻ ഈ നിർദ്ദേശങ്ങൾ ഏറെ സഹായകരമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

✡ ✡ ✡ ✡

7 വ്യവസായം

ബീഡിതെറുപ്പു മുതൽ അതിസങ്കീർണ്ണമായ പെട്രോകെമിക്കൽ വ്യവസായം വരെയും വൻ ഉരുക്കു വ്യവസായം മുതൽ നാട്ടിൻ പുറത്തെ കൊല്ലന്റെ ആലവരെ വ്യവസായനിർവ്വചനത്തിൽ വരുന്നതാണല്ലോ? ഈ അർത്ഥത്തിൽ നമുക്കുമുണ്ട് 'വ്യവസായങ്ങൾ' എന്നല്ലാതെ അവയൊന്നും നമ്മുടെ ജീവിതത്തെ കാര്യമായി സ്വാധീനിച്ചിരുന്നില്ല. നമ്മുടെ വികസന ഗ്രാഫിൽ പിറന്നുവീണും മരിച്ചും കൊണ്ടിരിക്കുന്ന പ്രക്രിയയായിരുന്നു വ്യവസായം. ആദ്യ ഘട്ടത്തിൽ പടന്ന കേന്ദ്രീകരിച്ച് ചില വ്യവസായ സ്ഥാപനങ്ങൾ ഉയർന്നുവന്നു. പിന്നീട് വളരെ കാലങ്ങൾക്കുശേഷമാണ് മറ്റു ഭാഗങ്ങളിലേക്ക് ചെന്നെത്തിയത്. അന്യ പ്രദേശങ്ങളിലുള്ള ഫാക്ടറികളിൽ ജോലിചെയ്യുന്നവർ ഈ ഘട്ടത്തിലും ഉണ്ടായിട്ടുണ്ട്. ബീഡി, കയർ, മിനി എൻജിനീയറിംഗ് വർക്ക്സ്, മില്ലുകൾ, ആണിനിർമ്മാണം, ഇഷ്ടിക, ജില്ലി, ഫർണ്ണിച്ചർ, പ്രിന്റിംഗ്, വസ്ത്രനിർമ്മാണം, ബാഗ് നിർമ്മാണം തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ട വ്യവസായങ്ങൾ. ഇവയൊന്നും തന്നെ ആവശ്യങ്ങൾ കണ്ടറിഞ്ഞുള്ളതോ സാധ്യതകൾ ആരായുന്നതോ ആയിരുന്നില്ല. നമ്മുടെ പ്രകൃതിയെ അറിഞ്ഞും വിഭവങ്ങളെ തിട്ടപ്പെടുത്തിയും മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വ്യവസായ ഭൂപടം ശുഷ്കമാണെങ്കിലും ശൂന്യമായിരുന്നില്ല. ഒട്ടുവളരെ സാധ്യതയുള്ള കാർഷിക മേഖലയും സമ്പുഷ്ടമായ പുഴയോരവും ശരിയായ രീതിയിൽ ചൂഷണം ചെയ്യാൻ ഇനിയും തയ്യാറാകേണ്ടിയിരിക്കുന്നു. നാണ്യവിളയായ നാളികേരം ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗതവും അല്ലാത്തതുമായ ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിൽ വിരളമായി പ്രവർത്തിച്ചു വരുന്നു. 1950കളിൽ സ്ഥാപിതമായ ബിസ്മില്ലാ ഓയിൽമില്ലാണ് ആദ്യമായി രംഗത്ത് വന്നത്. വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ പാർട്ണർമാർക്കിടയിലുണ്ടായ പ്രശ്നങ്ങൾമൂലം അത് തകർച്ചയെ അഭിമുഖീകരിച്ചു. തുടർന്ന് 1958ൽ രൂപീകൃതമായ പടന്ന കടപ്പുറം കയർ വ്യവസായ സഹകരണസംഘത്തിൽ ഇന്ന് 471 മെമ്പർമാരുണ്ട്. കയർ ഉൽപാദനരംഗത്ത് വളരെയേറെ പ്രതീക്ഷയോടെ തുടക്കമിട്ട ഈ സ്ഥാപനം കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിയാതെ പ്രതിസന്ധികളിൽപ്പെട്ട് ഉഴലുകയാണ്. 1957ൽ കസ്തൂരി ഹോസിയറി (ബനിയൻ) കമ്പനി പ്രവർത്തനം തുടങ്ങിയെങ്കിലും അതിനും ദീർഘായുസ്സ് ലഭിച്ചില്ല. അവിഭക്ത കണ്ണൂർജില്ലയിൽ പ്രചാരം നേടിയിരുന്ന ടി.കെ. ബീഡി, മസ്ദൂർ ബീഡി എന്നിവ പഞ്ചായത്തിൽ ആരംഭിച്ചവയായിരുന്നു. പിന്നീട് MAK ചെരുപ്പുകമ്പനി, സുബൈദ ഈർച്ചമിൽ എന്നിവയും അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് മൂലം അടച്ചുപൂട്ടേണ്ടി വന്നവയാണ്. 1960ൽ ആരംഭിച്ച സോഡാ ഫാക്ടറിയും ഏറെ പ്രതീക്ഷയോടെ ആരംഭിച്ച ടി.പി.കോല ഫാക്ടറിയും പ്രവർത്തന രഹിതമായവയിൽപ്പെടുന്നു. തുടർന്നിങ്ങോട്ട് പഞ്ചായത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലായി പരിമിതമായ തോതിൽ ചെറുകിട വ്യവസായങ്ങൾ ഉയർന്നു വരാൻ തുടങ്ങി.

ബീഡി, കുമ്മായം, ഓയിൽ മിൽ, റൈസ് &ഫ്ളോർമിൽ, കൈത്തറി, കയർ, കച്ചവടം തുടങ്ങിയവയാണ് ഈ രംഗത്തെ തൊഴിൽ മേഖലകൾ. ഉദിനൂർ വില്ലേജിലെ ബീഡി വ്യവസായം പ്രതിസന്ധി നേരിടുകയാണ്. കേരളാദിനേശ് ബീഡിയിലും മറ്റ് സഹകാര്യ ബീഡി സ്ഥാപനങ്ങളിലുമായി 399 തൊഴിലാളികൾ ഇപ്പോൾ പണിയെടുക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. പുരുഷൻമാർ മറ്റു തൊഴിൽ മേഖലകളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിനകത്ത് ഫാക്ടറികൾഒന്നും പ്രവർത്തിക്കുന്നില്ലെങ്കിലും അന്യപഞ്ചായത്തുകളിലുള്ള (തൃക്കരിപ്പൂർ, പിലിക്കോട്, കരിവള്ളൂർ) സ്ഥാപനങ്ങളിലാണ് ഇവർ പണിയെടുക്കുന്നത്. മംഗലാപുരം ആസ്ഥാനമായുള്ള ഭാരത് ബീഡിയുടെ ബ്രാഞ്ച് ഉദിനൂരിൽ ഉണ്ടെങ്കിലും അത് ഒരു തൊഴിൽശാലയല്ല. കുറഞ്ഞ കൂലിയും ജോലിസ്ഥിരതയില്ലായ്മയും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

അസംഘടിത മേഖലയിൽ ഉള്ളവർ ഇടത്തട്ടുകാരുടെയും മുതലാളിമാരുടെയും ചൂഷണത്തിന് വിധേയരാകുന്നു. കൈത്തറി മേഖലയിൽ മുൻകാലത്തെ അപേക്ഷിച്ച് വളരെ പരിമിതമായ തൊഴിലാളികൾ മാത്രമാണ് ഇന്നുള്ളത്. അന്യ പഞ്ചായത്തുകളിലുള്ള സഹകരണസ്ഥാപനങ്ങളിൽ പണിയെടുക്കുകയാണ് ഇവർ. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ കുലത്തൊഴിലായിചെയ്യുന്ന പായ നെയ്ത്ത് ഉപജീവനത്തിനുള്ള വരുമാനം ലഭിക്കാത്ത തൊഴിലാണ്. അസംസ്കൃത സാധനമായ കൈതയോലയുടെ ദൗർലഭ്യം കൊണ്ട് കൃത്യമായി തൊഴിൽ ചെയ്യാൻ കഴിയാ

റില്ല.കൃഷിക്കും ഭവന നിർമ്മാണത്തിനും വ്യാപകമായി ഉപയോഗിച്ചുവരുന്ന കുമ്മായം സാധ്യതയുള്ള വ്യവസായമാണ്. കേന്ദ്രീകൃതമായ ഉൽപാദനവും വൈവിധ്യ വൽക്കരണവും കൊണ്ട് വളർത്തിയെടുക്കാവുന്നതാണ്. ഈ വ്യവസായത്തിന്റെ നാലോളം യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സുലഭമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിൽ കയർ, എണ്ണ, കാലിത്തീറ്റ,കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം സാധ്യതയേറിയതാണ്.

പഞ്ചായത്തിലെ മൊത്തം നാളികേര ഉൽപാദനത്തിന്റെ വലിയ ഭാഗവും ശരിയായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ വ്യവസായ മേഖല സജീവമാക്കാനും തൊഴിൽ സാധ്യത വിപുലീകരിക്കുവാനും കഴിയുന്നതാണ്. തൊണ്ടഴുക്കൽ, തൊണ്ടുതല്ലൽ, കയർ പിരിക്കൽ തുടങ്ങി വ്യത്യസ്ത തലങ്ങളിൽ വ്യാപരിക്കുന്ന ഈ വ്യവസായ രംഗത്ത് ഉയർന്നു നിൽക്കുന്നത് ആധുനീക വിഭാഗത്തിൽ പെടുന്ന ചെറുകിട വ്യവസായമായ ബിസ്മില്ല ഫൈബർ ഇന്റസ്ട്രീസ് ആണ്. യന്ത്ര സഹായത്തോടെ 13 സ്ത്രീകളും 2 പുരുഷൻമാരും ഇവിടെ തൊഴിലെടുക്കുന്നു. രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഇതിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. സഹകരണ മേഖലയിൽ ഓരിയിൽ പ്രവർത്തിക്കുന്ന കയറുപിരിക്കൽ യൂണിറ്റിനു പുറമെ യന്ത്രം ഉപയോഗിച്ചുള്ള 2 ഫൈബർ കേളിംഗ് യൂണിറ്റുകളും (ഓരി, പടന്ന) പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത സ്വഭാവത്തിൽ ഉൾപ്പെടുത്താവുന്നവയാണിവ.

തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടാത്ത രീതിയിലുള്ള യന്ത്രവൽക്കരണം കൊണ്ട് ഉൽപാദനക്ഷമത കൂട്ടി വൈവിധ്യവൽക്കരണത്തിലൂടെ വിഭവങ്ങളെ ശരിയായി ചൂഷണം ചെയ്ത് ഈ മേഖലയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഏറെ പ്രയോജനപ്പെടും. കൊപ്രക്കച്ചവടവും എണ്ണയാട്ടുമില്ലുമായി ഒരുപാട് സ്ഥാപനങ്ങൾ വന്നും പോയും കൊണ്ടിരിക്കുന്നു. സാങ്കേതിക പരിജ്ഞാനവും വിപണന മാത്സര്യവും പിടിച്ചുനിൽക്കാൻ കഴിയാതെ മിക്കവയും തളർന്നു പോവുകയാണ്. ഭക്ഷ്യ എണ്ണയും കാലിത്തീറ്റയും നിർമ്മിക്കുന്നതോടൊപ്പം ഉൽപന്നത്തിന്റെ ഗുണനിലവാരം ഉയർത്തി വിപണികണ്ടെത്താൻ തയ്യാറായാർമാത്രമെ ഇവയ്ക്ക് നിലനിൽപ്പുള്ളൂ.

ഈ രംഗത്തുള്ള വ്യവസായങ്ങൾ കൂറേകൂടി സാധ്യതയുള്ളതാണ്. നമ്മുടെ വിഭവത്തിന്റെ വലിയഭാഗവും ഉപയോഗിക്കപ്പെടാതെ നഷ്ടപ്പെടുന്നത് ഒഴിവാക്കിയാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്വയം പര്യാപ്തത നേടാനും കഴിയും.ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണവും ചകിരി വ്യവസായത്തിൽ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുന്ന ചകിരിച്ചോറ് ശരിയായ രീതിയിൽ സംസ്കരിക്കുന്നതിലൂടെ ഫർണ്ണിച്ചർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഷീറ്റ് നിർമ്മിക്കാവുന്നതും പരിസരമലിനീകരണം ഒഴിവാക്കാവുന്നതുമാണ്. തമിഴ്നാട് അഗ്രികൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത പിത്ത്പ്ലസ് ഫങ്കസും യൂറിയയും ചേർത്ത് വളമാക്കിമാറ്റാൻ കഴിയുന്നതാണ്. ഈ രംഗത്ത് കൂടുതൽ ഗവേഷണം നടന്നുവരുന്നുണ്ട്.

വനിതാവ്യവസായം

കാർഷിക മേഖലയിൽ ജീവിതവൃത്തി കണ്ടെത്തുന്നവരാണ് സ്ത്രീകളിൽ മിക്കവരും. കുടിൽ വ്യവസായം പരമ്പരാഗത മേഖലയിലുള്ള ഇതര വ്യവസായങ്ങൾ എന്നിവയാണ് വ്യവസായ രംഗത്ത് സ്ത്രീകൾ വർത്തിക്കുന്ന മേഖല. സ്വകാര്യ ബീഡിരംഗത്ത് വീടുകളിൽനിന്നും ബീഡി തെറുക്കുന്ന സ്ത്രീകൾ കൂടുതലാണ്. ദിനേശ് കമ്പനിയിൽനിന്നുംലഭിക്കുന്ന ആനുകൂല്യങ്ങളോ ജോലി സ്ഥിരതയോ ലഭ്യമാക്കാതെ അന്യ സംസ്ഥാനങ്ങളിലുള്ള മുതലാളിമാരുടെ ചൂഷണത്തിന് വിധേയമാകുന്നു. കയർ, വസ്ത്ര നിർമ്മാണം (റെഡിമെയ്ഡ്) ലതർ ബാഗ് നിർമ്മാണം എന്നിവയാണ് മറ്റു മേഖലകൾ. ഗ്രാമീണ വനിതകൾക്കുള്ള തൊഴിൽ ദാന പദ്ധതി (DWCRA) യിലൂടെ അടുത്തകാലത്ത് ആരംഭിച്ച 4 തൊഴിൽ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ലതർ ബാഗ് നിർമ്മാണം (തടിയൻകൊവ്വൽ) ജില്ലി നിർമ്മാണം (ഓരി, മാച്ചിക്കാട്ട്) കല്ലുമ്മക്കായ്കൃഷി (തെക്കേക്കാട്). ചെറുകിട വ്യവസായമായി റജിസ്റ്റർ ചെയ്ത ഈ യൂണിറ്റുകളിൽ 42 പേർ തൊഴിൽ എടുക്കുന്നു. പ്രവർത്തന മൂലധനം 1 ലക്ഷത്തിൽ താഴെ മാത്രം വരുന്ന ഈ യൂണിറ്റുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയെയും വിപണി മാത്സര്യത്തേയും ആഭിമുഖീകരിക്കുന്നു. നിക്ഷേപം കുറഞ്ഞതും വൈദ്യുതിയുടെ ഉപയോഗം തീരെ ആവശ്യമില്ലാത്തതും താരതമ്യേന തൊഴിലവസരങ്ങൾ കൂടുതലുമായ ഇത്തരം സംരംഭങ്ങളെ നിലനിർത്താനും വൈവിധ്യ വൽക്കരിക്കാനും ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായത്തിനുള്ള പദ്ധതികൾ ഉദാരമാക്കി ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് (മനീഷ വനിത ഇന്റസ്ട്രിയൽ സൊസൈറ്റി) തടിയൻ കൊവ്വലിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണ വനിതകൾക്കിടയിലുള്ള തൊഴിലില്ലായ്മയ്ക്ക് ചെറിയതോതിലെങ്കിലും പരിഹാരം കാണാൻ കഴിയുന്ന ഇത്തരം സ്ഥാപനങ്ങളെ നിലനിർത്താനും പുതിയ സംരംഭങ്ങൾ - ഗാർഹീകാവശ്യങ്ങൾക്കുള്ള മെഴുകുതിരി, ചന്ദനത്തിരി, സോപ്പ് തുടങ്ങിയവയും ഭക്ഷ്യ സാഘനങ്ങളുടെയും ഉൽപാദനത്തിന് ആവശ്യമായ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനും കഴിയണം.

കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവ പുരോഗതി പ്രാപിച്ചിട്ടില്ല. പഞ്ചായത്തിൽ 2602 ലിറ്റർ പാൽ പ്രതിദിനം ഉൽപാദിപ്പിക്കുന്നു. ഉപഭോഗം 2536 ലിറ്റർ. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിലൂടെ പാലുൽപന്നങ്ങൾ നിർമ്മിക്കുന്ന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. ഇറച്ചിക്കച്ചവടം പടന്ന കേന്ദ്രീകരിച്ചാണ് നടക്കുന്നത്. 5ഓളം ഇറച്ചി വില്പന കേന്ദ്രങ്ങൾ നിലവിലുണ്ട്. അറവുശാലയിലെ അവശിഷ്ടങ്ങൾകൊണ്ടുണ്ടാ

കുന്ന മലിനീകരണങ്ങൾ തടയുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. അറവുശാലയിലെ അവശിഷ്ടങ്ങൾ ശേഖരിച്ച് വളം നിർമ്മാണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

കോഴിവളർത്തൽ കൂടിൽ വ്യവസായികടിസ്ഥാനത്തിൽ നടന്നുവരുന്നത്. 4 ഓളം കേന്ദ്രങ്ങൾ ഉണ്ട്. നമ്മുടെ ഉപഭോഗത്തിന് അനുശ്രിതമായികോഴിയിറച്ചി ലഭ്യമാകാത്തതുകൊണ്ട് അന്യസ്ഥലങ്ങളിൽനിന്നും കൊണ്ടുവരേണ്ടി വരുന്നു. കോഴിവളർത്തൽ വ്യാപകമാക്കുന്നതോടെ തൊഴിൽസാധ്യതയും വർദ്ധിച്ചുകിട്ടും. വിശാലമായ പുഴയോരം നമുക്കൊരനുഗ്രഹമാണ് പ്രകൃതിജന്യ മത്സ്യസമ്പത്ത് ഉപയോഗപ്പെടുത്തന്നതോടൊപ്പം ചെമ്മീൻ, കല്ലുമ്മക്കായ് തുടങ്ങിയവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്ത് സംസ്കരിച്ചെടുക്കാൻ കഴിഞ്ഞാൽ വിപണി കണ്ടെത്തുന്നതിന് പ്രയാസപ്പെടുകയില്ല. ഈ രംഗത്ത് ദീർഘ വീക്ഷണത്തോടെയുള്ള ചുവടുവെപ്പ് അനിവാര്യമാണ്.

സാങ്കേതിര രംഗം

ലഘു എൻജിനിയറിംഗ് വർക്ക്സ് ഫർണ്ണിച്ചർ ഇഷ്ടിക നിർമ്മാണം, സോഡനിർമ്മാണം തുടങ്ങിയവ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. നമ്മുടെ ഉപഭോഗം തൃപ്തിപ്പെടാൻ കഴിയാത്ത സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. 9ഓളം സ്ഥാപനങ്ങൾ (സ്റ്റീൽ, ഫർണിച്ചർ, ഗ്രിൽ, വെൽഡിംഗ്, അറനിർമ്മാണം തുടങ്ങിയവ). ഇലക്ട്രിക് സാധനങ്ങളുടെ നിർമ്മാണം വൈന്റിംഗ് മേഖലയിൽ 15ഓളം പേർ ഉപജീവനം കണ്ടെത്തുന്നു. രൂക്ഷമായ വൈദ്യുതി ക്ഷാമത്തെ അതിജീവിക്കാൻ എളുപ്പമായി തിരഞ്ഞെടുക്കുന്ന Step-up transformer ഇന്ന് സർവ്വ സാധാരണമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ ഈ രംഗം വികസിച്ചു തുടങ്ങിയിട്ടുണ്ട്. ഇവയെല്ലാം സ്വയം തൊഴിൽ പദ്ധതിയിലൂടെ നിലവിൽവന്ന സ്ഥാപനങ്ങളാണ്. കാര്യമായി തൊഴിൽ പ്രദാനം ചെയ്യുന്നില്ല.

പരമ്പരാഗത മേഖലയിൽ കെട്ടിട നിർമ്മാണത്തിൽ ഉടമസ്ഥരുടെ (മേസ്ത്രി) കീഴിൽ ജോലിചേയ്യുന്ന 400ൽ പരം തൊഴിലാളികൾ ഉണ്ട്. ഏകീകരിച്ച നിലയിൽ കൂലി ലഭ്യമാകുന്നുണ്ടെങ്കിലും അദ്ധ്വാനം ചൂഷണം ചെയ്യപ്പെടുന്നുണ്ട്. തൊഴിലാളികൾക്ക് കാര്യമായ ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ഒരു ബിൽഡിംഗ് കൺസ്ട്രക്ഷൻ സൊസൈറ്റി രൂപീകരിക്കുകവഴി തൊഴിലാളികളുടെയും തൊഴിൽ ദാതാക്കളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം തൊഴിൽ സുരക്ഷിതത്വവും കാര്യക്ഷമതയും വർദ്ധിപ്പിക്കും. സഹകരണ മേഖലയിൽ ഇതിനുവേണ്ട ശ്രമം നടത്താൻ കഴിയണം. പരമ്പരാഗത മേഖലയിൽ നിലനിൽക്കുന്ന മറ്റൊരു രംഗമാണ് സ്വർണ്ണപ്പണി. ആധുനിക സങ്കേതങ്ങളുടെ അപര്യാപ്തത കൊണ്ട് ഡൈയിംഗ്, കളറിംഗ് തുടങ്ങിയ ജോലികൾക്ക് മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. 4ജ്വല്ലറികളിലും 14 തൊഴിൽ സ്ഥാപനങ്ങളിലുമായി 30 ഓളം തൊഴിലാളികളും ഉണ്ട്. അശാസ്ത്രീയമായ യന്ത്രവൽക്കരണം ഈ തൊഴിൽ മേഖലയെ തളർത്തുന്നു.

ചെറുകിട വ്യവസായ മേഖലയിൽ വളരെയൊന്നും സ്വാധീനിക്കാൻ സഹകരണ മേഖലക്ക് കഴിഞ്ഞിട്ടില്ല. 1957ൽ രൂപീകൃതമായ പരമ്പരാഗത വ്യവസായ രംഗത്തെ ഒരു സഹകരണ സ്ഥാപനമാണ് പടന്ന കടപ്പുറം കയർ വ്യവസായ സഹകരണ സംഘം. കാര്യമായ പ്രവർത്തന ശേഷിയില്ലാതെ മരവിച്ച് കിടക്കുന്നു. പടന്നയിൽ രണ്ട് ക്ഷീരോൽപന്ന വിതരണ കേന്ദ്രവും തടിയൻ കൊവ്വലിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഈ രംഗത്ത് കാര്യമായ ഇടപെടൽ ആനിവാര്യമാണ്. പാലുൽപാദന രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനം ആരംഭിക്കുന്നത് ഫലപ്രദമാകും. കക്കയിൽനിന്നും വൈറ്റ് വാഷിനാവശ്യമായ "സെം" നിർമ്മിച്ചെടുക്കാൻ സഹകരണ രംഗത്ത് ഒരു സ്ഥാപനം ഉണ്ടാക്കാവുന്നതാണ്.

വാണിജ്യം

കച്ചവട മേഖലയിൽ 1000ൽ പരം തൊഴിലാളികൾ ഉണ്ട്. ബെയ്ക്കറി, ഹോട്ടൽ, പലചരക്ക്, ആയുർവ്വേദ അലോപ്പതി മരുന്നുഷാപ്പ്, വളം, ചെരുപ്പ് തുടങ്ങി വ്യത്യസ്ത മേഖലകളിലായി 200ൽ പരം സ്ഥാപനങ്ങളുണ്ട്. വിപണനം ചെയ്യപ്പെടുന്ന വസ്തുക്കളിൽ മിക്കതും ഇറക്കുമതിയാണ്. വൻകിട ഉൽപന്നങ്ങളെ മാറ്റിനിർത്തിയാൽ ചെറുകിട കുടിൽ വ്യവസായങ്ങളിലൂടെയുള്ള ഉൽപന്നങ്ങളാണ് ഭൂരിഭാഗവും വിപണനം ചെയ്യുന്നത്. സ്വയം പര്യാപ്തതക്ക് വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമം നടത്തിയാൽ ഇവയിൽ ഭൂരിഭാഗവും നമ്മുടെ പഞ്ചായത്തിൽനിന്നുതന്നെ നിർമ്മിച്ചെടുക്കാൻസാധിക്കുന്നതാണ്.

കാർഷിക ചെറുകിട വ്യവസായ മേഖലകളിലെ ഉൽപന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്നത് പ്രയോജനപ്രദമായിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യവസായ രംഗത്തെമാന്ദ്യം പരിഹരിക്കാനും നിക്ഷേപകരെ ഈരംഗത്ത് കൊണ്ടുവരുവാനും ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതുണ്ട്. ശക്തമായ ബോധവൽക്കരണത്തിലൂടെയും നിക്ഷേപകർക്ക് ഉദാരവ്യവസ്തയിൽ സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്തും സാമ്പത്തിക മേഖലയെ അടിസ്ഥാനപരമായി സ്വാധീനിക്കാൻ കെല്പുള്ള വ്യവസായ സ്ഥാപനങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു.

ഉൽപാദന കേന്ദ്രങ്ങളുടെ കേന്ദ്രീകരണത്തിലൂടെ ഉൽപാദന ചെലവും മറ്റും ലാഭിച്ച് പ്രവർത്തനം ശക്തിപ്പെടുത്താവുന്നതാണ്. ചെറുകിട വ്യവസായങ്ങൾക്കായി ഒരു പൊതു മേൽക്കൂര സൃഷ്ടിക്കുകയാണെങ്കിൽ അത് നിക്ഷേപകർക്ക് ധൈര്യപൂർവ്വം കടന്നുവരാനുള്ള പ്രേരണയായിത്തീരും. വൈദ്യുതി, ട്രാൻസ്പോർട്ടിംഗ് തുടങ്ങിയവക്ക് അധികച്ചെലവ് വരാതെ ഉൽപാദനം കാര്യക്ഷമമാക്കാൻസാധി

ക്കുന്നു. പഞ്ചായത്ത് കേന്ദ്രീകരിച്ച് കൊണ്ട് മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.

സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽദാന പരിപാടിയല്ല. അതിന്റെലക്ഷ്യമാർഗ്ഗങ്ങൾ ദയയോ ഭിക്ഷാ ദാനമോ അല്ല. ജനങ്ങളിൽ സ്വാശ്രയ ബോധവും ഇച്ഛാശ കതിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുകയാണ്. അവരുടെ കഴിവും ശക്തിയും വളരണം. അധികാരകേന്ദ്ര ങ്ങളെ നിയന്ത്രക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും ശക്തിയാർജ്ജിക്കണം. വ്യവാസായവും ഉപഭോഗവും ക്രമീ കരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നമ്മുടെ വ്യവസായത്തിന്റെ പൊരായ്മയാണ് ഇത് പരിഹരിച്ചെടുക്കുന്നതിലൂടെ മാത്രമെ നമ്മുടെ വ്യവസായ രംഗം പുഷ്ടിപ്പെടുകയുള്ളൂ. അതിന് കരുത്തു പകരുന്നതാവട്ടെ ജനകീയാസൂത്രണ പദ്ധതിയുടെ

ചെറുകിട വ്യവസായങ്ങളും വിവരങ്ങളും

നമ്പർ	ഇനം	ഉടമസ്ഥത	പു	സ്ത്രി	ആകെ
1	ഫൈവർ ഇൻഡസ്ട്രി(കയർ)	സ്വകാര്യ മേഖല	4	27	31
2	കർലിംഗ് & ടിസ്റ്റിംഗ്	സ്വകാര്യ മേഖല	2	4	6
3	സ്റ്റീൽ ഫർണിച്ചർ	സ്വകാര്യ മേഖല	8	–	8
4	സ്റ്റോൺ ക്രഷർ	സ്വകാര്യ മേഖല	4	5	9
5	റെഡിമേയ്ഡ് വസ്ത്രം	സ്വകാര്യ മേഖല	–	5	5
6	എൻജിനിയറിംഗ് വർക്	സ്വകാര്യ മേഖല	16	–	16
7	കംഫർട്ട് ഇൻഡസ്ട്രി	സ്വകാര്യ മേഖല	പ്രവർത്തനമില്ല		
8	വുഡ്ഡ് ഇൻഡസ്ട്രി	സ്വകാര്യ മേഖല	8	–	8
9	പ്രിൻ റ്റിംഗ് പ്രസ്	സ്വകാര്യ മേഖല	2	4	6
10	സിമന്റ് ഇഷ്ടിക	സ്വകാര്യ മേഖല	2	–	2
11	ഓയിൽ മിൽ & ഫ്ളവർ മിലൽ	സ്വകാര്യ മേഖല		–	–
12	സോഡാ മേയ്ക്കിംഗ്	സ്വകാര്യ മേഖല	1	–	1
13	ആണി ിരർമാണം	സ്വകാര്യ മേഖല.	3	–	3
14	പടന്ന കടപ്പുറം കയർ വ്യവ സായ സഹകരണ സംഘം	സഹകരണം	പ്രവർത്തനമില്ല		
15	മനിഷാ റെഡിമേയ്ഡ് സെന്റർ	സഹകരണം		12	12
16	ക്ഷിരോല്പന്ന വിതരണ കേന്ദ്രം ക്ഷീരോല്പന്ന വിപണന കേന്ദ്രം	പട്ടിക ജാതി സഹകകരണം		3	3
17	ലതർ ബാഗ് നിർമമ്മാണം	പട്ടിക ജാതി വനിത		4	4
18	ജില്ലി മേയ്ക്കിംഗ്	DWCRA	2	10	12
19	ജില്ലി മേയ്ക്കിംഗ് ഓരി	DWCRA പട്ടിക ജാതി	–	12	12
20	കല്ലുമമ്മകക്കായ് കൃഷി	DWCRA	–	10	10
21		DWCRA	പ്രാരംഭഘട്ടം		

ആവലംബം : ദ്വിതീയ വിവര ശേഖരണം

ബാക്കി പത്രം.

പ്രശ്നങ്ങൾ

1. കേന്ദ്രീകരിച്ച പ്രവർത്തനത്തിന്റെ ആഭാവം.

2. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത.

3. വ്യവസായ വൽക്കരണത്തിന്റെ ആവശ്യകതയെയും സാധ്യതകളെയും കുറിച്ചുള്ള അജ്ഞത.

4. വിപണിയിലെ വൻകിട ഉൽപന്നങ്ങളുടെ കടന്നുകയറ്റം

5. ആവശ്യങ്ങൾക്കനുശ്രിതമായ ഉൽപാദനത്തിന്റെ അപര്യാപ്തത.

6. വൈദ്യുതിക്ഷാമം

7. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണത.

8. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം.

9. മലിനീകരണം.

സാധ്യതകൾ

1. നിലവിലുള്ള DWCRA യൂണിറ്റുകൾക്ക് വൈവിധ്യവൽക്കരണത്തിനും വികസനത്തിനും ആവശ്യമായ കെട്ടിടം, വായ്പ, ധനസഹായംഎന്നിവ ലഭ്യമാക്കുക.

2. സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കാനും വൈവിധ്യവൽക്കരിക്കാനും സഹായം വേണം.

3. മത്സ്യഉൽപാദക സംസ്കരണ വിപണന സൗകര്യം വേണം.

4. അറവ് മാംസ്യ, മത്സ്യ അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ട്. വളം നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

5. ഭക്ഷ്യ ഉൽപാദനം മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി, വള, നോട്ട്ബുക്ക്, പേപ്പർകവർ തുടങ്ങിയ വസ്തക്കളുടെ നിർമ്മാണ് യൂണിറ്റുകൾ ആരംഭിക്കുക.

6. കക്കയിൽനിന്ന് വൈറ്റ് വാഷിനാവശ്യമായ "സെം" നിർമ്മിക്കുന്നതിനും സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിലും സംവിധാനം ഉണ്ടാക്കണം.

7. സിമന്റ് ഇഷ്ടിക നിർമ്മിക്കുന്നതിന് (സ്റ്റോൺ ക്രഷറിലെ പൊടിഉപയോഗിക്കാം) പ്രോത്സാഹനം നൽകുക.

8. കൊപ്ര സംഭരണം സംസ്കരണം വിപണനം എന്നിവയ്ക്ക് സാധ്യതകൾ കണ്ടെത്തുക.

9. മഴക്കാലത്ത് തേങ്ങ ഉണക്കുന്നതിന് ഡ്രയർ ലഭ്യമാക്കുക.

10. കക്കയിറച്ചി, ചെമ്മീൻ, കല്ലുമ്മക്കായ ശേഖരണ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

11. കള്ളുചെത്ത് ഉദാരമാക്കി ശർക്കര നിർമ്മാണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

12. ക്ഷീരോൽപന്ന സംസ്കരണ സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുക.

13. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

14. വ്യവസായ സംരംഭങ്ങൾക്കുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

15. കാലിത്തീറ്റ നിർമ്മാണ വിപണന കേന്ദ്രം സ്ഥാപിക്കുക.

16. ലതർ ബാഗ് നിർമ്മാണ യൂണിറ്റ് വൈവിധ്യ വൽക്കരിക്കാൻ (സോഫ, ചെരുപ്പ്, പ്ലാസ്റ്റിക്ക് കവർ etc.) ആവശ്യമായ ധനസഹായം അനുവദിക്കുക.

17. കണ്ണൂർ കാസർഗോഡ് ജില്ലകളെ കേന്ദ്രമാക്കി കശുവണ്ടി സംസ്കരണ വ്യവസായം ആരംഭിക്കുക.

18. ചിരട്ടയും ചകിരിയും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ ബ്രഷുകൾ എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കണം.

19. മെഴുകുതിരി, ചന്ദനത്തിരി, ജാം, സ്കാഷ് എന്നിവ നിർമ്മിക്കുന്നതിന് കൂടിൽ വ്യവസായങ്ങളെ പ്രോത്സാഹി

വിപണന സാദ്ധ്യതയുള്ളതും നിക്ഷേവം കുറഞ്ഞതുമായ ചെറുകിട വ്യവസായങ്ങളുടെ പട്ടിക

1. ഇരിമ്പാണി നിർമ്മാണം2. അലുമിനിയം ഫാബ്രിക്കേഷൻ

3. സ്റ്റോറേജ് ബട്ടറി
4. ശാസ്ത്രീയമായ കോഴി വളർത്തൽ
5. ഇലക്ട്രോണിക്ക് ചോക്ക്, റഗുലേറ്റർ
6. കല്ലുമക്കായ്, ചെമമ്മീൻ കൃഷി
7. ജനറൽ ഇൻഞ്ചനിയറിംഗ് വർക്ക്സ്
8. ക്ലിനിംഗ് പൗഡർ
9. വള നിർമ്മാണം
10. ഹൊസിയറി ഉടപ്പുകകൾ (നിയ,ജട്ടി,മുതലായവ)
11. പ്ലസ്റ്റിക്ക് കവർ, ചെരുപ്പ് നിർമ്മാണം
12. എമർജൻസി ലാംബ്
13. ഫൈബർ ഫർണിച്ചർ

സാധ്യതയുള്ളതും വിഭവ ലഭ്യതയുള്ളതും ആയ ചെറുകിട വ്യവസായങ്ങളുൾ

1. ബേയ്ക്കറി ഉല്പന്നങ്ങൾ
2. തേങ്ങാപ്പാൽ
3. തേങ്ങാ പാനിയങ്ങൾ
4. തേങ്ങ്ആപ്പൊടി
5. ക്ഷീരോല്പന്നങ്ങൾ
6. യന്ത്ര വൽകൃത കയറും കയറുല്പന്നങ്ങളും
7. മരം കൊണ്ടുള്ള ഫർണിച്ചർ
8. ചിരട്ട കൊണ്ടുള്ള വ്യവസായം
9. കറിമസാല , അരിപ്പൊടി
10. നേന്ത്രക്കായ ചിപ്സ്
11. സിമന്റിഷ്ടി നിർമ്മാണം

അവലംബം : ദ്വിതീയ വിവര ശേഖരണം

❑❑❑❑

"പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കൈയിലെടുത്തോളൂ
പുതുതൊരായുധമാണ് നിനക്ക്"

8

കുടിവെള്ളവും പൊതു ജനാരോഗ്യവും

കുടിവെള്ളം

ഏതൊരു മനുഷ്യന്റെയും ആരോഗ്യകരമായ വളർച്ചക്കും നിലനിൽപ്പിനും അനുപേക്ഷണിയമായ ഘടകങ്ങളാണ്. ശുദ്ധവായു, ശുദ്ധജലം, മലിനീകരിക്കപ്പെടാത്ത ആഹാരം, ശുചിത്വമുള്ള പാർപ്പിടം എന്നിവ അമൂല്യമായൊരു പ്രകൃതി സമ്പത്താണ് ജലം. ജീവന്റെ ഉറവിടം തന്നെ ജലമാണ്. ശുദ്ധജലം ഇല്ലെങ്കിൽ ആരോഗ്യവും ഇല്ല എന്നതാണ് പ്രകൃതി സത്യം. ഭൂരിഭാഗം രോഗാണുക്കളും ഉണ്ടാക്കുന്നതും നമ്മുടെ ശരീരത്തിലേക്ക് സംക്രമിക്കുന്നതും മലിനീകരിക്കപ്പെട്ട വായു, ജലം, ആഹാരം എന്നിവ വഴിയാണ്. പ്രൈമറി ഹെൽത്ത് സെന്ററിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം 1995-96കാലയളവിൽ നമ്മുടെ പഞ്ചായത്തിലുണ്ടായ പകർച്ച വ്യാധികളിൽ കൂടുതലും ജലജന്യരോഗങ്ങളാണ്. (ടേബിൾ-1). എല്ലാവർക്കും ആരോഗ്യം എന്ന ഉദാത്തമായ ലക്ഷ്യം സഫലമാക്കൽ അധികാരകേന്ദ്രങ്ങൾ പ്രാഥമീകമായി നിർവ്വഹിക്കേണ്ടുന്ന കർത്തവ്യം എല്ലാവർക്കും മാലിന്യമില്ലാത്ത കുടിവെള്ളം എത്തിച്ച്കൊടുക്കുക എന്നതാണ്. ഇന്ന് നമ്മുടെ പഞ്ചായത്തിലെ നല്ലൊരുഭാഗം പ്രദേശങ്ങളും ശുദ്ധജലം കൊണ്ട് സമ്പന്നമാണ്. എന്നാൽ ദുരുപയോഗവും ദുർവ്യയവും മലിനീകരണവും കാരണം ഉപയോഗയോഗ്യമായ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നു. ഭൂഗർഭ ജലം ഫിൽട്ടർ വഴി പമ്പുചെയ്തു ജല സേചനത്തിന് ഉപയോഗിക്കുന്നതും കുടിവെള്ളത്തിന്റെ ക്ഷാമം കാലക്രമേണ കുറഞ്ഞുവരാനും കിണറ്റിലെ ജല വിതാനം താഴ്ന്ന് പോകുവാനും കാരണമാകുന്നു.

നമ്മുടെ പഞ്ചായത്തിലെ മൊത്തം വരുന്ന 2703 കുടുംബങ്ങളിൽ 1897 കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകളുണ്ട്. 806 കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഇല്ലാത്തത് കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത പ്രകൃതിയാതന്നെ ഇല്ലാത്തത് കൊണ്ട് അത്തരം പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പുഴകളാൽ ചുറ്റപ്പെട്ട ഓരി പ്രദേശത്ത് അപൂർവ്വം ചില കേന്ദ്രങ്ങളിൽ മാത്രമാണ് ശുദ്ധജലം ലഭിക്കുന്നത്. ഇതിനോട് തൊട്ടടുത്തു കിടക്കുന്ന എടക്ക എന്ന പ്രദേശത്തിന്റെ സ്ഥിതിയും ഒട്ടും ഭിന്നമല്ല. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന 250 ഓളം കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും ആശ്രയിക്കുന്നത് കാര്യക്ഷമമല്ലാത്ത ഓരി ശുദ്ധജല പദ്ധതിയെയാണ്. പഞ്ചായത്തിലെ ഒന്നാം വാർഡിലെ പൊള്ള, ഉച്ചുളിക്കുന്ന്, രണ്ടാം വാർഡിലും അഞ്ചാം വാർഡിലും വ്യാപിച്ചുകിടക്കുന്ന മാട്ടുമ്മൽ ഏരമ്പ്രം മൂന്നും നാലും വാർഡുകളിലായി കിടക്കുന്ന കുവ്വക്കെ, കാന്തിരോട്ട്, വണ്ണാത്തൻ വളപ്പ്, മുതിര വളപ്പ്, കൈപ്പാട് ആറാം വാർഡിലെ കൊക്കാൽ, തെക്കേക്കൊടിന്റെ വടക്കുഭാഗം, 7,8,9 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന മുതിരക്കൊവ്വൽ, കോയ്യിത്തുരുത്തി, വളാൽ, അരിവിരുത്തി, അഴീക്കാൽ, മണൽ, പാലത്തര, തോട്ടുകര, അത്യകൈ, കോണത്ത്, കൊയത്തൂർ, കിനാത്തിൽ വടക്കുഭാഗം, മുണ്ടക്കാട്, അടിച്ചാർ, വള്ളിക്കുതിര്, മുള്ളോട്ട് കടവ്, പയ്യള,എടച്ചാക്കൈ എന്നീ പ്രദേശങ്ങളിൽ ലഭിക്കുന്ന വെള്ളം നഞ്ച് കലർന്നതിനാൽ കുടിക്കാൻ അനുയോജ്യമല്ല. വിസ്തൃതമായ ഈ പ്രദേശങ്ങളിലെ കുടുംബങ്ങൾ ആശ്രയിക്കുന്നത് പരിമിതമായ ശുദ്ധജല വിതരണ പദ്ധതിയെയാണ്. (പട്ടിക-2) നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളം എത്തിച്ച് കൊടുക്കുന്നത് ഓരി, പടന്ന, കിനാത്തിൽ എന്നിവിടങ്ങളിലുള്ള 3 ചെറുകിട ശുദ്ധജല വിതരണ കേന്ദ്രങ്ങൾ വഴിയാണ്. ഇതിൽ ഓരി കേന്ദ്രം 1963ലും പടന്ന ജലവിതരണ കേന്ദ്രം 1973ലും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്ഥാപിക്കപ്പെട്ടതാണ്. കിനാത്തിൽ ഉള്ളത് പഞ്ചായത്തിന്റെ നേരിട്ടുള്ള ഉടമസ്ഥതയിൽ

സ്ഥാപിക്കപ്പെട്ടതാണ്. ഓരിയിലെ ജലസംഭരണിയുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. കാലപ്പഴക്കം കൊണ്ട് ടാങ്ക്, പമ്പ് ഹൗസ് എന്നിവയ്ക്ക് വിള്ളലുകൾ കാണപ്പെടുന്നു. പൈപ്പുകൾ പുഴയിൽകൂടികടന്നുപോകുന്നത് കാരണം പമ്പിംഗ് ലൈൻ പലപ്പോഴായി മുറിഞ്ഞു പോകുന്നു. വാട്ടർ അതോറിറ്റിയുടെ ശ്രദ്ധ ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് അത്യാവശ്യമാണ്. പടന്ന ശുദ്ധജല വിതരണ കേന്ദ്രത്തിലും ഇതേ പ്രശ്നങ്ങൾ നിലവിലുണ്ട്. വൈദ്യുതി വിതരണത്തിലുള്ള തകരാറുകൾ കാരണം ശുദ്ധജല വിതരണം തടസ്സപ്പെടുന്നു. പമ്പ് ഹൗസിനോടടുത്ത് ഒരു ട്രാൻസ്ഫോമറുണ്ടെങ്കിലും ഇതിലേക്ക് പ്രത്യേകം ലൈൻ വലിച്ചിട്ടില്ല.

കിനാത്തിലെ പഞ്ചായത്ത് ജല വിതരണ കേന്ദ്രത്തിനെ ആശ്രയിക്കുന്ന കുടുംബങ്ങൾ ഏറെ കഷ്ടപ്പെടുന്നു. ഈ കേന്ദ്രത്തിൽ ഒരു സ്ഥിരം ജോലിക്കാരൻ ഇല്ലാത്തതുകാരണം ശുദ്ധജല വിതരണം അവതാളത്തിലാകുന്നു. മേൽ കാണിച്ച ന്യൂനതകളുള്ളതിനാൽ കുടിവെള്ളം മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് ആവശ്യത്തിനുള്ള് കുടിവെള്ളം ലഭിക്കുന്നില്ല. ഈ പ്രദേശങ്ങളിലെ ജനങ്ങൾ വെള്ളം ചുമടായി കൊണ്ടുവന്നുവേണം അവരുടെ ആവശ്യം നിർവ്വഹിക്കുന്നത്. അതുകൊണ്ട് പഞ്ചായത്ത് സമിതി ജലപ്രകൃതി, ശുദ്ധജല ലഭ്യത, നിലവിലുള്ള ശുദ്ധ ജല വിതരണ സംവിധാനം എന്നിവയെ കുറിച്ച് സർവ്വേ നടത്തി ആവശ്യമായ പരിഹാരം കണ്ടെത്തണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ശുദ്ധജല ലഭ്യത ഇല്ല. ഉപ്പുകലർന്ന വെള്ളവും നഞ്ച് കലർന്നവെള്ളവുമാണ് ഈ പ്രദേശങ്ങങ്ങളിൽ ലഭിക്കുന്നത്.

2. കാലപ്പഴക്കം കൊണ്ട് ഓരിയിലെ പമ്പ്ഹൗസിലും, ടാങ്കിനും വിള്ളലുകൾ ഉണ്ട്. പുഴയിൽകൂടി പോകുന്ന പൈപ്പ്ലൈൻ പലപ്പോഴും മുറിഞ്ഞു പോകുന്നു.

3. വൈദ്യുതി തകരാറുമൂലം ശുദ്ധജല വിതരണം തടസ്സപ്പെടുന്നു.

4. ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൊതു കിണറുകളില്ല.

5. പുതുതായി അനുവദിക്കപ്പെടുന്ന കിണറുകൾ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിലല്ല സ്ഥാപിക്കുന്നത്. പൊതു കിണറുകൾ സ്ഥാപിക്കുമ്പോൾ വ്യക്തികതാവശ്യത്തിന് മുൻഗണന നൽകുന്നു.

6. പൊതു ടാപ്പുകൾ പലതും പ്രവർത്തനക്ഷമമല്ല. ടാപ്പുകളും പൈപ്പ്ലൈനും സംരക്ഷിക്കപ്പെടുന്നില്ല.

7. പൊതു കിണറുകളുടെ സംരക്ഷണം നടത്തുന്നില്ല. ചണ്ടിയും ചവറും ചെളിയും നിറഞ്ഞ് പൊതു കിണറുകളിലെ വെള്ളം ഉപയോഗ യോഗ്യമല്ലാതായിത്തീരുന്നു.

8. ടാപ്പുകളുടെയും പൈപ്പ്ലൈനിന്റെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തത് മൂലം കുടിവെള്ളം ധാരാളമായി നഷ്ടപ്പെടുന്നു.

9. പട്ടികജാതി കോളനികളിലെയും സങ്കേതങ്ങളിലേയും ശുദ്ധജല വിതരണ സംവിധാനം കാര്യക്ഷമമല്ല.

10. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഹൗസ് കണക്ഷന് മുൻഗണന ലഭിക്കുന്നില്ല.

11. കിനാത്തിലെ പഞ്ചായത്ത് ജലവിതരണ കേന്ദ്രത്തിൽ മുഴുവൻ സമയ ജോലിക്കാരനില്ല. കുടിവെള്ള കരം പഞ്ചായത്തുതലത്തിൽ ഒടുക്കാൻ സൗകര്യമില്ല.

12. കിണർ നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഭൂ പരിധി നിശ്ചയിച്ചതും, ധനസഹായം കുറഞ്ഞതും, യഥാസമയം ലഭിക്കാത്തതും കൊണ്ട് ദരിദ്ര കുടുംബങ്ങൾക്ക് ഗുണം ലഭക്കുന്നില്ല.

13. തുറസ്സായ സ്ഥലത്തുവെച്ചുള്ള മലമൂത്ര വിസർജ്ജനവും ജലസ്രോതസ്സുകൾക്കടുത്ത് വെച്ച് വാഹനങ്ങൾകഴുകുന്നതും അശ്രദ്ധമായ കീടനാശിനി പ്രയോഗവും കുടിവെള്ളം മലിനമാക്കുന്നു.

14. കുടിവെള്ളത്തിന്റെ പ്രാധാന്യം, സംരക്ഷണം, വിനിയോഗം എന്നിവയെകുറിച്ച് മിക്ക ജനങ്ങൾക്കും വേണ്ടത്ര അവബോധമില്ല.

15. അറവുശാലകളിലെയും, കോഴി-മത്സ്യ വിപണന കേന്ദ്രങ്ങളിലേയും മാലിന്യങ്ങൾ കിണറുകൾ, കുളങ്ങൾ എന്നിവയിലെ കുടിവെള്ളം മലിനമാക്കുന്നു.

16. കിണറുകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കപ്പെടുന്നില്ല.

സാധ്യതകൾ

1. പഞ്ചായത്തിൽ കുറ്റമറ്റതും സമഗ്രവുമായ കുടിവെള്ള നയത്തിന് പഞ്ചായത്ത് രൂപം കൊടുക്കേണ്ടതാണ്.

2. കേടുവന്ന ടാപ്പുകളും പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുകയും നിലവിലുള്ളതിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

3. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക.

4. ജലസംഭരണികളുടെയും പമ്പ്ഹൗസുകളുടെയും കേടുപാടുകൾ തിർത്ത് കൂടുതൽ കാര്യക്ഷമമാക്കുക.

5. കിനാത്തിലെ പമ്പ് ഹൗസിൽ മുഴുവൻ സമയ ജോലിക്കാരനെ നിയമിക്കുക.

6. ഓരി ശുദ്ധജല വിതരണ സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിച്ച് രൂപം കൊടുത്ത പദ്ധതി. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

7. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ആരംഭിക്കുന്ന Comprehensive Accelerated rural Water Supply Scheme to Cheemeni and adjoining Villages എന്ന പദ്ധതിയിൽ പടന്ന പഞ്ചായത്തിനെ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

8. പടന്ന വടക്കേപുറം, മാച്ചിക്കാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പിൽ വരുത്തുകയും ചെയ്യുക.

9. വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം പടന്ന പഞ്ചായത്തിൽ കാര്യക്ഷമമായി നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

10. നഞ്ചുവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ മിനി വാട്ടർ സപ്ലൈസ് സ്കീമുകൾ നടപ്പിലാക്കേണ്ടതാണ്.

11. കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനപ്രദമാവും വിധം ശുദ്ധജല ലഭിക്കുമെന്ന് ഉറപ്പുള്ള സ്ഥലത്ത് പൊതു കിണറുകൾ അനുവദിക്കുക.

12. ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉയർത്തുവാനും മെച്ചപ്പെടുത്തുവാനും PHC യുടെ സഹായത്തോടെ കിണറുകളിൽ ക്ലോറിനേഷൻ നടപ്പിലാക്കുക.

13. പൊതു കിണറുകൾ വൃത്തിയാക്കി വലയിട്ടുമൂടി സംരക്ഷിക്കേണ്ടതാണ്.

14. പൊതികിണറുകളും ടാപ്പുകളും അറ്റകുറ്റപ്പണികൾ നടത്തുവാനും ആവശ്യമായ ജോലിക്കാരെ നിയമിക്കുക.

15. കുടിവെള്ളം ധാരാളം ലഭിക്കുന്ന പ്രദേശങ്ങളിലെ വീടുകൾക്ക് വാട്ടർ കണക്ഷൻ നൽകാതിരിക്കുക.

16. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ സഹായ സഹകരണങ്ങൾ കൊണ്ട് സാമൂഹ്യ കുടിനീർ പദ്ധതി നടപ്പിൽവരുത്തുക.

17. വൈദ്യുതിയെ ആശ്രയിച്ചുള്ള ജലവിതരണം പലപ്പോഴും തടസ്സപ്പെടുന്നതിനാൽ പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ച് ജലവിതരണം നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.

ആരോഗ്യം

സംസ്ഥാനത്തിലെ സാമാന്യ ജനങ്ങൾക്കും ആരോഗ്യം ഉറപ്പാക്കാൻ ഒരു പരിതിവരെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ജനന മരണ നിരക്കും, മാതൃ-ശിശു മരണ നിരക്ക് ആയുർദൈർഘ്യം എന്നി അടിസ്ഥാന സൂചകങ്ങൾ നിരത്തി പരിശോധിച്ചാൽ കേരളം ആരോഗ്യ രംഗത്ത് വളരെയേറെ മുന്നോക്കം പോയിട്ടുണ്ട് എന്ന വസ്തുത നമുക്ക് കണ്ടെത്താൻ കഴിയും കേരളത്തിന് ശക്തമായൊരു ആരോഗ്യ സംവിധാനം ഉണ്ടായിരുന്നതാണ് ഇതിന് കാരണം. സാധാരണക്കാരന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട് പോകുന്നത് ധർമ്മാശുപത്രികൾ എന്നറിയപ്പെടുന്ന സർക്കാർ ആശുപത്രികൾ വഴിയാണ്. പകർച്ച വ്യാധികൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുംഗ്രാമീണ തലത്തിലുള്ള പ്രാഥമീകാരോഗ്യ കേന്ദ്രങ്ങളും ആരോഗ്യ പ്രവർത്തകരും മുഖ്യ പങ്ക് വഹിച്ച പോന്നിട്ടുണ്ട്. പക്ഷെ സർക്കാരുടെ സാമ്പത്തിക വിഭവ പോഷണം ഈ അവ്സഥയ്ക്ക് ഒരു മാറ്റം വരുത്തിയിരിക്കുന്നു. കൂടുതൽ പണം ലഭ്യമാക്കാൻ കഴിയാത്തത് മൂലം സർക്കാരാശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം സാധാരണമാണ്. മറ്റ് പൊതു ജനാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ക്ഷയിച്ചു വന്നു ഇതിന്റെയെല്ലാം ഫലമായി നമ്മുടേ പൊതു ജനാരോഗ്യ സംവിധാനം തളരുകയും അതിന്റെ കാര്യക്ഷമത കുറഞ്ഞുവരികയും ചെയ്യുന്നു. അത്മൂലം ജനങ്ങൾ സർക്കാർ ആശുപത്രികളിൽ നിന്ന് അകലുകയും സ്വാകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന അവസ്ഥയും ഉണ്ടാവുകയും ചെയ്തു.

മരുന്നിലും ചികിത്സയിലും അധിഷ്ഠിതമായ ആരോഗ്യത്തിനാണ് നാം ഇന്ന് പ്രാമുഖ്യം കല്പിക്കുന്നത്. പൊതുജനാരോഗ്യ പ്രവർത്തനനങ്ങള് തളർന്നതോടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നുപരുതിയ മഹാമാരികൾ പൂർവ്വാതികം ശക്തിയോടെ തിരിച്ചുവരുന്നതായി കാണപ്പെടുന്നു അതോടൊപ്പം പുതിയ പല രോഗങ്ങളും രംഗപ്രവേശം ചെയ്യുന്നു ഇതിന്റെയെല്ലാം ഫലമായി രക്തസമ്മർദ്ദം മലമ്പനി കോളറ, കാൻസർ, ക്ഷയം, പ്രമേഹം, എന്നിവക്ക് നാം അടിമപ്പെട്ടുവരുന്നു. ചികിത്സയിലും മരുന്നിലും ഒതുങ്ങിയതു കൊണ്ടു മാത്രം നാം ശാശ്വതമായ ആരോഗ്യം കൈവരിക്കാൻ കഴിയില്ല എന്നതാണ് നമ്മുടെ അനുഭവം തെളിയിക്കുന്നത്. അനാരോഗ്യകരമായ ചുറ്റുപാടുകൾ, ദോഷകരമായ ശിലങ്ങൾ, പോഷക ഗുണം കുറഞ്ഞ ആഹാരം, മലിനീകരിക്കപ്പെട്ട ജലം, വായു, ഈച്ച തുടങ്ങിയ പ്രാണികൾ എന്നിവയാണ് സാധാരണ ഗതിയിലുള്ള അസുഖങ്ങൾക്കും രോഗങ്ങൾക്കും കാരണം. ഇത്തരം പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സമൂഹത്തിലെ ഒരോ വ്യക്തിയും വഹിക്കുന്ന പങ്ക് ചെറുതല്ല. അതിനാൽ നിലവിലുള്ള ആരോഗ്യ രക്ഷാ സംവിധാനങ്ങൾ കുറ്റമറ്റ നിലയിൽ ശക്തവും കാര്യക്ഷമവുമാക്കുന്നതോടെ ജനങ്ങളിൽ ആരോഗ്യ സംരക്ഷണത്തേക്കുറിച്ച് ശക്തമായ അവബോധം വളർത്താൻ നമുക്കു കഴിയണം. എന്നാൽമാത്രമെ നമ്മുട

ആരോഗ്യം കുറേകൂടി സുഗമവും ശാശ്വതമാക്കുവാനും കഴിയുകയുള്ളു.

നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നാം ആശ്രയിക്കുന്നത് നമ്മുടെ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ്. നമ്മുടെ പഞ്ചായത്തിലെ പടന്നയിൽ സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററും കിനാത്തിൽ പ്രവർത്തിച്ചു വരുന്ന ആയുർവ്വേദ ഡിസ്പെൻസറിയുമാണ്. നമ്മുടെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ. പടന്ന PHCയോടനുബന്ധിച്ച് പടന്നയിലും പടന്ന വടക്കേപ്പുറം, തെക്കേക്കാട്, ഉദിനൂർ, കിനാത്തിൽ എന്നിവിടങ്ങളിൽ 4 കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കൂടാതെ പടന്നയിലെ ഒരു ചികിത്സാ കേന്ദ്രം എന്നനിലയിൽ പടന്ന PMG ഹോസ്പിറ്റൽ പ്രവർത്തിച്ചുവരുന്നു. ഏതാനും പാരമ്പര്യ വൈദ്യൻമാരും അവർനടത്തിവരുന്ന മരുന്നുകടകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. വിഷ ചികിത്സ, നാട്ടു ചികിത്സ, യൂനാനി ചികിത്സ ഹോമിയോ ചികിത്സ എന്നീ രംഗങ്ങളിൽ വിദഗ്ദ്ധരായ ആളുകളുടെ എണ്ണം വളരെ കുറവാണ്.

വി.കെ.പി അബ്ദുൾ ഖാദർഹാജി സ്മാരക പ്രൈമറി ഹെൽത്ത് സെന്റർ

ഈ അരേഗ്യ കേന്ദ്രത്തിന് തുടക്കം കുറിച്ചത് ഒരു ഡിസ്പെൻസറി എന്ന നിലയിൽ 1968ലാണ്. പടന്ന മൂസ ഹാജി മുക്കിലെ ഒരു സ്വകാര്യ കെട്ടിടത്തിലാണ് ആദ്യം പ്രവർത്തനം ആരംഭിച്ചത്. വർഷങ്ങൾക്ക് മുമ്പ് പ്രായോഗികതലത്തിൽ നടപ്പാക്കിയ ഒരു ജനകീയമുന്നേറ്റത്തിന്റെ ഫലമായിരുന്നു. പടന്ന പ്രൈമറി ഹെൽത്ത് സെന്റർ. ജനങ്ങളുടെ ആവശ്യവും പ്രതീക്ഷയും വലുതായിരുന്നു. പക്ഷെ സർക്കാറിന്റെ പരിമിതമായ സാമ്പത്തികശേഷി അതിനു തടസ്സം നിൽക്കുന്നു. പരേതനായ A.M. ബഷീർ അഹമ്മദ്, B.C. അബ്ദുല്ല ഹാജി എന്നിവർ 50സെന്റ് സ്ഥലം വിതം ദാനം ചെയ്തത്. അസൂയവാഹകമായ നിലയിൽ ഭീമമായ ഒരു തുക സംഭരിച്ച് 10പേരെ കിടത്തി ചികിത്സിപ്പികാവുന്ന സൗകര്യത്തോടെ ഇന്നത്തെ PHC കെട്ടിടം നിർമ്മിച്ചു. ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമായതോടെ പടന്ന ഡിസ്പൻസറി പടന്ന പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ടു. അതോടോപ്പം പടന്ന പഞ്ചായത്തിന്റെ സർവ്വതോമുഖമായ വികസന പ്രവർത്തനങ്ങളിൽ പടന്ന പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് എന്ന നിലയിൽ മായാ വ്യക്തി മുദ്ര പതിപ്പിച്ച V.K.P. അബ്ദുൽ ഖാദർ ഹാജി സാഹേബിന്റെ സ്മാരകം എന്ന നിലയിൽപുനർനാമകരണം ചെയ്യപ്പെടുക്കയും ചെയ്തു. 1970ൽ PHC പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് ഈ കെട്ടിടത്തോടനുബന്ധിച്ച, കേരള കയർ തൊഴിലാളി ക്ഷേമ ബോർഡ് 6 കിടക്കകളുള്ള മറ്റൊരു കെട്ടിടം നിർമ്മിച്ചുകൊടുത്തു. രോഗികളെ കിടത്തി ചികത്സിക്കാൻ പാചക മുറി ആവശ്യമാണെന്ന് വന്നപ്പോൾ പടന്ന പഞ്ചായത്തും സാംസ്കാരിക സംഘടനകളും പൊതുജന സഹായത്തോടെ നിർവ്വഹിച്ചു. ഇതെല്ലാമായിട്ടും കിടത്തി ചികത്സിക്കാനുള്ള സർക്കാർ അനുമതി ലഭിച്ചത് 1995ൽ മാത്രമാണ്. ഈ അനുമതി പ്രായോഗികമാക്കാൻ ചില അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണെന്ന് കണ്ടപ്പോൾ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി ഉദാരമതികളായ ചിലരുടെ സ്മ്പത്തിക സഹായം തേടി അത് നിർവ്വഹിച്ചു. 16പേരെ കിടത്തി ചികത്സിക്കാനുള്ള സൗകര്യമുണ്ടെങ്കിലും കൂടുതൽ നിയമനങ്ങൾ നടത്താനുള്ള സാങ്കേതിക തടസ്സം മൂലം 10 പേരെ കിടത്തി ചികത്സിപ്പികാനുള്ള അനുമതിയാണ് ലഭിച്ചത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ ഒരു ആനുകൂല്യം ഉപയോഗപ്പെടുത്തിയതാവട്ടെ വെറും 20 രോഗികളാണ്. കിടന്ന് ചികത്സനേടുന്നവർക്ക് ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും രാത്രികാല സേവനം ലഭിക്കുന്നില്ല. ഡോക്ടർക്കും നഴ്സ്മാർക്കും താമസിക്കാൻ പറ്റിയ ക്വാർട്ടേഴ്സ് ഇല്ല എന്നതും ജീവനക്കാരുടെ രാത്രികാല സേവനം ലഭിക്കുന്നതിൽ വിഷമം സൃഷ്ടിക്കുന്നു. ഹോസ്പിറ്റലിൽ പാചകകാരന്റെ നിയമനം നടക്കാത്തത് മൂലം കിടന്ന് ചികത്സ നേടുന്നവർക്ക് ആവശ്യമായ ഭക്ഷണം ലഭിക്കുന്നില്ല. ഈയൊരു പ്രതികൂല സാഹചര്യത്തിൽ തൊട്ടടുത്ത് താമസിക്കുന്ന രോഗികൾ പോലും നമ്മുടെ ഹോസ്പിറ്റലിന്റെ സേവനം തേടാതെ അയൽപ്രദേസങ്ങളിലെ സ്വകാര്യ ഹോസ്പിറ്റലുകളിൽ അഭയം തേടുന്നു.

കവിഞ്ഞ വർഷത്തോടെ നമ്മുടെ PHC ഒരു തീരദേശ ഹോസ്പിറ്റലായി അംഗീകരിക്കപ്പെട്ടിരുന്നു.അതിന്റെ ഫലമായി 75000ക.വിലയുള്ള മരുന്ന് ലഭിച്ചിരുന്നു. PHCയെ കേന്ദ്രീകരിച്ച് ഒരു ഡോക്ടരും16 മറ്റു ജീവനക്കാരുമാണുള്ളത്. പഞ്ചായത്തിലെ പടന്ന വടക്കേപ്പുറം, തെക്കേക്കാട്, ഉദിനൂർ, കിനാത്തിൽ എന്നിവടങ്ങളിൽ സ്ഥിതിചെയ്യുന്ന 3 കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതും PHC ലെ മെഡിക്കൽ ഓഫിസറാണ്. മെഡിക്കൽ ഓഫീസരുടെ റിപ്പോർട്ട് പരിശോധിച്ചാൽ നമ്മുടെ PHCയുടെയും അതിനു കീഴിലുള്ള 4 കുടുംബക്ഷേമ കേന്ദ്രങ്ങളുടെയും പ്രവർത്തനം തൃപ്തികരമാണ്. ഗ്രഹസന്ദർശനവും ആരോഗ്യബോധവൽകരണവും കാര്യക്ഷമമല്ല. ആരോഗ്യ രംഗത്തെ പ്രവർത്തനം മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന സേവന രംഗമായി കണ്ട് കൂടുതൽ കർത്തവ്യബോധത്തോടും സാമൂഹ്യ പ്രതിബദ്ധതയോടും കൂടി പ്രർത്തിക്കുന്ന ജീവനക്കാർ ഉണ്ടാകണം. സാമൂഹ്യ ഇടപ്പെടൽ അതിന് സഹായകരമാകും എന്ന് പ്രതീക്ഷിക്കാം. നമ്മുടെ PHCയേയും കുടുംബക്ഷേമ കേന്ദ്രങ്ങളേയും കേന്ദ്രീകരിച്ച് രോഗികളെ പരിശോധിച്ച് ചികിത്സ വിധിക്കയും ആവശ്യമായ മരുന്നുകൾ ലഭ്യമായ തോതിൽ നൽകൽ, മാതൃ-ശിശു സംരക്ഷണം, എം.ടി.പി., രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, പിള്ളവാത നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

കിനാത്തിൽ ആയുർവ്വേദ ഡിസ്പൻസറി

ഇത് പ്രവർത്തനമാരംഭിച്ചത് 1989ലാണ്. ഇവിടെ തുക്ക് രോഗം, വാതം, പാമ്പുകടി ഒഴികെയുള്ള വിഷ

ചികിത്സ എന്നിവ പ്രത്യേകം ശ്രദ്ധപതിയത്തക്കവിധം നടന്നവരുന്നു. ഈ സ്ഥാപനം വഴി ലഭിച്ചുവരുന്ന ആരോഗ്യസേവനം താരതമ്യേന തൃപ്തികരമാണ്. കുറയേറെ ആളുകൾ ഉപയോഗപ്പെടുത്തി വരുന്നു. കൂടുതൽ കാര്യക്ഷമമാക്കാൻഈ കേന്ദ്രത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥ മാറ്റിയെടുക്കണം. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും രോഗികൾക്ക് മരുന്ന നൽകാൻ കൂടുതൽ പണം അനുവദിക്കുകയും ചെയ്താൽ മാത്രമെ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുകയുള്ളു.

ആദ്യത്തേ 5 വർകക്കാലം T. അഹമ്മദ് മാസ്റ്റർ സൗജന്യമായി അനുവദിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു. ഉദിനൂർ കിനാത്തിൽ യംങ്ങ് ഫാർമേഴ്സ് ക്ലബ് സൗജന്യമായി നൽകിയ സ്ഥലത്ത് പഞ്ചായത്ത് ഫണ്ടും മറ്റും ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ കെട്ടിം നിർമ്മിച്ചു.

നമ്മുടെ പഞ്ചായത്തിന്റെ ജനന നിരക്ക് , മരണ നിരക്ക്, മാതൃ-ശിശു മരണ നിരക്ക്, ആയുർദൈർഘ്യം എന്നിവ പരിശോധിച്ചാൽ നമ്മുടെ ആരോഗ്യം സാമാന്യം മെച്ചപ്പെട്ടതാണ്. ജനന നിരക്ക് 11ന് താഴെയും മരണ നിരക്ക് 2.69ഉം ആണ്. രണ്ടും കേരള ശരാശരിയേക്കാൾ കുറവ് എന്നത് ആശാവാഹമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്ന പ്രമേഹം, കൂടിയ രക്ത സമ്മർദ്ദം, ഹ്രദ്രോഗം, കാൻസർ തുടങ്ങിയവകൊണ്ട് കഷ്ടത അനുഭവപ്പെടുന്നവരുടെ എണ്ണം പരിഗണിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ രോഗാതുരത വർദ്ധിക്കുന്നതായി കാണാം. കൃമീക്രതമല്ലാത്ത ഭക്ഷണ ശീലവും വ്യായാമത്തിന്റെ കുറവും മറ്റ് ശിലങ്ങളും ഇതിന് കാരണമാകുന്നു. ഈ ദുരാവസ്ഥ മാറ്റിയെടുക്കാൻ PHCയുടെ നേതൃത്വത്തിൽ സന്നദ്ധസംഘടകനകളുടെയും, സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ നിരന്തരമായ ആരോഗ്യ ബോധവൽകരണവും ആരോഗ്യ വിദ്യാഭ്യാസവും നടപ്പാക്കേണ്ടതുണ്ട്.

PHCയുടെ പ്രവർത്തനം കുറെയേറെ പ്രയോജനപ്പെടുന്നു എന്ന PHCയുടെ അധികൃതർ നൽകിയ കണക്കുകൾ സൂചിപ്പിക്കുന്നു. വർഷംതോറും 10000ത്തിലേറെ രോഗികൾ ചികത്സ നേടുന്നു. പ്രതിരോധ ചികത്സയിലും കുടുംബാസൂത്രണ രംഗത്തും കുറേയേറെ പ്രവർത്തനങ്ങൾ കാണാം. ലഭ്യമായ കണക്ക് പ്രകാരം 2231 അമ്മമാരിൽ കുടുംബാസൂത്രണം നേടിയവർ 1438 പേരാണ്. ഒരു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ് നൽകിയതായും കാണാം. (308ൽ 308ഉം)

ആയുർവ്വേദ ഡിസ്പൻസറിയിൽ ഒരോ വർഷവും 15000ത്തോളം രോഗികൾ ചികിത്സ തേടുന്നു. ഏറ്റവും കൂടുതൽ വാത രോഗികളാണ്. രണ്ടാമത് ത്വക്ക് രോഗികളും. കഴിഞ്ഞ വർഷം വിഷ ചികത്സ തേടിയവർ 759 പേർ ആണ്.

വ്യക്തിഗത ശുചിത്വവും പരിസര ശുചിത്വവും ആരോഗ്യ സംരക്ഷണത്തിന്റെ ഒഴിവാക്കാൻ പറ്റാത്ത 2 ഘടകങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ മലിനീകരണ പ്രസ്നങ്ങൾ ഉയർത്തുന്നത് പൊതുവെ കാണപ്പെടുന്ന സാമൂഹ്യ ശുചിത്വമില്ലായ്മയാണ്. കക്കൂസില്ലാത്ത കുടുംബങ്ങളുടെ എണ്ണം806 ആമ്. ഇവർ പ്രധാനമായും നിർധനരും നീർക്കെട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുമാണ്.അനുയോജ്യമായ കക്കൂസിന്റെ അഭാവം കാരണം തുറന്ന പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നു. തോടുകളും കിണറുകളും പുഴകളും മലിനീകരിക്കപ്പെടുന്നു. അക്ഷന്തവ്യമായ മലിനീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് പ്രധാനമായും അറവുശാലകളാണ്. തുറന്ന സ്ഥലത്ത് വെച്ചുള്ള അറവും വിൽപനയും അവശിഷ്ട മാലിന്യങ്ങളാകട്ടെ ജനസാന്ദ്രതയേറിയ പ്രദേളങ്ങളിലും, പുഴയോരങ്ങളിലും നിക്ഷേപിക്കുന്നു. ഇത് കർശനമായും തടയേണ്ടതുണ്ട്. കോഴി, മത്സ്യ വിപണന മേഖലയുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ ഓവുചാലുകളിലും പൊതുസ്ഥാലങ്ങളിലും നിക്ഷേപിക്കുന്നു. വ്യാപാരികളുടേയും മറ്റും ചപ്പ്ചവറുകൾചവറ്റ് കൊട്ടകളാമ് നമ്മുടെ ഓ ചാലെന്നർത്ഥം. മലിനീകരണം രൂക്ഷതയിൽ എത്തിക്കുന്ന ഇത്തരം ഹീനമായ പ്രവർത്തനങ്ങൾക്ക് അറുതി വരുത്തി സാമൂഹ്യ ശചിത്വത്തേകുറിച്ചുള്ള ശക്തമായ ബോധവൽകരണം നടത്താൻ പഞ്ചായത്ത് സമിതി നേതൃത്വം നൽകണം.

പ്രശ്നങ്ങൾ

1. PHCയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ യോചിച്ച സാഹചര്യം ഇല്ല. രാത്രികാലങ്ങളിൽ ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും സേവനം രോഗികൾക്ക് വേണ്ടത്ര ലഭികുന്നല്ല. രോഗികൾക്കാവശ്യമായ ഭക്ഷണവും ലഭിക്കുന്നില്ല.

2. PHCയിൽ X-ray യുണിറ്റും മെഡിക്കൽ ലാബും നിലവിലില്ല.

3. ആയുർവ്വേദ ഡിസ്പൻസറിയിൽ രോഗികൾക്ക് മരുന്ന് നൽകാനുള്ള ഫണ്ട് പരിമിതമായതിനാൽ മിക്ക രോഗികൾക്കും ആവശ്യമായ മരുന്ന് നൽകാൻ കഴിയുന്നില്ല.

4. ആയുർവ്വേദ ഡിസ്പൻസറിയിൽ ശുദ്ധജലം വേണ്ടത്ര ലഭ്യമല്ല. ആശുപത്രി വൈദ്യുതീകരിച്ചിട്ടുമില്ല. വിറക്, കഷായം ചണ്ടി, വെണ്ണീർ എന്നിവ നിക്ഷേപിക്കാൻ ആവശ്യമായ സൗകര്യങ്ങളില്ല. കഷായം പാചകം ചെയ്യുന്നതിന് പാചക ഗ്യാസ് ലഭ്യമല്ല.

5.പൊതുജനാരോഗ്യസംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ചിട്ടയോടുള്ള ഗ്രഹ സന്ദർശനം, രോഗ പ്രതിരോധ നടപടികൾ എന്നിവ വേണ്ടവിതം നടക്കുന്നില്ല. ആരോഗ്യ വിദ്യാഭ്യാസം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ ആസൂത്രിതമായി നടക്കുന്നില്ല.

6. കൊതുക്ക് നിവാരണ പ്രവർത്തനങ്ങൾ നടകുന്നില്ല.

7. സ്കൂൾ ഹെൽത്ത് പ്രോഗ്രാം ചിട്ടയായി നടക്കുന്നില്ല.

8. സ്വന്തമായികക്കൂസ് ഇല്ലാത്തവർ നിരവധിയാണ്.

9. അഴിത്തല, ഉദിനൂർപ്രദേശങ്ങളിൽആരോഗ്യ കേന്ദ്രങ്ങളൊന്നുമില്ല.അതുകൊണ്ട് അവിടുത്തെ ആരോഗ്യ സ്ഥിതി ഗൗരവമായി പരിഗണ്ക്കണം

10. നീർക്കെട്ടുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നില്ല.

11. പടന്ന പഞ്ചായത്തിൽ ഹോമിയോ ചിക്ത്സാ സൗകര്യങ്ങളില്ല.

12. വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങളിൽ വെള്ളം ഒഴുകി പോകാനുള്ള സംവിധാനങ്ങളില്ല.

13. ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ ഫലപ്രദമായി കഴിയുന്നില്ല.

14. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും തുറന്ന സ്ഥലത്ത വെച്ച് നടക്കുന്ന അറവും, കോഴി, മത്സ്യ വിൽപനയും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

15. സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസ് എന്നിവ ഇല്ല.

16. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികൾ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

17. പാരമ്പര്യ വൈദ്യ ചികിത്സ, നാട്ടു ചികിത്സ, വിഷ ചികിത്സ എന്നിവയ്ക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

18. MRHS നടുത്തുണ്ടായിരുന്ന കുടുംബക്ഷേമ കേന്ദ്രത്തിന്റെ സ്ഥലം ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1. നമ്മുടെ പഞ്ചായത്തിലെ PHC കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിക്കിട്ടാനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒത്തിണങ്ങിയ സ്ഥാപനമാണ് നമ്മുടെ PHC. ഈ നടപടി മൂലം കിടന്നു ചികിത്സികേണ്ടവർക്കും എല്ലാ സമയത്തും ഡോക്ടറുടേയും നേഴ്സ്മാരുടേയും സേവനം ലഭ്യമാകുകയും ചെയ്യും.

2. ഹോസ്പിറ്റലിനോടനുബന്ധിച്ച് ഡോക്ടർക്കും മറ്റു ജീവനക്കാർക്കും താമസിക്കാൻ ക്വാർട്ടേഴ്സ് ഉണ്ടാക്കണം.

3. PHCയിൽ ഒരു വാഹനവും, ആംബുലൻസും നൽക്കാൻ നടപടികൾ സ്വീകരിക്കണം.

4. PHCന് ചുറ്റുമതിൽകെട്ടി സംരക്ഷികണം.

5. ഹോസ്പിറ്റലിൽ ഫോൺ കിട്ടാനുള്ള നടപടികൾ സ്വീകരിക്കണം

6. ആയുർവ്വേദ ആശുപത്രിയിൽ മരുന്ന വാങ്ങാൻ നൽകുന്ന സാമ്പത്തിക സഹായം വർദ്ധുപ്പിക്കുക.

7. ആയുർവ്വേദ ആശുപത്രിയിൽ വൈദ്യുതി കുടിവെള്ളം ലഭ്യമാക്കുക.

8. കഷായചണ്ടി, വെണ്ണീർ, വിറക് എന്നിവ സൂക്ഷിക്കാനുള്ള ഷെഡ്ഡ് ഉണ്ടാക്കുക.

9. ചുറ്റുമതിൽ കെട്ടി ആയുർവ്വേദ ഡിസ്പൻസറിയുടെ കോംബൗണ്ട് സംരക്ഷിക്കിക.

10. പഞ്ചായത്തിൽ ആരോഗ്യ സംരക്ഷണ സമിതി രൂപീകരിക്കുക. ഈ സമിതി പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ പഠിച്ച് ഭാവയ്ക്ക് യഥാസമയം പരിഹാരം കണ്ടെത്തണം.

11. മലിനീകരണം സംബന്ധിച്ച സമഗ്ര സർവ്വെ നടത്തി അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

12. തീരെ ആരോഗ്യ സേവനം ലഭ്യമല്ലാത്ത ഉദിനൂരിൽ വീക്കലി മെഡിക്കൽ സെന്റർ സ്ഥാപിക്കുക.

13. അഴിത്തലയിൽ ഒരു കുടുംബ ക്ഷേമ കേന്ദ്രം സ്ഥാപിക്കുക.

14. സ്കൂൾ ഹെൽത്ത് സെന്റർ പ്രോഗ്രാം ശക്തിപ്പെടുത്തുക.

15. ആരോഗ്യ വിദ്യാഭ്യാസത്തിലൂടെ രോഗ പ്രതിരോധ ചികിത്സയുടെയും പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ശക്തമായ അവബോധം ഉണ്ടാക്കുക.

16. ഉദിനൂർ പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ഒരു ഹോമിയോ ആസ്പത്രി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക

17. പടന്ന MRSHS നടുത്തുണ്ടായിരുന്ന കുടുംബക്ഷേമകേന്ദ്രത്തിന്റെ സ്ഥലവും, പടന്ന വടക്കേപുറമുള്ള സ്ഥലവും വേണ്ട വിധം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുക.

18. പഞ്ചായത്തിലെ ശ്മശാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണം.

19. PHC മുഖേന എല്ല ജനങ്ങൾക്കും ന്യൂട്രീഷൻ സ്ക്കീം നടപ്പിലാക്കുക.

20. ഉദിനൂർ കേന്ദ്രമാക്കി PHC സ്ഥാപിക്കുക.

9

ഗതാഗതം ഊർജ്ജം മാർക്കറ്റ്.

ഗതാഗതം

അടുത്ത കാലം വരെ ഒന്നായിരുന്ന പടന്ന, വലിയപറമ്പ് പഞ്ചായത്തുകളെ വേർതിരിക്കുന്ന, തേജസ്വനി പുഴയുടെ തുടർച്ചയായി വരുന്ന പടന്ന പുഴ. വളരെയധികം വിസ്തൃതിയുള്ള ഈ മനോഹരമായ ദ്വീപുകളാൽ അലംകൃതമായതുമായ പുഴയാണ് പടന്നപ്പുഴ. അറബിക്കടലിനോട്, ചേർന്നുകിടന്നിരുന്ന പടന്ന പഞ്ചായത്ത് 1978 -ൽ വിഭജിച്ച് വലിയപറമ്പ് പഞ്ചായത്തിന് രൂപം നൽകി. കടപ്പുറത്ത് താമസിക്കുന്ന നിരവധി മത്സ്യത്തൊഴിലാളികുടുംബങ്ങളും കടലോരവാസികൾക്കും ഇന്നും പുറം ലോകവും ആയി ബന്ധപ്പെടുന്നതിന് കടത്തുവള്ളങ്ങളിലൂടെയാണ്. പടന്നപ്പുഴയിൽ 6 അംഗീകൃത കടത്തുവള്ളങ്ങളാണുള്ളത്.മഴക്കാലത്ത് കര കവിഞ്ഞ് ഒഴുകുന്ന പുഴയിൽ കൂടി വളരെയധികം പ്രയാസപ്പെട്ടാണ് മറുകര പറ്റുന്നത്. പുഴയിൽ കൂടി തെക്ക് വളപട്ടണം വരേയും, വടക്ക് കാഞ്ഞങ്ങാടു വരേയും ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടായിരുന്നു. ചഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങൾ ഒന്നാണ് കടത്ത് വള്ളങ്ങൾ. എന്നാൽ വലിയപറമ്പ് പഞ്ചായത്ത് രൂപീകൃതമായകു മുതൽ കടവിന്റെ ലേലതുകയ്ക്കുള്ള തർക്കവും തുടങ്ങി. കടവുകൾ 95-96വരെ ലേലം ചെയ്തിരുന്നത് പടന്ന പഞ്ചായത്തായിരുന്നു. പ്രത്യേക ഓർഡർ അനുസരിച്ച് 96-97 കാലത്തെ കടവ് ലേലം നടത്തി അതിന്റെ പകുതി തുക പടന്ന പഞ്ചായത്തിന് നൽകിയെങ്കിലും പഞ്ചായത്ത്സ്വീകരിക്കുകയുണ്ടായില്ല. കടവ് വഴി കിട്ടികൊണ്ടിരുന്നതും പുഴയോര പുറമ്പോക്ക് ഭൂമിയെ ലീസിന്റെ തുകയടക്കംനല്ലൊരു തുക പഞ്ചായത്തിന് നഷ്ടമായി.

പട്ടിക –1

നമ്പർ	കടവിന്റെ പേര്	വരുമാനം	
		94 - 95	95 - 96
1	തെക്കേക്കാട്	12,200	15775
2	പടന്നക്കടവ്	22,600	19181
3	ഓരി പുനം കടവ്	13,875	18200
4	ആയിറ്റി കടവ്	5950	13400
5	കന്നുവീടു കടപ്പുറം	-	-
6	വെള്ളാപ്പ്	-	-

പട്ടിക - 2

പഞ്ചായത്തിലെ ആദ്യകാലറോഡുകളുടെ വിവരം

(പഞ്ചായത്ത് രജിസ്റ്റർ അനുസരിച്ച്)

നമ്പർ	റോഡിന്റെ പേര്	ദൂരം	വീതി
1	ഉദിനൂർ - എടച്ചാക്കൈ	3.5.K.M	2.30M
2	ഉദിനൂർ - പേക്കടം	1.5.K.M	2.10M
3	ചെറുവത്തൂർ - പടന്ന	5.5.K.M.	2.10M
4	ഉദിനൂർ - പീലിക്കോട്	2.K.M	2.10M
5	ഉദിനൂർ - മാണിയാട്ട്	2 K.M	1.30M
6	പടന്ന - ചന്തേര	2.K.M	2.00M
7	പടന്ന - കടവ്	0.5 KM	0.30M

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കടത്തുവള്ളങ്ങളുടെ വാർഷിക വരുമാനം പട്ടികയായി താഴെ കൊടുത്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് വളരെ നല്ല നിലയിലുള്ള റോഡ് ശൃംഖലതന്നെയുണ്ട്. പഴയ കാലത്ത് തോണിയും കാളവണ്ടിയും മാത്രനായിരുന്നു ഗതാഗതത്തിനുള്ള സൗകര്യങ്ങൾ. രോഗികളെ ആശുപത്രികളിൽഎത്തിച്ചിരുന്നത് മഞ്ചൽ ഉപയോഗിച്ചായിരുന്നു. പയ്യന്നൂർ കൊറ്റിമുതൽ കോട്ടപ്പുറം വഴി പെരുമ്പട്ട വരെ 3 ബോട്ടുകൾ ഓടിയിരുന്നു. കരയിൽ കൂടിയുള്ള വാഹന സൗകര്യം കൂടിയപ്പോൾ സമയ ലാഭത്തിനും ധന ലാഭത്തിനും വേണ്ടി ജനങ്ങൾ ബോട്ടുകളെ ഒഴിവാക്കി. നഷ്ടത്തിലോടിക്കൊണ്ടിരുന്ന സ്വകാര്യ ബോട്ടുകൾ സർവ്വീസ് നിർത്തിവച്ചു. കർഷകത്തൊഴിലാളികളും മറ്റും സമയ നിഷ്ട പാലിച്ചിരുന്നത് പോലും ബോട്ടുകളുടെ സർവ്വീസ് സമയത്തെ ആശ്രയിച്ചാരുന്നു. ഇടക്കാലത്ത് സർവ്വീസ് നിന്നെങ്ങിലും ലത്ത്ടല ത്ത്ംവീണ്ടും ജലഗതാഗത വകുപ്പ് പയ്യന്നൂർ കൊറ്റിമുതൽ കോട്ടപ്പുറം വരെ 2 ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഇന്നും തോണിയെ ആശ്രയിച്ച് കഴിയേണ്ടിവരുന്നു. പഞ്ചായത്ത് രൂപീകരണത്തിന്റെ കാലഘട്ടത്തിൽ തന്നെയാണ് റോഡുകൾ സ്ഥപിതമായത്.1950-56 കാലത്ത് പടന്നയിലും ഉദിനൂരിലും റോഡുകൾ സ്ഥാപിക്കപ്പെട്ടു. 1956ൽ പടന്നയിൽ രൂപാകൊണ്ട 2 കമ്മറ്റികളുടെ മേൽനോട്ടത്തിൽ പടന്ന-ചെറുവത്തൂർ, പടന്ന - ചന്തേര റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടന്നു. ചെറുവത്തൂർ - പടന്ന റോഡിൽ ഓരിമുക്ക് മുതൽ ചെറുവത്തൂർ വരെ വയലുകൾ നികത്തിയാണ് നാട്ടുകാർ ശ്രമഫലമായി ഒരു മണൽ റോഡ് നിർമ്മിച്ചത്. അതുപോലെ ഉദിനൂരിലും പഞ്ചായത്ത് രൂപീകരണ വേളയിൽ തന്നെ നടക്കാവ് - എടച്ചാക്കൈ മണൽ റോഡ് സ്ഥാപിക്കപ്പെട്ടു. പഞ്ചായത്തിൽ പഴയകാലത്തിൽ നിലവുലുണ്ടായിരുന്ന വീതി കുറഞ്ഞ മണൽ റോഡുകളുടെ ഒരു ചിത്രം താഴെ കൊടുത്ത് പട്ടികയിൽ നിന്ന് വ്യക്തമാകും.

ചെറുവത്തൂർ വഴിയായി പടന്നയിലേക്ക് റോഡ് സ്ഥാപിതമായതോടെ അതുവഴിയുള്ള ഗതാഗതം സുഖമമായി. പയ്യന്നൂർ ഭാഗത്തേക്കും, കാഞ്ഞങ്ങാട് ഭാഗത്തേക്കും 1971-ൽ ബസ് സർവ്വീസ് ആരംഭിച്ചു. 1950- 56 കാലത്താരംഭിച്ച ജനകീയ റോഡ് 1962-ൽ പഞ്ചായത്തു ബോർഡ് നിലവിൽ വന്നപ്പോഴാണ് ചരൽ റോഡായത്. ഇത് ഫിഷറീസ് ഡിപ്പാർട്ടമെന്റ് ഏറ്റെടുത്ത് മെറ്റൽ ചെയ്തു. 1976-77 ൽ PWD ഏറ്റെടുത്ത് ടാർ ചെയ്തു. നടക്കാവ് -എടച്ചാക്കൈ റോഡ് 1987ൽ PWD ഏറ്റെടുത്ത് ടാർ ചെയ്തു. KSRTC ബസ്സുകൾ പയ്യന്നൂരിൽ നിന്നും അഴീക്കൽ അണക്കെട്ടു വരെ സർവ്വീസ് നടത്തുകയും ചെയ്തു. തുടർന്ന് 1989-90 ൽ എടച്ചാക്കൈ പാലം യാഥാർത്ഥ്യമായപ്പോൾ ഓരിക്കടവുവരെ ബസ് സർവ്വീസുകൾ ആരംഭിച്ചു. പഞ്ചായത്തിലെ

പ്രധാനപ്പെട്ട റോഡും ഇതുതന്നെ. ഏകദേശം 7.K.M നീളം വരും. നടക്കാവ് -ഓരിക്കടവ് റോഡിന്. ജന സാന്ദ്രത ഏറിയ ഈ പഞ്ചായത്തിന് യാത്രാ സൗകര്യം ഇന്നും കുറവാണെന്നു പറയാം. കാഞ്ഞങ്ങാടു ഭാഗത്തേക്ക് പടന്നയിൽ നിന്നും 3- ബസുകൾ മാത്രമേ ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളു. ചെറുവത്തൂർ വഴിയായി കണ്ണൂർ ഭാഗത്തേക്ക് 3 ബസുകളും ഓടുന്നുണ്ട്. ചെറുവത്തൂർ വഴി കണ്ണൂർ ഭാഗങ്ങളിലേക്കോടുന്ന ബസുകൾ യഥാർത്ഥത്തിൽ ധന നഷ്ടവും സമയ നഷ്ടവും വരുത്തുന്നു. ഈ ബസ് റൂട്ടുകൾ എടച്ചാക്കൈ പാലത്തിൽ കൂടി തൃക്കരിപ്പൂർ വഴി തിരിച്ചു വിട്ടാൽ സമയം തന്നെ 30 മിനിറ്റു ലാഭിക്കാം. പടന്നയിൽ കാഞ്ഞങ്ങാടു ഭാഗത്തേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കണം. ചെറുവത്തൂരിൽ നിന്നും പടന്നയിലേക്കുള്ള ജീപ്പ സർവ്വീസ് നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു. ബസ് പുറപ്പെടുന്നതിനു മുമ്പായി ജീപ്പ് സർവ്വീസ് നടത്തുന്നതുകൊണ്ട് ബസ് സർവ്വീസുകൾ പലതും നിർത്തിയ ചരിത്രം ഉണ്ട്. കുറച്ചു കാലം മുമ്പ് ഈ റൂട്ടിൽ 12 ഓളം ബസുകൾ ഓടികൊണ്ടിരുന്നതാണ്. എടച്ചാക്കൈ പാലം തുറക്കപ്പെട്ടതോടെ പഞ്ചായത്തിലെ യാത്രാ സൗകര്യത്തിൽ സാരമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പടന്നയിൽ നിന്ന് ചെറുവത്തൂർ വഴി തൃക്കരിപ്പൂരിലേക്ക് 15 K.M. ദൂരം ഉണ്ട്. എടച്ചാക്കൈ പാലത്തിലൂടെ ആകുമ്പോൾ 8 K.M ആയി ചുരുങ്ങുന്നു.

പയ്യന്നൂർ മുതൽ ഓരികടവുവരെയുള്ള റൂട്ടിലുള്ള ബസ്സുകൾ വലിയപറമ്പ് പഞ്ചായത്തിലെ ജനങ്ങൾക്കും വളരെ ഉപകാരപ്രദമാണെങ്കിലും. KSRTC ബസുകളുടെ സമയക്ലിപ്തതയില്ലായ്മ മൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്നു. സർവ്വീസ് നടത്തുന്ന KSRTC ബസ്സുകൾ മിക്കപ്പോഴും ഒന്നിച്ചു വരികയും ഒന്നിച്ചുപോവുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. സ്വകാര്യ ബസുകളാണെങ്കിൽ രാവിലെപോയി വൈകിട്ട് തിരിച്ചെത്തുന്ന ദീർഘദൂര സർവ്വീസുകളുമാണ്. പയ്യന്നൂർ ഭാഗത്തേക്ക് കടന്നുപോകണമെങ്കിൽ മൂന്നു റെയിൽവെ ഗേറ്റുകൾ പിന്നിടേണ്ടിയിരിക്കുന്നു. ഗേറ്റുകളുടെ ബാഹുല്യം കുറക്കണമെങ്കിൽ ഉദിനൂർ AKG റോഡിലൂടെ പേക്കടം ഭാഗത്തു കൂടി വന്ന് ബീരിച്ചേരി ഗേറ്റിന് പടിഞ്ഞാറു ഭാഗവുമായി ബന്ധപ്പെടുത്തണം.

പല റോഡുകളിലേയും വെള്ളം ഒഴുകി പോകാനുള്ള അസൗകര്യവുമുണ്ട്. കിനാത്തിൽ കാവിനടുത്തും പടന്ന പഞ്ചായത്തിനടുത്തും ഇത്തരം സ്ഥലങ്ങൾ കാണാം. ഇതിനായി പുതിയ ഓവുചാലുകൾ നിർമ്മിക്കണം. ആവശ്യമുള്ള ഓവുചാലുകളുടെ വിവരം പട്ടികയായി 4ൽ ചേർക്കുന്നു.

പുതുതായി ആരംഭിച്ച കിനാത്തിൽ മൂസഹാജി മുക്ക് PWD റോഡിന് തോട്ടുകരയിൽ പാലം പണിയേണ്ടതുണ്ട്. വയലുകൾ നികത്തി റോഡുകൾ നിർമ്മിച്ചതിനാൽ വർഷകാലത്ത് നെൽവയലുകളിലെ വെള്ളം ഒഴുകി പോവാനുള്ള സംവിധാനം ഇല്ല. ഇതിനാവശ്യമായ കൾവർട്ടുകളുടേയും പാലങ്ങളുടെയും വിവരം പട്ടികയായി തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ ധാരളം വാഹനങ്ങൾ സ്വകാര്യ ഉടമസ്ഥതയിലുണ്ട്. അവയുടെ വിവരവും പട്ടിക 6 ൽ കൊടുത്തിട്ടുണ്ട്.

യാത്രാപ്രശ്നം പരിഹരിക്കണമെങ്കിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളെ ബന്ധപ്പെടുത്തി ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതുണ്ട്. ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള ബസ് റൂട്ടുകളെ കുറിച്ചുള്ള ശുപാർശകൾ പട്ടിക 7 ൽ ചേർക്കുന്നു.

ഗ്രാമസഭകളിലൂടെ പുതുതായി ആരംഭിക്കേണ്ട റോഡുകളുടെ നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ഇതെല്ലാം സമഗ്രമായ പഠനത്തിനും പരിശോധനയ്ക്കും വിധേയമാക്കി സന്നദ്ധസേന പ്രവർത്തനം വഴിയായും പഞ്ചായത്തിന്റെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും പൂർത്തിയാക്കേണ്ടിയിരിക്കുന്നു. കൺസന്റ് നൽകി പണി ഏറ്റെടുക്കാത്തവയ്ക്കും കൺസന്റ് കിട്ടാതെ പൂർത്തിയാകാത്ത റോഡുകളുടെ പണിക്കും വേണ്ട നടപടികൾ എടുക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശ പ്രകാരമുള്ള റോഡുകളുടെ വിവരം പട്ടിക 8 ൽ കൊടുക്കുന്നു.

പണ്ടുകാലത്ത് നിലവിലിരുന്ന പല ഇടവഴികളും സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റം മൂലം ഇല്ലാതായിട്ടുണ്ട്. അവ പുനസ്ഥാപിക്കുകയും പുതിയ ഇടവഴികൾ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും അനുവദിക്കുകയും ചെയ്യേണ്ടതുണ്ട്.

റെയിൽവേ:

ബ്രിട്ടീഷുകാരുടെ കാലത്തു തന്നെ ആരംഭിച്ച മംഗലാപുരം-മദ്രാസ് റെയിൽവെ ലൈനിന്റെ ഏകദേശം ഒന്നര കിലോ മീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിൽ കൂടിയും കടന്നുപോകുന്നു. റോഡ് ഗതാഗതത്തിന്റെ അപര്യാപ്തതമൂലം പഴയ കാലത്ത് തീവണ്ടി മാത്രമായിരുന്നു ദീർഘദൂര യാത്രകൾക്കുള്ള ഏകാശ്രയം. ഇന്ന് പഞ്ചായത്തിലെ ജനങ്ങൾ തീവണ്ടി യാത്രയ്ക്കായി ആശ്രയിക്കുന്നത് ചന്തേര, ചെറുവത്തൂർ, തൃക്കരിപ്പൂർ സ്റ്റേഷനുകളെയാണ്. ഈ സ്റ്റേഷനുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ചന്തേര റെയിൽവേ സ്റ്റേഷന്റെ തൊട്ടടുത്തുള്ള ലെവൽ ക്രോസ് അനുവദിച്ചാൽ നമ്മുടെ പഞ്ചായത്തിൽ നിന്നും കാലിക്കടവിൽ കൂടി കടന്നു പോവുന്ന NH 17 റോഡിൽ എത്തിച്ചേരാൻ വളരെ എളുപ്പമായിരിക്കും. അതുപോലെ പിലിക്കോട് റെയിൽവെ ഓവർ ബ്രിഡ്ജ് യാഥാർത്ഥ്യമാവുകയാണെങ്കിൽ പിലിക്കോട് വഴിയായി നാഷണൽ ഹൈവേയിൽ വളരെ വേഗം എത്തിച്ചേരാൻ കഴിയും.

ബോട്ട് സർവ്വീസ്:

മുമ്പുണ്ടായിരുന്ന ബോട്ട് സർവ്വീസ് വീണ്ടും ആരംഭിച്ചാൽ ജലഗതാഗതം സുഖമമാകും. പഞ്ചായത്തിൽ തൊട്ട

പട്ടിക 4
ആവശ്യമുള്ള ഓവു ചാലുകൾ

നമ്പർ	ഓവു ചാലുകൾ ആവശ്യമുള്ള റോഡുകൾ
1.	കൊട്ടയന്താർ – കാവുന്തല റോഡ്
2.	തോട്ടുകര – ബോട്ട് ജട്ടി റോഡ്
3.	കൈപ്പാട്– വാട്ടർ ടാങ്ക് റോഡ്
4.	മാർക്കറ്റ് – ബാങ്ക് റോഡ്
5.	പഴയ ബസാർ റോഡ്
6.	ജമാഅത്ത് പള്ളി – പഞ്ചായത്ത് ഓഫീസ് റോഡ്
7.	തോക്കേക്കാട് ബണ്ട് റോഡ്
8.	ജമാഅത്ത് പള്ളി – അമ്പലം റോഡ്
9.	കിനാത്തിൽ – തോട്ടുകര റോഡ്
10.	ഉദിനൂർ പേക്കടം റോഡ്
11.	ഉദിനൂർസെൻട്രൽ – റെയിൽവേ ഗേറ്റ്
12.	അഴിത്തല
13.	ഓരി അമ്പലത്തിന് പടിഞ്ഞാറ് ഭാഗം
14.	ഓരി മുക്ക് ഓരിപ്പാലം
15.	കിനാത്തിൽ ഉദിനൂർ മുക്ക്
16.	തടിയൻ കൊവ്വൽ
17.	എടച്ചാക്കൈ – മുതിരക്കുളം
18.	എടച്ചാക്കൈ ബേങ്ക് മുതൽ പടിഞ്ഞാറോട്ട് (മെയിൻ റോഡ്)
19.	പുല്ലേരി മാട്

പട്ടിക 5
പാലങ്ങൾ ആവശ്യമുള്ള റോഡുകൾ

നമ്പർ	
1.	മൂസ ഹാജി മുക്ക് – കിനാത്തിൽ റോഡ്
2.	ബാലൻ പുഴ റോഡ് –
3.	കൈപ്പാട്– കോളിക്കര നടപ്പാലം
4.	തെക്കേക്കാട് ബണ്ട് റോഡ്
5.	തെക്കേക്കാട് – കൊക്കാൽ നടപ്പാലം
6.	ഓരിപ്പുല്ലേരി മാട് – ഓരി എടക്കൈ പാലം
7.	ഓരി കുടുംബക്ഷേമ കേന്ദ്രം – ചെറുവത്തൂർ പഞ്ചായത്ത് അതിർത്തി
8.	എടക്കൈയിലും ഓരിയിലും 2പാലങ്ങൾ
9.	ഓരി വടക്കേപ്പുറം ബണ്ട്

കൾവർട്ടുകൾ

1.	കൈപ്പാട് റോഡ്
2.	വണ്ണാത്തൻ മുക്ക് – ഓരി റോഡ്
3.	എടച്ചാക്കൈ – മണിയനൊടി റോഡ്
4.	ഉദിനൂർ പടിഞ്ഞാറേക്കര – തെക്ക്പുറം റോഡ്
5.	കോരങ്കുളം, നടക്കാവ്

പട്ടിക 6

ക്രമ നമ്പർ	ഇനം	എണ്ണം
1	കാർ	32
2	ജീപ്പ്	8
3	ലോറി	4
4	മിനിലോറി	8
5	ഓട്ടോറിക്ഷ	32
6	ടൂവീലർ	152
7	വാൻ	2
8	ബസ്	1

പട്ടിക 7

ക്രമ നമ്പർ	ആവശ്യമായ പുതിയ ബസ് റൂട്ടുകൾ
1.	അഴിത്തല – കാഞ്ഞങ്ങാട്
2.	അഴിത്തല – പയ്യന്നൂർ
3.	ഓരിക്കടവ് – കാഞ്ഞങ്ങാട്
4.	പയ്യന്നൂർ – വണ്ണാത്തമുക്ക് – ഓരിക്കടവ്
5.	കാവുന്തല – കൊട്ടയന്താർ – കിനാത്തിൽ – പയ്യന്നൂർ
6.	ഓരിക്കടവ് – മുതിരക്കടവ് – പയ്യന്നൂർ
7.	ആയിറ്റി – മാച്ചിക്കാട്ട് – എടച്ചാക്കൈ – പടന്ന – കാഞ്ഞങ്ങാട്
8.	ഓരിക്കടവ് – കൊക്കാക്കടവ് – മാച്ചിക്കാട്ട് – പയ്യന്നൂർ
9.	മടക്കര – തോട്ടുകര – നടക്കാവ് – പയ്യന്നൂർ
10.	ചന്തേര – തടിയൻകൊവ്വൽ – ഉദിനൂർ
11.	പയ്യന്നൂർ – കിനാത്തിൽ – തോട്ടുകര – ഓരിക്കടവ്
12.	പയ്യന്നൂർ – പടന്ന – കാഞ്ഞങ്ങാട്
13.	പയ്യന്നൂർ – കിനാത്തിൽ – ചെറുവത്തൂർ

പട്ടിക 8

ക്രമ നമ്പർ	നിർദ്ദേശിക്കപ്പെട്ട റോഡുകൾ		
1.	ഓരി ഹെൽത്ത് സെന്റർ – ഓരിപ്പുഴ (കിഴക്ക് ഭാഗം)	19.	കടവത്തു വളപ്പ് – കൈപ്പാട് റോഡ്
2.	അഴിത്തല പ്രധാന റോഡിൽ നിന്നും ഇരുവശത്തേക്കും	20.	പൊറോട്ട് ശ്മശാനം – ആണ്ടാകൊവ്വൽ – കോട്ടയന്താർ – ബാലന്ഡ പുഴ
3.	അഴിത്തലയിൽ രണ്ട് പോക്കറ്റ് റോഡ്	21.	പടന്ന പി. എച്ച്.സി. – അമീൻ പള്ളി
4.	ശുക്രിയ ട്രാൻസ്ഫോമർ – കാവുന്തല – വണ്ണാത്തൻമുക്ക്	22.	തെക്കേകൊട് ബണ്ട് – ഓരി ബണ്ട്
5.	ശുക്രിയ ട്രാൻസ്ഫോമർ – ഏരമ്പം	23.	വടക്കേകൊട് – തെക്ക് വടക്ക് റോഡ്
6.	കാവുന്തല – ബാലൻ പുഴ	24.	മുതിരക്കൊവ്വൽ അഴീക്കോടൻ സെന്റർ – റേഷൻ ഷാപ്പ്
7.	വലിയ ജുമാഅത്ത് പള്ളി – ഓരിറോഡ്	25.	പാലത്തര – കോളിക്കര
8.	കോടതി റോഡ് – പുഴ	26.	മുള്ളോട്ട് കടവ് – കൈപ്പാട് – മാച്ചിക്കാട്
9.	ഖിദ്മത്ത് റോഡ് – കോടതി റോഡ്	27.	അഴീക്കൽ – വളാൽ
10.	പടന്ന വടക്കേപ്പുറം ലക്ഷം വീട് കോളനി – ബോട്ട് ജെട്ടി	28.	ആയിറ്റി – ചാളക്കോട് – മാച്ചിക്കാട് ലിങ്ക് റോഡ്
11.	ചെക്കിക്കണ്ടം മദ്രസ്സ – മെയിൻ റോഡ്	29.	ആയിറ്റിക്കാവ് – പൊയ്യക്കടവ്
12.	വണ്ണാത്തൻ മുക്ക് യു.പി. സ്കൂൾ – കാവുന്തല ലിങ്ക് റോഡ്	30.	എടച്ചാക്കൈ – പൈയ്യളം – പാലത്തര
13.	കെ.കെ.സി. റോഡ് – കുവ്വക്കി	31.	മാച്ചിക്കാട്ട് – വളാൽ – ലിങ്ക് റോഡ്
14.	യു.പി. സ്കൂൾ വണ്ണാത്തൻമുക്ക്	32.	കിനാത്തിൽ ആയുർവ്വേദ ആശുപത്രി – പാലത്തര റോഡ്
15.	മദ്രസ്സ കാവുന്തല – കൊട്ടയന്താർ	33.	കൊയത്തൂർ – കിനാത്തിൽ വായനശാല
16.	പ്ലാസ്റ്റിക്ക് കമ്പനി – വണ്ണാത്തൻ റോഡ്	34.	കൊയത്തൂർ ഹരിജൻ കോളനി – തടിയൻക്കൊവ്വൽ
17.	പടന്ന വാട്ടർ ടാങ്ക് – കൈപ്പാട്	35.	തടിയൻക്കൊവ്വൽ ബസ്സ്റ്റോപ്പ് – തടിയൻക്കൊവ്വൽ വായനശാല
18	ബേങ്ക് –മാർക്കറ്റ് റോഡ് – കൈപ്പാട് – ലിങ്ക് റോഡ്	36.	കൊളവയൽ – ഉദിനൂർ ഹൈസ്കൂൾ – കൊയത്തൂർ
		37.	തടിയൻക്കൊവ്വൽ – കോരൻകുളം – നടക്കാവ്

ക്രമ നമ്പർ	നിർദ്ദേശിക്കപ്പെട്ട റോഡുകൾ		
38.	ഉദിനൂർ സൗത്ത് ഇസ്ലാമിയ – പരത്തിച്ചാൽ – ബദയിൽ		തെക്ക് വരെ സെൻട്രൽ റോഡ്
39.	തെക്കുപുറം – മുള്ളോട്ടുകടവ് – അടിച്ചാർ ലിങ്ക് റോഡ്	46.	തെക്കേക്കാട് വടക്കുമുതൽ തെക്ക് വരെ തീരദേശം റോഡ്
40.	പരത്തിച്ചാൽ റെയിൽവേ റോഡ് – പേക്കടം	47.	തെക്കേക്കാട് – 5 ലിങ്ക് റോഡുകൾ
41.	തടിയൻ കോവ്വൽ – കോരങ്കുളം – മാണിയാട്ട് തിരുനെല്ലിക്കൊവ്വൽ	48.	അൽ–അമീൻ പള്ളി – പൊറോട്ട്
42.	കിനാത്തിൽ റേഷൻ ഷാപ്പ് – ക്ഷേത്രപാലക ക്ഷേത്രം	49.	തടിയൻക്കൊവ്വൽ മുണ്ട്യ – റെയിൽവെ ലൈൻ
43.	തെക്കുപ്പുറം – പരത്തിച്ചാൽ ലിങ്ക് റോഡ്	50.	തടിയൻക്കൊവ്വൽ – പരന്നൻ കുണ്ട്
44.	ഉദിനൂർ പടിഞ്ഞാറെക്കര – തെക്കുപുറം റോഡ്	51.	ശ്മശാനം – പച്ചിനായി കൈപ്പാട്
45.	തെക്കേക്കാട് വടക്ക് മുതൽ	52.	അടിച്ചാറ് – തെക്കേമഠം
		53.	കുഞ്ഞിക്കൊവ്വൽ ഹൈസ്കൂൾ – ചീറ്റ – തടിയൻ കൊവ്വൽ
		54.	തടിയൻ കൊവ്വൽ കൊയത്തൂർ – കിനാത്തിൽ നഴ്സറി
		55.	കിനാത്തിൽ – കുളവയൽ റോഡ്



ടുത്ത സ്ഥലങ്ങളെ മാത്രം ബന്ധപ്പെടുത്തി ഒരു റൗണ്ട് ബോട്ട് സർവ്വീസ് നടത്തുന്നതും നല്ലതായിരിക്കും. ബോട്ട് സർവ്വീസ് പുനരാരംഭിക്കുമ്പോൾ നശിച്ചുപോയ ഏഴോളം ബോട്ടു ജെട്ടികൾ പുനരുദ്ധരിക്കുകയും അവയ്ക്കരികിൽ ഷെൽട്ടർ പണിയുകയും വേണം.

പഞ്ചായത്തിന്റെ വികസന പരിപാടികളിൽ ഏറ്റവും കൂടുതൽ മുൻതൂക്കം കൊടുത്തിരുന്നത് റോഡുകളുടെ വികസനത്തിനാണ്. ഒരുകാലത്ത് കേവലം ഇടവഴികളും നടപ്പാതകളും മാത്രമുണ്ടായിരുന്ന പഞ്ചായത്തിൽ ഇന്ന് ധാരാളം നല്ല റോഡുകളുടെ വ്യൂഹം തന്നെയുണ്ട്. 1995 - 96 വർഷത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 57.5% തുക റോഡുകളുടെ വികസനത്തിനായി ചെലവാക്കിയിട്ടുണ്ട്. ഇനിയും ധാരാളം റോഡുകൾ ടാർ ചെയ്ത് സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽ അത്തരം റോഡുകളുടെ ധാരാളം നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

പ്രശ്നങ്ങൾ:

1. പല റോഡുകളും ഗുണനിലവാരമില്ലാത്തതാണ്.

2. താഴ്ന്ന പ്രദേശങ്ങളിൽ കൂടി പോകുന്ന റോഡുകളുടെ സംരക്ഷണം യഥാകാലം നടത്തുന്നില്ല.

3. റോഡരുകിൽ നിന്ന് മണ്ണെടുക്കുന്നത് മൂലമുള്ള കരയിടിച്ചിൽ

4. നിലവിലുള്ള റോഡുകളുടെ അപര്യാപ്തത.

5. റോഡുകളുടെ വീതികുറവ്.

6. ഓവുചാലുകൾ ഇല്ലാത്ത അവസ്ഥ.

7. ഉള്ള ഓവുചാലുകൾ സംരക്ഷിക്കപ്പെടുന്നില്ല.

8. റോഡുകളിലെ അപായകരമായ വളവുകൾ

9. കൾവർട്ടുകളുടെ അഭാവം.

10. റോഡിൽ സ്ഥിതിചെയ്യുന്ന ഇലക്ട്രിക്ക് പോസ്റ്റുകളും, മരങ്ങളും.

11. ഇടവഴികൾ റോഡാക്കുമ്പോൾ മരങ്ങൾ വെട്ടിമാറ്റപ്പെടുന്നില്ല.

12. ഉൾപ്രദേശങ്ങളിൽ വാഹനങ്ങൾ കൊണ്ടുവരാനുള്ള സൗകര്യമില്ലായ്മ.

13. റോഡു നിർമ്മണം നെൽ വയലുകളിൽ നീർക്കെട്ടുകൾ ഉണ്ടാക്കുന്നു.

14. ബോട്ടു ജെട്ടികളുടെയും ഷെൽട്ടറുകളുടെയും ദയനീയാവസ്ഥ.

15. ഓട്ടോറിക്ഷ സ്റ്റാന്റ്, ടാക്സി സ്റ്റാന്റ്, ബസ് സ്റ്റാന്റ് എന്നിവയുടെ അഭാവം.

16. റോഡരുകിൽ ഫുട്പാത്തിന്റെ അഭാവം.

സാധ്യതകൾ:

1. കരരളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.

2. അറ്റകുറ്റ പണികൾ ചെയ്ത് റോഡുകളുടെ ഗുണനിലവാരം ഉയർത്തണം.

3.താഴ്ന്ന പ്രദേശങ്ങളിൽ കൂടി പോകുന്ന റോഡുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കണം.

4. റോഡരുകിൽ നിന്ന് മണ്ണെടുക്കുന്നത് നിയമം മൂലം തടയണം.

5. പുതിയ റോഡുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ നിർമ്മിക്കണം.

6. റോഡുകളുടെ വീതികൂട്ടി ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.

7. ഉള്ള ഓവുചാലുകൾ സംരക്ഷിക്കുകയും പുതിയവ ഉണ്ടാക്കുകയും വേണം.

8. റോഡുകളിലെ അപകടകരമായ വളവുകൾ ഒഴിവാക്കാൻ നടപടി എടുക്കണം.

9. ആവശ്യമുള്ള സ്ഥലങ്ങളിൽ കൾവർട്ടുകളും പാലങ്ങളും നിർമ്മിക്കണം.

10. റോഡിൽ സ്ഥിതിചെയ്യുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ, മരങ്ങൾ എന്നിവ മാറ്റുക.

11. ഇടവഴികൾ റോഡാക്കുമ്പോൾ മരങ്ങൾ വെട്ടി മാറ്റുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കണം.

12. നെൽ വയലുകളിൽ നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ കൾവർട്ടുകൾ സ്ഥാപിക്കണം.

13. ബോട്ടുജെട്ടികളും ഷെൽട്ടറുകളും ഉണ്ടാക്കണം.

14. ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കണം. വഴിയോരകച്ചവടക്കാരുടെ താവളമാക്കുന്നത് തടയണം.

15. ജനപങ്കാളിത്തത്തോടെ പുതിയ റോഡുകളുടെ നിർമ്മാണം നടത്തണം.

16. ഓട്ടോ റിക്ഷ, കാറുകൾ, ബസ്സ് എന്നിവയ്ക്ക് സ്റ്റാൻഡുകൾ നിർമ്മിക്കണം.

17. റോഡരുകിൽ ഫുട്ട്പാത്തുകൾ നിർമ്മിക്കണം.

18. ജീപ്പുകളുടേയും ഓട്ടോറിക്ഷകളുടെയും അമിത വേഗത നിയന്ത്രിക്കുകയും ചാർജ്ജുകൾ ഏകീകരിക്കുകയും ചെയ്യണം. ഓട്ടോറിക്ഷകൾക്ക് മീറ്റർ ഘടിപ്പിക്കുകയും വേണം.

19. ബസ് സ്റ്റോപ്പുകളിൽ സമയവിവര പട്ടിക പ്രദർശിപ്പിക്കണം.

20. KSRTC ബസ്സുകളുടെ സമയം നിജപ്പെടുത്തുക.

21. പ്രധാന ഇടവഴികൾ ഗതാഗത യോഗ്യമാക്കണം.

22. പിലിക്കോട് ഓവർ ബ്രിഡ്ജ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

23. ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കുക.

24. റോഡരികുകളിലെ അറവും, മത്സ്യമാംസ വിൽപ്പനയും കർശനമായി ത ടയണം.

25. തെക്കേക്കാട് ബണ്ട് റോഡിന് അറ്റകുറ്റപണികൾ നടത്തുക. ബണ്ടിന് സമീപത്തുനിന്നുള്ള കക്ക വാരലും മണൽ വാരലും കർശനമായി തടയണം.

26. കടവുകൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

27. ക്ഷേത്രപാലകക്ഷേത്രത്തിന് സമീപമുള്ള കുളത്തിന് കൈവരികൾ നിർമ്മിക്കണം.

28. വഴിതർക്കങ്ങൾക്ക് ശാശ്വത പരിഹാരം കാണണം.

29. ചന്തേര-തടിയൻകൊവ്വൽ റോഡ് PWD ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കുക.

ഊർജ്ജം:

മാനവ പുരോഗതിയുടെ ചരിത്രത്തിലെ അത്യുജ്ജ്വലമായ ഒരദ്ധ്യായമാണ് വൈദ്യുതിയുടെ കണ്ടുപിടുത്തം. മറ്റ് ഊർജ്ജ രൂപങ്ങളെ അപേക്ഷിച്ച് ഒരു പടി മുന്നിൽ നിൽക്കുന്ന വൈദ്യുതോർജ്ജം നമ്മുടെ പഞ്ചായത്തിലേക്ക് കടന്നുവന്നത് 1958-ൽ ആണ്. അന്ന് ഒരു വാഹനം കടന്നുവരേണ്ട സൗകര്യംപോലും ഇല്ലാത്ത് ഈ പ്രദേശത്ത് സന്നദ്ധ സേവനത്തിലൂടെ നിരവധിയാളുകൾ തലച്ചുമടായി എടുത്തു കൊണ്ടാണ് അതിന് ആവശ്യമായ പോസ്റ്റ് മുതലായ സാമഗ്രികൾ പുഴകടത്തി ഇവിടെ എത്തിച്ചത്. ചിരപുരാതനമായ പടന്ന ജുമാഹത്ത് പള്ളിക്കാണ് ആദ്യമായി കണക്ഷൻ ലഭിച്ചത്. വൈദ്യുതി ലഭിച്ച് നീണ്ട 38 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷന് ആവശ്യമായ ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകളൊന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നതും ഈ പ്രദേശത്തിന്റെ ദുരിയോഗമാണ്.

ഊർജ്ജ പ്രതിസന്ധിയെന്നത് ഇന്നൊരു ആഗോള പ്രതിസന്ധിയാണ്. അതിന്റെ അലയൊലി നമ്മുടെ പഞ്ചായത്തിലും വളരെയധികം പ്രതിഫലിക്കുന്നു. കേരളത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിലെ ഊർജ്ജ നിലയങ്ങളുടെ അഭാവമാണ് ഇതിനു കാരണം. കർണ്ണാടകം, ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വൈദ്യുതി ഇവിടെയെത്തുമ്പോഴെയ്ക്കും പ്രസരണ നഷ്ടം വഴി വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാവുന്നു. കാങ്കോൽ സബ് സ്റ്റേഷനിൽ നിന്നുള്ള ഏക ഫീഡറിൽ നിന്നാണ് സമീപ പ്രദേശത്തുള്ള 4 പഞ്ചായത്തുകളിലേക്ക് ഇന്ന വൈദ്യുതി എത്തുന്നത്. ഇത് ഈ പ്രദേശത്തെ ഒന്നുകൂടി ഇരുട്ടിലാക്കുന്നു. നമ്മുടെ പരിസരപ്രദേശത്ത് ഒരു വൈദ്യുത സബ് സ്റ്റേഷൻ ആരംഭിക്കുകയാണെങ്കിൽ ഇതിനൊരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

ഊർജ്ജ പ്രതിസന്ധി പരിഹരിക്കണമെങ്കിൽ ഒരു പരിധിവരെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ നല്ല പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന അനർട്ടുപോലുള്ള സംഘടനകളുടെ പ്രവർത്തനം ശ്ലാഘനീയമാണ്. അതുപോലെതന്നെ തിരമാലകളുടെ ശക്തി പ്രയോജനപ്പെടുത്തുന്ന പവർ സ്റ്റേഷനുകളും നമ്മുടെ മേഖലയ്ക്ക് അനുയോജ്യമാണ്.

പാചക ആവശ്യത്തിന് പരമ്പരാഗതമായി നാം ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. ധാരാളം തെങ്ങുകളുള്ള നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും തെങ്ങിന്റെ ഉപോൽപന്നങ്ങളാണ് വിറകായി ഉപയോഗിച്ചു വരുന്നത്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത്തരത്തിലുള്ള വിറക് ലഭ്യമല്ലാത്തതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന വിറകിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. പാചക ആവശ്യത്തിനുള്ള മറ്റൊരു ഇന്ധനം മണ്ണെണ്ണയാണ്. പഞ്ചായത്തിൽ മൊത്തം 166 കുടുംബങ്ങൾക്ക് പാചക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുണ്ട്. ഏകദേശം 2067 ലിറ്റർ മണ്ണെണ്ണ പ്രതിമാസം ഉപയോഗിക്കുന്നു. നമ്മുടെ പ്രദേശത്ത് ഉപയോഗിച്ചുവരുന്ന മറ്റൊരിന്ധനമാണ് പാചക ഗ്യാസ്. പഞ്ചായത്തിൽ 404 കുടുംബങ്ങൾക്ക് LPG കണക്ഷൻ ഉണ്ട്. കന്നുകാലികളെ കൂടുതലായി വളർത്തിയിരുന്ന ഉദിനൂർ പ്രദേശങ്ങളിൽ ബയോഗ്യാസ് അടുപ്പുകൾക്കുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. ദക്ഷത കൂടിയ അടു

പട്ടിക 1 A

നമ്പർ	ഇനം	പീലക്കോട്	തൃക്കരിപ്പൂർ	ആകെ
1	ഗാർഹികം	2925	550	3475
2	വ്യാവസായികം	26	12	38
3	വ്യാപാരം	698	27	725
4	കാർഷികം	25	27	52
			ആകെ	4290

പ്പുകളും സൂര്യ റാന്തലുകളും പഞ്ചായത്തിൽ പരിമിതമായ തോതിൽ ഉണ്ടെങ്കിലും ഇതിന്റെ പ്രചാരം വർദ്ധിപ്പിക്കേണ്ടതുണ്ട്.

പടന്ന പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത് തൃക്കിപ്പൂർ, പിലിക്കോട് എന്നീ വൈദ്യുത സെക്ഷനുകളാണ്. നിലവിലുള്ള കണക്ഷനുകളും ട്രാൻസ്ഫോർമറുകളുടെ ശേഷിയും പരിശോധിച്ചാൽ എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നതായി കാണാം. ഗാർഹികമേഖലയിലെയും വ്യാപാരമേഖലയിലേയും ഉപഭോക്താക്കൾക്കാണ് ഇവിടെ മുൻതൂക്കമുള്ളത്. നിലവിലുള്ള വൈദ്യുതകണക്ഷന്റെ ഇനം തിരിച്ചുള്ള വിവര പട്ടിക 1 Aൽ കൊടുക്കുന്നു.

പഞ്ചായത്തിലെ ഗുണഭോക്താക്കൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം താഴ്ന്ന വോൾട്ടേജാണ്. പ്രസരണ നഷ്ടം കുറക്കാൻ വൈദ്യുത ലൈനുകളിൽ മുട്ടികിടുക്കുന്ന വൃക്ഷകൊമ്പുകൾ മുറിച്ച് മാറ്റുകയും ട്രാൻസ്ഫോർമറുകളുടെ എണ്ണവും സ്ഥലവും പുനക്രമീകരണം ചെയ്യേണ്ടതുമാണ്. പഞ്ചായത്തിൽ നിലവിൽ 17 ട്രാൻസ്ഫോർമറുകൾ ഉണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ട്രാൻസ്ഫോർമർ ആവശ്യമുള്ള സ്ഥലങ്ങളുടെ പട്ടിക 1C യിൽ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള 2763- വീടുകളിൽ 1917 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

കണക്ഷനു വേണ്ടി അപേക്ഷിച്ചവരുടെ വിവര പട്ടിക 1-D യിൽ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്തിനോക്കാത്ത ഹരിജൻ കോളനികൾ ഉണ്ട്. നാമമാത്രമായ ഹരിജൻ കുടുംബങ്ങളിൽ മാത്രമേ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുള്ളു. സൗജന്യമായി വൈദ്യുതീകരിച്ച കുടുംബങ്ങളുടേയും കോളനികളുടേയും വിവരം പട്ടിക - 1 E യിൽ കൊടുക്കുന്നു.

പുതുതായി ലൈൻ വലിക്കേണ്ട സ്ഥലങ്ങളുടെ വിവരം പട്ടിക -1F ൽ കൊടുക്കുന്നു.

ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ഇപ്പോൾ 192 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും കത്താതെ കിടക്കുന്നവയാണ്. പഞ്ചായത്ത് ഒരുവർഷം ഇതിന്റെ ചെലവിലേക്കായി 27438 രൂപ വൈദ്യുതി ബോർഡിന് അടയ്ക്കുന്നുണ്ട്. യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാളും കൂടുതലാണ് ഈ തുക. ഇത് പരിഹരിക്കണമെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ള ലൈനിൽ അടിയന്തിരമായും വൈദ്യുത മീറ്റർ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും സോഡിയം വേപ്പർ ലാമ്പുകളോ, സൗരോർജ വിളക്കുകളോ സ്ഥാപിക്കാനുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൽ ഏകദേശം 42 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്.

പട്ടിക 1 C
ട്രാൻസ്ഫോർമർ ആവശ്യമുള്ള സ്ഥലം

1.	കാവും തല മദ്രസ്സ	10.	എടച്ചാക്കൈ ബദർ പള്ളി
2.	അഴിത്തല	11.	മുതിരക്കൊവ്വൽ
3.	ഓരിയമ്പലം	12.	വളാൽ
4.	വണ്ണാത്തൻ മുക്ക്	13.	തടിയൻക്കൊവ്വൽ വായനശാല
5.	ഓരി തെക്ക്ഭാഗം	14.	കിനാത്തിൽ വായനശാല
6.	പടന്ന ഹൈസ്കൂൾ (കപ്പാസിറ്റി കൂട്ടണം)	15.	പരത്തിച്ചാൽ
7.	തെക്കേപ്പുറം പുതിയപള്ളി	16.	മുള്ളോട്ട് കടവ്
8.	തെക്കേക്കാട്	17.	പടന്ന കൈപ്പാട്
9.	മാച്ചിക്കാട് ബാലവാടി	18.	കൊളവയൽ

പട്ടിക 1 D

നമ്പർ	ഇനം	പിലിക്കോട്	തൃക്കരിപ്പൂർ	ആകെ
1	ഓർഡിനറി	11	12	23
2	ഒ.ടി.പി.	4	2	6
3	ഒ.വൈ.ഇ.സി	30	9	39

പട്ടിക 1 D
സൗജന്യമായ വൈദിയുതി ലഭിച്ച വിവരം

നമ്പർ	കോളനി	കുടുംബങ്ങളുടെ എണ്ണം	വയറിംഗ് നടന്നവ	കണക്ഷൻ ലഭിച്ചവ
1	മാച്ചിക്കാട്	86	13	9
2	കാന്തിലോട്ട്		12	3
3	വടക്കേപ്പുറം		5	Nil
4	മറ്റുപ്രദേശങ്ങൾ		-	-

അവലംബം: പഞ്ചായത്ത് റജിസ്റ്റർ

പട്ടിക 1 F

നമ്പർ	പുതിയ ലൈൻ വലിക്കേണ്ട സ്ഥലം
1.	ഓരി ഹെൽത്ത് സെന്റർ - പുറത്താൾ
2.	വടക്കേപ്പുറം ലക്ഷം വിട് കോളനി - എടക്കൈ
3.	കുവ്വക്കൈ
4.	കൈപ്പാട് (പടന്ന)
5.	പൊറോട്ട് - പച്ചിനായി
6.	മാട്ടുമ്മൽ - മുണ്ടയ്ക്ക് പടിഞ്ഞാറ് വശം
7.	തെക്കേക്കാട് ബണ്ട്
8.	തെക്കേക്കാട് - വടക്കുഭാഗം
9.	കൊക്കാൽ
10.	കിനാത്തിൽ - മണൽ
11.	കൊയത്തൂർ കോളനി
12.	ഉദിനൂർ സെൻട്രൽ - ജി.എച്ച്.എസ്സ്. ഉദിനൂർ
13.	കോരംകുളം - തിരുനെല്ലിക്ഷേത്രം
14.	ഉദിനൂർ - കിഴക്കേക്കൊവ്വൽ
15.	ഉദിനൂർ വടക്കുപുറം
16.	ഉദിനൂർ പടിഞ്ഞാറെക്കര - തെക്കുപുറം - മുണ്ടക്കാട്

പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിലെ വൈദ്യുതി വിതരണം നടത്തുന്നത് ഒരേ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലല്ല.

3. വ്യാപകമായ വൈദ്യുതി പ്രസരണ നഷ്ടം ഉണ്ടാവുന്നു.

4. ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ ഇല്ല.

5. വൈദ്യുതി ലഭിക്കാത്ത പട്ടിക ജാതി കോളനികളും കുടുംബങ്ങളും ഉണ്ട്.

6. വൈദ്യുതി ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല.

7. കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള പമ്പു സെറ്റുകൾ കുറഞ്ഞ വോൾട്ടേജു കാരണം പ്രവർത്തിക്കുന്നില്ല.

8. സ്റ്റെപ്പപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

9. മത്സ്യബന്ധനത്തിന് പോയാൽ കരകാണാൻ സഹായകരമായ വിധത്തിൽ കടൽത്തീരത്ത് ഒരു സർച്ച് ലൈറ്റു പോലുമില്ല.

സാധ്യതകൾ:

1. വൈദ്യുത പ്രേഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറ് വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു. മരച്ചില്ലകളും മറ്റും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും വൈദ്യുത വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാനായ പ്രാദേശിക തലങ്ങളിൽ പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതാണ്.

2. ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

3. വൈദ്യുതി ജീവനക്കാരുടെ സേവനം യഥാസമയം ലഭ്യമാക്കണം.

4. വൈദ്യുതി വിതരണത്തിലെ ഇടവിട്ടുള്ള തടസ്സവും ടെയിൽ എന്റ് കട്ടിംഗ് ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കണം.

5. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ചെറുവത്തൂരിലെ നിർദ്ദിഷ്ട 110KV സബ് സ്റ്റേഷന്റെ പണി ഉടൻ ആരംഭിക്കണം.

6. പഞ്ചായത്ത് പുറമ്പോക്കു ഭൂമികളിൽ വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ച് വിറകിന്റെ ലഭ്യത ഉറപ്പുവരുത്തണം.

7. ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗത്തെകുറിച്ചും ഗുണത്തെ കുറിച്ചും ബോധവൽക്കരണം നടത്തണം.

8. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയുടെ ലഭ്യത സാർവത്രികമാക്കണം.

9. പാചക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റിനുള്ള വരുമാന പരിധി കുറക്കണം.

10. ഗോബർ ഗ്യാസിന്റെ പ്രാദേശിക സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

11. പരമ്പരേതര ഊർജ്ജ ലഭ്യത ഉറപ്പുവരുത്തണം.

12. സ്ട്രീറ്റു ലൈറ്റുകളുടെ വൈദ്യുത ഉപയോഗത്തിന്റെ കൃത്യത മനസിലാക്കുന്നതിന് വൈദ്യുതമീറ്റർ സ്ഥാപിക്കണം.

13. പടന്നയിൽ ഒരു വൈദ്യുത സെക്ഷൻ ഓഫീസ് സ്ഥാപിക്കണം.

14. ഓരി, പടന്ന വടക്കേപുറം എന്നീ സ്ഥലങ്ങളിലെ പഴയ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

15. ഓരി, മാച്ചിക്കാട്, ഉദിനൂർതെക്കുപുറം, പരത്തിച്ചാൽ, തടിയൻകൊവ്വൽ, പടന്ന, കാന്തിലോട്ട്, ആണ്ടാകൊവ്വൽ എന്നീ സ്ഥലങ്ങളിലെ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുക.

16. വയറിംഗ് ചെയ്ത് കണക്ഷനുവേണ്ടി കാത്തിരിക്കുന്ന വീടുകൾക്ക് ഉടനെ കണക്ഷൻ ലഭ്യമാക്കുക.

17. പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർമറുകളുടേയും കപ്പാസിറ്റി വർദ്ധിപ്പിക്കുക.

18. അനർട്ടുമായി സഹകരിച്ച് മറ്റു ഊർജ്ജ സ്രോതസുകളുടെ ഉപയോഗം വ്യാപകമാക്കുക.

19. വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തു തലത്തിൽ ജീവനക്കാരടക്കം ജനകീയ സമിതി രൂപീകരിക്കുക.

20. കൺസന്റ് കിട്ടാത്ത പ്രശ്നങ്ങൾ പരിഹരിച്ച് കണക്ഷൻ നൽകുക.

21. പഞ്ചായത്തിലെ റോഡുകളുടെ മദ്ധ്യത്തുള്ള വൈദ്യുത പോസ്റ്റുകൾ റോഡരുകിലേക്ക് മാറ്റി സ്ഥാപിക്കുക.

22. പഞ്ചായത്തിലെ പട്ടികജാതി കോളനികളിലും വൈദ്യുതിയെത്താത പ്രധാന സ്ഥലങ്ങളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

23. തെക്കേക്കൊട്ടിൽ മാത്രമായും ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിലും ലൈൻമാൻമാരുടെ സേവനം ലഭ്യമാക്കുക.

24. പാവപ്പെട്ടവർക്ക് വൈദ്യുതി ലഭ്യമാക്കാൻ കൂടിർ ജ്യോതിപോലുള്ള പദ്ധതി നടപ്പിലാക്കുക.

25. പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ പഞ്ചായത്തിന്റെ ധനസഹായത്തോടെ വൈദ്യുതീകരിക്കുക.

26. പടന്ന പഞ്ചായത്തിലെ പൊതുശ്മശാനം വൈദ്യുതീകരിക്കുക.

27. ഉദിനൂർ പടിഞ്ഞാറേക്കര തെക്കുപുറം മിനിമം ഗ്യാരണ്ടി ലൈൻ പ്രവർത്തനം ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

28. ഉദിനൂർ ട്രാൻസ്ഫോർമറിൽ നിന്നും വയലിൽ കൂടിയുള്ള ത്രീ ഫേസ് ലൈൻ റോഡിൽ കൂടി മാറ്റി സ്ഥാപിക്കുക.

28. തൃക്കരിപ്പൂർ സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഉയർത്തി ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

29. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് പൊതുജനസഹകരണം ഉറപ്പാക്കുക.

30. ഉദിനൂർ ട്രാൻസ്ഫോർമറിലേക്കുവരുന്ന ഹൈടെൻഷൻ ലൈനിൽ എ.ബി.സ്വിച്ച് സ്ഥാപിക്കുക.

31. മത്സ്യബന്ധനത്തിന് ഉപകരിക്കുന്ന രീതിയിൽ കടൽ തീരത്ത് ഒരു സെർച്ച ലൈറ്റ് സ്ഥാപിക്കുക.

മാർക്കറ്റ്:

ഇന്ന് പൊതുവിതരണ സമ്പ്രദായം ശക്തമാക്കുന്നതിന് വേണ്ടിമാവേലി സ്റ്റോറുകൾ, സഹകരണ മാവേലി സ്റ്റോറുകൾ. പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവ ഉണ്ടെങ്കിലും പഞ്ചായത്തു രൂപികരണ കാലഘട്ടത്തിൽ ഇങ്ങനെയുള്ള സംവിധാനങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ആഴ്ചചന്തകളും ന്യായവില ഷാപ്പുകളും മാത്രമായിരുന്നു ജനങ്ങളുടെ ആശ്രയം. പഞ്ചായത്ത് അതിർത്തിയിലുള്ള നടക്കാവിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആഴ്ചചന്തയുടെ ഇന്നത്തെ അവസ്ഥ വളരെയധികം ശോചനീയമാണ്. പടന്ന പഞ്ചായത്തിലെയും പടന്ന പഞ്ചായത്തിന്റെ ഭാഗമായിരുന്ന വലിയപറമ്പ് പഞ്ചായത്തിലേയും പ്രധാന ഉൽപന്നങ്ങളായ ഉണക്ക മത്സ്യം, ചകിരി ഉൽപന്നങ്ങൾ, ചൂണ്ണാമ്പ്, പച്ചക്കറികൾ, ചക്കര, പായ എന്നിവ വിറ്റഴിക്കപ്പെട്ടിരുന്നതും ഉപഭോക്താക്കൾക്ക് മറ്റ് സാധനങ്ങൾ ലഭിച്ചിരുന്നതും നടക്കാവ് ആഴ്ചച്ചന്തയിൽ നിന്നും അതുപോലെ തൊട്ടടുത്ത ചെറുവത്തൂർ, പയ്യന്നൂർ, നീലേശ്വരം തുടങ്ങിയ ആഴ്ചചന്തകളിൽ നിന്നുമായിരുന്നു. തോണി സൗകര്യവും ബോട്ടു സർവ്വീസും നിലവിലുണ്ടായിരുന്നതു കൊണ്ട് ദൂര സ്ഥലങ്ങളിൽ നിന്നും പെരുമ്പട്ട, കാക്കടവ് മുതലായ മലയോര മേഖലകളിൽ നിന്നും സാധനങ്ങൾ കൊണ്ടുവരാനും ഇവിടുത്തെ സാധനങ്ങൾ വിറ്റഴിക്കാനും സാധിച്ചിരുന്നു. ആദ്യകാലത്ത് കിനാത്തിൽ ഒരു ആഴ്ചച്ചന്ത ഉണ്ടായിരുന്നെങ്കിലും പിന്നീടതിന്റെ പ്രവർത്തനം നിലച്ചു പോയി. നിലവിലുള്ള റേഷൻ സമ്പ്രദായം നടപ്പാക്കുന്നതിന് 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഓണക്കാലത്ത് ഓണച്ചന്തകൾ പ്രവർത്തിക്കാറുണ്ടെങ്കിലും ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മാവേലി സ്റ്റോറുകളോ സഹകരണ സ്റ്റോറുകളോ നിലവിലില്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രം കൊപ്ര സംഭരണവും കശുവണ്ടി സംഭരണവും നടക്കാറുണ്ട്. അതിനും സ്ഥിരമായ സംവിധാനങ്ങളില്ല. പഞ്ചായത്തിലെ പ്രധാന വിഭവങ്ങളായ നാളികേരം, നേന്ത്രക്കായ, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി, കയറുൽപ്പന്നങ്ങൾ, പച്ചക്കറികൾ, ഉണക്ക മത്സ്യം എന്നിവ വിറ്റഴിക്കാനുള്ള വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കിയെടുത്താൽ പഞ്ചായത്തിന്റെ പുരോഗതിക്ക് അത് മുതൽകൂട്ടാകും. ജനങ്ങൾക്കാവശ്യമുള്ള പലസാധനങ്ങൾക്കും ദൂരെയുള്ള വിപണികളെ ആശ്രയിക്കേണ്ടിവരുന്നത് ഒഴിവാക്കി ഇവിടെതന്നെ വിപണികൾ ആരംഭിക്കുന്നതും വളരെയധികം ഗുണകരമാണ്.

പടന്നയിൽ പഞ്ചായത്ത്മത്സ്യമാർക്കറ്റ്, ഇറച്ചി മാർക്കറ്റ്, അറവുശാല എന്നിവയ്ക്ക് വേണ്ടിയുള്ള കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. വഴിയോരങ്ങളിൽ വെച്ച് മത്സ്യ വിൽപന നടത്തുന്നതിനാൽ ഗതാഗത തടസ്സവും അപകടവും ഉണ്ടാകുന്നു. റോഡരുകിലുള്ള ഇറച്ചി വിൽപനയും നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ:

1.ആഴ്ചച്ചന്തകളുടെ അഭാവം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും വാങ്ങാനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

2. റോഡരുകിലുള്ള മത്സ്യ വിൽപന, ഇറച്ചി വിൽപന എന്നിവ പരിസര മലിനീകരണവും ഗതാഗത തടസ്സവുമുണ്ടാക്കുന്നു.

3. പഞ്ചായത്തിൽ കൊപ്ര, കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ഇല്ല.

4. നിത്യോപയോഗസാധനങ്ങളുടെ സാധനങ്ങളുടെ വില

യിൽ ഏകീകരണമില്ല.

5. പൊതുവിപണന കേന്ദ്രങ്ങൾ ഇല്ല. പഞ്ചായത്തിൽ ആവശ്യമുള്ള പല സാധനങ്ങൾക്കും ദൂരദേശങ്ങളിലെ വിപണികളെ ആശ്രയിക്കേണ്ടിവരുന്നു.

സാധ്യതകൾ:

1. ആവശ്യമായ സ്ഥലങ്ങളിൽ ആഴ്ചച്ചന്തകൾ തുടങ്ങണം.

2. റോഡരികിലുള്ള മത്സ്യവിൽപന കർശനമായി നിരോധിക്കണം.

3. നിലവിലുള്ള മത്സ്യ മാർക്കറ്റ് വൃത്തിയാക്കി വിൽപന കേന്ദ്രമാക്കി മാറ്റണം.

4. റോഡരുകിൽ അറവുശാല നടത്തുന്നത് പഞ്ചായത്തു മാർക്കറ്റിലേക്ക് മാറ്റണം.

5. കൊപ്ര, കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

6. ചോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിക്കണം.

7. ആവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തണം.

8. പൊതുവിതരണ സമ്പ്രദായം ഉറപ്പുവരുത്തി കച്ചവട സ്ഥാപനങ്ങളിലെ വിലനിലവാരം ഏകീകരിക്കണം.

9. ആവശ്യമുള്ള സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കണം.

10. പുഴയുടെ തീരങ്ങളിൽ അറവുമാടുകളുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് നിയമം മൂലം കർശനമായി നിരോധിക്കണം.

11. ശാസ്ത്രീയവും ആധുനികവുമായ രീതിയിൽ പുതിയ അറവുശാല പഞ്ചായത്തിൽ നിർമ്മിക്കണം.

10

സംസ്കാരം

തൃക്കരിപ്പൂർ, വലിയപറമ്പ്, ചെറുവത്തൂർ, പിലിക്കോട് എന്നീ പഞ്ചായത്തുകളുടെ അതിർത്തിക്കുള്ളിൽ 9 വാർഡുകളിലായി 18000- ത്തിൽ പരം ജനങ്ങൾ അധിവസിക്കുന്ന ഭൂപ്രദേശമാണ് പടന്ന ഗ്രാമ പഞ്ചായത്ത്. വിദേശാധിപത്യത്തിനും അന്നത്തെ സാമൂഹിക വ്യവസ്ഥിതിക്കും എതിരെ നടന്ന പോരാട്ടങ്ങളിൽ സജീവ സാന്നിദ്ധ്യം വഹിച്ചിരുന്ന ഉദിനൂർ പടന്ന വില്ലേജുകൾ ചേർന്നതാണ് ഈ പഞ്ചായത്ത്. ജന്മിത്വത്തിൻ കീഴിൽ അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തെ ഉറക്കെ ശബ്ദിക്കാനും സ്വന്തം കാലിൽ നിൽക്കാനും പ്രാപ്തരാക്കിയ ദേശീയ പ്രസ്ഥാനങ്ങളുടേയും കർഷക പ്രസ്ഥാനങ്ങളുടേയും തണലിൽ തഴച്ചു വളർന്ന പാരമ്പര്യമാണ് ഈ പ്രദേശത്തുകാർക്കുള്ളത്.

സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണല്ലോ ഓരോ വ്യക്തിയുടേയും വ്യക്തികളിലധിഷ്ഠിതമായ് സമൂഹത്തിന്റെയും സർവ്വതോൻമുഖമായ വളർച്ചയായിരിക്കും ഒരു നാടിന്റെ സാംസ്കാരിക മായ പുരോഗതിയുടെ നിദാനം. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളുടെ പുരാണങ്ങളെ സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം വിജ്ഞാനപ്രദമായ ചരിത്രവിവരങ്ങളും നൽകുന്നു. ചരിത്രത്തിലേക്കും ഭാഷാശാസ്ത്രത്തിലേക്കും സംസ്കാരത്തിലേക്കും അത് വെളിച്ചം പകരുന്നു.

സമൂഹത്തിന്റെ കെട്ടുറപ്പ് നിലനിർത്തുന്നതിൽ ആരാധനാലയങ്ങളും, ഉത്സവങ്ങളും അനുബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങളും വളരെയേറെ സഹായിച്ചിട്ടുണ്ട്. ഹിന്ദുക്കളും മുസ്ലീങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഈ പ്രദേശത്ത് രണ്ട് സംസ്കാരങ്ങളുടേയും സമന്വയം അവകാശപ്പെടാം. ഏകദേശം ആയിരം വർഷത്തെ പഴക്കമുള്ള ഉദിനൂർ കോവ്വലകം (കുലോം) ദേശീയപ്രാധാന്യമുള്ള സ്മാരകങ്ങളും കൊണ്ട് സമ്പന്നമാണ്. മകരമാസത്തിൽ നടക്കുന്ന പാട്ടുൽസവം അനുദിനത്തിൽ നിന്നുള്ള ജനങ്ങളെപ്പോലും ആകർഷിച്ചുവരുന്നു. ഈ ക്ഷേത്രം ഉദിനൂർ, പടന്ന തുടങ്ങിയ സമീപ പ്രദേശങ്ങളുടെ അധിപനായും വാഴിക്കുന്നുണ്ട്. 50- വർഷം മുമ്പുവരെ നാടിലെ വിദ്യാഭ്യാസ സാംസ്കാരിക കലാരംഗ പൊതുവെ ക്ഷേത്രത്തെ കേന്ദ്രമാക്കിയുള്ള പരിപാടികളുമായി ബന്ധപ്പെട്ടിരുന്നവയാണെന്ന് പറയാം. സൂഫികൾക്ക് മുമ്പ് മുസ്ലീങ്ങൾ അവരുടെ ആരാധനാവശ്യത്തിനുവേണ്ടി സ്ഥാപിച്ചതാണ് എടച്ചാക്കൈ റിഫാഈ പള്ളി. ഉദിനൂർ ജുമാഅത്ത് പള്ളി, പാലത്തെ പള്ളി, ബങ്കളം പള്ളി, എടച്ചാക്കൈ അൽ-അമീൻ യത്തീംഖാന, ഈർപ്പുറത്ത് ജുമാ മസ്ജിദ് എന്നിവ ഈ പ്രദേശത്തെ മുസ്ലിം ആരാധനാലയങ്ങളും സ്ഥാപനങ്ങളും ആണ്.

മുസ്ലീം ജനവിഭാഗം തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് പടന്ന. മാലിക് ദിനാറിന്റെ കാലത്തും മുമ്പേ തന്നെ പടന്നയിൽ ചരിത്ര പ്രധാന്യമുള്ള ഒരു മുസ്ലീം പള്ളി (പടന്ന പള്ളി) ഉണ്ടായിരുന്നതായി പറയപ്പെടുന്നു. 1912- 14 കാലഘട്ടത്തിൽ കോളറ പിടിപെട്ട് ഗ്രാമത്തിൽ ധാരാളം മരണമടയുകയും നാട്ടുകാരെയും രക്ഷിക്കുവാനായി പടന്ന ജുമാഅത്ത് പള്ളിയിലും മുഹ്യുദ്ദീൻ പള്ളിയിലും മൗലിദ് കഴിച്ച് അന്നദാനം നടത്തിയിരുന്നു. ഇന്നും അതു തുടർന്നു പോരുന്നു. ഒരു കാലത്ത് പടന്നയിലെയും പരിസര പ്രദേശങ്ങളിലേയും മുഴുവൻ മുസ്ലീം ജന വിഭാഗത്തിന്റെയും ആരാധന കേന്ദ്രമായിരുന്നു ആഢ്യത തൊടെയും ഗാംഭീര്യത്തോടെയും നിലനിൽക്കുന്ന പള്ളി.

ഈ പ്രദേശത്ത് പ്രധാനമില്ലായിരുന്ന " പടന്നപ്പുറം, മുട്ടിച്ചി " വളരെ പ്രധാന്യമുള്ള സ്ഥലങ്ങളായിരുന്നു. നാടിന്റെ പല്ലു സ്കൂൾസ്ഥാപനങ്ങളും പ്രശസ്തരായ വി.കെ. പി. അബ്ദുൾ കാദർ ഹാജി, പി.കെ.പി. മുഹമ്മദ് കുഞ്ഞി ഹാജി പടന്നയിൽ തുടങ്ങിവച്ചതും തുടർന്നിതുവരെ രണ്ടായി പരിഷ്കരിക്കപ്പെട്ടിരുന്നു. പടന്ന തെക്കെപ്പുറം പള്ളി, മൊഹിയുദ്ദീൻ പള്ളി, വടക്കെപ്പുറം മുഹ്മദ് അത്ത പള്ളി, തെക്കെക്കാട് റിഫാഈ പള്ളി, പടന്ന കാലിക്കടവ് ബദർ മുഹമ്മദ് അത്ത പള്ളി തുടങ്ങി പതിനെട്ടോളം പള്ളികളും രണ്ടായിരത്തിലധികം മദ്രസ്സ, ഹാദിയ മദ്രസ്സ & അനുബന്ധ ഉല്ലാ മദ്രസ്സ തുടങ്ങി 10 ഓളം മതപഠന കേന്ദ്രങ്ങളും ഈ പ്രദേശത്തുണ്ട്.

മുസ്ലീം ഭൂരിപക്ഷ പ്രദേശമായ പടന്നയിൽ സ്ഥിതി ചെയ്യുന്ന പടന്നമുണ്ടച്ച എല്ലാ വിഭാഗ ജനങ്ങളെയും ഒന്നി

പ്പിക്കുന്ന ഒരു ആരാധനാ കേന്ദ്രമാണ്. മുഖ്യയ്ക്കാവശ്യമായ സാമ്പത്തിക സഹായ സഹകരണങ്ങൾ ഇവിടത്തെ മുസ്ലീകൾ ചെയ്തുകൊടുത്തിരുന്നു. കൂടാതെ ഇവിടുത്തെ ഉത്സവം സമീപത്തെ മുസ്ലീം കുടുംബങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നത് മതസൗഹാർദ്ദം വിളിച്ചോതുന്നു. പടന്നയുടെ കിഴക്കൻ ഭാഗത്ത് താമസിക്കുന്ന മറ്റു ജനവിഭാഗങ്ങളെ തൊഴിലിനായി കൊണ്ടുവന്നതും അവരെ സാമൂഹ്യമായി ഉയർത്തിയതും ഇവിടുത്തെ മുസ്ലീം ജനവിഭാഗം തന്നെയായിരുന്നു.

വിദേശപടയെ ഭയന്ന് നാടുവിട്ട ബ്രാഹ്മണരായിരുന്നു ഓരിയിലെ ആദിവാസികൾ. [ഓരു വെള്ളം കെട്ടിനില്ക്കുന്ന സ്ഥലമായതിനാലാണ് ഓരി എന്ന പേർ വന്നത്.] ഇവിടുത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ തെങ്ങ് ചെത്ത്, മത്സ്യബന്ധനം എന്നിവയായിരുന്നു. ഇന്ന് മത്സ്യബന്ധനത്തിലും മറ്റ് കാർഷിക വൃത്തികളിലും ഇവർ വ്യാപൃതരായി കഴിയുന്നു.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മദ്ധ്യ തിരുവിതാംകൂറിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും വന്ന് താമസിക്കുന്ന ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരാണ് അഴിത്തല പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും. ഇവരുടെ ഇടയിൽ ചില പ്രത്യേകമായ ആചാരനുഷ്ഠാനങ്ങൾ നിലനിൽക്കുന്നു. ഇവിടുത്തെ ദേവി ക്ഷേത്രം ഇവരുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായുള്ള ക്ഷേത്രങ്ങളും കോവിലുകളും പള്ളിയറകളും മുണ്ട്യകളും ദേവസ്ഥാനങ്ങളും മഠങ്ങളും തറവാടുകളും മുസ്ലീം ആരാധനാലയങ്ങളും ജനങ്ങളുടെ ആചാരനുഷ്ഠാനങ്ങളുടെ കേന്ദ്രങ്ങൾ ആയിരുന്നു. തിടമ്പ് നൃത്തം, ഒറ്റക്കോലം, കളിയാട്ടം, ആണ്ടിയൂട്ട് എന്നിവയും മുസ്ലീം പള്ളികളിലെ ആണ്ടു നേർച്ച, നബിദിനാഘോഷം എന്നിവയും ഇവിടുത്തെ മതപരമായ ചടങ്ങുകളിൽ വളരെ പ്രധാനപ്പെട്ടവയാണ്.

സമൂഹത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ പുരോഗതിക്ക് വിലപ്പെട്ട പലതും സംഭാവന ചെയ്യാൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷക പ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും ഇവിടുത്തെ ജനങ്ങളിൽ സ്വാധീനം ചെലുത്തുകയും അന്നത്തെ സാമൂഹ്യ ജീവിത രീതികൾ മാറ്റി മറിച്ച് ഒരു പുതിയ സമൂഹം കെട്ടിപടുക്കുന്നതിന് സഹായകമാവുകയും ചെയ്തു. അയിത്തത്തിനും ജാതീയതയ്ക്കും അസമത്വത്തിനും എതിരേ നടന്ന സമരങ്ങളിലും ഇവിടെയുള്ളവർ സജീവമായി പങ്കെടുത്തിരുന്നു.

പടന്നയിലെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-മതപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് മലബാറിലെ തന്നെ പ്രസിദ്ധമായ പടന്ന ജമാഅത്തുൽ ഇസ്ലാം ദർസ് കമ്മിറ്റിയായിരുന്നു. പടന്ന ഹയർ എലമെന്ററി സ്കൂളിന്റേയും മദ്രസ പോലുള്ള സ്ഥാപനങ്ങളുടേയും ആവിർഭാവത്തിന് ഈ കമ്മിറ്റി വഹിച്ച നേതൃത്വപരമായ പങ്ക് നിസ്തുലമാണ്. ഇവിടുത്തെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ മിക്കതും ഈ കമ്മറ്റി സംഭാവന ചെയ്ത സ്ഥലങ്ങളിലും കെട്ടിടങ്ങളിലും കൂടാതെ ഉടമസ്ഥതയിലും പ്രവർത്തിച്ചുവരുന്നു. കണ്ണൂർ മുതൽ ഉപ്പള വരെയുള്ള പ്രദേശങ്ങളിൽ നിന്നും ലക്ഷദ്വീപിൽ നിന്നും ഉള്ള കുട്ടികൾ താമസിച്ചു പഠിക്കുന്ന പടന്നയിലെ ബോർഡിംഗ് മദ്രസ മഹത്തായ ഒരു സ്ഥാപനമാണ്.

ഉദിനൂർ, 1920- മുതൽ തന്നെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി. 1935-ൽ സ്ഥാപിതമായ ഉദിനൂർ സെൻട്രൽ എ.യു.പി. സ്ക്കൂൾ നാടിന്റെ നാനാവിധമായ ഉയർച്ചക്ക് നിദാനമായി വർത്തിച്ചു. ഉദിനൂർ, പടന്ന, കിനാത്തിൽ, ചന്തേര, മാണിയാട്ട്, പിലിക്കോട്, തൃക്കരിപ്പൂർ, കരിവെള്ളൂർ എന്നിവിടങ്ങളിൽ നിന്നുള്ള പലരും സെൻട്രൽ സ്കൂൾ കേന്ദ്രമാക്കിയാണ് അന്ന് സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നത്.

1940കളിൽ തന്നെ സ്ഥാപിക്കപ്പെട്ട് നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ഒരു സാംസ്ക്കാരിക കേന്ദ്രം (പഞ്ചായത്ത് വായനശാല) ഇവിടെയുണ്ടായിരുന്നു. തുടർന്ന് ഇവിടെ അധ്യാപകരും മറ്റു ജനവിഭാഗങ്ങളും ഒത്തുകൂടുകയും ദേശീയ പുരോഗമന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്തു. മഹാകവി വള്ളത്തോൾ, വെണ്ണികുളം, വി.എ. കേശവൻ നമ്പൂതിരി, എസ്. ഗുപ്തൻ നായർ തുടങ്ങിയ പ്രഗൽഭമതികൾ ഈ സാംസ്കാരിക സ്ഥാപനം സന്ദർശിച്ചവരിൽപെടുന്നു. സാഹിത്യത്തിലെ രൂപഭദ്രതാവാദത്തെപ്പറ്റി പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി നടത്തിയ അഭിപ്രായ പ്രകടനത്തിന് ഈ വായനശാല സന്ദർശിച്ചപ്പോൾ വള്ളത്തോൾ പറഞ്ഞ മറുപടി അന്നത്തെ പത്രങ്ങളിൽ വാർത്താ പ്രാധാന്യം നേടിയിരുന്നു. വായനശാലയിൽ സാംസ്കാരിക സമിതി രൂപീകരിച്ച് ആഴ്ചയിലൊരിക്കൽ പ്രസംഗ പരിശീലന ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. പിൽക്കാലത്ത് ഈ പ്രദേശത്തെ പ്രമുഖരായ പലരും ഇതിലേക്ക് ആകർഷിക്കപ്പെട്ടവരായിരുന്നു. ഈ കാലഘട്ടത്തിൽ "തുലാവർഷം, ജീവിതം, നിരാഹാര സത്യാഗ്രഹം, വിദ്യാശാക്തീകരണം, വെളിച്ചത്തിലേക്ക്, അകവും പുറവും, കേരളത്തിന്റെ പോർവിളി" തുടങ്ങി സാമൂഹ്യമാറ്റത്തിന് പ്രേരകമാവുന്ന 25-ഓളം നാടകങ്ങൾ അരങ്ങേറിയിട്ടുണ്ട്.

പി.കെ. വിക്രമൻ നായർ ട്രോഫിക്കു വേണ്ടിയുള്ള നാടകമത്സരത്തിൽ പല സമ്മാനങ്ങളും നേടിയ "തീപ്പൊരി" എന്ന നാടകം ഉദിനൂരിലേയും പരിസരങ്ങളിലേയും കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ടാണ് അവതരിപ്പിച്ചത്. ഉദിനൂരിലെ വി.സി. നായർ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മഹത്വ്യക്തിയാണ്. ഒരുകാലത്ത് കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനത്തിന്റെ നായകത്വം വഹിച്ച പരേതനായ ശ്രീ. എ.ബി. ഇബ്രാഹിം മാസ്റ്റർ വിലക്കുകൾ ലംഘിച്ച് നാടക രംഗത്ത് സജീവമായിരുന്നു. സിവിക് ക്ലബ്, യുവജന കലാസമിതി, സപ്നാ ആർട്സ് ക്ലബ് എന്നിവ പഴയ കാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപന

ങ്ങളായിരുന്നു. പിന്നീട് സാംസ്കാരിക പ്രവർത്തനങ്ങളുടെ ആസ്ഥാനമായി ഉദിനൂർ സെൻട്രലിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കപ്പെട്ടു. പിന്നീടതിൽ മഹിളാ സമാജത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഇതുകേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സ്ത്രീകൾ ആദ്യമായി നാടകരംഗത്തേക്കു കടന്നുവന്നത് ഈ കാലഘട്ടത്തിലാണ്.

ഗാന്ധിജിയുടെ കൂടെ സബർമതിയിൽ താമസിച്ച് ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സാഹിത്യകാരനും കമ്മ്യൂണിസ്റ്റുമായ സി.എം. കുഞ്ഞിരാമൻ നായർ നമ്മുടെ പ്രദേശത്തുകാരനായിരുന്നു. അദ്ദേഹം വിപ്ലവകാരിയായ വീരസവർക്കറുടെ ജീവ ചരിത്രം ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ചത് ശ്രദ്ധേയമാണ്.

കൂട്ടമത്ത് എന്നപോലെ ഉദിനൂരും തുള്ളൽ കലയുടെ കേന്ദ്രമായിരുന്നു. ഏറെക്കാലം കേരള കലാമണ്ഡലത്തിൽ തുള്ളൽ അദ്ധ്യാപകനായിരുന്ന വടക്കൻ കണ്ണനാശാൻ ഈ രംഗത്തെ പ്രാതഃസ്മരണീയനാണ്. അദ്ദേഹം ജീവിച്ചതും പ്രവർത്തിച്ചതും ഇവിടെയാണ്. കുഞ്ചൻ അവാർഡു ജേതാവ് കരിമ്പിൽ കുഞ്ഞിരാമനും, ഒ.പി. കുഞ്ഞിരാമൻ നായർ, കൊളവളപ്പിൽ കൃഷ്ണൻ മണിയാണി എന്നിവരും അദ്ദേഹത്തിന്റെ ശിഷ്യപ്രധാനികളാണ്. അന്യമായികൊണ്ടിരിക്കുന്ന ഈ കലയെ പരിരക്ഷിക്കുന്നതിന് പ്രസ്തുത കലാകാരൻമാർ ഇന്നും മുൻപന്തിയിൽ തന്നെ.

അനുഷ്ഠാന കലാരൂപമായ തെയ്യത്തിന്റേയും നാടാണിത്. കാവുകളിലും ക്ഷേത്രമുറ്റങ്ങളിലും തറവാടുകളിലും പള്ളിയറകളിലും ഇന്നും ഭക്തിയോടുകൂടി ഈ കലാരൂപം കെട്ടിയാടപ്പെടുന്നു. കഥകളിക്കുപോലും മാതൃകയായിതീർന്ന വേഷ പ്രൗഢിയും ഗാംഭീര്യവും ഒത്തിണങ്ങിയ കലാരൂപമാണിത്. ഉദിനൂർ എം. കൃഷ്ണൻ പണിക്കർ ഈ രംഗത്തെ ഏറെ പ്രഗൽഭനായ ഒരു കലാകാരനാണ്. ഹരിജനങ്ങൾക്കിടയിലും രൗദ്രമൂർത്തികളായ തെയ്യക്കോലങ്ങളെ കെട്ടിയാടുന്ന പ്രശസ്തരായ കലാകാരൻമാരുണ്ട്. ഉദിനൂർ ക്ഷേത്രവുമായി ബന്ധപ്പെടുന്ന വലിയ വീട് തറവാടിനോടനുബന്ധിച്ച് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു കളരി ഉണ്ടായിരുന്നു. പൂരക്കളിരംഗത്തും കോൽക്കളി രംഗത്തും പ്രഗൽഭരായ പലരും ഇവിടെ ഉണ്ടായിരുന്നു. പരേതനായ മീലിയാട്ട് കോരൻ ഈ രംഗത്തെ ആചാര്യൻ തന്നെയായിരുന്നു.

1955 - ൽ നിലവിൽ വന്ന കിനാത്തിൽ സാംസ്കാരിക സമിതി വായനശാല & ഗ്രന്ഥാലയം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിത്തന്നെ പ്രവർത്തിച്ചു. 1957 - ൽ അണ് കമ്മ്യൂണിസ്റ്റ് ആചാര്യനും അന്ന്മുഖ്യമന്ത്രിയുമായ ഇ.എം. എസ്. നമ്പൂതിരിപ്പാട് ഇതിന്റെ ആദ്യത്തെ കെട്ടിടം ഉദ്ഘാടനം ചെയ്തത്. കർഷകരും കർഷകതൊഴിലാളികളും ജീവിക്കുന്ന ഈ പ്രദേശത്ത് രൂപം കൊണ്ട ഈ കേന്ദ്രത്തിന് കേരള ഗ്രന്ഥശാല സംഘത്തിന്റെ 'A' ഗ്രെയ്ഡിലുള്ള ഗ്രാന്റ് ലഭിക്കുന്നുണ്ട്. നിലവിൽ ആറായിരത്തിലധികം വിവിധ മേഖലകളിലുള്ള പുസ്തക ശേഖരം ഉണ്ട്. പുസ്തകങ്ങളെ വർഗ്ഗീകരിച്ച് സൂക്ഷിക്കുന്നതിലും വിതരണം ചെയ്യുന്നതിലും വായനയെ പ്രോത്സാഹിപ്പിക്കുന്നതിലും ഈ സ്ഥാപനം മറ്റ് ഗ്രന്ഥാലയങ്ങൾക്ക് മാതൃകയാണ്. നമ്മുടെ പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനത്തിന് നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്ന ഈ കേന്ദ്രത്തിനാവശ്യമായ സ്ഥലം സംഭാവന ചെയ്തത് അതിന്റെ ആദ്യകാല പ്രസിഡന്റ് ആയിരുന്ന പരേതനായ കണിച്ചുകുളങ്ങര കോമൻ പണിക്കരായിരുന്നു. കർഷക പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന വി.കെ.കൃഷ്ണൻ ഈ ഗ്രന്ഥശാലയിൽ പ്രവർത്തിച്ചവരിൽ പ്രഥമഗണനീയനാണ്.

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടു കൊണ്ടു തന്നെ രൂപം കൊണ്ട ഒരു സ്ഥാപനമാണ് തടിയൻകൊവ്വലിലെ കൈരളി ഗ്രന്ഥാലയം. പരേതനായ ശ്രീ. വിത്തൻ വെളുത്തോൻ സംഭാവന ചെയ്ത സ്ഥലത്ത് അദ്ദേഹം തന്നെ പ്രസിഡന്റായികൊണ്ട് പടുത്തയർത്തപ്പെട്ടതാണ് ഇന്ന വളർച്ചയുടെ പടവുകൾ പിന്നിട്ട ഈ മഹത്തായ സ്ഥാപനം. തടിയൻകൊവ്വൽ പ്രദേശത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ മാറ്റത്തിന് കേന്ദ്രമായി വർത്തിക്കുന്ന 3000 പരം പുസ്തക ശേഖരമുള്ള ഈ സ്ഥാപനത്തിന് ഗ്രന്ഥശാല സംഘത്തിന്റെ 'D' ഗ്രെയ്ഡ് ഗ്രാന്റ് ലഭിക്കുന്നു.

ഉദിനൂർ തെക്കു പുറം പൊതുജനവായനശാല, ഓരി വള്ളത്തോൾ വായനശാല & ഗ്രന്ഥാലയം, MYMA ഗ്രന്ഥാലയം, തെക്കേക്കാട് അജയകലാനിലയം, തെക്കും പുറം MES, പടന്ന ജമാ അത്ത് പള്ളി ഗ്രന്ഥാലയം. (6000 അറബി പുസ്തകങ്ങളുടെ അപൂർവ്വ ശേഖരം ഇവിടെയുണ്ട്). കോണോത്തു വയൽ സഹൃദയ വായനാശാല തുടങ്ങി വലുതും ചെറുതുമായ പല സ്ഥാപനങ്ങളും, വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ രംഗത്ത് ജാതിമതത്തിനതീതമായി പ്രവർത്തിക്കുന്ന myma, Scope അൽ- അമീർ കൾച്ചർ ഫൗണ്ടേഷൻഷൻ തുടങ്ങിയവ പടന്നയിലെ സാസ്ക്കാരിക കേന്ദ്രങ്ങളാണ്. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിലും പുരോഗതിയിലേക്കു നയിക്കുന്നതിലും വളരെയധികം സ്വാധീനിക്കുന്നു. ഉദിനൂരിലെ പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിലാണ് പഞ്ചായത്ത് ലൈബ്രറി ഇന്നു പ്രവർത്തിക്കുന്നത്. വായന മരിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാല പരിതസ്ഥിതിയിൽ വിജ്ഞാന വ്യാപന രംഗത്ത് സാംസ്ക്കാരിക സ്ഥാപനങ്ങൾ വഹിച്ചു കൊണ്ടിരിക്കുന്ന പങ്ക് നിസ്സീമമാണ്.

കലാ കായിക രംഗത്ത് നമ്മുടെ പഞ്ചായത്ത് ഇന്ന ഏറെ മുന്നിലാണ്. പഴയകാലം മുതൽ തന്നെ വിവിധസ്ഥലങ്ങളിലുള്ള ആളുകളെ കേന്ദ്രീകരിപ്പിക്കുന്നതിനും കായിക പരിശീലനം നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇന്ന് പ്രശസ്തിയിലെത്തി നില്ക്കുന്ന ജാല തിയറ്റേഴ്സ്- ഉദിനൂർ, ഏ.കെ.ജി. സ്മാരക കലാവേദി, മനീഷ തീയറ്റേർസ് തടിയൻകൊവ്വൽ, വള്ളത്തോൾ സ്മാരക കലാസമിതി ഓരി,

ഏ.കെ.ജി. കലാവേദി ഓരി, നടക്കാവ് ആശാൻ കലാവേദി, മുതിരകൊവ്വൽ അഴീക്കോടൻ സ്മാരക കലാവേദി, തെക്കേക്കാട് അജയ കലാനിലയം, പടന്ന ഫൈൻ ആർട്സ് സൊസൈറ്റി, പടന്ന റെഡ് സ്റ്റാർ തുടങ്ങി അനേകം ആർട്സ് ക്ലബുകളുടെ ഉൽഭവവും ചരിത്രവും ഇതിനു തെളിവുകളാണ്. തുടർച്ചയായി അമേചർ കലാസമിതികളെ സംഘെടുപ്പിച്ചു കൊണ്ട് നാടക മത്സരങ്ങളും സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. 1974-ൽ സംഗീത നാടക അക്കാദമി അവാർഡു നേടിയ "മെഫിസ്റ്റോഫിലിസ്" [ജ്വാല ഉദിനൂർ] തുടങ്ങി ശ്രദ്ധേയങ്ങളായ നിരവധി നാടകങ്ങൾ ഈ പ്രദേശത്തെ കലാകാരൻമാർ പലവേദികളിലായ് അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല സ്വഭാവ നടനുള്ള ടി. ആർ. സുകുമാരൻ നായർ സ്മാരക അവാർഡ് ഏറ്റവും നല്ല നടനുള്ള തുഞ്ചൻ അവാർഡും മറ്റ് നിരവധി അംഗീകാരങ്ങളും നേടി നാടക വേദി കീഴടക്കിയ ഉദിനൂർ ബാലഗോപാലൻ പുതിയ തലമുറയുടെ നാടക രംഗത്തെ പ്രവർത്തനങ്ങൾക്ക് ആവേശമാണ്. ഉദിനൂർ സെൻട്രൽ യൂണിറ്റി സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 5 വർഷം തുടർച്ചയായി നടത്തപ്പെട്ട നന്ദൻ സ്മാരക നാടക മത്സരവും ഉദിനൂർ ഏ.കെ.ജി. കലാവേദി അമേചർ കലാസമിതികളെ പങ്കെടുപ്പിച്ച തുടർച്ചയായി നടത്തിയ നാടക മത്സരവും വളരെ ശ്രദ്ധേയമായവ ആയിരുന്നു. മുസ്ലീംകളുടെ തനതുകലയായ കോൽക്കളി, ദഫ്മുട്ട് എന്നിവ പടന്ന എടച്ചാക്കൈ പ്രദേശങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. പടന്ന വടക്കേപുറം, പഴയ ബസാർ എന്നിവിടങ്ങളിലെ ആയോധന മുറകൾ അഭ്യസിപ്പിച്ചിരുന്ന കളരികൾ ഇന്നു നിലവിലില്ല.

ഫുട്ബോൾ രംഗത്തെ അതികായൻമാരുടെ ഈറ്റില്ലമാണ് ഉദിനൂർ പടന്ന പ്രദേശങ്ങൾ സെൻട്രൽ യൂണിറ്റി ഉദിനൂർ, നാഷണൽ സ്പോർട്സ് ക്ലബ് പടന്ന, മനീഷ തടിയൻകൊവ്വൽ, ഷൂട്ടേർസ് പടന്ന NRSC തെക്കേക്കാട്, റോയൽ കാന്തലോട്ട്, ഏ.കെ.ജി. കോച്ചിംഗ് സെന്റർ ഉദിനൂർ, ഇലവൻ സ്റ്റാർ പടന്ന, വി.കെ.പി. സ്പോർട്സ് ക്ലബ് പടന്ന തുടങ്ങി നിരവധി സ്പോർട്സ് ക്ലബുകൾ ഫുട്ബോൾ പ്രതിഭകളെ വളർത്തുന്നതിലും, ഈ രംഗത്ത് നാടിന്റെ പ്രശസ്തി ഉയർത്തുന്നതിലും അർപ്പണബോധത്തോടെ പ്രവർത്തിച്ച സ്ഥാപനങ്ങളാണ്. 25-ൽ പരം സ്പോർട്സ് ക്ലബുകളുടെ വിപുലമായ ഒരു ശൃംഖല ഈ പഞ്ചായത്തിന്റെ ഒരു സവിശേഷത തന്നെയാണ്. ജില്ലാ A ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻപട്ടം നേടിയ സെൻട്രൽ യൂണിറ്റിയും B ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻപട്ടം നേടിയ മനീഷ തടിയൻകൊവ്വൽ, ഷൂട്ടേർസ് പടന്ന എന്നിവയാണ് ഇന്നത്തെ പ്രധാന ഫുട്ബോൾ ശക്തികൾ. ക്രിക്കറ്റ് രംഗത്ത് ജില്ലയിൽ അറിയപ്പെടുന്ന ഒരു ക്ലബാണ് ഇലവൻ സ്റ്റാർ പടന്ന. ഇതിനു പുറമേ വോളിബോൾ ബാഡ്മിന്റൺ കബഡി, കമ്പവലി എന്നിവ ഇവിടെ പ്രചാരത്തിലുണ്ട്. ബോൾബാഡ്മിന്റനിൽ പടന്നയും വോളിബോളിൽ കിനാത്തിലും ഒരുകാലത്ത് പേരുകേട്ട പ്രദേശങ്ങളായിരുന്നു. പടന്നയിലെ അർനോഡ് ജിംനേഷ്യം കരാട്ട, ബോക്സിങ്ങ് തുടങ്ങിയ കായികമുറകളിൽ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളാണ്. വി.കെ.പി.സ്പോർസ് ക്ലബ് അഖില കേരള ബാൾ ബാഡ്മിറ്റൺ ടൂർണമെന്റ് പ്രശസ്തമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടു. സി.ആർ. സി കമ്മ്യൂണിറ്റി ഹാൾ, സീതി സാഹിബ് സ്മാരക വായനശാല & ഗ്രന്ഥാലയം എന്നിവ പഴയകാലത്ത് നല്ലരീതിയിൽ പ്രവർത്തിച്ച പടന്നയിലെ ശ്രദ്ധേയമായ സ്ഥാപനങ്ങളായിരുന്നു. അതുപോലെ അന്നത്തെ ലോക്കൽ ലൈബ്രറി ഇന്ന് നിലവില്ലില്ലാതായി. അത് പുനസ്ഥാപിക്കേണ്ടത് പടന്നയുടെ സാംസ്ക്കാരിക വളർച്ചയ്ക്ക് ആവശ്യമാണ്. നാനാമുഖമായ പ്രവർത്തനത്തിലും അഭിവൃദ്ധിയിലും ഈ പ്രസ്ഥാനങ്ങളുടെ സ്വാധീനം വമ്പിച്ചതാണ്. ടെലിവിഷൻ പോലുള്ള മാദ്ധ്യമങ്ങളുടെ പ്രചാരം ഇവിടെ വളരെ വ്യാപകമാണ്. ഇവിടെ 21% വീടുകളിൽ ടി.വി. എത്തികഴിഞ്ഞു എന്നത് ഈ മാദ്ധ്യമത്തിന്റെ ശക്തിക്ക് തെളിവാണ്. കേബിൾ ടി. വി. നെറ്റുവർക്കും ഇവിടെയാധിപത്യം സ്ഥാപിച്ചു കഴിഞ്ഞു. ഗൗരവമായ വായന കുറഞ്ഞു വരുന്നു എന്ന സ്ഥിതിയും ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നത് കാണാം. മാച്ചിക്കാടും തൊട്ടതിർത്തി നടക്കാവിലുമായി രണ്ട് സിനിമാശാലകളും പ്രവർത്തിക്കുന്നുണ്ട്.

സാധ്യതകൾ:

1. ഇടയിലക്കാട് ടൂറിസം വികസന പദ്ധതിയിൽ ഓരി, അഴിത്തല പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തുക.

2. തുടർ സാക്ഷരതാ പ്രവർത്തനം മെച്ചപ്പെടുത്താൻ ജനവിദ്യാ കേന്ദ്രങ്ങളും ജനശിക്ഷണ നിലയവും സജീവമാക്കുക.

3. ഓണഘോഷത്തോടനുബന്ധിച്ച് ജലമേളകൾ സംഘടിപ്പിക്കുക. അതിനാവശ്യമായ സൗകര്യവും ജലസേചന ലഭ്യതയും കണ്ടെത്തുക.

4. യുവജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കുന്നതിനു വേണ്ടി വാർഡുതല യുവജന മേളകൾ സംഘടിപ്പിക്കുക.

5. അവശകലാകാരൻമാർക്ക് ധനസഹായം നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

6. പുതിയ എഴുത്തുകാരെ കണ്ടെത്തുന്നതിനും പ്രോൽസാഹനം നൽകുന്നതിനും കൈയെഴുത്തു മാസിക പുറത്തിറക്കുക. അവ സന്നദ്ധ സംഘടനകൾക്കും സാംസ്കാരിക നിലയങ്ങൾക്കും വിതരണം ചെയ്യുക.

7. നാടൻ കലാരൂപങ്ങൾ, വാദ്യോപകരണം, സംഗീതം എന്നിവ അഭ്യസിപ്പിക്കാനുള്ള നേത്രത്വം സാംസാക്കാരിക സ്ഥാപനങ്ങൾ ഏറ്റെടുക്കണം. അതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

8. ഗവഃഗസറ്റുകൾ, തൊഴിലറിയിപ്പുള്ള ബുള്ളറ്റിനുകൾ, തൊഴിൽ സമ്പന്ധമായ അപേക്ഷാഫോറങ്ങൾ എന്നിവ

ഗ്രന്ഥാലയങ്ങളും വായനശാലകളും

നമ്പർ	സ്ഥാപനങ്ങളുടെ പേര്	വാർഡ് നമ്പർ	സ്ഥാപിതം	അംഗീകാരം	ഗ്രാന്റ്	സ്വന്തം കെട്ടിടം	കീഴിലുള്ള സ്ഥാപനം	പുസ്തകങ്ങളുടെ എണ്ണം	ആനുകാലികങ്ങളുടെ എണ്ണം	മെമ്പർമാർ	പ്രതിമാസ വിതരണം	ഗ്രേഡ്
1	കിനാത്തിൽ സാംസ്ക്കാരിക സമിതി, വായനശാല, £ ഗ്രന്ഥാലയം	VIII	1955	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	6000	14	250	1000	A
2	കൈരളി ഗ്രന്ഥാലയം, തടിയൻകൊവ്വൽ	VIII	1956	ഉണ്ട്	ഉണ്ട്	ഉണ്ട്	ജനവിദ്യാകേന്ദ്രം	3200	24	148	500	D
3	അജയകലാനിലയം, തെക്കേക്കാട്	VI	1968	ഉണ്ട്	ഇല്ല	ഉണ്ട്	ജനശിക്ഷണ കേന്ദ്രം	150	1	120	100	-
4	മുസ്ലീം യങ്ങ് മെൻസ് അസോസിയേഷൻ, പടന്ന	IV	1991	ഉണ്ട്	"	ഉണ്ട്	ഇംഗ്ലീഷ് മീഡിയം സ്കൂൾ	800	9	200	115	-
5	പഞ്ചായത്ത് ഗ്രന്ഥാലയം, ഉദിനൂർ	IX	-	ഉണ്ട്	'	ഉണ്ട്	സാംസ്ക്കാരിക നിലയം	2500	7	120	150	-
6	പൊതുജനവായനശാല തെക്കുപുറം	IX	-	ഇല്ല	'	ഉണ്ട്	പാടശേഖര കമ്മറ്റി	-	8	45	-	-
7	സഹൃദയ വായനശാല കോണത്ത് വയൽ	VIII	1994	'	'	ഇല്ല	ഇല്ല	-	9	16	-	-
8	ക്രസന്റ്, സാംസ്ക്കാരികസമിതി, വയനശാല, എടച്ചാക്കൈ	VII	1982	'	'	ഇല്ല	ഇല്ല്	-	3	12	-	-
9	എം. കെ. ഹാജി സ്മാരക വായനശാല, തൊക്കേക്കാട്	VI	1994	ഉണ്ട്	'	ഉണ്ട്	ഇല്ല	100	2	18	-	-
10	അഴീക്കോടൻ, സ്മാരക കലാവേദി , വായനശാല	VIII	1984	ഉണ്ട്	'	ഇല്ല	ഇല്ല	-	3	29	-	-
11	എ.കെ.ജി സ്മാരക വായനശാല പടന്ന	V	1989	ഇല്ല	'	ഉണ്ട്	ഇല്ല	-	1	-	-	-
12	വള്ളത്തോൾ സ്മാരക ഗ്രന്ഥാലയം ഓരി	I	1986	ഇല്ല	"	ഇല്ല	ഇല്ല	950	3	75	200	-

പഞ്ചായത്ത് ഗ്രന്ഥാനയം വഴി ലഭ്യമാക്കുക. സാംസ്കാരിക സ്ഥാപനങ്ങളോടനുബന്ധിച്ച് "ഗ്രാമ പത്രം" സ്ഥാപിക്കുക.

9. പഞ്ചായത്ത് ഗ്രന്ഥാലയത്തിൽ ദേശീയ നേതാക്കളുടെ ഛായാചിത്രം പ്രദർശിപ്പിക്കുക.

10. പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാൻ വിവിധ സംഘടനകളെ പ്രതിനിധീകരിക്കുന്ന 'സാംസ്കാരിക സമിതി' രൂപീകരിക്കുക.

പ്രശ്നങ്ങൾ

1. അഴിത്തല, കോരംക്കുളം, മാച്ചിക്കാട്, മുതിക്കാവ്വൽ എന്നീ പ്രദേശങ്ങളിൽ വായനശാല ഇല്ല.

2. പഞ്ചായത്ത് സാംസ്ക്കാരികനിലയം വൈദ്യുതീകരിച്ചിട്ടില്ല.
ആവശ്യത്തിന് ഫർണ്ണീച്ചർ ഇല്ല.

3. പഞ്ചായത്ത് ലൈബ്രറിയിൽ ഫുൾടൈംലൈബ്രേറിയനെ നിയമിച്ചിട്ടില്ല.

4. നിർദ്ദിഷട പഞ്ചായത്ത് മിനി സ്റ്റേഡിയം ഉദിനൂർ ഗവൺമെന്റ് ഹൈസ്ക്കുൾ ഗ്രൗണ്ടിൽ പണി ആരംഭിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ - പരിഹാരങ്ങൾ

1. പഞ്ചായത്തിലെ വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ എന്നിവയ്ക്ക് ടി.വി. സെറ്റ് റേഡിയോ, തപാൽപ്പെട്ടി എന്നിവ സ്ഥാപിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

2. പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും ചുരുങ്ങിയത് 3 പത്രവും അതുപോലെ മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുക.

3. ഗ്രന്ഥാലയങ്ങൾക്കാവശ്യമായ പുസ്തകങ്ങൾ ജനങ്ങളിൽ നിന്നും ശേഖരിക്കുക. പഴയ പുസ്തകങ്ങൾ സംരക്ഷിക്കാൻ സംവിധാനമുണ്ടാക്കുക. സ്ത്രീകളുടെ വായനശീലം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വീടുകളിൽ പുസ്തകമെത്തിക്കുന്ന സഞ്ചരിക്കുന്ന ലൈബ്രറി ഏർപ്പെടുത്തണം.

4. ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റിന്റെ അപര്യാപ്തത കൊണ്ട് ഗ്രന്ഥശാലയിലേക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങാൻ ധനസഹായം നൽകുക.

5. അവശകലാകാരൻമാരേയും കലാകായിക പ്രതിഭകളേയും കണ്ടെത്തി അവർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക. അവരുടെ കലാരൂപങ്ങൾക്കാവശ്യമായ ചമയങ്ങൾക്കും ഉപകരണങ്ങൾക്കും വായ്പ അനുവദിക്കുക. ചികിത്സാ ഫണ്ട് സ്വരൂപിക്കുക.

6. ഫഴയ കലാ സാഹിത്യ രൂപങ്ങളായ തെയ്യം, കോൽക്കളി, പൂരക്കളി, നാടൻ പാട്ടുകൾ, നാട്ടിപ്പാട്ടുകൾ, മാപ്പിള കലാരൂപങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും അത്തരം കലാകാരന്മാരെ പഞ്ചായത്തടിസ്ഥാനത്തിൽ വേദിയൊരുക്കി ആദരിക്കുകയും അതിന് സന്നദ്ധ സംഘടനകഴുടെ സഹായം തേടുകയും ചെയ്യുക.

7. യുവജനങ്ങളുടെ കായിക ക്ഷമത വർദ്ധിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ പരിശീലകരെ നിയമിക്കുക. സ്കൂളുകളിൽ കായികാദ്ധ്യപകരെ നിയമ്മിക്കാൻ നിർദ്ദേശം നൽകുക. കളിസ്ഥലങ്ങൾ നിർമ്മിക്കുക. സ്കൂൾ യുവജനോൽസവത്തിനും കായിക മേളകൾക്കും ധന സഹായം നൽകുക. സ്പോർട്സ് ക്ലബുകൾക്ക് മിനി കിറ്റ് നൽകുക.

8.പഞ്ചായത്ത് കേന്ദ്രമായ പടന്നയിൽ കലാകായിക മേളകൾ നടത്തുന്നതിന് MRVHSS ഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കി ഉയർത്താൻ സ്കൂൾ മാനേജ്മെന്റ് , PTA എന്നിവയുടെ പ്രവർത്തനത്തിന് ധന സഹായം നൽകുക.

9. പഞ്ചായത്ത്-ജില്ലാ-സംസ്ഥാന-ദേശീയ തലങ്ങളിൽ നടക്കുന്ന കലാകായിക മൽസരങ്ങളിൽ പഞ്ചായത്തിൽ നിന്നും യോഗ്യത നേടിയ പ്രതിഭകളെ പ്രോൽസാഹിപ്പിക്കാൻ ധനസഹായവും പരിശീലനവും നൽകുക

10. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വാർഡുതല ജനജാഗ്രതാ സമിതി രൂപീകരിക്കുക.

11. പഞ്ചായത്ത് തലത്തിൽ അമേച്ചർ നാടക മൽസരം സംഘടിപ്പിക്കണം. അമേച്ചർ സംഘങ്ങൾക്ക് പഞ്ചായത്ത് ഗ്രാന്റ് ലഭ്യമാക്കാൻ നടപടി ക്രമങ്ങൾ ലഘൂകരിക്കണം

12. പുനഃ പ്രസിദ്ധീകരണമില്ലാത്ത പഴയ പുസ്തകങ്ങളും ഗ്രന്ഥങ്ങളും ശേഖരിച്ച് ഗ്രന്ഥാലയങ്ങളിൽ സൂക്ഷിക്കുക. ഗ്രന്ഥാലയങ്ങളിൽ നിന്ന് വിതരണം ചെയ്യുന്ന പുസ്തകങ്ങളേകുറിച്ചും വായനാ ശീലം വളർത്തുന്നതിനും ചർച്ചാ ക്ലാസ് സംഘടിപ്പിക്കുക.

13. ടെലിവിഷന്റെ അതിപ്രസരം വായനാ ശീലം കുറയ്ക്കുന്നു. ഇത്തരം മാദ്ധ്യമങ്ങൾ വരുത്തി തീർക്കുന്ന ദൂഷ്യ ഫലങ്ങളേ കുറിച്ച് കുട്ടികളേയും രക്ഷിതാക്കളെയും ബോധവൻമാരാക്കുക.

14. ആരാധനാലയങ്ങളുടെ ഐതിഹ്യങ്ങൾ അവിടെ തന്നെ രേഖപ്പെടുത്തി വെയ്കാനുള്ള സംവിധാനം ഉണ്ടാക്കുക.

ഗ്രന്ഥാലയങ്ങളും വായനശാലകളും

നമ്പർ	സ്ഥാപനങ്ങളുടെ പേര്	വാർഡ് നമ്പർ	സ്ഥാപിതം	അംഗീകാരം	ഗ്രാന്റ്	സ്വന്തം കെട്ടിടം	കീഴിലുള്ള കെട്ടിടം	പുസ്തകങ്ങളുടെ എണ്ണം	ആനുകാലികങ്ങളുടെ എണ്ണം	മെമ്പർമാർ	പ്രതിമാസ വിതരണം	ഗ്രേഡ്
1	കിനാത്തിൽ സാംസ്ക്കാരിക സമിതി, വായനശാല, £ ഗ്രന്ഥാലയം	VIII	1955	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	6000	14	250	1000	A
2	കൈരളി ഗ്രന്ഥാലയം, തടിയൻകൊവ്വൽ	VIII	1956	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	3200	24	148	500	D
3	അജയകലാനിലയം, തെക്കേക്കാട്	VI	1968	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	150	1	120	100	-
4	മുസ്ലീം യങ്ങ് മെൻസ് അസോസിയേഷൻ, പടന്ന	IV	1991	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	800	9	200	115	-
5	പഞ്ചായത്ത് ഗ്രന്ഥാലയം, ഉദിനൂർ	IX	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	2500	7	120	150	-
6	പൊതുജനവായനശാല തെക്കുപുറം	IX	-	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	-	8	45	-	-
7	സഹൃദയ വായനശാല കോണത്ത് വയൽ	VIII	1994	'	ഉണ്ട്	ഉണ്ട്	ഉണ്ട്	-	9	16	-	-
8	ക്രസന്റ്, സാംസ്ക്കാരികസമിതി, വയനശാല, എടച്ചാക്കൈ	VII	1982	'	ഉണ്ട്	ഉണ്ട്	ഉണ്ട്	-	3	12	-	-
9	എം. കെ. ഹാജി സ്മാരക വായനശാല, തൊക്കേക്കാട്	VI	1994	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	•100	2	18	-	-
10	അഴീക്കോടൻ, സ്മാരക കലാവേദി , വായനശാല	VIII	1984	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	3	29	-	-
11	എ.കെ.ജി സ്മാരക വായനശാല പടന്ന	V	1989	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	-	1	-	-	-
12	വള്ളത്തോൾ സ്മാരക ഗ്രന്ഥാലയം ഓരി	I	1986	ഇല്ല				950	3	75	200	-

കലാ-കായിക സമിതികൾ

നമ്പർ	സമിതിയുടെ പേര്	വാർഡ്	സ്ഥാപിതം	അംഗീകാരം	അംഗങ്ങൾ	ഗ്രാന്റ്	കീഴിലുള്ള സ്ഥാപനം	റേഡിയോ/ടി.വി.	സ്വന്തം കെട്ടിടം
1	എ.കെ.ജി. സ്മാരക കലാവേദി ഉദിനൂർ	IX	1978	ഉണ്ട്	60	ഇല്ല	ഇല്ല	റേഡിയോ	ഉണ്ട്
2	സെൻട്രൽ യുണിറ്റി ഉദിനൂർ	IX	1969	ഉണ്ട്	70	ഇല്ല	ഇല്ല	ടി.വി.	ഇല്ല
3	അഴിക്കോടൻ സ്മാരക കലാവേദി മുതിരകോവ്വൽ	VIII	1984	ഉണ്ട്	29	ഇല്ല്	ഇല്ല	ഇല്ല	ഇല്ല
4	യൂണിവേഴ്സൽ ആർടസ് & സ്പോരട് ക്ലബ് വടന്ന	IV	1986	ഇല്ല	33	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	ഇലവൻസ്റ്റാർ സ്പോർട്ടസ് ക്ലബ്	II	1981	ഉണ്ട്	30	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	കാസ്ക് സ്പോർട്സ് ക്ലബ് പടന്ന	II	1993	ഉണ്ട്	40	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	ക്രസന്റ് സ്പോർട്സ് ക്ലബ് പടന്ന	II	1996	ഇല്ല ,	35	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	വി.കെ.പി. സ്പോർട്സ് ക്ലബ് പടന്ന	II	1960	ഉണ്ട്	7	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	ആശാൻ കലാവേദി നടക്കാവ്	IX	1981	ഉണ്ട്	30	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
10	യുവഭാരത് ആർട്സ് & സ്പോർട് ക്ലബ് റോണത്തുവയൽ	VIII	1990	ഇല്ല	21	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
11	ജ്വാല തിയറ്റേഴ്സ് ഉദിനൂർ	VIII	1970	ഉണ്ട്	240	ഇല്ല	ഇല്ല	ടി.വി.	ഇല്ല
12	നവീൻ ആർസ്&സ്പോർട്സ് ക്ലബ് തടിയൻകൊവ്വൽ	IX	1984	ഉണ്ട്	85	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
13	റഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് പടന്ന	VII	1979	ഉണ്ട്	50	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
14	മനീഷാ തിയറ്റേഴ്സ് തടിയൻ കൊവ്വൽ	VIII	1982	ഉണ്ട്	130	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്

കലാ-കായിക സമിതികൾ

15	സഫ്തർ ഹാജി ആർട്സ് & സ്പോർട്സ് ക്ലബ് അഴിത്തല	I	1990	ഇല്ല	36	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
16	എ.കെ.ജി സ്മാരക സ്പോർട്സ് ക്ലബ് ഓരി	I	1990	ഇല്ല	60	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
17	വള്ളത്തോൾ സ്മാരക കലാസമിതി ഓരി	I	1979	ഉണ്ട്	110	ഇല്ല	ഇല്ല	ഇല്ല	ഇല്ല
18	റെഡ് സ്റ്റാർ അയിറ്റി, മാച്ചിക്കാട്	VII	1984	ഉണ്ട്	20	ഇല്ല	ഇല്ല	ഇല്ല	ഇല്ല
19	ഉദയ ആർട്സ് & സ്പോർട്സ് ക്ലബ് മാച്ചിക്കാട്	VII	1992	ഇല്ല	25	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
20	ന്യൂസ്റ്റാർ സ്പോർട്സ് ക്ലബ് മാച്ചിക്കാട്	VII	1981	ഉണ്ട്	30	ഇല്ല	ഇല്ല	ഇല്ല	ഇല്ല
21	എൻ.ആർ.എസ്.സി തെക്കേക്കാട്	VI	1965	ഉണ്ട്	120	ഇല്ല	ഇല്ല	ഇല്ല	ഇല്ല
22	റോയൽ കാന്തിലോട്ട്	IV	1982	ഉണ്ട്	18	ഇല്ല	ഇല്ല	ഇല്ല	ഇല്ല
23	പടന്ന ഫൈൻ ആർട്സ് സൊസൈറ്റി പടന്ന	V	1995	ഇല്ല	1150	ഇല്ല	ഇല്ല	ഇല്ല	ഇല്ല

15. നാടിന്റെ ഐതിഹ്യങ്ങൾ രേഖപ്പെടുത്തി ഗ്രന്ഥാലയങ്ങളിൽ സൂക്ഷിക്കുക.

16. പഞ്ചായത്തിൽ സാംസ്കാരിക നിലയങ്ങൾ കേന്ദ്രമാക്കി ഒരു ഓഡിറ്റോറിയവും പൊതുസ്റ്റേജും സ്ഥാപിക്കുക.

17. വരുമാന സാധ്യതയുള്ള ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.

18. ഉദിനൂർ ഹൈസ്കൂൾ ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം പണിയുക.

✧ ✧ ✧ ✧

"വിവിധ ജാതികൾ ഒരു വൃക്ഷത്തിന്റെ
വിവിധ ശാഖകൾ മാത്രം."



11

സഹകരണം



ഇന്ത്യയിലെ കർഷകർ കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് പിൻതലമുറക്ക് കടബാധ്യത മാത്രം മിച്ചം വെച്ച്കൊണ്ട് കടത്തിൽ തന്നെ മരിക്കുന്നവരായിരുന്നു. 19-ാാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ ദുസ്തിതിക്ക് പരിഹാരം കാണുന്നതിനും കർഷകരെ ഋണഭാരത്തിൽ നിന്നും കരകയറ്റുന്നതിനും കാർഷിക മേഖലയെ രക്ഷിക്കുന്നതിനും വേണ്ടി 1904ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം രൂപം കൊള്ളുന്നത്. ഉദിനൂർ വില്ലേജിൽ 1934ൽ N.P. അബ്ദുള്ള, N.P. മുഹമ്മദ് കുഞ്ഞി, C.M. കുഞ്ഞികമ്മാരൻ നായർ, C.M. പത്മനാഭൻ നായർ, P. നാരായണൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ രൂപീകൃതമായ നോർത്ത് തൃക്കരിപ്പൂർ, കൂലേരി കൊ- ഓപ്പറേറ്റിവ് സ്റ്റോർസ് എന്ന സ്ഥാപനമാണ് പടന്ന പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിൻ തുടക്കംകുറിച്ചത്. സംഘത്തിന് ശക്തമായ മാനേജ്മന്റ് ഉണ്ടായിരുന്നെങ്കിലും വ്യക്തമായ ലക്ഷ്യ ബോധം ഇല്ലാത്തതിനാൽ മുളയിൽ തന്നെ കരിഞ്ഞുപോകുകയായുരുന്നു. അതുപോലെ തന്നെ രൂക്ഷമായ ഭക്ഷ്യ ക്ഷാമം നേരിട്ട 2-ാം ലോക മഹായുദ്ധകാലത്ത് റേഷൻവിതരണം ലക്ഷ്യമാക്കിക്കൊണ്ട് പടന്ന കൊ- ഓപ്പറേറ്റീവ് സ്റ്റോർസ് രൂപീകരിച്ചിരുന്നു. V.K.P. ഖാദർ ഹാജി പ്രസിഡന്റും C. കുഞ്ഞാമ്മദ് ഹാജി സെക്രട്ടറിയുമായി 1942ൽ രൂപം കൊണ്ട പ്രസ്ഥുത സംഘം ദീർഘകാലം നിലനിന്നില്ല.

വിവിധ മേഖലകളിലായി 11 സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു (പട്ടിക 1 കാണുക). ഇവയിൽ ഭൂരിഭാഗം സംഘങ്ങളിൽ പ്രവർത്തനരഹിതമാണ്. ബാങ്കിംഗ് രംഗത്ത് പ്രവർത്തിക്കുന്നത് പടന്ന വില്ലേജ് പരിധിയായി 1971ൽ രൂപീക്രതമായ പടന്ന സർവ്വീസ് കോ-ഓപ്പറേറ്റിവ് ബേങ്ക് മാത്രമാണ് തുടക്കത്തിൽ 2 ജീവനക്കാർ 340 അംഗങ്ങളും ഉണ്ടായിരുന്ന അവിടെ ഇപ്പോൾ 4147 അംഗങ്ങളും 3 കോടിയോളം പ്രവർത്തന മുലധനവും 12 സ്ഥിര ജീവനക്കാരും ഉള്ള ഒരു ബൃഹത്തായ സ്ഥാപനമായി മാറിയിട്ടുണ്ട്. K. മുഹമ്മുദ് ഹാജി ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്.

1950-60 ഇടയിൽ P.K. മായിന്റെ നേതൃത്വത്തിൽ പടന്ന കടപ്പുറം ഫിഷർമാൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപീകരിച്ച് തുടക്കത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവെങ്കിലും വളരെ കുറച്ച് കാലം കൊണ്ട് തന്നെ പ്രവർത്തനരഹിതമാവുകയും ചെയ്തു. 1975ൽ ചെറുവത്തൂർ പടന്ന പഞ്ചായത്തുകൾ പ്രവർത്തന പരിധിയായി രൂപീക്രതമായ റീജിയണൽ ഫിഷറീസ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സോസൈറ്റിയുടെ പ്രവർത്തനവും മേൽ സൂചിപ്പിച്ചതുപോലെ തന്നെ. പടന്ന ക്ഷീര വികസന സഹകരണ സോസൈറ്റിയും ഓരിയാസ്ഥാനമായുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘവും പ്രവർത്തനക്ഷമമല്ല. പടന്ന, മാണിയാട്ട്, ഉദിനൂർ പ്രദേശങ്ങൾ പ്രവർത്തന പരിധിയായി 1958ൽ രൂപീകൃതമായ പടന്ന കടപ്പുറം കയർ വ്യവസായം സഹകരണ സംഘം ഓരി ആസ്ഥാനമായി ഇപ്പോഴും നിലവിലുണ്ട് എങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

റെഡിമേയ്ഡ് വസ്ത്ര നിർമ്മാണത്തിനായി തടിയൻകൊവ്വൽ ആസ്ഥാനമായി 1995ൽ ആരംഭിച്ച മനീഷ വനിതാ വ്യവസായ സഹകരണ സംഘം നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി പടന്ന വടക്കേപ്പുറം ആസ്ഥാനമായി ഹരിജൻ സഹകരണ സംഘം രൂപീകരിച്ചുവെങ്കിലും ലക്ഷ്യപ്രാപ്തിയിലേക്കെത്താൻ കഴിഞ്ഞില്ല. ക്രെഡിറ്റ് മേഖലയിൽ പടന്ന പഞ്ചായത്തിലെ ഉദിനൂർ വില്ലേജ്, തൃക്കരിപ്പൂർ ഫാർമേർസ് ബ്ങ്കിന്റെ പരിധിയിലാണ് വരുന്നത്. ആദ്യ കാലത്ത് ഈ ബാങ്കിൽ നിന്നും പ്രസ്തുത പ്രദേശത്തിൻ കാര്യമായ സംഭാവനകൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പേണ്ടത്ര പ്രയോജന പ്പെടുന്നില്ല.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

പടന്ന സർവ്വീസ് സഹകരണ ബേങ്ക്

ചെറുവത്തൂർ പടന്ന വില്ലേജുകൾ പരിധിയാക്കിക്കൊണ്ട് 1957ൽ രൂപീകരിച്ച ചെറുവത്തൂർ ഫാർമേർസ് സഹകരണ ബേങ്കിൽ നിന്ന് രൂപാക്കൊണ്ട പടന്ന സർവ്വീസ് സഹക

നമ്പർ	സഹകരണസ്ഥാപനത്തിന്റെ പേര്	ആസ്ഥാനം	അംഗങ്ങളുടെ എണ്ണം	സ്ഥാപിതം
1	പടന്ന കടപ്പുറം കയർവ്യവസായ സഹകരണസംഘം	ഓരി	471	1958
2	പടന്ന സർവ്വീസ് സഹകരണ ബാങ്ക്	പടന്ന	4088	1971
3	ഉദിനൂർ കോ. ഓപ്പറേറ്റീവ് സൊസൈറ്റി	ഉദിനൂർ		1984
4	പട്ടികജാതി പട്ടികവർഗ്ഗ വികസന സൊസൈറ്റി	പടന്ന വടക്കേപ്പുറം		1978
5	മനീഷാ വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	തടിയൻകൊവ്വൽ	15	1995
6	പടന്ന കടപ്പുറം മത്സ്യോത്പാദക സഹകരണസംഘം	ഓരി		
7	പടന്ന ക്ഷീരവികസന സഹകരണ സംഘം	പടന്ന		1975

സ്കൂൾ സൊസൈറ്റികൾ

1 പടന്ന എം.ആർ.വി.എച്ച്.എസ്സ്.എസ്സ് സ്റ്റുഡൻസ് കോ-ോപ്പറേറ്റീവ് സൊസൈറ്റി
2. പടന്ന ഗവ. യുയപിയ സ്കൂൾ സ്റ്റുഡൻസ് കോപ്പറേറ്റീവ് സൊസൈറ്റി
4. ഉദിനൂർ ഗവ. ഹൈസ്കൂൾ സ്റ്റുഡൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
5. ഉദിനൂർ സെൻട്രൽ എ.യു.പി. സ്കൂൾ സ്റ്റുഡൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പട്ടിക - 2

വർഷം	വിതരണം ചെയ്ത വായ്പ	തിരിച്ചടവ്	അവധി ബാക്കി
1991 - 92	9104310	7374173	1447008
1992 - 93	12618808	8467891	2187380
1993 - 94	16237746	13592748	2004058
1994 - 95	21051385	16138255	3164213
1995 - 96	24180645	19235218	3413057

അവലംബം - ദ്വിതീയ വിവരശേഖരണം

രണ ബേങ്ക് . 1971മുതൽ പടന്ന വില്ലേജ് പരിധിയാക്കി ക്കൊണ്ട് പ്രവർത്തനമാരംഭിച്ചു. 1740 കുടുംബങ്ങൾ ബേങ്കിന്റെ പ്രവർത്തന പരിധിയിലുണ്ട്. എന്നാൽ പ്രവർത്തന പരിധിയിലെ മുഴുവനാളുകളും ഇന്ന് ബേങ്കിൽ അംഗങ്ങളല്ല. എല്ലാകുടുംബങ്ങളിലും അംഗത്വം കൊടുത്ത് ഓഹരി മൂലധനം വർദ്ധിപ്പിച്ചാൽ മാത്രമേ ബേങ്കിന് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളു. നബാഡ്, ജില്ലാ സഹകരണ ബേങ്ക് പോലുള്ള ഏജൻസികളിൽ നിന്നും ബേങ്കിന്റെ പ്രവർത്തനത്തിന് കൂടുതൽസാമ്പത്തിക സഹായം ലഭ്യമാക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ 5 കൊല്ലം ബേങ്ക് വിതരണം ചെയ്ത വായ്പയുടെ കണക്ക് പട്ടിക 2ൽ നോക്കുക. കൃത്യസമയത്ത് വായ്പ തിരിച്ചടക്കാത്തതിനാൽ കൂടുതൽ പേർക്ക് വായ്പ കൊടുക്കുന്നതിന് തടസ്സം നേരിടുന്നു. ബേങ്കിന്റെ കീഴിൽ മിനി ഡിപ്പാർട്ട്മെന്റ്, മാവേലി സ്റ്റോർ, കൊപ്ര സംഭരണം, വളം ഡിപ്പോ എന്നിവ പ്രവർത്തിച്ചിരുന്നു. ഡിപ്പാർട്ട്മെന്റ് സ്റ്റോറും, മാവേലി സ്റ്റോറും നഷ്ടത്തിലായതിനാൽ നിർത്തലാക്കേണ്ടി വന്നു. ബേങ്കിന് സ്വന്തമായി പടന്ന ടൗണിൽ 10സെന്റ് സ്ഥലവും ഇരുനില കെട്ടിടവും ഉണ്ട്.

1996ലെ വായ്പാനീക്കിയിരുപ്പ് 24251096.00 രൂപയും നിക്ഷേപ നീക്കിയിരുപ്പ് 18573496.14 രൂപയുമാണ്. നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ശ്രമകരമായ പ്രവർത്തനം നടത്തിയാലെ പ്രവർത്തന പരിധിയിലെ മുഴുവന് കൃഷിക്കാരുടെയും സാമ്പത്തിക ആവശ്യം നിറവേറ്റാൻ കഴിയുകയുള്ളു. ബേങ്കിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് അഡ്വ.T.M.C. കുഞ്ഞബ്ദുള്ളയാണ്. ബേങ്കിന് ഓരിയിൽ ഒരു ശാഖ ആരംഭിക്കുന്നതിനും പടന്നയിൽ ഒരു സായാഹ്ന ശാഖ ആരംഭിക്കുന്നതിനും സാധ്യതകൾ ഏറെയാണ്.

പടന്ന കടപ്പുറം കയർ വ്യവസായ സഹകരണ സംഘം

നാല് വില്ലേജുകൾ പ്രവർത്തന പരിധിയായുണ്ടെങ്കിലും പരിമിതമായ അംഗങ്ങൾ മാത്രമേ സംഘത്തിലുള്ളു. പ്രവർത്തന പരിധിയിലെ അർഹരായ മുഴുവൻ അംഗങ്ങൾക്കും അംഗത്വം കൊടുത്ത് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കാൻ കഴിയും. നിലവിലുള്ള പ്രവർത്തനം തൃപ്തികരമല്ല. ആവശ്യത്തിന് തൊണ്ട് ലഭിക്കുന്നില്ല. ഫണ്ടിന്റെ അഭാവം, ജീവനക്കാരുടെ അഭാവം, യന്ത്രവൽകരണത്തിന്റെ അപര്യാപ്തത എന്നിവ സംഘം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ചിലതാണ്. ബൈലോ ഭേദഗതി ചേയ്ത് കേരകർഷകർക്ക് കാശ് അഡ്വാൻസായി കൊടുത്ത് തേങ്ങ മുഴുവൻ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന രൂപത്തിൽ പ്രവർത്തനം ചിട്ടപ്പെടുത്താവുന്നതാണ്. സംഘത്തിന്റെ കീഴിൽ ഒരു ഓയിൽ മില്ലിന് സാധ്യതകൾ ഉണ്ട്. കിട്ടാവുന്ന ചകിരി മുഴുവൻ സംഭരിക്കുകയും, യന്ത്രത്തിന്റെ സഹായത്തോടു കൂടി പച്ചത്തൊണ്ട് സംസ്കരിക്കുകയും ചെയ്താൽ പ്രസ്തുത സംഘം കൊണ്ട് ഈ മേഖലയിൽ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാം.

തടിയൻകൊവ്വൽ മനീഷാ വനിതാ സഹകരണ സംഘം

അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത 15 യുവതികളെ അംഗങ്ങളാക്കി 1995ൽ രൂപീകരിച്ച പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമാണ്. എന്നാൽ സ്വകാര്യ മേഖലയോട് മൽസരിക്കുന്നതിനും മാർക്കറ്റിങ്ങിനും ഇന്ന് ഏറെ തടസ്സങ്ങളുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത ആ സംഘത്തെ ശ്വാസം മുട്ടിക്കുന്നു. 10000രൂപ പിരിച്ചെടുത്തഓഹരിമൂലധനവും 50000രൂപ സർക്കാർ ഓഹരിയുമാണ് ആകെ മൂലധനം. 5 തയ്യൽ മെഷിനും ഒരു എംബ്രോയിഡറി-ഓവർ ലോക്ക് മെഷിനും ഇപ്പോൾ ഉണ്ട്. മനീഷാ തിയറ്റേഴ്സിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ഓഫീസും വർക്ക് ഷെഡും അത്യാവശ്യമാണ്. അംഗങ്ങളായ തൊഴിലാളികൾക്കു പുറമെ ഒരു സെക്രട്ടറിയും ജോലി ചെയ്യുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം, ജില്ലാ സഹകരണ ബേങ്ക് തുടങ്ങിയ ഏജൻസികളിൽ നിന്നും കൂടുതൽ ഗ്രാന്റും വായ്പയും ലഭിച്ചാലെ സംഘം നിലനിൽക്കുകയുള്ളു. തയ്യൽ തൊഴിൽ അറിയാവുന്ന പഞ്ചായത്തിലെ മുഴുവൻ വനിതകളേയും ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ പ്രവർത്തനം വിപുലീകരകേണ്ടതുണ്ട്.

ഉദിനൂർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ്

സ്വകാര്യ മുതലാളിമാരുടെ ചൂഷണത്തിൽ നിന്നും പാവപ്പെട്ട ഗ്രാമീണരെ രക്ഷിക്കുന്നതിന് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഉദിനൂർ ആസ്ഥാനമായി രൂപീകരിച്ച പ്രസ്തുത സ്ഥാപനത്തിന് ലക്ഷ്യ പ്രാപ്തിയിലെത്താൻ കഴിഞ്ഞില്ല. സംഘം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത് ഉദിനൂർ വില്ലേജിലെ സമഗ്ര കന്നുകുട്ടി പരിപാലന പദ്ധതിയുടെ പ്രവർത്തനമാണ്. അതുകൊണ്ട് തന്നെ സംഘത്തിന്റെ നഷ്ടം അൽപം ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷീര വികസന സഹകരണ സംഘങ്ങൾ

പ്രവർത്തനം നിലച്ച പടന്ന ക്ഷീരവികസന സഹകരണ സംഘം പുനരുജ്ജീവിപ്പിക്കണം. പടന്നയിലെ 3,4,5,6,വാർഡുകൾ കേന്ദ്രീകരിച്ചാവണം പ്രവർത്തനത്തിന് രൂപംകൊടുക്കേണ്ടത്. അതോടൊപ്പം 1,2 വാർഡുകൾ കേന്ദ്രീകരിച്ച് ഓരി ക്ഷീരോത്പാദക സഹകരണ സംഘവും 7,8,9 വാർഡുകൾ കേന്ദ്രീകരിച്ച് ഉദിനൂർ ക്ഷീരോത്പാദക സഹകരണ സംഘവും രൂപീകരിക്കേണ്ടതുണ്ട്. കർഷകർക്ക് നല്ല ഇനം കറവപ്പശുക്കളെ വിതരണം ചെയ്തും ആവശ്യമായ ലോണും സബ്സീഡി നിരക്കിൽ കാലിത്തീറ്റയും ലഭ്യമാക്കുന്നതിലൂടെയും കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. ഇന്ന് മറ്റു പഞ്ചായത്തുകളിലെ വ്യക്തികളേയും സംഘങ്ങളേയും ആശ്രയിച്ചാണ് കർഷകർ പാൽ വിതരണം നടത്തിവരുന്നത്. അതുകൊണ്ട് തന്നെ കർഷകർ ചൂഷണത്തിന് വിധേയരാകുന്നു. ഇത് പരിഹരിക്കാൻ കഴിയണം.

മത്സ്യോത്പാദക സഹകരണ സംഘം - പടന്ന കടപ്പുറം

ഈ സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. ആയത് പുനരുജ്ജീവിപ്പിക്കുന്നതിന് മുഴുവൻ മത്സ്യത്തൊഴിലാളികളെയും അംഗങ്ങാക്കി പ്രവർത്തന പരിധി പടന്ന പഞ്ചായത്ത് മുഴുവനാക്കിയും പദ്ധതി നടപ്പിലാക്കണം. മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും നടപടിയെടുക്കണം. ഐസ് പ്ലാന്റ്, വാൻ എന്നിവ സംഘത്തിന്റെ കീഴിലുണ്ടാവണം. ബോട്ടുകൾക്കാവശ്യമായ ഇന്ധനം, വല, മറ്റു മത്സ്യ ബന്ധനോപകരണങ്ങൾ എന്നിവ സംഭരിച്ച് വിതരണം ചെയ്യേണ്ടതാണ്. ഒരു മത്സ്യ ജൈവവള യൂണിറ്റും മത്സ്യ ബന്ധനോപകരണ നിർമ്മാണ ഫാക്ടറിയും ആരംഭിക്കാവുന്നതാണ്. ചെമ്മീൻ വളർത്തലിനും കല്ലുമ്മക്കായ വളർത്തലിനും പറ്റിയ പ്രദേശമാണ് നമ്മുടേത്. ഇതിനെ പ്രോൽസാഹിപ്പിക്കുന്നതിന് സംഘം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

സാധ്യതകൾ

1. പഞ്ചായത്തിൽ 400ഓളം തൊഴിലാളികൾ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ ക്ഷേമത്തിനും ജോലിസ്ഥിരത ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം. പഞ്ചായത്തിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ മുഴുവനും മറ്റു സ്ഥാപനങ്ങളും കെട്ടിടങ്ങളും പ്രസ്തുത സൊസൈറ്റി ഏറ്റെടുത്ത് ചെയ്യുകയാണെങ്കിൽ ഇടത്തട്ടുക്കാരുടെ ചൂഷണം പരമാവധി കുറക്കാനും നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി ഇല്ലാതാക്കുവാനും കഴിയും.

2. കാർഷിക-കാർഷികേതര മേഖലകളിൽ ഉദിനൂർ കേന്ദ്രീകരിച്ച് പ്രാഥമിക ബേങ്ക് ആരംഭിക്കണം.

3. 1,2,5,6,7, വാർഡുകൾ കേന്ദ്രീകരിച്ച് കക്ക സംസ്കരണ വിപണന സഹകരണ സംഘം രൂപീകരിക്കണം.

4..പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ പ്രിന്റിംഗ് യൂണിറ്റിന് സാധ്യതയുണ്ട്.

5. അഭ്യസ്ത വിദ്യരായ യുവതികൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് 1,2 വാർഡുകൾ കേന്ദ്രീകരിച്ചും 3,4,5,6, വാർഡുകൾ കേന്ദ്രീകരിച്ചും വനിതാ വ്യവസായ സഹകരണ സംഘവും, 7-ാാം വാർഡ് കേന്ദ്രീകരിച്ച് പട്ടിക ജാതി വനിതാ വ്യവസായ സഹകരണ സംഘവും രൂപീകരിക്കണം.

6. പടന്ന കോ-ഓപ്പറേറ്റവ് ബേങ്കിന്റെ പരിധിയിൽ വരുന്ന മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക. അതോടോപ്പം നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ലാഭകരമായ വിധത്തിൽ വിനിയോഗിക്കാനും ശ്രമിക്കണം.

7. സഹകരണ ബേങ്കുകൾകർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടു കൂടിയ ലാൻഡ് രജിസ്റ്റർ തയാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തുകയും ചെയ്യുക

8. സർകാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന ഉത്പാദന ചെലവിനുള്ള സബ്സീഡി യഥാസമയം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ തലത്തിലും ബേങ്ക് തലത്തിലും ചെയ്യേണ്ടതാണ്.

9. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക-കാർഷികേതരവായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

10. വളവും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുവാനും ഉല്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കണം.

11. പടന്ന സർവ്വീസ് സഹകരണ ബേങ്കിന് ഓരിമുരക്കിൽ ഒരു ശാഖ ആരംഭിക്കുന്നതിനും പടന്നയിൽ തന്നെ ഒരു സായാഹ്ന ശാഖ ആരംഭിക്കുന്നതിനും നടപടികൾ ഉണ്ടാകണം.

12. കേര വികസനത്തിന് കോക്കനട്ട് ഗ്രോവെഴ്സ് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

13. നെൽകൃഷി അഭിവൃദ്ധിക്കായി വിവിധ പാഠശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

14. വായ്പാവിതരണ സംവിധാനം ലളിതവൽക്കരിക്കണം കൂടാതെ പഞ്ചായത്തുകൾ തോറും ബേങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ സംഘടിപ്പിച്ച് പ്രവർത്തനം ജനകീയ വൽക്കരിക്കാം.

15. തടിയൻക്കൊവ്വൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന മനീഷ വനിത വ്യവസായ കോ-ഓപ്പറേറ്റീവ് കൊസൈറ്റിയിൽ തയ്യൽ ജോലി പഠിച്ച മുഴുവൻ ആളുകൾക്കും അംഗത്വം നൽകി പ്രവർത്തനം വിപുലീകരിക്കണം.

16. പടന്ന വില്ലേജ് കേന്ദ്രീകരിച്ച് ഒരു കൺസ്യൂമർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി രൂപീകരിക്കണം.

17. കോഴി, ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിൽ പഞ്ചായത്തിൽ സഹകരണ സംഘം ആരംഭിച്ച് പ്രവർത്തിക്കണം.

18. പച്ചക്കറി ഉത്പാദന വിതരണ സഹകരണ സംഘം

പഞ്ചായത്തിൽ രൂപീകരിക്കണം.

19. ഖാദി വ്യവസായ സഹകരയണ സംഘം രൂപീകരിച്ച് പ്രവർത്തിക്കണം.

20. ആതുര ശുശ്രൂഷാ രംഗത്തെ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. സഹകരണ മേഖലയിൽ ആധുനീക ചികിത്സാ സൗകര്യങ്ങളുള്ള ഒരു ആശുപത്രി സ്ഥാപിക്കണം.

21. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സഹകരണ സംഘങ്ങളിൽ പ്രവർത്തന ക്ഷമമല്ലാത്തവ ലിക്കുഡേറ്റ് ചെയ്യുകയും പ്രവർത്തന ക്ഷമമായ സംഘങ്ങളെ ശക്തിപ്പെടുത്തുകയും വേണം.

22. സങ്കുചിത താൽപര്യങ്ങൾക്കുപരിയായി വ്യക്തമായ ഉദ്ദേശ ലക്ഷ്യങ്ങൾ ഉള്ള സഹകരണ സംഘങ്ങൾക്ക് മാത്രമെ ഇനിമുതൽ റജിസ്ട്രേഷൻ കോടുക്കുവാൻ പാടുള്ളൂ.

23. പഞ്ചായത്തിലെ ട്യൂട്ടോറിയൽ കോളേജുകളെ ഏകോപ്പിച്ച് ഒരു സഹകരണ പാരലൽ കോളേജ് ആരംഭിക്കണം

24. പഞ്ചായത്ത് കേന്ദ്രമായി സഹകരണ കേന്ദ്രമായി ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കണം.

സഹകരണ രംഗത്ത് ധാരാളം സാധ്യതകൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. ഏറ്റവും കൂടുതൽ നിക്ഷേപ സാധ്യതകൾകൂടി ഉള്ള പഞ്ചായത്താണ് പടന്ന.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ 9 ഗ്രാമ സഭകൾ ചേർന്ന് ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് സ്ഥലത്തെ സഹകാരികളുമായും സഹകരണ ജീവനക്കാരുമായും ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളും സാധ്യതകളും പ്രാവർത്തികമാക്കുന്നതിന് നേതൃത്വം കൊടുക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സഹകരണ ഉപദേശക സമിതി രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത സമിതിയിൽ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെ പ്രതിനിധികൾ, സഹകാരികളുടെ പ്രതിനിധികൾ, സഹകരണ ജീവനക്കാരുടെ പ്രതിനിധികൾ എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കണം. മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുക വഴി സാമ്പത്തിക കാർഷിക തൊഴിൽ രംഗങ്ങളിൽ പുത്തൻ ഉണർവ് പ്രതീക്ഷിക്കാവുന്നതാണ്.

❖ ❖ ❖ ❖

"ഓരോരുത്തരും എല്ലാവർക്കും
എല്ലാവരും ഓരോരുത്തർക്കും"



12 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

അല്പംചില പ്രദേശങ്ങളിലുള്ള കുടിവെള്ള ക്ഷാമം ഒഴിച്ചാൽ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളും ആവാസയോഗ്യമാണ്. കുടുംബവ്യവസ്ഥയിലുണ്ടാകുന്ന മാറ്റത്തിന്റെ ഫലമായി വീടുകളുടെ സാന്ദ്രത പൊതുവെ വർദ്ധിച്ചു വരികയാണ്. വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന പുരോഗതിയും ഗൾഫ് പണത്തിന്റെ സ്വാധീനവും പാർപ്പിട നിർമ്മാണ രംഗത്ത് പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അന്യനാടുകളിൽനിന്നുള്ള പണത്തിന്റെ വരവ് പടന്ന മേഖലയിൽ കോൺക്രീറ്റ് സൗധങ്ങളുടെ നിർമ്മാണത്തിൽ വലിയ പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിനകത്ത് ആകെയുള്ള 1144 എണ്ണം കൊൺക്രീറ്റും 1242 എണ്ണം ഓട് മേഞ്ഞതും 317 എണ്ണം ഓലയോ പുല്ല് മേഞ്ഞതോ ആണ് എന്ന് പഞ്ചായത്ത് തല സർവ്വേ കാണിക്കുന്നു. 178 കുടുമബങ്ങൾക്ക് സ്വന്തമായ വീടില്ല. ബന്ധുക്കളുടെ വീടും മറ്റുമാണ് ഇവർ താമസിക്കുന്നത്. 144 കുടുംബങ്ങൾക്കു സ്വന്തമായി ഭൂമി ഇല്ലാത്തവരാണ്. കൂടാതെ 150 ഓളം കുടുംബങ്ങൾ വാടക വീടുകളിലും താമസിക്കുന്നു.

പട്ടിക 1

പഞ്ചായത്തിലെ വീടുകളുടെ തരം

പഞ്ചായത്തിലെ വീടുകളുടെ എണ്ണം	കോൺക്രീറ്റ്	ഓട്	ഓല /പുല്ല്	വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം	കുടിവെള്ള ക്ഷാമം ഉള്ള കുടുംബങ്ങൾ	സ്വന്തം ഭൂമി ഇല്ലാത്ത കുടുംബങ്ങൾ
2703	1144	1242	317	179	630	143

അവലംബം : പഞ്ചായത്ത് സർവ്വേ

പാർപ്പിടങ്ങളിൽ 30-40% ത്തോളം വേണ്ടത്ര താമസ സൗകര്യമില്ലാത്തവയാണ്. ഏകദേശം 33% വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കക്കൂസ്, കിണർ എന്നിവ ഇല്ല. കെട്ടിടങ്ങളുടെ എണ്ണം വർഷം തോറും കൂടിവരുന്നതായി കാണുന്നു. ഓട്, ഓല, എന്നിവ ഉപയോഗിച്ചുള്ള വീട് കുറയുകയും കോൺക്രീറ്റ് വീടുകളുടെ എണ്ണം കൂടുകയും ചെയ്യുന്നു. ഭേദപ്പെട്ട തടിമരങ്ങളുടെ വിലവർദ്ധനവും ദൗർലഭ്യവും കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രേരണയാകുന്നുണ്ട്. ആർഭാടകരമായ വീടുകൾ വലിയ ചിലവുചെയ്ത് നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരികയും ചെയ്യുന്നു. ഈ സ്വാധീനത്തിന് ഇടത്തരം-നിശ്ചിത വരുമാനക്കാരും ഇരയാകുന്നു. കെട്ടിട നിർമ്മാണ് സാമഗ്രികളുടെ വിലവർദ്ധനവ്, ലഭ്യത ഇല്ലായ്മ, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം എന്നിവ പാർപ്പിട നിർമ്മാണ രംഗത്ത് പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. പുറം മോടിയിലുള്ള ഭ്രമവും ഈ രംഗത്ത് കൂടിവരുന്നു.

പട്ടിക 2
അടിസ്ഥാന സഹകരണങ്ങൾ

ആകെ വീടുകൾ	വൈദ്യുതി		കക്കൂസ്		കിണർ	
	ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്
2703	1857	846	1875	828	1897	806

അവലംബം : പഞ്ചായത്ത് സർവ്വേ

PWD റോഡുകൾക്കരികിലും മറ്റുമാണ് വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയലുകൾ നികത്തി കെട്ടിടങ്ങൾ വെക്കുന്നതിനുള്ള പ്രവണതയും നമ്മുടെ പ്രദേശത്ത് കൂടിവരുന്നു. ഇത് കാർഷികമേഖലയെ ഒരളവുവരെ ദോഷകരമായി ബാധിക്കുന്നു.

ഭവനനിർമ്മാണ വായ്പ വിതരണ രംഗത്ത് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് സേവനം നടത്തുന്ന സ്ഥാപനങ്ങൾ ഹൗസിംഗ് ബോർഡ്, ഹോസ്ദുർഗ്ഗ് കാർഷിക വികസന ബാങ്ക്, തൃക്കരിപ്പൂർ, നീലേശ്വരം ഭവനനിർമ്മാണ വായ്പാ സഹകരണ സംഘം, ജില്ലാബാങ്കിന്റെ ചെറുവത്തൂർ, തൃക്കരിപ്പൂർ ശാഖകൾ, LIC എന്നിവയാണ്. വായ്പ ലഭിക്കുന്നതിനുള്ള അതിസങ്കീർണ്ണമായ നടപടികളും അമിതപലിശയും സാധാരണക്കാർക്ക് ഈ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കാൻ പ്രയാസം സൃഷ്ടിക്കുന്നു. ഇതിനു പരിഹാരമായി നിർമ്മിക്കുന്ന വീട് ഈടു വെച്ച് പലിശ നിരക്ക് കുറച്ച് ഉദാരമായ വായ്പാ നിബന്ധനകളിലൂടെ വായ്പനൽകാൻ സ്ഥാപനങ്ങൾ തയ്യാറാകേണ്ടതുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പ്ലോട്ടടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ച് വായ്പ നൽകാൻ സ്ഥാപനങ്ങൾ തയ്യാറാകേണ്ടതുണ്ട്. ദുർബല ജന വിഭാഗങ്ങൾക്ക് വീടുകൾ വെക്കാനും, നിലവുലുള്ളവ പുതുക്കി പണിയാനും അറ്റകുറ്റപ്പണികൾ നടത്താനുമുള്ള സഹായങ്ങൾ വളരെ പരിമിതമായ തോതിലേ കിട്ടുന്നുള്ളൂ. ജനകീയാവശ്യങ്ങളുടെ കൂട്ടത്തിൽ പാർപ്പിട പ്രശ്നം അടിയന്തിര പ്രധാന്യം നൽകി പരിഹരിക്കപ്പെടേണ്ട ഒന്നാണ്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി കോളനികളിലേയും ആവാസമേഖലകളിലേയും പാർപ്പിടങ്ങളുടെ നില വളരെ ശോചനീയമാണ്. ഈ വിഭാഗത്തിന്റെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവയിൽനിന്നുള്ള ആനുകൂല്യങ്ങൾ ആവശ്യവുമായി തീരെ പൊരുത്തപ്പെടുന്നില്ല. സഹായം ലഭിച്ചെങ്കിലും പല വീടുകളും ഇനിയും പൂർത്തിയാകാനുണ്ട്. ഇതിന്റെ കാരണങ്ങൾ ലഭിക്കുന്ന സഹായം വളരെ പരിമിതവും പാർപ്പിട രംഗത്ത് സാമഗ്രികളുടെ വിലവർദ്ധനവും ആണ്.

പാർപ്പിട നിർമ്മാണ മേഖലയിൽ ഏകദേശം 500 ഓളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നിട്ടുംആവശ്യമനുസരിച്ച് തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന് പരാതി നിലനിൽക്കുന്നു.

പട്ടിക 3

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം (വാർഡു തിരിച്ച്)

വാർഡുകൾ	91-92	92-93	93-94	94-95	95-96	96-97 (31-10-96 വരെ)
1	533	536	550	573	602	621
2	588	591	620	645	675	696
3	456	460	491	518	531	544
4	558	571	606	644	668	685
5	240	241	256	262	269	275
6	596	601	624	651	666	691
7	605	609	634	667	702	721
8	660	663	692	714	750	779
ആകെ	4236	4272	4473	4674	4863	5012

അവലംബം : പഞ്ചായത്ത് റജിസ്റ്റർ (സെക്കന്ററി ഡാറ്റാ)

സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം "കയറി കിടക്കാനൊരു കൂര" എന്ന സ്വപ്നം പലപ്പോഴും സ്വപ്നമായി തന്നെ അവശേഷിക്കുന്നു. സാമഗ്രികളുടെ വിലക്കയറ്റവും കൂലിനിരക്കിലെ വർദ്ധനവും ഇതിനൊരു പ്രധാന കാരണമാണ്. വികസന ബ്ലോക്കുകളിലൂടെ NREP, IAY,JRY, MWS എന്നീ പദ്ധതികൾ വഴി ലഭിക്കുന്ന സഹായം 50000രൂപയെങ്കിലുമാക്കി. വർദ്ധിപ്പിച്ചാലെ ഇതിന് ചെറിയ പരിഹാരമെങ്കിലും കണ്ടെത്താൻ കഴിയും. അതോടൊപ്പം ഈ ധനസഹായം ലഭിക്കുന്നതിനു വേണ്ടിവരുന്ന സാങ്കേതികവും കാലതാമസവും പരമാവധി ലഘൂകരിക്കുകയും വേണം.

പട്ടിക 4

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം (വാർഡു തിരിച്ച്)

വാർഡുകൾ	കെട്ടിടങ്ങളുടെ എണ്ണം	വീടുകൾ				ആരാധനാ സ്ഥാപനങ്ങൾ	ഗവ. സ്ഥാപനങ്ങൾ	പീടിക	പമ്പ് ഹൗസ്
		കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ				
1	621	82	166	269	-	15	5	65	19
2	696	191	143	108	9	25	-	160	60
3	544	191	166	44	3	5	5	62	68
4	685	197	143	50	6	9	7	193	80
5	275	30	131	79	5	5	2	7	16
6	691	75	401	81	10	19	4	34	67
7	721	115	383	44	1	20	5	63	90
8	779	162	310	97	11	14	3	112	70
ആകെ	5012	1043	1843	772	45	112	31	696	470

NOTE : വീടുകളുടെയും ആരാധനാ സ്ഥാപനങ്ങളുടെയും എണ്ണം കാണിച്ചിരിക്കുന്നത് അവയോട് അനുബന്ധമായി നിൽക്കുന്ന കെട്ടിടങ്ങൾ കൂടി ചേർത്താണ്.

പട്ടിക 5

നിർമ്മാണ തോഴിലാളികളുടെ കൂലിവിവരവും, നിർമ്മാണ സാമഗ്രികളുടെ വിലയും 1986,1991, 1996 വർഷങ്ങളെ അടിസ്ഥാനമാക്കി ഒരു താരതമ്യം

കൊല്ലം	തൊഴിലാളികളുടെ ദിവസ കൂലി					സിമന്റ് (ചാക്ക്)	ജില്ലി (ലോഡ്)	കല്ല് 1000ത്തിന്	കമ്പി കിന്റലിന്	ഓട 1000ത്തിന്
	കല്ലു കെട്ട്	കല്ലു ചെത്ത്	കൈപ്പണി		മരം (കോൽ)					
			ആൺ	പെൺ						
1986	Rs. 35	Rs. 25	Rs. 20	Rs. 15	Rs. 40 Rs. 50	Rs. 60	Rs. 800	Rs. 1200	Rs. 800	Rs. 2200
1991	Rs. 70	Rs. 60	Rs. 40	Rs. 30	Rs. 100 Rs. 120	Rs. 100	Rs. 1250	Rs. 3800	Rs. 1250	Rs. 3400
1996	Rs. 125 Rs. 140	Rs. 100 Rs. 115	Rs. 80 Rs. 100	Rs. 65 Rs. 75	Rs. 150 Rs. 180	Rs. 194	Rs. 2200	Rs. 6000 Rs. 7500	Rs. 1800	Rs. 4500

അവലംബം : പഞ്ചായത്ത് റജിസ്റ്റർ (സെക്കന്ററി ഡാറ്റാ)

3 അംഗീകൃത ഹരിജൻ കോളനികളും കോളനികളായി അംഗീകരിക്കേണ്ട ഏഴോളം പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. 250 ലേറെ കുടുംബങ്ങളിലായി 1500 ഓളം പട്ടികജാതിക്കാർ ഈ പ്രദേശത്ത് അധിവസിക്കുന്നു. പാർപ്പിട നിർമ്മാണത്തിനായുള്ള ഒരു സമഗ്ര പദ്ധതി ഈ പ്രദേശങ്ങളെ കേന്ദ്രീകരിച്ചും ഉണ്ടായേതീരൂ. ഒന്നിലേറെകുടുംബങ്ങൾ ഒരേ കൂരയ്ക്ക് കീഴിൽ താമസിക്കുന്ന സ്ഥിതിയും നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് പലപ്പോഴും IRDP പോലുള്ള അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതും പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്.

സമഗ്രമായി പരിശോധിച്ചാൽ കേവലം സർക്കാർ സഹായം കൊണ്ടുമാത്രം പരിഹരിക്കപ്പെടാവുന്ന ഒന്നല്ല നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം. വാർഡു തലങ്ങളിലോ പഞ്ചായത്തുതലത്തിലോ സമഗ്രമായ പദ്ധതികളുണ്ടാക്കിയെങ്കിലേ ഒമ്പതാം പദ്ധതി കാല ത്തെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ നമുക്ക് കഴിയൂ. നമുക്ക് സ്വയം ശേഖരിക്കാൻ കഴിയുന്ന ധനവും സർക്കാർ സഹായവും ചേർത്ത് അദ്ധ്വാനം, സാമഗ്രികൾ എന്നിവ പരമാവധി സമാഹരിച്ചു. മാത്രമെ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയൂ.

ഈ രംഗത്ത് സർക്കാർ – സന്നദ്ധ സ്ഥാപനങ്ങളുടെ സഹായം തീർത്തും അപര്യാപ്തമാണ്. എങ്കിലും പാവപ്പെട്ടവർക്ക് വീട് വെച്ച് നൽകുന്നതിലും അഗതികളെ സഹായിക്കുന്നതിലും പടന്ന ഖിദ്മത്തുൽ ഇസ്ലാം സംഘം പോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

ഭവന രഹിതരിൽ തന്നെ ഭൂമിയില്ലാത്തവരും ഉണ്ട്. അവർക്ക് ഭൂമി ലഭിക്കണം. പഞ്ചായത്തിൽ നിലവിലുള്ള പദ്ധതികൾ ഈ പ്രശ്നം പരിഹരിക്കാൻ പര്യാപ്തമല്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമായ പുറമ്പോക്ക്, ലിസ് ഭൂമികൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തണം. പഞ്ചായത്തിലെ മാച്ചിക്കാട്, പടന്ന വടക്കേപ്പുറം ലക്ഷം വീട് കോളനികളിൽ ലഭ്യമായ ഭൂമിയും ഈ ആവശ്യത്തിനായി ഉപയോഗിക്കണം.

ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കുന്ന തോടൊപ്പം ഭവനനിർമ്മാണത്തിന് നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളുടെ പ്രവർത്തനം ഉറപ്പുവരുത്തണം. പരമാവധി മനുഷ്യാധ്വാനം ലഭ്യമാക്കണം. ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം പഞ്ചായത്തിനു നൽകുകയും വേണം.

പുരയിടങ്ങളുടെ കുറവ് മറ്റൊരു പ്രശ്നമാണ്. അത്കൊണ്ട് നെൽവയലുകൾ പുരയിടങ്ങളാവുന്നു. നെൽവയലുകളുടെ വിസ്തൃതി കുറയുന്നു. ഇത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവെക്കുന്നു. ഭൂമിയുടെ അമിതമായ വില വർദ്ധനവും മറ്റൊരു കാരണമാണ്.

തൊഴിലാളികളുടെ കൂലിവർദ്ധനവ് നിർമ്മാണ ച്ചെലവ് വർദ്ധിക്കാൻ കാരണങ്ങളുമായിട്ടുണ്ട്. തൊഴിലാളികളുടെ ജോലിസമയം ക്ലിപ്തപ്പെടുത്തേണ്ടതും ആവശ്യമാണ്.

വീടുകൾക്കും മതിലുകൾക്കും ഭീമമായ തുക ചെലവഴിക്കുന്ന പ്രവണതക്കെതിരെ വ്യാപകമായ ബോധവൽക്കരണം അനിവാര്യമാണ്. സമൂഹത്തിലെ മാന്യതക്ക് വേണ്ടി വലിയ സൗധങ്ങൾ പണിയുന്നു. ഒരു വീടിന് അത്യാവശ്യമായ സൗകര്യങ്ങളെ ഉണ്ടാകാൻ പാടുള്ളൂ. മറ്റുള്ളവക്ക് അനാവശ്യമണ് എന്ന ബോധത്തോടെ അമിതമായി ചിലവഴിക്കപ്പെടുന്ന കാശ് പ്രത്യുത്പാദന പരമായ മേഖലകളിലേക്ക് തിരിച്ച് വിടാൻ മാത്രമെ പാടുള്ളൂ എന്ന ബോധം ഉണരണം.

തന്നിലേക്കുതന്നെ ചുരുങ്ങാനുള്ള ത്വരയാണൊ മതിലുകളുടെ നിർമ്മാണത്തിന് പിന്നിൽ എന്ന് പരിശോധിക്കപ്പെടണം. പകരം ജൈവമതിലുകൾ പരീക്ഷിക്കപ്പെടണം. ഈ ജൈവമതിലുകൾ ആരോഗ്യ പരമായ പരിതസ്ഥിതി സൃഷ്ടിക്കുന്നവയാണ് എന്ന ധാരണ വളരണം.

പൊതുവെ പരിശോധിക്കുമ്പോൾ പാർപ്പിട രംഗത്ത് പ്രശ്നങ്ങൾ നിലനിൽക്കുന്നു. എങ്കിലും സൗജന്യമായി ലഭിച്ച ഭൂമിയും വീടും ഒക്കെ ഉപയോഗിക്കാൻ തയ്യാറാകാതെ മറ്റുള്ളവർക്ക് വിൽക്കുന്ന അനുഭവവും നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയും. പ്രകൃതിക്ഷോഭങ്ങൾ മൂലം വീട് നഷ്ടപ്പെടുന്നവർക്ക് അവ പുനരുദ്ധരിക്കാൻ ആവശ്യമായ സഹായം ലഭിക്കുന്നില്ല എന്നതും പരിശോധിക്കപ്പെടണം.

പ്രശ്നങ്ങൾ

1. സാധാരണക്കാർക്ക് പാർപ്പിടം ഉണ്ടാക്കാൻ ഭൂമി ലഭ്യമല്ല.

2. എല്ലാവർക്കും വീടുണ്ടാക്കാൻ പറ്റുന്ന വിധം ധന സഹായം ലഭിക്കുന്നതിന് അനുയോജ്യമായ ഭവന നിർമ്മാണ പദ്ധതികളില്ല.

3. പുഴപുറമ്പോക്ക് തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്, വൈദ്യുതി, കുടിവെള്ളം, സാമൂഹ്യക്ഷേമ പദ്ധതികളിൽനിന്നുള്ള സഹായങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാൻ പ്രയാസം നേരിടുന്നു.

4. വീടുകളുടെ പുനർനിർമ്മാണത്തിന് അറ്റകുറ്റ പ്പണികൾക്കും പദ്ധതികളില്ല.

5. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാഹചര്യവും സാങ്കേതിക വിദ്യയും ലഭ്യമല്ല.

6. വ്യത്യസ്ത തൊഴിൽ മേഖലകളിലെ ക്ഷേമനിധി കളിൽനിന്നും ഭവന നിർമ്മാണ വായ്പകൾ ലഭിക്കാൻ സാങ്കേതികമായി വളരെ പ്രയാസം നേരിടുന്നു.

7. ഹൗസിംഗ് ബോർഡിന്റെ വായ്പകൾ വാങ്ങുന്നതിന് ഓഫീസിലേക്കുള്ള ദൂരം തടസ്സം സൃഷ്ടിക്കുന്നു.

8. നിർമ്മാണ തൊഴിൽ രംഗത്തെ കൂലി നിലവാരവും ജോലിയുടെ സമയ ക്ലിപ്തത ഇല്ലായ്മയും പാർപ്പിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകിക്കുന്നു.

9. ഭവന നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിനകത്ത് ആവശ്യമായ തോതിൽ ലഭ്യമല്ല.

10. കടുത്ത നിബന്ധനകൾ ഭവന നിർമ്മാണ ഏജൻസികളിൽനിന്നും ധനസഹായം ലഭിക്കുന്നതിന് തടസ്സമാകുന്നു.

11. കെട്ടിട നിർമ്മാണ രംഗത്തെ സാങ്കേതിക പരിജ്ഞാനം ഇല്ലായ്മ കൂടുതൽ പണം ചെലവഴിക്കുന്നതിന് വഴിവെക്കുന്നു.

12. ഭൂരഹിത-ഭവനരഹിതർക്ക് സ്ഥലം നൽകുന്നതിന് ഭൂമി സർക്കാർ നിശ്ചയിക്കുന്ന വിലക്ക് ലഭിക്കുന്നില്ല.

13. JRY പദ്ധതിയിൽ വീടുകൾക്ക് നീക്കിവെക്കുന്ന തുക വളരെ കുറവാണ്.

സാധ്യതകൾ

1. പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഭൂമിയില്ലാത്തവർക്ക് വീട് വെക്കാൻ സ്ഥലവും വീട് വെക്കാനുള്ള ധനസഹായവും നൽകണം. ഭൂമിക്ക് സർക്കാർ നിശ്ചയിച്ച വില വർദ്ധിപ്പിക്കണം. ഹൗസിംഗ് കോളനികൾ നിർമ്മിച്ച് ഭൂമിയില്ലാത്തവർക്ക് പാർപ്പിടം നൽകാനുള്ള ശ്രമം ഉണ്ടാകണം.

2. പുഴപുറമ്പോക്ക്, കടൽ പുറമ്പോക്ക് എന്നിവയിൽ വീടോ കുടിലോ കെട്ടിത്താമസിക്കുന്ന അർഹരായ പാവപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലത്തിന് പട്ടയം നൽകുകയോ, അതല്ലെങ്കിൽ റേഷൻകാർഡ്, വൈദ്യുതി, കുടിവെള്ളം, സാമൂഹ്യ ക്ഷേമ പദ്ധതികൾ മുഖേനെയുള്ള സഹായങ്ങൾ എന്നിവ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരി ക്കുകയോ ചെയ്യുക.

3. നിലവിൽ പഞ്ചായത്തിൽ 3.5 ഏക്കർ സ്ഥലം മാച്ചിക്കാട്, പടന്നവടക്കേപ്പുറം ലക്ഷം വീട് കോളനികളിലായുണ്ട്. സ്ഥലം അനുവദിച്ച് നൽകിയ വളരെ കുറച്ചുപേർ മാത്രമെ ഇപ്പോൾ അവിടെ താമസിക്കുന്നുള്ളൂ. സ്ഥലം അനുവദിക്കപ്പെട്ടവരിൽ അർഹരായവരുണ്ടെങ്കിൽ അവർക്കുതന്നെ സ്ഥലം നൽകണം. ബാക്കി വരുന്ന ഭൂമി പഞ്ചായത്തിലെ അർഹരായ ഭൂരഹിതരെ കണ്ടെത്തി

നൽകാൻ നടപടികൾ സ്വീകരിക്കണം.

4. IV ാം വാർഡിൽ തകർന്നുകിടക്കുന്ന കുടുംബക്ഷേമ കേന്ദ്രത്തിന്റെ ഭൂമി ഏറ്റെടുത്ത് അതിൽ ഭൂമിയില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുക.

5. പുരയിടങ്ങൾ കിട്ടാനില്ലെങ്കിലും പാടങ്ങൾ നികത്തി പറമ്പാക്കി വീടുകെട്ടുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. പാടങ്ങളിൽ പാർപ്പിടത്തിനാവശ്യമായ ഭൂമിമാത്രമെ നികത്താൻ അനുവദിക്കാവൂ.

6. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളെല്ലാം സംയോജിപ്പിച്ച് ഒറ്റപദ്ധതിയായി നടപ്പാക്കണം(JRY,Million well etc.).സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ ഈ പദ്ധതികൾ സംയോജിപ്പിച്ച് ഒറ്റ പദ്ധതിയായി പഞ്ചായത്ത് നടപ്പിൽ വരുത്തിയാൽ പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ ഒരളവു വരെ പരിഹരിക്കാം. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യം വെച്ച് പഞ്ചായത്ത് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

7. പഴയ വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർ നിർമ്മാണത്തിനുമായി ധനസഹായ സ്ഥാപനങ്ങളുടെയും നിർമ്മിതി കേന്ദ്രത്തിന്റെയും സഹായത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

8. ക്ഷേമനിധികളിൽനിന്നുള്ള ഭവനനിർമ്മാണ വായ്പയുടെ നിബന്ധനകൾ ലഘൂകരിക്കണം.

9. വായപകളുടെ വിതരണത്തിനും തിരിച്ചടവിനും സൗകര്യമുണ്ടാക്കുന്ന വിധത്തിൽ ഹൗസിംഗ് ബോർഡ് അധികൃതർ മാസത്തിൽ ഒരുതവണ പഞ്ചായത്തിൽ സിറ്റിംഗ് നടത്തുകയോ ഹൗസിംഗ് ബോർഡിന്റെ ഓഫീസ് പഞ്ചായത്തിൽ സ്ഥാപിക്കുകയോ ചെയ്യുക.

10. ഭവന നിർമ്മാണ സാമഗ്രികൾ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിച്ചു നൽകുന്നതിന് ഒരു സഹകരണ സ്ഥാപനം ആരംഭിക്കണം.

11. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ഓഫിസ് പഞ്ചായത്തിൽ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

12. പഞ്ചായത്തിൽ ഒരു കെട്ടിട നിർമ്മാണ പരിശീലന കേന്ദ്രം ആരംഭിക്കുക.

13. LIC ഭവന നിർമ്മാണ വായ്പ ഗ്രാമ പ്രദേശങ്ങളിലെ ദുർബല ജനവിഭാഗങ്ങൾക്ക് ലഭിക്കത്തക്കവിധം നടപടികൾ ലഘൂകരിക്കുക.

14. നിർമ്മാണ തൊഴിലാളികളുടെ ജോലിസമയവും കൂലിയും ഏകീകരിക്കുക.

15. JRY പദ്ധതിയിൽ വീട് നിർമ്മിക്കാൻ കൂടുതൽ തുക നിക്കിവെക്കുക.

16. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കണം.

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സർക്കാർ ഏജൻസികളിലൂടെ നടപ്പാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ ജനങ്ങളുടെ സാമൂഹ്യ നിലവാരം ഉയർത്താൻ പര്യാപ്തമായിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികളും, സംഘടിത-അസംഘടിത മേഖലകളിലെ ക്ഷേമ പദ്ധതികളുമാണ് ഇവയിൽ മുഖ്യം. എന്നാൽ സാമൂഹ്യ ക്ഷേമ ഗുണ നിലവാരത്തെകുറിച്ച് വസ്തു നിഷ്ഠമായ പഠനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ സഹായം നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളിലൂടെ ലഭിക്കുന്ന സഹായത്തിന്റെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും, ആവശ്യത്തിനും സമയത്തും ലഭിക്കായ്കയും, സാങ്കേതിക നൂലാമാലകളും, അർഹതപ്പെട്ടവർക്ക് കിട്ടായ്കയും, ഉദ്യോഗസ്ഥ തലത്തിലുള്ള സഹകരണ ക്കുറവും ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രശ്നങ്ങളാകാറുണ്ട്.

വിവിധ തൊഴിൽ മേഖലകളിൽ ക്ഷേമ നിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകത്തൊഴലാളി ക്ഷേമ പദ്ധതി പ്രവർത്തനം വളരെ വിപുലമായി നടക്കുന്നുണ്ടെന്നുകാണാം. കയർ, കൺസ്ട്രക്ഷൻ, മത്സ്യത്തൊഴിൽ എന്നീ രംഗത്ത് ക്ഷേമ നിധി പ്രവർത്തനം അത്രത്തോളം വന്നിട്ടില്ല. അർഹരായ മുഴുവൻ പേരും ഇവയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി - പിന്നോക്ക വിഭാഗ - വനിതാക്ഷേമ കോർപ്പറേഷനുകൾ മുഖേനയുള്ള സഹായം വളരെ പരിമിതമായി മാത്രമെ നമ്മുടെ പഞ്ചായത്തിനകത്ത് ലഭ്യമാകുന്നുള്ളു.

സാമൂഹ്യ ക്ഷേമ രംഗത്ത് നീലേശ്വരം ബ്ലോക്ക് പരിധിയിലെ പടന്ന സർക്കിൾ ഓഫീസ് (VEO's ഓഫീസ്) മുഖേനയാണ് നമ്മുടെ പഞ്ചായത്തിൽ സഹായം ലഭിക്കുന്നത്. ലഭിക്കുന്ന സഹായങ്ങളെ കുറിച്ചും ഫലങ്ങളെകുറിച്ചും ഗുണഭോക്താക്കളിൽനിന്നുതന്നെ വിവരം ശേഖരിച്ച് ശരിയായി വിലയിരുത്തേണ്ടതുണ്ട്. അതോടൊപ്പം ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്ന IRDP ലിസ്റ്റിൽ അർഹരായ എല്ലാ കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധന അനിവാര്യമാണ്. പഞ്ചായത്ത് സമിതിയുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സർവ്വേ നടത്തി ഈ

ലിസ്റ്റ് പുതുക്കണം. മാത്രവുമല്ല ദാരിദ്ര്യരേഖയുടെ നിർവ്വചനവും പരിശോധിക്കണം. അതോടൊപ്പം വരുമാന പരിധി നാണയ മൂല്യശോഷണവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കണം.

1992 ൽ നടന്ന IRDP സർവ്വേ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ 2572 കുടുംബങ്ങളിൽ 1130 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ്. ഇതിൽ 69 പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നു. എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് 136 കുടുംബങ്ങളെ IRDP മുഖേന സഹായിച്ചിട്ടുണ്ട്. ഇതിൽ 87 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. പടന്ന വടക്കേപ്പുറം കാന്തലോട്ട്, മാച്ചിക്കാട് എന്നീ അംഗീകൃത പട്ടികജാതി കോളനികൾക്കു പുറമെ മുണ്ടക്കാട്, മുള്ളോട്ട് കടവ്, കൊയത്തൂർ, തോട്ടുകര, മുതിരക്കൊവ്വൽ, കുവ്വക്കി, ഉച്ചൂളിക്കുന്ന് എന്നീ പ്രദേശങ്ങളും കോളനികളായി അംഗീകരിക്കപ്പെടണം.

തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെട്ട തെക്കേക്കാട് അജയ കലാനിലയത്തിലെ ജനശിക്ഷണ നിലയം പ്രവർത്തന ക്ഷമമല്ല. അതുപോലെ തടിയൻകൊവ്വൽ കൈരളി ഗ്രന്ഥാലയത്തിലെയും ഓരി വള്ളത്തോൾ ഗ്രന്ഥാലയത്തിലേയും ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്.

ഗ്രാമ വികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. IRDP :- ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാറുകൾ തുല്യ തോതിൽ ചെലവു പങ്കിടുന്ന ഒരു പദ്ധതിയാണിത്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിലെ ഏകദേശം 45% ത്തോളം വരുന്ന ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുബങ്ങളിൽ 136 കുടുംബങ്ങളെ എട്ടാം പദ്ധതി കാലത്ത് സഹായിച്ചിട്ടുണ്ട്. സഹായം ലഭിച്ച മുഴുവൻ കുടുംബങ്ങളും ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണം കുറേകൂടി ലഘൂകരിക്കുകയാണെങ്കിൽ നല്ലൊരു ശതമാനം കുടുംബങ്ങളെ ലക്ഷ്യത്തിലെത്തിക്കാൻ കഴിയും.

2. ട്രൈസം:- IRDP യുടെ ഒരു ഉപ പദ്ധതിയാണിത്. ഗ്രാമീണ യുവതിയുവാക്കളിൽ പുതിയ തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് സാങ്കേതികവും ഭരണപരവുമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുകയാണ് ഈ പരിശീലന പരിപാടിയുടെ ലക്ഷ്യം. ഗുണഭോക്താവ് IRDP ലിസ്റ്റിൽ ഉൾപ്പെട്ട 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള ആളായിരിക്കണം. എട്ടാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ 9 പട്ടികജാതിക്കാരും 9 മറ്റു വിഭാഗക്കാരും ഇതിന്റെ ഗുണഭോക്താക്കളായിരുന്നു.

3. DWCRA:- ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വത്തിനായി 10മുതൽ 15 വരെ സ്ത്രീകൾക്ക് വരുമാനം ലഭിക്കുന്ന തൊഴിൽ സംരംഭം കൂട്ടായ് ചെയ്യുകയും കുടുംബത്തിന്റെ സാമ്പത്തികാഭിവൃദ്ധിയും സ്ത്രീകളുടെ പദവിയും ഉയർത്തുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1983-84ലാണ് ഈ പദ്ധതി ആരംഭിച്ചത് 93-94ൽ ഈ പദ്ധതി സംസ്ഥാനത്തെ എല്ലാജില്ലകളിലും ആരംഭിച്ചു. IRDP ലിസ്റ്റിൽ പ്പെടുന്ന കുടുംബങ്ങളിലെ സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. പദ്ധതി ആരംഭിക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യണം. പദ്ധതി തുടങ്ങാൻ സാമ്പത്തിക സഹായത്തിനും വായ്പക്കും പുറമെ റിവോൾവിംഗ് ഫണ്ടായി 25000രൂപ വീതം ഓരോ യൂണിറ്റിനും നൽകും. വരുമാനത്തിന്റെ ഒരു വിഹിതം ത്രിഫ്റ്റ് & ക്രെഡിറ്റ് സ്കീം പ്രകാരം നിക്ഷേപിച്ചാൽ അതിന് തത്തുല്യമായ തുക, 15000രൂപയിൽ കവിയാതെ, മാച്ചിംഗ് ഗ്രാന്റായും ലഭിക്കണം. നമ്മുടെ പഞ്ചായത്തിൽ ഇതുവരെ 4ഗ്രൂപ്പുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3ഗ്രൂപ്പുകൾ - കൈരളി ലതർബാഗ് നിർമ്മാണ യൂണിറ്റ് തടിയൻക്കൊവ്വൽ, നവോദയ ജില്ലി നിർമ്മാണ യൂണിറ്റ് മാച്ചിക്കാട്, ഓരിതെക്കുപുറം ജില്ലി നിർമ്മാണ യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിക്കുകയും തൃപ്തികരമായി മുന്നോട്ട് പോവുകയും ചെയ്യുന്നു. തെക്കേക്കാട് കല്ലുമ്മക്കായ കൃഷിയൂണിറ്റ് പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. ഈ 4 യൂണിറ്റുകളിലായി 48 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നു. 219240രൂപ വായ്പയായും 147830 രൂപ സബ്സിഡിയായും ഈ യൂണിറ്റുകളിൽ അനുവദിച്ചിട്ടുണ്ട്.

4. JRY:- ഈ പദ്ധതി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗ്രാമീണ തൊഴിൽരഹിതർക്ക് തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനാണ്. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് നേരിട്ടു പ്രയോജനം ലഭിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും സാമൂഹ്യ ആസ്തികളും സൗകര്യങ്ങളും നിർമ്മിക്കുക. അതിലൂടെ ഭൗതീക ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുക എന്നാണു ദ്ദേശിക്കുന്നത്. 30% തൊഴിൽ ദിനങ്ങൾ സ്ത്രീകൾക്ക് നൽകണമെന്നാണ് വ്യവസ്ഥ. മൊത്തം പദ്ധതി വിഹിതത്തിൽ IAY-10%, MWS-30%, ഭരണച്ചെലവ്-2% എന്നിങ്ങനെ ആകെ 42% D.R.D.A ക്ക് ലഭിക്കുന്നു. ബാക്കിവരുന്നതിൽ 20% D.R.D.A. ക്കും 80% പഞ്ചായത്തുകൾക്കും ലഭിക്കുന്നു. പദ്ധതിച്ചെലവ് 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കുന്നു.

MWS, IAY എന്നിവ JRYയുടെ ഉപപദ്ധതികളാണ് പ്രസ്തുത പദ്ധതികളിൽ ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനും, ജലസേചനാവശ്യർത്ഥം കിണറുകളും കുളങ്ങളും നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകുന്നുണ്ട്. എട്ടാം പഞ്ചവത്സര പദ്ധതിയിൽ പട്ടിക ജാതിക്കാർക്കായി JRY പദ്ധതിയിൽ 11വീടുകളും IAY പദ്ധതിയിൽ 16 വീടുകളും MWS പ്രകാരം 25 വീടുകളും 17 കിണറുകളും മറ്റുവിഭാഗത്തിൽപ്പെട്ടവർക്ക് 4വീടുകളും (IAY) നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. 17 കിണറുകൾക്കായി 265082രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്.

5. കേന്ദ്രഗ്രാമ ശുചിത്വ പരിപാടി (CRSP) :- 50% കേന്ദ്രസഹായത്തോടെ 2500രൂപാ നിരക്കിൽ പാവപ്പെട്ടവർക്ക് വേണ്ടി കക്കുസുകൾ നിർമ്മിക്കുന്ന

പദ്ധതിയാണിത്. 1000 രൂപ കേന്ദ്രവും 1000രൂപ സംസ്ഥാനവും ഗ്രാന്റായി നൽകുന്നു. 500 രൂപ ഗുണഭോക്താവുവഹിക്കണം. ഗുണഭോക്താക്കളിൽ 20% പട്ടികജാതി പട്ടികവർഗ്ഗക്കാരായിരിക്കണം. UNDP മാതൃകയിലുള്ളതായിരിക്കണം കക്കൂസുകൾ. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കു മാത്രമെ ഈ പദ്ധതിവഴി സഹായം ലഭിക്കു. കക്കൂസ് ഇല്ലാത്ത ഗ്രാമീണ സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരയും ചേർന്ന കോംപ്ലക്സ് നിർമ്മിച്ച്കൊടുക്കുന്ന പദ്ധതിയും ഇതോടൊന്നിച്ചുണ്ട്. മൊത്തം ചെലവായ 12000രൂപയുടെ 70% സഹായധനമായി ലഭിക്കുന്നു.

ഗ്രാമീണ സ്ത്രീതൊഴിലാളികൾക്ക് സാനിറ്ററി/കുളിമുറി സൗകര്യങ്ങൾ നൽകാൻ വനിതാ കോംപ്ലക്സുകൾ, ബാലവാടി, അംഗണവാടി എന്നിവയ്ക്കുള്ള കക്കൂസുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. 1993-94 മുതൽ നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം 61 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 15 എണ്ണം പട്ടികജാതിക്കാർക്കും 46 എണ്ണം മറ്റുവിഭാഗക്കാർക്കുമായിരുന്നു. 40 കക്കൂസുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

ഗ്രാമീണ ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ആയി ഈ പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്.

6. വനിതാ ശിശുക്ഷേമ പരിപാടികൾ:- ശിശുപരിചരണത്തിനും പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുമായുള്ള ബാലവാടികൾ, പൊഷകാഹാര വിതരണകേന്ദ്രങ്ങൾ, സമഗ്രമാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ പോഷകാഹാര വിതരണവും, കുഞ്ഞുങ്ങളു ടെയും, ഗർഭിണികളായ അമ്മമാരുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിപാലനവും ലക്ഷ്യമാക്കിയാണ് CPWP സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. ICDS ബ്ലോക്കുകൾ ഒഴികെയുള്ള കേന്ദ്രങ്ങളിലെ ബാലവാടികളിൽ ഗ്രാമ വികസന വകുപ്പ് സൗജന്യ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കി വരുന്നു. ഇതിനാവശ്യമായ അരിയും ചെറുപയറും നേരിട്ട് ഭക്ഷ്യവിതരണ കേന്ദ്രങ്ങളിൽ എത്തിച്ചുകൊടുക്കുന്നു. നമ്മുടെ പഞ്ചായത്തിൽ മാച്ചിക്കാട് ബാലവാടിമാത്രമാണ് ഒരുകേന്ദ്രം. ഇത് തീരെ അപര്യാപ്തമാണ്. നീലേശ്വരം ബ്ലോക്കിൽ ഏറ്റവും കുറഞ്ഞ എണ്ണം ബാലവാടി പ്രവർത്തിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. മാച്ചിക്കാട് ബാലവാടിയിൽതന്നെ കുട്ടികളുടെ ഹാജർനില തൃപ്തികരമല്ല. ബാലവാടിയുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണം.

7. മഹിളാ സമാജങ്ങൾ :- ഗ്രാമവികസന പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനത്തിന് ഏറെ സഹായിക്കാൻ പറ്റുന്ന സംവിധാനമാണ് മഹിളാ സമാജങ്ങൾ. ബ്ലോക്കിൽ റജിസ്റ്റർ ചെയ്യപ്പെട്ട രണ്ട് മഹിളാ സമാജങ്ങൾ മാത്രമെ ഇവിടെയുള്ളൂ. നവോതയ മഹിളാസമാജം മാച്ചിക്കാട്, കൈരളി മഹിളാസമാജം തടിയൻകൊവ്വൽ എന്നിവയാണ് അവ. ഗ്രാമീണ സമൂഹത്തിന് പോഷണം, പ്രതിരോധചികിത്സ, സമ്പാദ്യ ശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽപ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണം നൽകുവാൻ സഹായിക്കുന്ന സ്ഥാപനങ്ങളാണ് ഇവ. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ വിതരണം ചെയ്യുന്നതിനും വൃക്ഷത്തൈകൾ ഉൽപാദിപ്പിക്കാൻ JRY പദ്ധതി അനുസരിച്ച് മഹിളാ സമാജങ്ങളെ ഏൽപ്പിക്കാറുണ്ട്. ഇതിന് നമ്മുടെ മഹിളാ സമാജങ്ങൾ മുന്നോട്ടു വരുന്നില്ല.

8. ദേശീയ സമ്പാദ്യ പദ്ധതി :- വികസന പ്രക്രിയയിൽ സമ്പാദ്യ ശീലത്തിന് അദ്വിതീയമായ സ്ഥാനമാണുള്ളത്. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ആവിഷ്കരിച്ച പ്രധാന പരിപാടികളിൽ ഒന്നാണ് പ്രവൃത്യുൻമുഖ സാക്ഷരതാ പരിപാടി. മഹിളാപ്രധാൻ ഏജന്റുമാരിലൂടെയാണ് ഇത് പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിൽ 10ഓളം മഹിളാ പ്രധാൻ ഏജന്റുമാർ ഉണ്ട്. മാസന്തോറും നല്ലൊരു തുക ഇവർസ്വരൂപിക്കുന്നു. ഇന്ദിരാവികാസ് പത്ര, കിസാൻ വികാസ് പത്ര, പോസ്റ്റ് ഓഫീസ് ടൈം ഡപ്പോസിറ്റ്, മഹിളാ സമൃദ്ധിയോജന എന്നിവയാണ് മിക്ഷേപപദ്ധതികൾ. ഇപ്പോൾ ഗ്രാമ പഞ്ചായത്ത് മുഖേന നിക്ഷേപിക്കപ്പെടുന്ന ഇന്ദിരാവികാസ് പത്രയുടെ മൂല്യത്തിന്റെ 20% പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നുണ്ട്.

9. കരകൗശല തൊഴിലാളികൾക്ക് തൊഴിലുപകരണവിതരണ പരിപാടി:- ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. 1992-93 മുതൽ നടപ്പാക്കിവരുന്ന ഈ പദ്ധതി IRDP യുടെ അനുബന്ധപരിപാടിയാണ്. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, പോട്ടറി നിർമ്മാണം, ചെരുപ്പുനിർമ്മാണം മുതലായ കരകൗശല തൊഴിലിൽ ഏർപ്പെട്ടവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. 2000 രൂപവരെ വിലവരുന്ന പണിയായുധങ്ങൾക്ക് 90% ഗ്രാന്റ് ലഭിക്കും. നമ്മുടെ പഞ്ചായത്തിൽ 32 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചു. 28പേർക്ക് വിതരണം ചെയ്തു.

പ്രവൃത്യുൻമുഖ സാക്ഷരതാ പരിപാടിയുടെ ഭാഗമായി തെക്കേക്കാട്ടിൽ അനുവദിക്കപ്പെട്ട ജനശിക്ഷണ നിലയവും സമ്പൂർണ്ണ സാക്ഷരതാ പരിപാടിയുടെ ഭാഗമായി തടിയൻകൊവ്വൽ, ഓരി എന്നിവിടങ്ങളിൽ അനുവദിക്കപ്പെട്ട് ജനവിദ്യാ കേന്ദ്രങ്ങളും ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

സർക്കാരിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ ധാരാളം പേർക്ക് സഹായം ലഭിക്കുന്നുണ്ട്. വിവിധ പെൻഷൻ ഉപഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

വാർദ്ധക്യകാല പെൻഷൻ - 79, വികലാംഗ

പെൻഷൻ – 66, വിധവാ പെൻഷൻ –216, കുഷ്ഠരോഗ പെൻഷൻ –5, കാൻസർ പെൻഷൻ – 1, ആകെ 367

ഈ പെൻഷനുകൾക്ക് പുറമേ 650ൽ അധികം പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. തൊഴിലില്ലായ്മ വേതനവും നല്ല ഒരു വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

തൊഴിലില്ലായ്മ നമ്മുടെ പഞ്ചായത്തിൽ വലിയൊരു പ്രശ്നം തന്നെയാണ്. വലിയൊരു വിഭാഗം ആളുകൾ വിദേശങ്ങളിലും അന്യ സംസ്ഥാനങ്ങളിലും ജോലി ചെയ്തിട്ടും ഇതാണ് സ്ഥിതി. വിദേശ തൊഴിലാളികൾ നിയമക്കുരുക്കിൽപ്പെട്ട് തിരിച്ചുവരുന്നത് സ്ഥിതി കൂടുതൽ ദയനീയമാക്കും.

അനാഥ മന്ദിരം :– പഞ്ചായത്തിൽ വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു അനാഥമന്ദിരമാണ് എടച്ചാക്കൈ അൽ–അമീൻ യതീംഖാന. 1977ൽ 18കുട്ടികളോടെ ആരംഭിച്ച ഈസ്ഥാപനത്തിൽ ഇപ്പോൾ 69 കുട്ടികൾ അന്തേവാസികളായുണ്ട്. പരേതനായ ടി.റംസാൻ ഹാജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ സ്ഥാപനം സാമൂഹ്യക്ഷേമ വകുപ്പിന്റെ ധന സഹായത്തോടെയും നാട്ടുകാരുടെ ഉദാരമായ സംഭാവനയിലൂടെയുമാണ്. നിലനിന്നു പോരുന്നത്.

മുഖ്യമന്ത്രി, പ്രധാന മന്ത്രി തുടങ്ങിയവരുടെ ദുരിദാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായം നമ്മുടെ പഞ്ചായത്തിൽ കുറേപേർക്ക് ലഭിച്ചിട്ടുണ്ട്.

പൊതുവിതരണ മേഖല:– പഞ്ചായത്തിൽ 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പടന്നയിൽ 4ഉം ഉദിനൂരിൽ 3ഉം. ഒരു വാർഡിന് ഒന്ന് എന്നനിലയിലെങ്കിലും പൊതുവിതരണ കേന്ദ്രം ഉണ്ടാകണം. ആവശ്യമുള്ള സ്ഥലങ്ങളിൽ 200 കാർഡുകൾക്ക് ഒരു റേഷൻഷോപ്പ് അനുവദിക്കണം.

പ്രശ്നങ്ങൾ

1. വിവിധ ക്ഷേമ പദ്ധതികളിലൂടെ നടപ്പിലാക്കപ്പെടുന്ന പെൻഷനുകൾ, ഭവന നിർമ്മാണ ധനസഹായങ്ങൾ, കക്കുസുകൾ, മറ്റു ക്ഷേമപദ്ധതികളുടെ സഹായങ്ങൾ എന്നിവ അർഹരായവർക്ക് ലഭിക്കുന്നില്ല.

2. നിലവിലുള്ള IRDP ലിസ്റ്റിൽ അർഹരായ മുഴുവൻ ആളുകളും ഉൾപ്പെട്ടിട്ടില്ല.

3. സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളെ കുറിച്ച് ജനങ്ങൾ അജ്ഞരാണ്.

4. കുട്ടികളുടെയും അമ്മമാരുടെയും ഗർഭിണികളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ എല്ലാവാർഡിലും ലഭിക്കുന്നില്ല. ബാലവാടികൾ വിരളമാണ്.

5. സാമൂഹ്യക്ഷേമ പദ്ധതി വഴിയുള്ള ധനസഹായം ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നു. വിവിധ പെൻഷനുകളിലും കാലതാമസം ഒരു പ്രശ്നമാണ്.

6. വരൾച്ച പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ ആപര്യാപ്തമാണ്.

7. ഒരേ കൂരയ്ക്കുകീഴിൽ കഴിയുന്ന വിവിധ കുടുംബങ്ങൾക്ക് റേഷൻകാർഡോ സാമൂഹ്യക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

8. സർക്കാർ തലത്തിൽ അനാഥ സംരക്ഷണത്തിനുള്ള സംവിധാനങ്ങളില്ല.

9. വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻകാർഡുകൾ ലഭിക്കുന്നില്ല.

10. വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്താനും ഉപകരണങ്ങൾ ലഭിക്കുവാനുമുള്ള പദ്ധതികൾ ആവശ്യത്തിനില്ല. സ്വയം തൊഴിൽ വായ്പ ലഭ്യമായാലും പദ്ധതി ആരംഭിക്കുന്നതിനുള്ള സ്ഥല ലഭ്യത പ്രശ്നമാകുന്നു.

11. കേന്ദ്രാവിഷ്കൃത കുടുംബസഹായ നിധിക്ക് ജില്ലയിൽ ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തതിനാൽ അർഹരായ കുടുംബങ്ങൾക്ക് ലഭിക്കുന്നില്ല.

12. അർഹരായ എല്ലാവർക്കും പെൻഷനുകൾ ലഭിക്കുന്നില്ല.

13. മത്സ്യത്തൊഴിലാളി, നിർമ്മാണത്തൊഴിലാളി, കയർത്തൊഴിലാളി ക്ഷേമ പദ്ധതികളിൽ വരിസംഖ്യഅടക്കുന്നതിന് പ്രയാസം നേരിടുന്നു.

14. വിവിധ മേഖലകളിലെ തൊഴിലാളികളുടെ കൂലിനിരക്കിലുള്ള ഏകീകരണമില്ലായ്മയും ജോലി സമയത്തിന്റെ ക്ലിപ്തത ഇല്ലായ്മയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

15. പെൻഷൻ തുകകൾ അപര്യാപ്തമാണ്.

16. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വിവാഹത്തിനുമുമ്പു ലഭിക്കുന്നില്ല. ധനസഹായ തുക അപര്യാപ്തം.

17. ബാലവാടികൾ പോലുള്ള ശിശു ക്ഷേമത്തിനായുള്ള സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

18. പഞ്ചായത്ത് ശിശുമന്ദിരത്തിൽ കുട്ടികൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

19. പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ പ്രദേശങ്ങളും കോളനികളായി അംഗീകരിക്കപ്പെട്ടിട്ടില്ല.

20. സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ ലഭിക്കാവുന്ന സഹായങ്ങൾ പ്രയോജനപ്പെടുത്താൻ ചിലരെങ്കിലും തയ്യാറാകുന്നില്ല.

21. വിവിധ ക്ഷേമ പദ്ധതികളുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കുറ്റമറ്റതാക്കാൻ വാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം. പഞ്ചായത്ത് ബോർഡിന്റെ പ്രതിനിധി, സന്നദ്ധ സാമൂഹ്യ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, VEO എന്നിവരടങ്ങുന്നതായിരിക്കണം ഈ സമിതി.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഇന്നത്തെ നിലയിൽ 900ത്തോളം കക്കൂസുകൾ ആവശ്യമാണ്. എല്ലാവർക്കും കക്കൂസുകൾ നിർമ്മിച്ചുനൽകുവാനുള്ള പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിൽ വരണം. വിവിധ ഏജൻസികളിലൂടെ ലഭിക്കുന്ന കക്കൂസുകൾ, അർഹരായവരുടെ മുൻഗണനാ ലിസ്റ്റുണ്ടാക്കി വിതരണം ചെയ്യുക.

2. വിവിധ മേഖലകളിലെ അർഹതയുള്ള മുഴുവനാളുകൾക്കും പെൻഷൻ നൽകാനുള്ള നടപടി ഉണ്ടാകണം. പെൻഷനുകളുടെ വിതരണ ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കണം. പെൻഷൻലഭിക്കാനുള്ള വരുമാന പരിധി കാലോചിതമായി ഉയർത്തുകയും അതിനുള്ള കാലതാമസവും ഒഴിവാക്കണം. പെൻഷൻ കുടിശ്ശികകൾ മുഴുവനും കൊടുത്തുതീർക്കുകയും അപേക്ഷാ ഫോറങ്ങൾ ഗ്രാമ പഞ്ചായത്തുകൾ വഴി സൗജന്യമായി നൽകുകയും ചെയ്യണം.

3. വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തുതല സമിതി ഉണ്ടാക്കുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം

4. IRDP ലിസ്റ്റ് പുനഃപരിശോധനക്ക് വിദേയമാക്കി അർഹരായവരെ ഉൾപ്പെടുത്തണം.

5. മാരകമായ രോഗം ബാധിച്ച് കഷ്ടപ്പെടുന്നവർക്കും പാവപ്പെട്ടർക്കും ചികിത്സാ സഹായം നൽകുന്നതിന് പഞ്ചായത്ത പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി ഉണ്ടാക്കണം.

6. പെൺകുട്ടികളെ വിവാഹ ധനസഹായം 5000 രൂപ നൽകണം.

7. വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം വിവാഹത്തിന് മുമ്പ് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ധനസഹായം 5000രൂപയായി വർദ്ധിപ്പിക്കണം.

8. വരൾച്ച - പ്രകൃതിക്ഷോഭം എന്നിവക്കുള്ള ധനസഹായം അപര്യാപ്തമാണ്. ധനസഹായതുക വർദ്ധിപ്പിക്കുകയും പദ്ധതി ഊർജ്ജിതപ്പെടുത്തുകയും ചെയ്യണം.

9. ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന വീടുകളിലെ ഓരോ കുടുംബത്തിനും റേഷൻകാർഡുകൾ അനുവദിക്കണം.

10. വാടക വീടുകളിൽ സ്ഥിരമായി താമസിക്കുന്നവർക്ക് തെളിവുകൾ ഹാജരാക്കിയാൽ റേഷൻ കാർഡുകൾ അനുവദിക്കണം.

11. കേന്ദ്രാവിഷ്കൃത കുടുംബസഹായ നിധിയിൽ കൂടുതൽ ഫണ്ട് ലഭ്യമാക്കുകയും ഗ്രാമപഞ്ചായത്തുവഴി വിതരണം നടത്തുകയും ചെയ്യണം.

12. JRY പദ്ധതിയിൽ റോഡിന് നൽകപ്പെടുന്ന മുൻഗണന ഒഴിവാക്കി വീടുകൾ, കക്കൂസുകൾ, കിണറുകൾ എന്നിവയ്ക്ക് മുൻഗണന നൽകപ്പെടണം.

13. പഞ്ചായത്തിൽ ഒരു അനാഥമന്ദിരവും വൃദ്ധ സദനവും സർക്കാർ ഉടമയിൽ സ്ഥാപിക്കണം.

14. എല്ലാവാർഡുകളിലും അനുയോജ്യമായ DWCRA യൂണിറ്റുകൾ ആരംഭിക്കണം.

15. സാമൂഹ്യ ക്ഷേമ പദ്ധതികളിലൂടെ നൽകപ്പെടുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്നത് തടയുവാൻ സംവിധാനം ഉണ്ടാക്കണം.

16. മത്സ്യത്തൊഴിലാളി, നിർമ്മാണത്തൊഴിലാളി, കയർത്തൊഴിലാളി എന്നിക്ഷേമ പദ്ധതികളിലേക്ക് വരിസംഖ്യ വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാസത്തിലൊരിക്കൽ പഞ്ചായത്തിൽ സിറ്റിംഗ് നടത്തണം.

17. വിവിധ തൊഴിലാളികളുടെ കൂലിനിരക്കും ജോലിസമയവും ഏകീകരിക്കണം.

18. പടന്ന, ഉദിനൂർ വില്ലേജുകളിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം.

19. അനുയോജ്യമായ സ്ഥലങ്ങളിൽ ആഴ്ചച്ചന്തകൾ ആരംഭിക്കണം.

20. നിത്യോപയോഗ സാധനങ്ങളുടെ വില ഏകീകരിക്കുകയും സ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുകയും ചെയ്യണം.

21. മാച്ചിക്കാട് ബാലവാടി കെട്ടിടം പണി പൂർത്തിയാക്കുകയും കുട്ടികൾക്ക് കളിക്കോപ്പുകളും പഠനോപകരണങ്ങളും നൽകുകയും വേണം. പഞ്ചായത്ത്

ശിശുമന്ദിരത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുകയും ഉച്ചഭക്ഷണം നൽകാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

22. കൊയത്തൂർ, തോട്ടുകര, മുതിരക്കൊവ്വൽ, മുണ്ടക്കാട്ട്, മുള്ളോട്ട് കടവ്, കുവ്വക്കെ, ഉച്ചുളിക്കുന്ന് എന്നീ പ്രദേശങ്ങൾ പട്ടികജാതി കോളനികളായി അംഗികരിക്കണം.

23. മാസത്തിലൊരക്കൽ പഞ്ചായത്തുതലത്തിൽ ബഹു ജന സമ്പർക്ക പരിപാടി സംഘടിപ്പിക്കണം.

24.കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലേടുത്ത് ജലസേചനാവശ്യാർത്ഥം അനുവദിക്കുന്ന കിണറുകൾക്കുള്ള 30സെന്റ് ഭൂമി എന്ന പരിധി 10 സെന്റാക്കി ചുരുക്കണം.

27. ICDS പദ്ധതിയിൽ നീലേശ്വരം ബ്ലോക്കിനെ ഉൾപ്പെടുത്തകയും എല്ലാ വാർഡുകളിലും ആവശ്യമുള്ളിടങ്ങളിൽ അംഗണവാടികൾ ആരംഭിക്കുകയും ചെയ്യുക.



13

വനിത

അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് സ്ത്രീകളെത്തിതുടങ്ങിയിട്ട് കാലമേറെയായെങ്കിലും ഇന്നും നമ്മുടെ ഗ്രാമങ്ങളിൽ വീട്ടുകാര്യങ്ങളിൽ മാത്രം ഒതുങ്ങി നാടിന്റെ മാറ്റങ്ങളോ അവസ്ഥാവിശേഷങ്ങളോ അറിയാതെ ജീവിതമെന്നത് വീട്ടുപരിപാലനംമാത്രമാണെന്ന് കരുതുന്ന എത്രയോപേരുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായ ഇക്കാലത്ത് കുടുംബത്തിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടിവരുന്ന സ്ത്രീകൾ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള വെപ്രാളത്തിൽ ഒന്നിലും വിജയിക്കാൻ പറ്റാത്തവരായിത്തീരുന്നു.

ഉദിനൂർ പടന്ന വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന പടന്ന ഗ്രാമ പഞ്ചായത്തിൽ ജനസംഖ്യാനിരക്കിൽ സ്ത്രീകളാണ് കൂടുതലെങ്കിലും വിദ്യാഭ്യാസം-തൊഴിൽ മേഖലകളിലും പൊതുരംഗത്ത് ഇവർ പിറകിലാണ്. മുമ്പ് കാർഷിക മേഖലയായിരുന്നു സ്ത്രീകൾ തൊഴിലിനായി കൂടുതലും ആശ്രയിച്ചിരുന്നത്. ഇന്നത് വളരെ കുറഞ്ഞിരിക്കുന്നു. ബീഡി വ്യവസായ മേഖലയിലും കെട്ടിട നിർമ്മാണ രംഗത്തും സ്ത്രീകൾ കൂടുതൽ തൊഴിലന്വേഷകരായി മാറുകയാണ്. ഒരു ചെറിയ വിഭാഗം മാത്രമെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുള്ളൂ. ഉദിനൂർ, ഓരി പ്രദേശങ്ങളിലെ വനിതകൾ വിദ്യാഭ്യാസപരമായി മുന്നിൽനിൽക്കുന്നു. സമീപകാലത്തായി മറ്റു പ്രദേശങ്ങളിലും വനിതകളുടെ വിദ്യാഭ്യാസനിലവാരം ഉയർന്നു വരുന്നുണ്ട്. പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതും നമ്മുടെ പ്രദേശത്തെ സ്ത്രീ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണമാണ്. തൊഴിൽ മേഖലകളിൽ വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല എന്നതും ഏർപ്പെടുന്ന തൊഴിലുകളിൽ ലഭിക്കുന്ന വേതനത്തിൽ സ്ത്രീ പുരുഷ അന്തരം കൂടുതലാണെന്നുള്ളതും ഗൗരവമേറിയ പ്രശ്നങ്ങളാണ്.

പഞ്ചായത്തിൽ നിലവിൽ രണ്ട് വാർഡുകളിൽ മാത്രമാണ് ബാലവാടികൾ പ്രവർത്തിക്കുന്നത്.ഏഴാം വാർഡിലെ മാച്ചിക്കാട്ടുള്ള നവോദയ ഹരിജൻ മഹിളാ സമാജം ബാലവാടിയും, എട്ടാം വാർഡിൽ കിനാത്തിലുള്ള പഞ്ചായത്ത് ശിശു മന്ദിരവും. ഇവയുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. DWCRA പദ്ധതി പ്രകാരം 3 വനിതാ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തടിയൻക്കൊവ്വലിൽ കൈരളി മഹിളാസമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലതർബാഗ് നിർമ്മാണ യൂണിറ്റ് നമ്മുടെ ജില്ലയിൽ തന്നെ പ്രശംസനീയമായ പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. മാച്ചിക്കാട്ടും ഓരിയിലുമുള്ള ജില്ലി നിർമ്മാണ യൂണിറ്റുകളും മാതൃകായൂണിറ്റുകളായി പ്രവർത്തിക്കുന്നുണ്ട്. ഓരോ യൂണിറ്റിലും 12 വീതം വനിതകൾക്ക് സ്ഥിരം ജോലി ലഭിക്കുന്നുണ്ട്. തടിയൻക്കൊവ്വൽ ആസ്ഥാനമാക്കി 1995ൽ ആരംഭിച്ച മനീഷ വനിതാ വ്യവസായ സഹകരണ സംഘം റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ പഞ്ചായത്തിൽ രണ്ട് ഹരിജൻ വനിതാ ക്ഷീരോൽപന്ന വിതരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രണ്ട് മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

നമ്മുടെ ഗ്രാമസഭകളിലെ ചർച്ചകളിൽ ഏറ്റവും സജീവമായി ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളാണ് സത്രീധനവും

ബാല്യവിവാഹവും. ബാല്യവിവാഹം അനാരോഗ്യ പ്രശ്നങ്ങൾക്ക് ഇടനൽകുന്നതിന് പുറമെ നമ്മുടെ പ്രദേശത്തിന്റെ സ്ത്രീ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്കും കാരണമാകുന്നുണ്ട്. അതുപോലെതന്നെ വിവാഹരംഗത്തെ വർദ്ധിച്ചുവരുന്ന ആഡംബര ഭ്രമം പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികരളുടെ വിവാഹത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. രക്ഷിതാക്കൾ ബാധ്യത തീർക്കാൻ പെൺകുട്ടിളെ നേരത്തെ വിവാഹം കഴിപ്പിച്ചയക്കുന്നതും സാമൂഹ്യ വിദ്യാഭ്യാസ പുരോഗതിക്ക് വിഘാതങ്ങളാണ്.

സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന വിധത്തിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇനിയും ആവശ്യമാണ്. സാമൂഹ്യ രാഷ്ട്രീയ വിദ്യാഭ്യാസ രംഗങ്ങളിൽ ഉയർച്ച ആഗ്രഹിക്കുന്നവരാണ് സ്ത്രീകളേറെയും പക്ഷെ നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതി ഒരു പരിധി വരെ ഇതിന് വിലങ്ങു തടിയാണ്. കൂടാതെ മഹിളാ സമാജങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ അഭാവവും ബോധവൽക്കരണത്തിന്റെ അപര്യാപ്തതയും സ്ത്രീകതളുടെ സാമൂഹ്യ പങ്കാളിത്തത്തെ പിറകോട്ട് വലിക്കുന്നു.

പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

2. തുല്യജോലിക്ക് തുല്യ വേതനം ലഭ്യമല്ല.

3. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമോ പരിശാലനത്തിനുള്ള സൗകര്യമോ ലഭിക്കുന്നില്ല.

4. സർക്കാർ സഹായ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.

5. സാമ്പത്തിക ഞെരുക്കം പാവപ്പെട്ട പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും തടസ്സം സൃഷ്ടിക്കുന്നു.

6. തൊഴിൽരംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സാമാന്യ വിദ്യഭ്യാസ മുണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം കുറവായതിനാൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിലുണ്ട്.

7. വിദ്യാലയങ്ങളിലെ പാഠ്യേതര രംഗങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തക്കുറവ്

8. പെൺകുട്ടികൾക്ക് മാത്രമായുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.

9. മദ്യപാനം മൂലം ഏറ്റവും കൂടുതൽ വിഷമിക്കുന്നത് സ്ത്രീകളാണ്.

10. ബാല്യ വിവാഹവും സ്ത്രീധനവും സ്ത്രീപീഠനവും ബന്ധപ്പെട്ട നിയമങ്ങളെകുറിച്ചുള്ള അറിവില്ലായ്മയും സ്ത്രീകളെ വിഷമിപ്പിക്കുന്നു.

സാധ്യതകൾ

സാമൂഹ്യ വിദ്യാഭ്യാസ രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേകം പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കുകയും സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ തയ്യാറാവുകയും വേണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുമുള്ള സഹായം ചെയ്യുകയും വേണം. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങളും സഹകരമ മേഖലയിൽ സ്ത്രീകളുടേതായ തൊഴിൽ യുണിറ്റുകളും ആരംഭിക്കുക. സ്ത്രീകൾക്കിടയിൽ അടുക്കളത്തോട്ടങ്ങൾ സാർവത്രീകമാക്കാൻ വിത്തും വളവും അടങ്ങുന്ന കിറ്റുകൾ കൃഷിഭവൻ മുഖേന സൗജന്യ വിലക്ക് വിതരണം ചെയ്യുകയും മികച്ച അടുക്കളത്തോട്ടങ്ങൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുകയും വേണം. വളരെ കുറഞ്ഞ അദ്ധ്വാനവും ചെലവുമുള്ള കൂൺ, കുറ്റിക്കുരുമുളക്, കുറ്റിമുല്ല, ഓർക്കിഡ് തുടങ്ങിയവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സ്ത്രീകളിൽ പ്രേരണ ചെലുത്തുന്നത്. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ ഇല്ലാതാക്കും

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. സ്ത്രീധന നിരോധന നിയമവും ബാല്യ വിവാഹ നിരോധനവും പ്രചരിപ്പിക്കുവാൻ മത രാഷ്ട്രീയ സാംസ്കാരിക സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണം നടത്തുക.

2. വിവാഹ ചടങ്ങുകളിലെ ദുർത്തും സ്ത്രീകളിലെ സ്വർണ്ണ ഭ്രമവും ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ മതസംഘടനകളുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നടപ്പിലാക്കുകയും യുവജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും വേണം.

3. സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസം സാർവത്രികമാക്കുകയും പാവപ്പെട്ട വിദ്യാർത്ഥിനികൾക്കള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുകയും

ചെയ്യുക.

4. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രധാന്യം നൽകികൊണ്ട് പെൺകുട്ടികൾക്കുമാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും പാവപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യമാക്കുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.

5. വിവാഹ പ്രയമെത്തിയ പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കുക.

6. സ്ത്രീകൾ ഏർപ്പെടുന്ന തൊഴിൽ മേഖലകളിലെ വേതന നിരക്കിലെ സ്ത്രീ പുരുഷ അന്തരം ഇല്ലാതാക്കി തുല്യ ജോലിക്ക് തുല്യവേതനം ഏർപ്പെടുത്തുക.

7. വീടും സ്ഥലവും ഇല്ലാത്ത വനിതകളുടെ പുനരധിവാസത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും; വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ അർഹമായവർക്കൊക്കെ കൃത്യമായി ലഭ്യമാക്കുക.

8. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ വനിതാ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുകയും ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധകുത്തിവെപ്പുകളും പോഷകാഹാര വിതരണവും PHC വഴി സൗജന്യമായി വിതരണം ചെയ്യുക.

9. മഹിളാസമാജങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക ഉന്നമനത്തിനു വേണ്ടിയുള്ള ചർച്ചാ ക്ലാസ്സുകൾ കസംഘടിപ്പിക്കുകയും, ആരോഗ്യ ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകളും വിദ്യാഭ്യാസ സെമിനാറുകളും മാസത്തിലൊരിക്കൽ കൃത്യമായി നടത്തുകയും, സ്ത്രീകളെ ആവരുടെ അവകാശങ്ങളെ കുറിച്ച് ബോധവാൻമാരാക്കുകയും ചെയ്യുക.

10. അശ്ലീല സാഹിത്യങ്ങളും പോസ്റ്ററുകളും നിരോധിക്കുകയും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

"ജനസമുദായത്തിൽ പകുതിഭാഗവും
അടുക്കളയിലെ അടിമച്ചങ്ങലയിൽ
ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ
ഒരു രാഷ്ട്രത്തിനും സ്വതന്ത്രമാകുവാൻ
സാധ്യമല്ല"

☆ ☆ ☆

14

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പടന്ന ഗ്രാമ പഞ്ചായത്തിലെ ജനങ്ങളിലേകദേശം 9%ത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. ഗ്രാമപഞ്ചായത്തിലെ ഈ വിഭാഗത്തിൽ പുരുഷൻമാരാണ് സ്ത്രികളുടെ എണ്ണത്തേക്കാൾ കൂടുതലും. 1991ലെ സെൻസസ് അനുസരിച്ച് 1394 പേർ പട്ടികജാതിയിലും 2പേർ പട്ടികവർഗ്ഗത്തിലും പെടുന്നവരാണ്. ഗ്രാമ പഞ്ചായത്തിലെ ഉദിനൂർവില്ലേജിൽ മാച്ചിക്കാട്, മുണ്ടക്കാട്, മുള്ളോട്ട്ക്കടവ്, മുതിരക്കൊവ്വൽ, തോട്ടുകര, കൊയത്തൂർ പ്രദേശങ്ങളിലും പടന്ന വില്ലേജിലെ കാന്തിലോട്ട്, വടക്കേപ്പുറം, കൂവ്വക്കൈ, കൈപ്പാട് പ്രദേശങ്ങളിലും ഇവർ കൂടുതലായി താമസിച്ചുവരുന്നു. ഇതിൽ മാച്ചിക്കാട്, കാന്തിലോട്ട്, വടക്കേപ്പുറം എന്നിവ അംഗീകൃത കോളനികളാണ്.

വർഷങ്ങൾക്കു മുമ്പ് തൊഴിൽ തേടി കുടിയേറിയവരാണ് പടന്നയിലെ മിക്ക കുടുംബങ്ങളും. കാർഷിക മേഖലയിൽ ആയിരുന്നു അന്ന് പ്രധാനമായും തൊഴിൽ. കൈത ഓലയുപയോഗിച്ച് പായ, പുക്കുര്യകൾ പാളകൊണ്ട് തൊപ്പി എന്നിവ നിർമ്മിക്കുന്നും പ്രധാന തൊഴിലായിരുന്നു. തെയ്യം പോലുള്ള പരമ്പരാഗത കല ഉപജീവനത്തിനായി സ്വീകരിച്ചവരായിരുന്നു മറ്റൊരു വിഭാഗം. തൊഴിലവസരങ്ങളുടെ അപര്യാപ്തത മൂലം കർണ്ണാടകയിലെ വിരാജ്പേട്ട, കുടക് പ്രദേശങ്ങളിലേക്ക് തൊഴിൽതേടി ഒരു വിഭാഗം പോകുമായിരുന്നു. മാറിവന്ന സാമൂഹ്യ വ്യവസ്ഥിതി നിർമ്മാണത്തൊഴിൽ പോലുള്ള മേഖലകളിലേക്ക് ബന്ധപ്പെടുന്നതിന് ഇവരെ സഹായിച്ചു. ഒട്ടേറെ കുടുംബങ്ങൾക്ക് ഇന്നു സ്വന്തമായി ഭൂമിയുണ്ടെങ്കിലും കൂട്ടുകുടുംബമായി മാച്ചിക്കാടു പോലുള്ള കോളനികളിൽ പുറമ്പോക്കിൽ കുടിൽ കെട്ടിയും താമസിക്കുന്നവർ സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ജീവിത നിലവാരത്തിൽ ഒരു പരിധിവരെ ഉയർന്നു വന്നിട്ടുണ്ടെങ്കിലും മറ്റുജനവിഭാഗത്തെ അപേക്ഷിച്ച് വളരെ താഴെതട്ടിലാണ് ഇന്നും ഈ വിഭാഗം. വിദ്യാഭ്യാസ തൊഴിൽ പരമായ ഉന്നമനവും ക്ഷേമപദ്ധതികൾ ഉപകാര പ്രദമാം വിതം ലഭിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതും ഈ വിഭാഗം ജനതയുടെ സാമൂഹ്യ പുരോഗതി ഉറപ്പുവരുത്തിയിട്ടുണ്ട്.

തൊഴിൽ

കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗത്തിലെ മിക്കവരും. നിർമ്മാണത്തൊഴിലുമായി പ്രവർത്തിക്കുന്നവരും കുറവല്ല. S.S.L.C. ക്ക് മേൽ വിദ്യാഭ്യാസം നേടിയവർ ഇന്ന് കൂടുതലായി ഉണ്ടെങ്കിലും സർക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവർ കുറവാണ്. സ്ത്രീകളിൽ ചെറിയൊരു വിഭാഗം പായ നെയ്ത് തൊഴിലാക്കുന്നവരുണ്ട്. തെയ്യം കല ഉപജീവനത്തിനായി ഉപയോഗിക്കുന്നവരാണ് ചെറിയ വിഭാഗം. മിക്ക തൊഴിലും പ്രത്യേക കാലയളവിൽ മാത്രമുള്ളവയാകയാൽ പ്രത്യേക തൊഴിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. യുവതി യുവാക്കൾക്കായി തൊഴിലധിഷ്ഠിത കോഴ്സുകൾ സംഘടിപ്പിച്ച് സ്വയം തൊഴിലിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇവ പ്രയോജനപ്രദമാം വിധം

ഉപയോഗിക്കാൻ പ്രേരണ നൽകേണ്ടതുണ്ട്.

വിദ്യാഭ്യാസം

സാമൂഹ്യ ആനാചാരങ്ങൾ മൂലം ഒരു കാലത്ത് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഈ വിഭാഗത്തെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ കർമ്മയോഗികളുടെ അക്ഷിണ യത്നത്തിലൂടെ ഒരു പരിധിവരെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇന്നത്തെ പിലിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവ. വെൽഫെയർ ലോവർ പ്രൈമറി സ്കൂൾ (പിലിക്കോട് വയൽ) പടന്ന ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികളെ വളരെയധികം സ്വാധീനിച്ച ആദ്യകാല സ്ഥാപനങ്ങളിൽ ഒന്നാണ്. സമൂഹത്തിലെ മറ്റു വിഭാഗത്തെ അപേക്ഷിച്ച് വളരെ താഴ്ന്ന നിലയിൽ തന്നെയാണ് വിദ്യാഭ്യസ നിലവാരം. ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 362 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നു. (209 ആൺകുട്ടികളും 153 പെൺകുട്ടികളും). കാന്തിലോട്ട്, മാച്ചിക്കാട് കോളനികളിൽ S.S.L.C.ക്ക് മുമ്പായി കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികൾ കൂടുതലാണ്. S.S.L.C. വിജയ ശതമാനത്തിലും ഇവർ പിന്നിലാണ്. ഇന്ന് സാങ്കേതി വിദ്യാഭ്യാസംനേടിയ ചിലരും ഈ വിഭാഗത്തിലുണ്ട്. നിർബന്ധിത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നത് ഗുണകരമാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ ഒരു പരിധിവരെ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് സാധിച്ചിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് വയോജന വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

വിവിധ വിദ്യാലയങ്ങളിൽനിന്നും കായിക മത്സരത്തിൽ ഔന്നത്യത്തിൽ എത്തുന്നവരെ പട്ടികജാതി വിദ്യാർത്ഥികൾ കൂടുതലാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഭൗതീക സാഹചര്യങ്ങളുടെ അഭാവവും കായിക പ്രതിഭകളുടെ മുരടിപ്പിനും ഉയർന്ന കായീക വിദ്യാഭ്യസത്തിനുള്ള സാഹചര്യം ലഭിക്കാതിരിക്കുന്നതും കാരണമാവുന്നു.

സാമൂഹ്യ സാംസ്കാരിക മേഖല

സമൂഹത്തിലെ ദരിദ്ര വിഭാഗമെന്ന നിലയിൽ ഉയർന്ന സാമൂഹ്യ സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിന് ഇന്നും സാധിച്ചിട്ടില്ല. കോളനികളുടെ ചുമരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നവരായി പൊതുവെ മാറിയിരിക്കുന്നു. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ നേതൃനിരയിലേക്ക് ഈ വിഭാഗക്കാർ വളരെ അപൂർവ്വമായെ എത്തിച്ചേരുന്നുള്ളൂ എന്ന കാര്യം ഗൗരവമായി കാണേണ്ടിയിരിക്കുന്നു. പരമ്പരാഗത തെയ്യം കലാകാരൻമാർ ഈ വിഭാഗത്തിൽപ്പെട്ട വരായിട്ടുണ്ട്. ക്ഷേത്രപാലകക്ഷേത്രം, തടിയൻകോവ്വൽ മുണ്ട്യ, പടന്നമുണ്ട്യ എന്നിവിടങ്ങളിലും ചില തറവാടുകളിലും വിവിധ മൂർത്തികളെ കെട്ടിയാടുന്നത്. വണ്ണാൻ, മലയൻ സമുദായത്തിൽപ്പെട്ടവരാണ്. മലബാർ മേഖലയുടെ തനതായ കലാരൂപമായ തെയ്യംകൊണ്ട് നാടിനെ സമ്പുഷ്ടമാക്കുന്നതിൽ ഈയോരു വിഭാഗം പ്രധാന പങ്കുവഹിക്കുന്നു. വിദ്യാഭ്യാസ പുരോഗതിയിലൂടെയും കലാ സാസ്കാരിക രംഗങ്ങളിലുള്ള മതിയായ പ്രോത്സാഹനത്തിലൂടെയും വിവിധ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും സാമൂഹ്യ സാംസ്കാരിക ഉന്നമനം സാധ്യമാക്കാവുന്നതാണ്.

ആചാരം

ഹിന്ദുമത ആചാരപ്രകാരമുള്ള വിവിധ ആചാരങ്ങൾതന്നെയാണ് പിന്തുടരുന്നത്. എങ്കിലും പരമ്പരാഗതമായ ചില ആചാര അനുഷ്ടാനങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരു വീഭാഗം തായ്വഴിയിലൂടെയുള്ള വിവിധ മൂർത്തികളെ തെയ്യക്കോലമായി കെട്ടിയാടാറുണ്ട്. ഗുരുനാഥൻ ധർമ്മ ദൈവം എന്നിവ കുടുംബചരിത്രം വിളിച്ചറിയിക്കുന്ന ദൈവകോലങ്ങൾക്ക് ഉദാഹരണമാണ്. ഉദിനൂർ കോവിലകത്തെ കോയ്മയായി അംഗീകരിച്ചവരാണ് കോയിത്തറവാട്ടുകാർ. ക്ഷേത്രപാലക ക്ഷേത്രത്തിലെ നിറപൊലി, പാട്ടുത്സവം എന്നിവയോടനുബന്ധിച്ചുള്ള കതിരുവെക്കൽ, കുവ്വപ്പണി, എന്നീ ചടങ്ങുകൾ ഇന്നും മുടക്കം കൂടാതെ ആചരിച്ചുവരുന്നു.

പാർപ്പിടം

വിവിധ ക്ഷേമ പദ്ധതികളിലൂടെ ഭൂരിഭാഗത്തിനും പാർപ്പിട സൗകര്യം ലഭിച്ചിട്ടുണ്ടെങ്കിലും ഓല മേഞ്ഞ കൂരകളിൽ താമസിക്കുന്നവരും ഏറെയാണ്. നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കാത്തസ്ഥിതിയും ഇന്ന് നിലനിൽക്കുന്നു. അതു കൊണ്ടുതന്നെ പൂർണ്ണത കൈവരിച്ച പാർപ്പിട സംവിധാനം ഇല്ല. ഒറ്റപ്പെട്ട് കിടക്കുന്ന കുടുംബങ്ങളിലേക്ക് ഭവന നിർമ്മാണ പദ്ധതികൾ എത്തിച്ചേരാത്ത അവസ്ഥയും നിലനിൽക്കുന്നു. വൈദ്യുതീകരിച്ച വീടുകൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. ശുദ്ധജല വിതരണവും മിക്ക കോളനികളിലും പര്യാപ്തമല്ല.

ആരോഗ്യം

കോളനികളിൽ ആരോഗ്യപ്രശ്നം രൂക്ഷമായി ബാധിക്കാറുണ്ട്. കക്കൂസുകളുടെ അപര്യാപ്തത കുടിവെള്ളപ്രശ്നം എന്നിവ ആരോഗ്യ നിലയെ കൂടുതലായി ബാധിക്കുന്നു. ശുചിത്വ പരിപാലനം കോളനികളുടെ ആരോഗ്യ നിലയെ ബാധിക്കുന്ന അതിപ്രധാന പ്രശ്നമാണ്. ബോധവൽക്കരണ ക്ലാസ്സുകളും സന്നദ്ധ സംഘടനകൾ മുഖേനെയുള്ള ശുചീകരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് ആരോഗ്യനിലവാരം ഉയർത്താവുന്നതാണ്.

പ്രശ്നങ്ങൾ

1. സമൂഹത്തിലെ മറ്റു വിഭാഗത്തെ അപേക്ഷിച്ച സാമ്പത്തികമായി വളരെയേറെ താഴെയാണ് അടിസ്ഥാന സൗകര്യങ്ങൾപോലും മിക്ക വീട്ടുകാർക്കും അന്യമാണ്.

2. കുടിവെള്ളം, കക്കൂസ് എന്നീ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത കൂടുതലായി ബാധിക്കുന്നു. കാന്തിലോട്ട് കുവ്വക്കൈ മുണ്ടക്കാട് മുള്ളോട്ട് കടവ്, മുതിരക്കൊവ്വൽ,തോട്ടുകര, ഉച്ചുളിക്കുന്ന്, വണ്ണാത്താൻവളപ്പ്, എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി നിലനിൽക്കുന്നു.

3. മിക്ക പ്രദേശങ്ങളിലും ഭൂഭവന രഹിതർ ഏറെയാണ്. മാച്ചിക്കാട് കോളനിയിൽ പഞ്ചായത്ത് ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്നവരുണ്ട്. വളരെ ചെറിയ പാർപ്പിടങ്ങളിൽ കൂട്ടുകുടുംബമായി ഒട്ടേറെ അംഗങ്ങൾ താമസിച്ചുവരുന്നുണ്ട്.

4. കോളനികളിൽ വൈദ്യുതീകരിച്ചവയായി വളരെ ചുരുക്കം വീടകൾ മാത്രമെ ഉള്ളു. ഇതിൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം വിവിധ കോളനികളിലായി 30 വീടുകൾ വൈദ്യുതീകരിച്ചു.

5. കോളനികലിലുള്ള യാത്രാ സൗകര്യം പരിമിതമാണ്. കാന്തിലോട്ട് കോളനിയിലെ സമുദായ സ്ഥാനത്തേക്ക് ശരിയായ വഴിയില്ലാത്തത് പ്രശ്നമാണ്. കൂടുതൽ പട്ടിക ജാതിക്കാർ താമസിക്കുന്ന മാച്ചിക്കാട് കോളനിയിൽ ഒര് റോഡുപോലും ടാർ ചെയ്തതായി നിലവിലില്ല.

6. സാമ്പത്തിക പിന്നോക്കാവസ്ഥക്കും ജീവിതനിലവാര തകർച്ചയ്ക്കും തൊഴിലില്ലായ്മ പ്രധാനപ്രശ്നമായി നിലയിൽക്കുന്നു.

7. നിരവധി വീടുകൾ, പദ്ധതി പ്രകാരം ലഭിച്ചതുതന്നെ പൂർത്തീകരിക്കാത്ത നിലയിലാണ്.

8. ആരോഗ്യ സംരക്ഷണവും ശുചിത്വവും മിക്കകോളനികളിലും അന്യമാണ്. മാച്ചിക്കാട് പോലുള്ള കോളനകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ബന്ധപ്പെടാൻ പോലും യാത്രാദുരിതം അനുഭവിക്കേണ്ടിവരുന്നു.

9. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കോളനികളുടെ തീരാശാപമായി നിലനിൽക്കുന്നു. S.S.L.C. വിജയ ശതമാനത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വളരെ താഴെയാണ്.

10. വിവിധ ക്ഷേമ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിച്ചേരാത്ത അവസ്ഥയുണ്ട്.

11. പരമ്പരാഗത തൊഴിലായ പായ നെയ്ത് കൈത ഓല ലഭ്യമല്ലാത്തതിനാൽ മുരടിച്ചവസ്ഥയിലാണ്. തെയ്യം കലാകാരൻമാർക്ക് മതിയായ വേതനവും അംഗീകാരവും ലഭ്യമാവാത്ത അവസ്ഥയുണ്ട്.

12. സാമൂഹ്യ സാംസ്കാരികരംഗത്ത് വേണ്ടത്ര പുരോഗതി നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

നിർദ്ദേശങ്ങളും സാധ്യതകളും

1. എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ പത്ത് വീതം കുടുംബങ്ങളെ I H D P കോളനിയായി അംഗീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

2. ഒറ്റപ്പെട്ട്കിടക്കുന്ന കുടുംബങ്ങളിലേക്ക് പദ്ധതികൾ എത്തിക്കാൻ സംവിധാനം വേണം. വിവിധ കോളനികളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുത്ത് ഭരണ സമിയുടെ നിയന്ത്രണത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന സമിതി രൂപീകരിക്കുക. വിവിധ ക്ഷേമ പദ്ധതികളുടെ സംഘാടനത്തിനും വിതരണത്തിനും ശ്രദ്ധിക്കാൻ കഴിയണം.

3. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ പാർപ്പിടത്തോടൊപ്പം എല്ലാകുടംബങ്ങൾക്കും നേടിയെടുക്കാനുള്ള പദ്ധതിവേണം.

4. കോളനികളിൽ ഇന്നു നിലവിലുള്ള റോഡുകൾ മുഴുവൻ ടാർചെയ്യുകയും എല്ലാകുടുംബങ്ങൾക്കും യാത്രാ സൗകര്യം ലഭിക്കത്തക്ക പുതിയ റോഡുകൾ നടപ്പാതകൾ എന്നിവ നിർമ്മിക്കുകയും വേണം.

5. പരമ്പരാഗത തൊഴിലിന് കൂടുതൽ ഗ്രാന്റ്, പ്രദേശത്തിന്റെ സാധ്യതകൾക്കനുസരിച്ച തൊഴിൽ സംരംഭങ്ങൾ, തൊഴിൽ പരിശീലന പദ്ധതികൾ ഇവ നടപ്പിൽ വരുത്തുക.

6. പട്ടിക ജാതി ക്ഷേമ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

7. തെയ്യം കലക്ക് ആവശ്യമായ ഉപകരണങ്ങൾ ചമയങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് വിദഗ്ദ്ധരെ ഉപയോഗിച്ച് പരിശീലനം നടത്തുക.

8. തെയ്യംകലയുടെ സംരക്ഷണവും തൊഴിൽ സാധ്യതകളും ഉറപ്പു വരുത്തുക ആവശ്യമായ ധന സഹായങ്ങൾ ഉറപ്പുവരുത്തുക.

9. കൈവശഭൂമി സംരക്ഷിക്കാനുള്ള പദ്ധതികൾ – മണ്ണൊലിപ്പ്, താഴ്ചയേറിയ ഭൂനിരപ്പിലുള്ള കോളനികളിൽ വെള്ളം കയറുന്നത് തുടങ്ങിയവ തടയാനുള്ളവ –

നടപ്പിലാക്കുക.

10. എല്ലാ പട്ടിക ജാതി കോളനികളിലും സങ്കേതങ്ങളിലും അംഗണവാടികൾ പ്രീപ്രൈമറി സ്കൂളുകൾ എന്നിവ ആരംഭിക്കുക. മാച്ചിക്കാട് കോളനിയിലെ ബാലവാടി കെട്ടിടം പണി പൂർത്തീകരിക്കുക. പോഷകാഹാരങ്ങൾ, വസ്ത്രങ്ങൾ കളിക്കോപ്പുകൾ എന്നിവ കുട്ടികൾക്ക് വിതരണം ചെയ്യുക.

11. നിലവിലുള്ള പടന്ന PHC യിൽ നിന്നും ദൂരെയായുള്ള മാച്ചിക്കാടു കോളനിയിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക. ആരോഗ്യ സംരക്ഷണത്തിനും ശുചിത്വത്തിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ചികിത്സാ ദനസഹായ ഫണ്ട് സ്വരൂപിച്ച് വിതരണം ചെയ്യുക.

12. വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുക. ജനശിക്ഷണ നിലയങ്ങൾ കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുക.

13. നാലാം ക്ലാസ്സുമുതൽ S.S.L.C വരെയുള്ള വിദ്യാർത്ഥികൾക്കായി പ്രീമെട്രിക്ക് ഹോസ്റ്റൽ മാതൃകയിലുള്ള ബോർഡിംഗ് സൗകര്യം പഞ്ചായത്ത് കേന്ദ്രീകരിച്ച് നടപ്പിലാക്കുക. പട്ടിക ജാതി വിദ്യാർത്ഥികൾക്ക ട്യൂഷൻ സമ്പ്രദായവും കായീക പരിശീലനത്തിനുള്ള സൗകര്യവും ഏർപ്പെടുത്തുക.

14. വിദ്യാർത്ഥികൾക്ക് യൂണിഫോം പാഠപുസ്തകങ്ങൾ പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്യണം. ഓരോ ക്ലാസ്സിലും ഉയർന്നമാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് പ്രൈസ് മണി ഏർപ്പെടുത്തുക.

15 മില്ല്യൻ വെൽസ്കീം പോലുള്ള പദ്ധതിക്ക് സ്ഥല പരിധി 10 സെന്റായികുറക്കുക

16. കാർഷിക വൃത്തിയിലേർപ്പെടുന്ന തൊഴിലാളികൾക്കാവശ്യമായ ഉപകരണങ്ങൾ നൽകുകയും കൃഷിക്കാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

17. കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കലാകായിക സാസ്കാരിക സമിതികൾക്ക് ഗ്രാന്റ് അനുവദിച്ചും വായനശാലകൾ സ്ഥാപിച്ചും സാംസ്കാരിക ഉന്നമനം സാധ്യമാക്കേണ്ടതാണ്.

18. കോളനികളിലേയും ഒറ്റപ്പട്ടുകിടക്കുന്നതുമായ മുഴുവൻ പട്ടിക ജാതി വീടുകളും വൈദ്യുതി നൽകുക.

19. ഭവന നിർമ്മാണ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് വീടിന്റെ പുനർനിർമ്മാണത്തിന് സഹായധനം ഏർപ്പെടുത്തണം.

15



വിഭവ സമാഹരണം

അധികാരം താഴേതട്ടിലേക്കെന്ന ആശയം ഫലപ്രദമായി തീരണമെങ്കിൽ കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതുണ്ട്. വേണ്ടത്ര വിഭവങ്ങൾ ഇല്ലാതെ നാടിന്റെ പുരോഗതിയെ കുറിച്ച് ചിന്തിച്ചിട്ട് കാര്യമില്ല. ഉള്ള പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് കൊണ്ട് എങ്ങനെ നാടിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താം എന്നുള്ളതിന് പല നല്ല നിർദ്ദേശങ്ങളും വിവിധ വാർഡ് ഗ്രാമ സഭകളിൽകൂടി ഉരിത്തിരിഞ്ഞ് വന്നിട്ടുണ്ട് എന്നത് ഒരു സന്തോഷകരമായ വസ്തുതയാണ്.

ദരിദ്രരും ഇടത്തരക്കാരും ഇടകലർന്നുള്ള ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒന്നാം ഗ്രേഡിൽ പെടുന്ന പടന്ന ഗ്രാമ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശനം തൊഴിലില്ലായ്മയാണ്. തൊഴിലിനു വേണ്ടി മറുനാടുകളിലേക്കു പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും അതേയളവിൽ ഗൾഫ് രാജ്യങ്ങളിലെ തൊഴിൽനിയമങ്ങളിൽപ്പെട്ട് തിരിച്ച് വരുന്നവരും ഉണ്ട് എന്നുള്ളത് തൊഴിലില്ലായ്മയുടെ കാഠിന്യം ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. കാർഷിക മേഖലയിലെ ഉൽപാദനം കുറഞ്ഞുവരികയാണ്. പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയെ നേരിടുന്നു. മറ്റ് വ്യവസായങ്ങൾ ഒന്നും തന്നെ വേരുപിടിക്കുന്നില്ല. അതുകൊണ്ടുതന്നെ പടന്ന പ്രദേശത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ഗൾഫ് രാജ്യങ്ങളിലും, ബോംബെ, ബാംഗ്ലൂർ മുതലായ അന്യ സംസ്ഥാനങ്ങളിലും തൊഴിൽതേടി പോകേണ്ടിവരുന്നു.

കെട്ടിട നികുതി, തൊഴിൽനികുതി, വിനോദ നികുതി, ലൈസൻസ് നികുതി, കടത്ത് ലേലം, പുറമ്പോക്ക് ലീസ് ചാർജ്ജ് തുടങ്ങിയവയാണ് പഞ്ചായത്തിന്റെ തനത് വരുമാന മാർഗ്ഗങ്ങൾ കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിക്കുന്ന JRY ഉപാധി രഹിത ഫണ്ട്, സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം അടിസ്ഥാന നികുതി വിഹിതം, സ്പെഷ്യൽ ഗ്രാന്റ് എന്നിവയും പഞ്ചായത്തിന്റെ മറ്റു വരുമാന മാർഗ്ഗങ്ങളാണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള വരുമാനം പട്ടിക ഒന്ന് Aയിൽ കൊടുത്തിരിക്കുന്നു. അതുപൊലെ തന്നെ പഞ്ചായത്തിന്റെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ചെലവിനങ്ങളും പട്ടിക 1 Bയിൽ കാണിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ മുഖ്യവരുമാന മാർഗ്ഗങ്ങളായ തനത് വരുമാന മാർഗ്ഗങ്ങൾ കൊണ്ടോ കേന്ദ്രസംസ്ഥാന സർക്കാറുകളിൽ നിന്നുള്ള ഓഹരികളും ഗ്രാന്റുകളും മറ്റ് ആനുകൂല്യങ്ങളും കൊണ്ടോ നമ്മുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടാൻ പോകുന്നില്ല. ആതോടൊപ്പം അത്രയും തന്നെ മനുഷ്യ വിഭവശേഷിയും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

ഒമ്പകാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കപ്പെടുമ്പോൾ നമുക്ക് ലഭ്യമാക്കാവുന്ന വിഭവങ്ങൾ താഴെ കൊടുക്കുന്നു.

a) പഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ
b) പദ്ധതി അടങ്കൽ തുകയുടെ ഏകദേശം 35-40%
c) പ്രാദേശിക ബേങ്കിംഗ് സ്ഥാപനങ്ങളിൽനിന്നുള്ള വായ്പകൾ
d) പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്നുള്ള വിഹിതം
e) വിവിധ സംഭാവനകൾ
f) മനുഷ്യാധ്വാനം

നികുതി സാധ്യതകൾ

5026 ഓളം കെട്ടിടങ്ങളുള്ള പഞ്ചായത്തിൽ കഴിഞ്ഞ വർഷം കെട്ടിട നികുതി ഇനത്തിൽ ലഭിച്ച തുക കുറവാണ്.

നിലവിലുള്ള നികുതി 8% എന്നുള്ളത് 10% ൽ കവിയാതെ പുതുക്കിയും വാടക കെട്ടിടങ്ങൾ തരം തിരിച്ച് കൃത്യമായ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

പുഴപുറമ്പോക്കിന്റെ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുകയും അവയിലുള്ള ഉൽപന്നങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ഫീസ് വസൂലാക്കേണ്ടതുമാണ്. പുഴപുറമ്പോക്ക് റീ സർവ്വേ നടത്തി എൻക്രോച്ച്മെന്റ് കണക്കാക്കി കൈവശക്കാരന് തന്നെ നൽകി ലീസ് പുനഃക്രമീകരിക്കേണ്ടതാണ്. വ്യവസായത്തിന്റെ പേര് പറഞ്ഞ് ഇവിടങ്ങളിൽ തൈവെച്ച് പിടിപ്പിക്കുന്നത് കർശനമായി തടയുകയും ചയ്യണം.

മത്സ്യ ബന്ധനത്തിനുപയോഗിക്കുന്ന തോണികൾക്കും വലകൾക്കും പ്രായോഗികമായ രീതിയിൽ ലൈസെൻസ് ഏർപ്പെടുത്തി ഫീസ് ഈടാക്കാവുന്നതാണ്.

അനുയോജ്യമായ സ്ഥലങ്ങളിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കല്ല്യാണ മണ്ഡപം പൊതു പ്രയോജന കരങ്ങളായ മറ്റ് കെട്ടിടങ്ങൾ ഇവ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ലാഭകരവും പ്രയോജനകരവുമായ ബസ്സ്റ്റാന്റ്, ടാക്സി സ്റ്റാന്റ്, ഫിഷ് ലാന്റിംഗ് സെന്റർ അതുപോലെ നിലവിലുള്ള മത്സ്യ മാംസ്യ മാർക്കറ്റുകളിലെ പോരായ്മകൾ നീക്കി ആനുപാതികമായി വാടക പുതുക്കിയും അറവു മൃഗങ്ങൾക്ക് സീലേർപ്പെടുത്തി ഫീസ് ചുമത്തിയും പഞ്ചായത്തിൽ വരുമാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

കൃഷി ആവശ്യാർത്ഥം മേലിൽ നിർമ്മിക്കുന്ന കുളം തോട് എന്നിവയുടെ ചെലവിന്റെ നിശ്ചിത വിഹിതം അതിന്റെ ഗുണഭോക്താക്കളിൽനിന്നും മനുഷ്യ സേവനമായും മറ്റുതരത്തിലും ഈടാക്കാവുന്നതാണ്.

ഇന്ദിര വികാസ് പത്രിക പോലുള്ള ദേശീയ സമ്പാദ്യ പദ്ധതിയിൽ ഗ്രാമ സഭകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ മുഴുവനാളുകളെയും ഉൾപ്പെടുത്തിക്കൊണ്ട് അതിൽനിന്നും ലഭിക്കാവുന്ന വിഹിതം പഞ്ചായത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

അനർട്ട് പോലുള്ള സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പാരമ്പര്യേതര വൈദ്യുത ഊർജ്ജ ഉപയോഗരീതി നടപ്പിൽ വരുത്തി പഞ്ചായത്തിന് മെച്ചമുണ്ടാക്കാവുന്നതാണ്.

തെരുവു കച്ചവടക്കാരിൽനിന്നും വഴിവാണിഭക്കാരിൽനിന്നും സെസ് പിരിച്ചെടുക്കുന്ന സമ്പ്രദായം പഞ്ചായത്ത് നടപ്പിൽ വരുത്തി വിഭവ സമാഹരണം നടത്താവുന്നതാണ്.

പഞ്ചായത്തിന്റെ വരുമാനത്തിന്റെ വലിയ പങ്കും ഇന്ന് റോഡ് മരാമത്ത് പണികൾക്കാണ് ഉപയോഗപ്പെടുത്തുന്നത് അത്കൊണ്ട് ഇതിലേക്കായി പരമാവധി മനുഷ്യാധ്വാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങളിൽനിന്നും മറ്റും സംഭാവനകൾ സ്വീകരിച്ച് കൊണ്ട് പഞ്ചായത്തിന്റെ ചെലവ് ചുരുക്കാവുന്നതാണ് അതൊടൊപ്പം പുതിയ റോഡുകൾ ഉണ്ടാക്കുന്നതിലേക്കായി ഭൂമി വിലക്കെടുക്കേണ്ടിവരികയാണെങ്കിൽ അതിന്റെ വില ആ റോഡ് ഉപഭോക്താക്കളിൽ നിന്നും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പിരിച്ചെടുക്കാവുന്നതാണ്.

വോൾട്ടേജ് ക്ഷാമംമൂലം പ്രയോജനകരമല്ലാത്തതും തീരെ കത്താത്തതുമായ തെരുവുവിളക്കുകൾക്കും കൂടി പണം അടക്കേണ്ടിവരുന്നതിനാൽ പഞ്ചായത്തിന് വലിയതോതിൽ സാമ്പത്തിക നഷ്ടം നേരടുന്നുണ്ട്. അതിനാൽ തെരുവുവിളക്കുകൾക്ക് പ്രത്യേക മീറ്റർ എർപ്പെടുത്തിചെലവു ചുരുക്കാവുന്നതാണ്.

അനുയോജ്യമായ സ്ഥലങ്ങളിൽ ആഴ്ച ചന്തകൾ ഏർപ്പെടുത്തിയും പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാം

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ജനപങ്കാളിത്തത്തോടെ നടത്തി വരുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വികസന പ്രവ്രർത്തനങ്ങളിൽ ബഹുജന സംഘടനകളെയും അണിനിരത്തുകയും ചെയ്യുക വഴി ഒരു പുതിയ വികസന സംസ്കാരം സൃഷ്ടിച്ചാൽ എല്ലാ പ്രവർത്തനങ്ങൾക്കും തൊഴിൽ രഹിതരും അഭ്യസ്ഥ വിദ്യരുമായ യുവജനങ്ങളെ ഈ മേഖലകളിലേക്ക് ആകർഷിക്കാൻ കഴിയും.

പടന്ന ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ വിഭവങ്ങളുടെ പരിമിതിയും വർദ്ധിച്ച വരുന്ന ആവശ്യങ്ങളും തമ്മിൽ പൊരുതപ്പെടാൻ ഏറെ പ്രയാസപ്പെടുന്നു.

"എല്ലാവരുടെയും അത്യാവശ്യം നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്
എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും"

ഗാന്ധിജി

പട്ടിക 1 A
പടന്ന ഗ്രാമ പഞ്ചായത്ത് വരവ്

നമ്പർ	ഇനം	1992-93	1993-94	1994-95	1995-96
1.	നികുതികൾ	274951.72	532817.00	523046.69	417101.37
2.	പ്രത്യേക നികുതികൾ	10600.75	12538.55	15043.30	139896.75
3.	പുറമ്പോക്ക് ഭൂമി	78153.40	80465.55	103161.70	5766.00
4.	ലൈസൻസ് ഫീസ്	6325.00	7892.75	9061.50	5766.00
5.	സർക്കാർ ഗ്രാന്റുകളും മറ്റും	476704.00	726621.00	520570.00	519718.00
6.	ബാധ്യത	31184.33	45704.34	25101.74	------
7.	ഡെപ്പോസിറ്റ്	93214.90	115713.00	----	20000.00
8.	മറ്റുള്ളവ	25096.76	22051.41	6493.60	------
	ആകെ	996230.86	1543804.27	1202478.45	1183362.65

പട്ടിക 1 B
പടന്ന ഗ്രാമ പഞ്ചായത്ത് ചെലവ്

നമ്പർ	ഇനം	1992-93	1993-94	1994-95	1995-96
1.	ഭരണം	234062.55	298842.50	282449.50	333,722.00
2.	പൊതു മരാമത്ത്	253730.00	686494.50	8677131.00	821041.00
3.	വിദ്യാഭ്യാസം	10844.00	279448.35	25778.00	26139.00
4.	ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം	8317.00	3436.00	17310.00	12201.00
5.	തെരുവുവിളക്കുകൾ	29100.00	29694.00	30088.00	27432.00
6.	മറ്റുള്ളവ	134455.25	202604.65	115025.90	146369.40
	ആകെ	6705123.00	1500510.50	1338362.65	1366904.40

16



പ്രവർത്തന രേഖ

പടന്ന ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ വിഭവങ്ങളുടെ പരിമിതിയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും തമ്മിൽ പൊരുത്തപ്പെടാൻ ഏറെ പ്രയാസപ്പെടുന്നു. ഈ സാഹചര്യത്തിലാണ് പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി.

ഗാന്ധിജി വിഭാവനം ചെയ്ത പഞ്ചായത്ത് രാജ് സംവിധാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 1995 ഒക്ടോബർ ആദ്യ വാരത്തിലാണ് പടന്ന പഞ്ചായത്ത് ഭരണ സമിതി അധികാരമേറ്റത്. പടന്ന ഉദിനൂർ ഗ്രാമങ്ങൾ അടങ്ങിയതും വിസ്തൃതിയിൽ 13.39 ച.കി.മി. ചുറ്റളവുള്ളതും പടന്നഗ്രാമ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിൽ മൊത്തം ജനസംഖ്യയിൽ നല്ലൊരു വിഭാഗം കർഷകരും കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും നിർമ്മാണ ത്തൊഴിലാളികളും മറ്റുമേഖലയിൽ തൊഴിൽ ചെയ്യുന്നവരുമാണ്. ഇതിന് പുറമെ ഈ പ്രദേശത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരും താമസിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഗതാഗത രംഗത്ത് ഒട്ടേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ ചുരുങ്ങിയ കാലാവധിക്കുള്ളിൽ കാവുന്തല – യു.പി. സ്കൂൾ റോഡ്, എടച്ചാക്കൈ – മണിയനൊടി റോഡ്, എടച്ചാക്കൈ – പാലത്തര റോഡ് തുടങ്ങിയ 10ഓളം റോഡുകൾ ഗതാഗത യോഗ്യമാക്കാൻ ഈ ഭരണ സമിതിക്ക് സാധിച്ചിട്ടുണ്ട്. കൊട്ടേയന്താർ – ചൊക്കിക്കണ്ടം – കാവുന്തല റോഡ്, തടിയൻകൊവ്വൽ – കോരങ്കുളം – നടക്കാവ് റോഡ്, പരത്തിച്ചാൽ – റെയിൽവേ ലൈൻ റോഡ്, ശ്മശാനം – പൊറോട്ട് റോഡ്, കൈപ്പാട് റോഡ് തുടങ്ങിയ 8ഓളം റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതാനും പൊതു കിണറുകളും പൊതുടാപ്പുകളും സ്ഥാപിക്കാൻ കഴിഞ്ഞു. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ അപര്യാപ്തമാകയാൽ തെക്കേക്കാട്, മാച്ചിക്കാട്, പടന്ന വടക്കേപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീമുകൾക്ക് സർക്കാർ തലത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരികയാണ്. എടച്ചാക്കൈ, വളാൽ, പയ്യളം, മുതിരക്കൊവ്വൽ എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക ഭരണാനുമതി നൽകിയിട്ടുണ്ട്.

വി.കെ.പി. മെമ്മോറിയൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തിച്ചികിത്സിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ആശുപത്രി വികസന സമിതി മുഖേന, ജനപങ്കാളിത്തത്തോടെ, സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ആശുപത്രി ഉപകരണങ്ങളുടെ മുതൽമുടക്കിന് തുല്യമായ സംഖ്യ സർക്കാരിൽനിന്നും പിന്നീട് ലഭിക്കുകയും ആശുപത്രിയുടെ ഭാവി വികസനത്തിലേക്കായി നീക്കിവെച്ചിട്ടുണ്ട്. കാർഷിക രംഗത്ത് സബ്സീഡികളും ഫലവൃക്ഷത്തൈകളും നൽകുവാൻ ഭരണസമിതിക്ക് സാധിച്ചു. തിരുവോണം കേരളോത്സവം എന്നിവയോടനുബന്ധിച്ച് കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാനും ഈ ഭരണസമിതിക്ക് കഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം കുടുംബങ്ങളിൽ 35% ത്തോളം കക്കൂസില്ലാത്ത കുടുംബങ്ങളാണ് എന്ന് പഞ്ചാത്ത് തല പ്രാഥമിക സർവ്വേ വെളിപ്പെടുത്തുന്നു. പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങൾ ഏകദേശം 35%ത്തോളം വരും. ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ പരിഹരിക്കാൻ പൊതുജനപങ്കാളിത്തമുള്ള വികസന സംസ്കാരം നാം കെട്ടിപ്പടുക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ സാമ്പത്തികനില പരിശോധിക്കുമ്പോൾ വരവിനേക്കാൾ കൂടതൽ ചെലവാണ്. ഇത് വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കാർഷികാഭിവൃദ്ധിക്കും, തകർന്നുപോയ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് നാം പദ്ധതികൾ തയ്യാറക്കേണ്ടതുണ്ട്. നമ്മുടെ യഥാർത്ഥ പ്രശനങ്ങളും ആവശ്യങ്ങളും മനസിലാക്കുന്നതോടൊപ്പം അവ നിറവേറ്റാനാവശ്യമായ വിഭവ ശേഖരണവും ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ നാം കണ്ടെത്തണം. പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനെ ആധാരമാക്കി ജനകീയ ആസൂത്രണ പരിപാടി രൂപപ്പെടുത്തുവാൻ സാധ്യമല്ല. 9ാം പദ്ധതി അടങ്കലിന്റെ ഭാഗമായി പ്രാദേശിക ജനാധികാര സ്ഥാപനങ്ങൾക്ക് നൽകുവാൻ പോകുന്ന വർദ്ധിച്ച വിഹിതം ഇതിന് വളരെ സഹായകരമാണ്. എങ്കിലും സാമ്പത്തിക ലഭ്യതയും സന്നദ്ധ പ്രവർത്തനങ്ങളും കൂടുതലായി നമുക്ക് കണ്ടെത്തുവാൻ കഴിയണം.

ദേശീയ സാമ്പത്തിക ആസൂത്രണ പരിധിയിൽ ഒതുങ്ങിയും കേരളത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനം ഊന്നൽ നൽകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തിയും നമുക്ക് മുന്നോട്ട് പോകുവാൻ കഴിയേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നടന്ഗ്രാമസഭകളിലെ വമ്പിച്ച ജനപങ്കാളിത്തം നമുക്ക് പ്രചോദനം നൽകുന്നുണ്ട്.

നമ്മുടെ സമഗ്രവികസന പാതയിൽ നയിക്കുന്നവരും നയിക്കപ്പെടുന്നവരും എന്ന ഭേതമില്ലാതെ ജാതി – മത – കക്ഷിരാഷ്ട്രീയത്തിന്നതീതമായി ഐക്യത്തിന്റെ കൈത്തിരിയുമായി നമുക്ക് മുന്നോട്ട് പോകാം ഒരു നല്ല നാളേക്കുവേണ്ടി നമുക്ക് കൂട്ടായി പ്രയത്നിക്കാം.

ആയിഷ സാലി.
പ്രസിഡണ്ട്
പടന്ന ഗ്രാമ പഞ്ചായത്ത്.

ഉപസംഹാരം

മാനവപുരോഗതിയിലെ ഒരു വഴിത്തിരിവ് ഇവിടെ തുടങ്ങുകയാണ്. തള്ളക്കോഴിയുടെ ചിറകിൻകീഴിൽ കഴിയാൻ നാം ഇനി ആഗ്രഹിക്കരുത്. നമ്മുടെ പ്രദേശത്തിന്റെ വികസനം നമ്മുടെ കൈകളിലൂടെ മാത്രമെ പൂർണ്ണമാവുകയുള്ളൂ. ഈ യാഥാർത്ഥ്യം ഉൾകൊണ്ടുകൊണ്ടും, നമ്മുടെ പ്രദേശത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും വിഭവങ്ങളും മനസിലാക്കികൊണ്ടും ഒരു പുത്തൻ വികസന നയത്തിന് നാം രൂപം നൽകേണ്ടിയിരിക്കുന്നു. ഒരു പുഷ്പം ഒരു പൂന്തോട്ടമാകുന്നില്ല എന്നത് കൊണ്ട്തന്നെ നാടിന്റെ പുരോഗതി സമഗ്രമായ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ഗ്രാമ സഭകളിലൂടെ അതിന്റെ കേളികൊട്ട് നാം കണ്ടു കഴിഞ്ഞു. അതിന് പിന്നാലെയാണ് ഇന്നത്തെ വികസന സെമനാർ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്.

വികസന സെമിനാറിൽ സമഗ്രമായ ചർച്ചകൾക്കും ക്രിയാത്മക നിർദ്ദേശങ്ങളുടെ ആവിർഭാവത്തിനും ഉതകുമാറാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് ഉൾപ്പെടത്തുകയും പഞ്ചായത്തിന്റെ കഴിഞ്ഞകാല നേട്ടകോട്ടങ്ങളെ വിലയിരുത്തുകയും വർത്തമാന കാലത്തെ യാഥാർത്ഥ്യങ്ങൾ പ്രകാശിതമാക്കിയും ഭാവിയിലേക്കുള്ള നല്കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്.

നമ്മുടെ നാടിന്റെ സുഗമമായ പുരോഗതിക്കും നല്ല നാളേക്കും ഉപകരിക്കുമാറാകട്ടേ !

ജനകീയ ആസൂത്രണത്തിന്റെ രണ്ടാംഘട്ടം പര്യവസാനിക്കുകയാണ്. മൂന്നാംഘട്ടത്തിൽ ടാസ്ക് ഫോഴ്സസ് (കർമ്മ സമിതികൾ) രൂപീകൃതമാകുന്നതോടുകൂടി നമ്മുടെ പഞ്ചായത്തിൽ അടുത്ത 5 വർഷക്കാലത്തിനുള്ളിൽ ചെയ്ത് തീർക്കേണ്ട് പദ്ധതികൾ ആവിഷ്കൃതമാകും. നാം ഏവരും ത്യാഗബുദ്ധിയോടുകൂടി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം. അതിനു നമുക്ക് സാധിക്കട്ടേ.

Type Setting : INFOSYS. KNR, PH :66678


പടന്ന ഗ്രാമപഞ്ചായത്ത്
റോഡുകൾ
P.W.D. Road
PanchayathTar Ro
Gravelled Road



രാഷ്ട്രദീപിക പ്രസ്, കണ്ണൂർ-4 ✆ 501650